# സെക്കന്ററി കോഴ്സ്

# 214 – സാമ്പത്തികശാസ്ത്രം

## പുസ്തകം – 2

**കോഴ്സ് കോർഡിനേറ്റർ**
**ഡോ. മനീഷ് ചുഹ്**

**നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്**
(ഭാരതസർക്കാർ, MHRD യുടെ കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനം)
എ–24–25, ഇൻസ്റ്റിറ്റ്യൂഷനൽ ഏരിയ, സെക്ടർ–62, നോയിഡ–201309 (യു.പി.)
വെബ്സൈറ്റ്: www.nios.ac.in

© നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്

ആഗസ്റ്റ്, 2012 (22,000 copies)

പ്രസിദ്ധീകരിക്കുന്നത്-സെക്രട്ടറി, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്, എ -24/25, ഇന്സ്റ്റിറ്റ്യൂഷനൽ ഏരിയ, സെക്ടർ-62, നോയിഡ-201309

## എൻ ഐ ഒ എസ് ഉപദേശക സമിതി

**ഡോ. എസ്. എസ്. ജെനാ**
ചെയർമാൻ
എൻ ഐ ഒ എസ്

**ഡോ. കുൽദീപ് അഗർവാൾ**
ഡയറക്ടർ, അക്കാഡമിക്
എൻ ഐ ഒ എസ്

## പാഠ്യപദ്ധതി സമിതി

**ചെയർപേഴ്സൺ**
ഡോ. മഞ്ജു അഗർവാൾ
അസോസിയേറ്റ് പ്രൊഫസർ സി.ഐ.ഇ
ഡിയു. ഡൽഹി

**ശ്രീ. ജെ. ഖുന്തിയ**
അസോസിയേറ്റ് പ്രൊഫസർ (ഇക്കണോമിക്സ്)
സ്കൂൾ ഓഫ് ഓപ്പൺ ലേണിങ്ങ്
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**ഡോ. പത്മ സുരേഷ്**
അസോസിയേറ്റ് പ്രൊഫസർ (ഇക്കണോമിക്സ്)
ശ്രീ. വെങ്കിടേശ്വര കോളേജ്
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**പ്രൊഫസർ. രേണു ജെനാറ്റാ**
എം എൽ, എസ് യു
ഉഡായിപ്പൂർ (രാജസ്ഥാൻ)

**മിസ്. റിറ്റു ഗുപ്ത**
പ്രിൻസിപ്പൽ
സ്നേഹ് ഇന്റെർനാഷണൽ സ്കൂൾ
പ്രീത് വിഹാർ, ഡൽഹി

**ഡോ. മനിഷ് ചുഹ്**
അക്കാഡമിക് ഓഫീസർ (ഇക്കണോമിക്സ്)
എൻ ഐ ഒ എസ്, നോയിഡ

**ശ്രീ. രമേഷ് ചന്ദ്ര**
റിട്ട. റീഡർ (ഇക്കണോമിക്സ്)
എൻ സി ഇ ആർ റ്റി, ഡൽഹി

## പാഠഭാഗ രചയിതാക്കർ

**ശ്രീ.ജെ. ഖുന്തിയ**
അസോസിയേറ്റ് പ്രൊഫസർ (ഇക്കണോമിക്സ്)
സ്കൂൾ ഓഫ് ഓപ്പൺ ലേണിങ്ങ്
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**ഡോ. മനിഷ് ചുഹ്**
അക്കാഡമിക് ഓഫീസർ (ഇക്കണോമിക്സ്)
എൻ ഐ ഒ എസ്, നോയിഡ

**മിസ്. റിറ്റു ഗുപ**
പ്രിൻസിപ്പൽ
സ്നേഹ് ഇന്റെർനാഷണൽ സ്കൂൾ
പ്രീത് വിഹാർ, ഡൽഹി

**ഡോ. പത്മ സുരേഷ്**
അസോസിയേറ്റ് പ്രൊഫസർ (ഇക്കണോമിക്സ്)
ശ്രീ. വെങ്കിടേശ്വര കോളേജ്
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**പ്രൊഫ. എൻ എസ് റാവു**
എം എൽ എസ് യു (റിട്ട)
യുഡായിപ്പൂർ (രാജസ്ഥാൻ)

**സപ്ന ചൗ**
പിജിറ്റി( എക്ണോമിക്സ്)
എസ്. വി. പബ്ലിക്സ് സ്കൂൾ
ജയ്പൂർ(രാജസ്ഥാൻ)

**ശ്രീ. എ.എസ്. ഗാർഗ്**
വൈസ് പ്രിൻസിപ്പാൽ
(റിട്ട.)ആർ പി വി വി
ഗാന്ധിനഗർ, ഡൽഹി

ശ്രീ.എച്ച്. കെ. ഗുപ്ത
റിട്ട. പി ജി റ്റി (ഇക്കണോമിക്സ്)
ബി. ആർ. ഗവ. സർവ്വോദയ ബാൽ വിദ്യാലയ
ഷഹാദ്ര, ഡൽഹി

**ഡോ. നീരജാ രശ്മി**
അസോസിയേറ്റ് പ്രൊഫസർ ഡിപ്പാർട്ട് മെന്
എൻ സി ഇ ആർ റ്റി, ന്യൂ ഡൽഹി

**ഡോ. മഞ്ജു അഗർവാൾ**
അസോസിയേറ്റ് പ്രൊഫസർ സി.ഐ.ഇ
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

## എഡിറ്റേഴ്സ്

**ശ്രീ.ജെ. ഖുന്തിയ**
അസോസിയേറ്റ് പ്രൊഫസർ (ഇക്കണോമിക്സ്)
സ്കൂൾ ഓഫ് ഓപ്പൺ ലേണിങ്ങ്
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**ഡോ. മഞ്ജു അഗർവാൾ**
അസോസിയേറ്റ് പ്രൊഫസർ സി.ഐ.ഇ
ഡൽഹി യുണിവേഴ്സിറ്റി, ഡൽഹി

**ഡോ. മനിഷ് ചുഹ്**
അക്കാഡമിക് ഓഫീസർ (ഇക്കണോമിക്സ്)
എൻ ഐ ഒ എസ്, നോയിഡ

## ഗ്രാഫിക് രചന

**മഹേഷ് ശർമ**
ഗ്രാഫിക് ആർട്ടിസ്റ്റ്
എൻ ഐ ഒ എസ്, ന്യൂ ഡൽഹി

## വിവർത്തനം

**ഡോ. കൊച്ചുറാണി ജോസഫ്**
അസ്സോസ്സിയേറ്റ് പ്രൊഫസ്സർ
സാമ്പത്തിക ശാസ്ത്രം, ഭാരതമാതാ കോളേജ്
തൃക്കാക്കര, കൊച്ചി

# ചെയർമാന്റെ സന്ദേശം

*പ്രിയപ്പെട്ട പഠിതാക്കളെ,*

*നമ്മുടെ സമൂഹത്തിന് പൊതുവായും ചില ഗ്രൂപ്പുകൾക്ക് പ്രത്യേകമായും ആവശ്യങ്ങൾ കാലക്രമേണ വ്യത്യാസപ്പെടുന്നതനുസരിച്ച് ലക്ഷ്യങ്ങൾ സാധിക്കാനുള്ള പുതുമയുള്ള രീതികളും വിദ്യകളും ആവശ്യമായി വരുന്നു. വിദ്യാഭ്യാസം മാറ്റത്തിനുള്ള ഉപകരണമാണ്. നിശ്ചിതസമയത്ത് കൃത്യമായുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ മനോഭാവത്തിൽ നിയതമായ മാറ്റം കൈവരുത്തുവാനും പുതിയ വെല്ലുവിളികളെ നേരിടാനുള്ള മനോഭാവവും പ്രയാസകരമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള ധൈര്യവും നൽകുന്നു. പാഠ്യപദ്ധതിയുടെ ക്രമാനുഗതമായ നവീകരണത്തിലൂടെ ഇത് ഫലപ്രദമായി നേടാൻ കഴിയുന്നു. വ്യക്തികളുടേയും സമൂഹത്തിന്റെയും ഇന്നത്തെ ആവശ്യങ്ങളും പ്രതീക്ഷകളും നേരിടാൻ നിശ്ചലമായ പാഠ്യപദ്ധതി കൊണ്ട് യാതൊരു പ്രയോജനവുമില്ല,*

*ഈ ലക്ഷ്യത്തിനായി ലോകമെമ്പാടുമുള്ള വിദ്യാഭ്യാസപ്രവർത്തകർ ആവശ്യമുള്ള മാറ്റങ്ങൾ സ്ഥാപിതമാക്കാൻ കൃത്യ ഇടവേളകളിൽ ഒന്നിച്ചുചേരുന്നു. ആ തീരുമാനങ്ങളുടെ ഫലമായി ഒരു ദേശീയ പാഠ്യപദ്ധതി പുനക്രമം (National Curriculum Framework NCF2005) നിലവിൽ വന്നു. അത് വിവിധ തലങ്ങളിലുള്ള പ്രാഥമിക, എലിമെന്ററി, സെക്കന്ററി, സീനിയർ സെക്കന്ററി എന്നിവയ്ക്ക് ആവശ്യമായ വിദ്യാഭ്യാസത്തിന്റെ രീതിയെ വിശദമായി പ്രതിപാദിക്കുന്നു.*

*ദേശീയവും സാമൂഹ്യവുമായ ഈ പരിഗണനകളും ഘടനയും മനസ്സിൽ വച്ചുകൊണ്ട് സെക്കന്ററിതലത്തിലുള്ള എല്ലാ വിഷയങ്ങളുടേയും പാഠ്യപദ്ധതി നൂതനവും ആവശ്യാധിഷ്ടിതവുമായ രീതിയിൽ നമ്മൾ ഇപ്പോൾ പുനക്രമീകരിച്ചു. പാഠ്യപുസ്തകനിർമാണം NIOS ന്റെ വിദൂരപഠനപദ്ധതിയിലെ ഒരു പ്രധാനഘടകമാണ്. അതുകൊണ്ട് പാഠ്യപുസ്തകം ആകർഷണീയവും ഉപയോഗപ്രദവും ആക്കാൻ ഞങ്ങൾ പ്രത്യേക ശ്രദ്ധചെലുത്തിയിട്ടുണ്ട്.*

*നിങ്ങളുടെ അഭിരുചിക്കും ആവശ്യങ്ങൾക്കും ഇണങ്ങുന്ന വിധം ഈ പഠനോപാധി നിർമിക്കുന്നതിലേർപെട്ട എല്ലാ മാന്യവ്യക്തികൾക്കും ഞാൻ നന്ദി പറയുന്നു. നിങ്ങൾക്ക് ഇത് സ്വീകാര്യവും ഉപകാരപ്രദവമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

*നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ പേരിൽ വിജയപ്രദവും ശോഭനവുമായ ഭാവി ഞാൻ ആശംസിക്കുന്നു.*

*ഡോ. എസ്. എസ്. ജെന*
*(ചെയർമാൻ NIOS)*

## ഡയറക്ടറുടെ കുറിപ്പ്

*പ്രിയപ്പെട്ട പഠിതാവേ,*

*നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ അക്കാദമിക് വിഭാഗം നിങ്ങളുടെ ആവശ്യവും പരിഗണനയനുസരിച്ച് എല്ലായ്പോഴും പുതിയ പദ്ധതികൾ കൊണ്ടുവരുവാൻ ശ്രമിക്കുന്നു. ഇപ്പോൾ നമ്മൾ സെക്കണ്ടറിതലത്തിലുള്ള എല്ലാ വിഷയങ്ങളുടേയും പാഠ്യപദ്ധതി പുനരാവിഷ്കരിക്കുന്നു. സി.ബി.എസ്. ഇ., മറ്റു സംസ്ഥാന സെക്കന്ററി വിദ്യാഭ്യാസബോർഡുകൾ തുടങ്ങിയ പാഠ്യക്രമവുമായി ചേർന്നുപോവുന്നതരം രാജ്യത്തിലെ മറ്റു ബോർഡുകളുമായി ഒത്തുപോവുന്ന പാഠ്യക്രമം നിങ്ങൾക്ക് ലഭ്യമാവുന്നു. നാഷനൽ കൗൺസിൽ ഫോർ എഡ്യൂക്കേഷനൽ റിസർച്ച് ആന്റ് ട്രെയിനിംഗ് വികസിപ്പിച്ചെടുത്ത ദേശീയപാഠ്യക്രമപദ്ധതി ഒരു റഫറൻസ് പോയിന്റായി എടുത്തു. സംക്ഷിപ്തമായ ഒരു താരതമ്യപഠനത്തിനുശേഷം ഫലവത്തായതും ലളിതവും ജീവിതസാഹചര്യങ്ങളോട് ഒത്തുപോവുന്നതുമായ പാഠ്യക്രമമാണ് വികസിപ്പിച്ചെടുത്തത്. രാജ്യത്തെ ഉയർന്ന വിദ്യാഭ്യാസവിദഗ്ദ്ധരെ ഉൾപെടുത്തി അവരുടെ നിർദ്ദേശപ്രകാരം പാഠ്യക്രമം നവീകരിക്കുവാനും ഏറ്റവും പുതിയതാക്കുവാനും കഴിഞ്ഞിട്ടുണ്ട്.*

*അതേ സമയം തന്നെ പാഠ്യരേഖകളിലും നമ്മൾ ശ്രദ്ധചെലുത്തി, പഴയതും കാലഹരണപ്പെട്ടതുമായ തലങ്ങൾ മാറ്റി പുതിയതും ആവശ്യവുമായവ കൂട്ടിചേർത്ത് ആകർഷണീയവും നിങ്ങൾക്ക് സ്വീകാര്യവുമായതാക്കി മാറ്റുവാൻ പരിശ്രമിച്ചു.*

*നിങ്ങളുടെ കൈവശമുള്ള ഈ പുതിയ പാഠ്യപദ്ധതി നിങ്ങൾക്ക് ഇഷ്ടപ്പെടുന്നതും താൽപര്യമുണർത്തുന്നതുമാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കൂടുതൽ മെച്ചപ്പെടുത്താനുതകുന്ന ഏതു നിർദേശങ്ങളും സ്വാഗതാർഹമാണ്.*

*സന്തോഷപ്രദവും വിജയകരവുമായ ഭാവി ആശംസിച്ചുകൊണ്ട്,*

*ഡോ. കുൽദീപ് അഗർവാൾ*
*ഡയറക്ടർ (അക്കാദമിക്ക്)*
*നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്*

# നിങ്ങളോട് ഒരു വാക്ക്

പ്രിയപ്പെട്ട പഠിതാക്കളെ,

സാമ്പത്തികശാസ്ത്രത്തിലെ പുതുക്കിയ പാഠ്യപദ്ധതിയിലേക്ക് സ്വാഗതം. സാമൂഹ്യശാസ്ത്രപുസ്തകത്തിലേക്ക് സാമ്പത്തികശാസ്ത്രമെന്ന വിഷയം സന്നിവേശിപ്പിച്ചിരുന്ന ഔപചാരികവിദ്യാഭ്യാസത്തിൽനിന്ന് വ്യത്യസ്തമായി, നമ്മുടെ സാമ്പത്തികവ്യവസ്ഥിതി നേരിടുന്ന നൂതനവെല്ലുവിളികളും പ്രശ്നങ്ങളും അതിൽനിന്ന് പുറത്തുവരുവാനുള്ള മാർഗങ്ങളും ഉൾപെടുത്തി സാമ്പത്തികശാസ്ത്രം സ്വതന്ത്രവും അനന്യവുമായ ഒരു വിഷയമായി പഠിക്കുവാൻ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (NIOS) അവസരം നൽകുന്നു.

ഈ പാഠ്യക്രമത്തിൽ രണ്ടു പുസ്തകങ്ങളുണ്ട്. അതിൽ ഇത് രണ്ടാമത്തേത് ആണ്. പാഠ്യപദ്ധതി മുഴുവനെയും 8 മൊഡ്യൂളുകളായി തിരിച്ചിരിക്കുന്നു. ആദ്യത്തെ പുസ്തകത്തിൽ 1 മുതൽ 4 വരെയുള്ള മൊഡ്യൂളുകളിലായി 13 അദ്ധ്യായങ്ങൾ നിങ്ങളുടെ കൈയ്യിൽ ലഭിച്ചുകഴിഞ്ഞു. രണ്ടാമത്തെ പുസ്തകത്തിൽ 5 മുതൽ 8 വരെയുള്ള മൊഡ്യൂളുകളിൽ 14 മുതൽ 24 വരെയുള്ള അദ്ധ്യായങ്ങൾ ഉൾപെടുത്തിയിരിക്കുന്നു.സാമ്പത്തികവ്യവസ്ഥിതിയെക്കുറിച്ചും ഭാരതസമ്പദ്‌വ്യവസ്ഥനേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ആശയപരമായ വ്യക്തത നൽകുക എന്നതാണ് ഈ പുസ്തകത്തിന്റെ ഒരു പ്രധാന ഊന്നൽ. അതോടൊപ്പംതന്നെ ദൈനംദിനജീവിതത്തിലെ സാമ്പത്തികശാസ്ത്രം മനസ്സിലാക്കുവാനും ഈ പുസ്തകം നിങ്ങളെ സഹായിക്കും. ഉദാഹരണത്തിന് മൊഡ്യൂൾ 5 ലെ 'പണം, ബാങ്കിംഗ്, ഇൻഷുറൻസ്' പാഠങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പണത്തിന്റെയും സാമ്പത്തികപ്രവർത്തനങ്ങളുടേയും പ്രാധാന്യവും ഭാവി ആവശ്യങ്ങൾക്കായി പണം സൂക്ഷിക്കുന്നതിനായി ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളുടെ പ്രാധാന്യവും വിശദമാക്കുന്നു. ഈ പുസ്തകത്തിൽ ഉൽപ്പെടുത്തിയിരിക്കുന്ന ഏതാണ്ട് എല്ലാ മൊഡ്യൂളുകളും പാഠങ്ങളും രാജ്യത്തിലെ സാമ്പത്തികപശ്ചാത്തലവും നിങ്ങളുടെ സാമ്പത്തികജീവിതവുമായി ബന്ധപ്പെട്ടതുമാണ്.

സാമ്പത്തികശാസ്ത്രമേഖലയിലെ വിദഗ്ധരാണ് വിവിധ പാഠങ്ങൾ എഴുതിയിരിക്കുന്നത്. NIOS പഠിതാക്കൾക്കായി ലളിതമായ രീതിയിൽ ആശയങ്ങൾ ആവിഷ്ക്കരിച്ചതിന് അവരോട് നമുക്ക് നന്ദിയുണ്ട്. സാമ്പത്തികശാസ്ത്രത്തിലെ ഈ പാഠ്യപദ്ധതി അതിലെ വിവിധ വിഷയങ്ങൾക്കായുള്ള ഉൾക്കാഴ്ച നിങ്ങൾക്ക് പ്രദാനം ചെയ്യുമെന്നും അതുവഴിയായി ഭാവിയിൽ ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ അറിയുവാനുള്ള ആഗ്രഹം നിങ്ങളിൽ ഉണ്ടാവുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ ഭാവി സംരംഭങ്ങൾക്ക് എല്ലാ വിജയവും ആശംസിക്കുന്നു.

ഡോ. മനീഷ് ചുഗ്
അക്കാഡമിക് ഓഫീസർ (ഇക്കണോമിക്സ്)
നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്
നോയിഡ

## എങ്ങനെ ഈ പഠനരേഖ ഉപയോഗിക്കാം

*അഭിനന്ദനങ്ങൾ!* സ്വയം പഠിക്കുവാനുള്ള വെല്ലുവിളി നിങ്ങൾ സ്വീകരിച്ചുകഴിഞ്ഞു. വിദഗ്ധരടങ്ങിയ ടീമിന്റെ സഹായത്താൽ നിർമ്മിച്ച 10-ാം ക്ലാസ്സിലേക്കുള്ള പഠനസഹായിയുമായി, നിങ്ങളെ മനസ്സിൽ കാത്തുകൊണ്ട്, നിങ്ങളുടെ ഓരോ പടവുകളിലും *NIOS* ഉണ്ട്. സ്വതന്ത്രമായി പഠിക്കുവാനുതകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് ഈ പാഠ്യക്രമത്തിൽനിന്ന് ഏറ്റവും മികച്ചത് ലഭ്യമാണ്. ഉപയോഗിച്ചിരിക്കുന്ന അനുചിതമായ പ്രതീകങ്ങൾ നിങ്ങൾക്ക് സഹായകമാവും. നിങ്ങളുടെ സൗകര്യാർത്ഥം ഈ പ്രതീകങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

**ടൈറ്റിൽ:** പാഠഭാഗത്തിന്റെ ഉള്ളിലുള്ള വസ്തുതകളിലേക്ക് വ്യക്തമായ സൂചന നൽകുന്നു. അത് വായിക്കുക

**ആമുഖം:** മുൻ അദ്ധ്യായവുമയി ബന്ധിപ്പിച്ച് പാഠം അവതരിപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ:** ഇവ പാഠ്യഭാഗത്തുനിന്ന് പഠിക്കണമെന്ന് പ്രതീക്ഷിക്കുന്നത് വിശദീകരിക്കുന്ന പ്രസ്താവനകൾ ആണ്. ഓരോ അദ്ധ്യായവും പഠിച്ചു കഴിഞ്ഞതിനുശേഷം പഠിച്ചത് പരിശോധിക്കുവാൻ ലക്ഷ്യങ്ങൾ സഹായകരമാണ്. അവ വായിക്കുക.

**കുറിപ്പുകൾ:** പ്രധാനപ്പെട്ട ആശയങ്ങളും നോട്ടുകളും കുറിക്കുവാനായി ഓരോ പേജിലും വശങ്ങളിൽ മാർജിൻ ഇട്ടിട്ടുണ്ട്.

**പാഠ്യഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ:** വളരെ ലഘുവായ ഉത്തരങ്ങൾ എഴുതുവാൻ പറ്റിയ സ്വയം പരിശീലനത്തിനുതകുന്ന ചോദ്യങ്ങൾ ഓരോ വിഭാഗത്തിനുശേഷവും അവയുടെ ഉത്തരങ്ങൾ പാഠഭാഗത്തിനുശേഷവും കൊടുത്തിരിക്കുന്നു. ഇത് നിങ്ങളുടെ പുരോഗതി അളക്കാൻ ഉപകരിക്കുന്നു. അവ ഉപയോഗിക്കുക. ആ പാഠം വീണ്ടും പഠിക്കണമോ അഥവാ മുന്നോട്ടുപോകണമോ എന്ന് വിജയകരമായി പൂർത്തിയാകുമ്പോൾ നിങ്ങൾക്കു തീരുമാനിക്കാം.

**നിങ്ങൾ എന്താണ് പഠിച്ചത്:** പാഠഭാഗത്തിലെ പ്രധാനപ്പെട്ട ആശയങ്ങളുടെ ചുരുക്കവിവരണമാണത്. പുനപഠനത്തിനും വിചിന്തനത്തിനും ഇത് സഹായകമാണ്. നിങ്ങളുടെ സ്വന്തം ആശയങ്ങൾ കൂട്ടിചേർക്കാനും സാധിക്കുന്നു.

**ടേമിലെ പരിശീലനം:** മുഴുവൻ പാഠഭാഗങ്ങളും വ്യക്തമായി മനസ്സിലാക്കാൻ ഈ ചോദ്യങ്ങൾ പരിശീലനാവസരം നൽകുന്നു.

**ഉത്തരങ്ങൾ:** ചോദ്യങ്ങളുടെ ഉത്തരം ശരിയാണോ എന്നറിയാൻ ഇത് സഹായിക്കുന്നു.

**പ്രവർത്തനങ്ങൾ:** ആശയങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ചില പ്രവർത്തനങ്ങൾ നിർദേശിച്ചിരിക്കുന്നു.

www **വെബ്സൈറ്റ്:** വ്യാപകമായ പഠനം ഈ വെബ്സൈറ്റ് നൽകുന്നു. ഉള്ളടക്കത്തിൽ ആവശ്യത്തിന് വിവരങ്ങൾ ഉൾപെടുത്തിയിരിക്കുന്നു. കൂടുതൽ അറിയാൻ അവ പരാമർശനം ചെയ്യാവുന്നതാണ്.

# പഠനരേഖയുടെ അവലോകനം

## 1

**മൊഡ്യൂൾ 1: സാമ്പത്തികശാസ്ത്രം മനസ്സിലാക്കൽ**

1. എന്താണ് സാമ്പത്തികശാസ്ത്രം
2. മാനുഷിക ആവശ്യങ്ങൾ
3. സാധനങ്ങളും സേവനങ്ങളും

**മൊഡ്യൂൾ 2: സമ്പദ്‌വ്യവസ്ഥയെക്കുറിച്ച്**

4. സമ്പദ്‌വ്യവസ്ഥ-അർത്ഥവും വിവിധ തരവും
5. ഒരു സമ്പദ്‌വ്യവസ്ഥയുടെ മുഖ്യ പ്രശ്നങ്ങൾ
6. അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ

**മൊഡ്യൂൾ 3: സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനം**

7. ഉല്പാദനം
8. ചെലവും വരുമാനവും

**മൊഡ്യൂൾ 4: സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണം**

9. ചോദനം
10. പ്രദാനം
11. വിലയും അളവും നിർണ്ണയിക്കൽ
12. വിപണി
13. വിലയുടേയും അളവിന്റേയും നിർണ്ണായക സമ്പ്രദായത്തിൽ സർക്കാരിന്റെ പങ്ക്

- അവലോകനഫോറം

## 2

**മൊഡ്യൂൾ 5: പണവും ബാങ്കിംഗും ഇൻഷുറൻസും**

14. പണവും അതിന്റെ വിവിധ ധർമ്മങ്ങളും
15. ബാങ്കും വായ്പയും
16. സമ്പാദ്യവും നിക്ഷേപവും

**മൊഡ്യൂൾ 6: ദത്തങ്ങളുടെ അവതരണവും വിശകലനവും സാമ്പത്തികശാസ്ത്രത്തിൽ**

17. ദത്തങ്ങളുടെ ശേഖരണവും അവതരണവും
18. ദത്തങ്ങളുടെ വിശകലനം

**മൊഡ്യൂൾ 7: ഭാരതീയ സമ്പദ്‌വ്യവസ്ഥ**

19. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥിതി - ഒരു അവലോകനം
20. ഭാരതീയ സമ്പദ്‌വ്യവസ്ഥിതിയുടെ വിവിധ തലങ്ങൾ
21. ഭാരതീയ സമ്പദ്‌വ്യവസ്ഥയുടെ വെല്ലുവിളികൾ
22. ഭാരതീയ സമ്പദ്‌വ്യവസ്ഥ അന്തർദേശീയതലത്തിൽ

**മൊഡ്യൂൾ 8: സാമകാലിക സാമ്പത്തിക പ്രശ്നങ്ങൾ**

23. പരിസ്ഥിതിയും സുസ്ഥിരവികസനവും
24. ഉപഭോക്തൃ അവബോധം

- ചോദ്യപേപ്പർ ഡിസൈൻ
- ബ്ലൂ പ്രിന്റ്
- മാതൃകാ ചോദ്യപേപ്പർ
- മാർക്കിംഗ് സ്കീം
- പാഠ്യപദ്ധതി
- അവലോകന ഫോറം

# ഉള്ളടക്കം


**മൊഡ്യൂൾ 5: പണവും ബാങ്കിങ്ങും ഇൻഷുറൻസും**

14. പണവും അതിന്റെ വിവിധ ധർമ്മങ്ങളും 1
15. ബാങ്കും വായ്പയും 9
16. സമ്പാദ്യവും നിക്ഷേപവും 17

**മൊഡ്യൂൾ 6: ദത്തങ്ങളുടെ അവതരണവും വിശകലനവും സാമ്പത്തികശാസ്ത്രത്തിൽ**

17. ദത്തങ്ങളുടെ ശേഖരണവും അവതരണവും 26
18. ദങ്ങളുടെ വിശകലനം 39

**മൊഡ്യൂൾ 7: ഭാരത സമ്പദ്‌വ്യവസ്ഥ**

19. ഭാരതീയ സാമ്പത്തിക വ്യവസ്ഥിതി – ഒരു അവലോകനം 50
20. ഭാരതീയ സമ്പദ്‌വ്യവസ്ഥിതിയുടെ വിവിധ തലങ്ങൾ 64
21. ഭാരത സമ്പദ് വ്യവസ്ഥയുടെ വെല്ലുവിളികൾ 76
22. ഭാരത സമ്പദ്‌വ്യവസ്ഥ അന്തർദേശീയതലത്തിൽ 85

**മൊഡ്യൂൾ 8: സാമകാലിക സാമ്പത്തിക പ്രശ്നങ്ങൾ**

23. പരിസ്ഥിതിയും സുസ്ഥിരവികസനവും 93
24. ഉപഭോക്തൃ അവബോധം 106

- ചോദ്യപേപ്പർ ഡിസൈൻ
- ബ്ലൂ പ്രിന്റ്
- മാതൃകാ ചോദ്യപേപ്പർ
- മാർക്കിംഗ് സ്കീം
- പാഠ്യപദ്ധതി
- അവലോകന ഫോറം

# മൊഡ്യൂൾ-5
# പണവും ബാങ്കിങ്ങും ഇൻഷുറൻസും

14. പണവും അതിന്റെ വിവിധ ധർമ്മങ്ങളും
15. ബാങ്കിംങ്ങും വായ്പയും
16. സമ്പാദ്യവും നിക്ഷേപവും

# 14

# പണവും അതിന്റെ വിവിധ ധർമങ്ങളും

'പണം' എന്ന പദം ധാരാളം താൽപര്യം ഉണർത്തുന്നതാണ്. ഇന്നത്തെ തിരക്ക് പിടിച്ച ലോകത്തിൽ പണത്തിന് പ്രധാനപ്പെട്ട ഒരു പങ്ക് ഉണ്ട്. നമ്മുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഉതകുന്ന വിധം വിവിധ സാധനങ്ങൾ മേടിക്കുവാനായി പണം നമുക്ക് ആവശ്യമാണ്. അതുപോലെ തന്നെ ഗതാഗതം, വാർത്താവിനിമയം, വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, ഗാർഹികലഭ്യത തുടങ്ങിയ വിവിധ സേവനങ്ങൾ ലഭ്യമാക്കാനും പണം ആവശ്യമാണ്. ഒരു ഉപഭോക്താവ് എന്ന നിലയിൽ പണം കൊടുത്ത് വിവിധ സാധനങ്ങൾ നമ്മൾ വാങ്ങുന്നു, ഒരു വിൽപനക്കാരൻ എന്ന നിലയിൽ സാധനങ്ങൾ വിൽക്കുമ്പോൾ നമുക്ക് പണം ലഭിക്കുന്നു. സാധാരണ രീതിയിൽ പണം നമ്മൾ കൊടുക്കുന്നതും വാങ്ങുന്നതും പേപ്പർ കറൻസിയുടെയും നാണയത്തിന്റെയും രൂപത്തിലാണ്. എന്നാൽ പുരാതനകാലത്ത് ആളുകൾ വസ്തുക്കൾക്ക് പകരം വസ്തുക്കൾതന്നെയാണ് കൈമാറ്റം ചെയ്തിരുന്നതെന്ന് നിങ്ങൾക്കറിയാമോ? അതിനെ ബാർട്ടർ രീതി എന്നാണ് വിളിച്ചിരുന്നത്. കാലം കടന്നുപോയപ്പോൾ ബാർട്ടർ രീതിക്ക് പകരം പണം നിലവിൽ വന്നു. എന്തുകൊണ്ട്? അതറിയാൻ ഈ പാഠം തുടർന്ന് വായിക്കുക.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്:

- *ബാർട്ടർ സമ്പ്രദായത്തിന്റെ അർത്ഥം മനസ്സിലാക്കൽ;*
- *സമൂഹത്തിൽ പണത്തിന്റെ ആവശ്യത്തെക്കുറിച്ചുള്ള അവബോധം;*
- *പണത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കൽ;*
- *പണത്തിന്റെ വിവിധരൂപങ്ങളായ പേപ്പർകറൻസിയെക്കുറിച്ചും നാണയങ്ങളെക്കുറിച്ചും ഉള്ള അറിവ്.*

## 14.1 ബാർട്ടർ സമ്പ്രദായം

നമ്മൾ ഇന്നു കാണുന്നതുപോലുള്ള വികസനമൊന്നും ഇല്ലാതെ ജനങ്ങൾ ചെറു സമൂഹങ്ങളായി ജീവിച്ചിരുന്ന പണ്ടുകാലത്ത് പരസ്പരം പ്രയോജനം ഉണ്ടാകുന്ന തരത്തിൽ ബാർട്ടർ രീതിയിലൂടെ അവർ പരസ്പരം സഹായിക്കുമായിരുന്നു. എന്താണ് ബാർട്ടർ സമ്പ്രദായത്തിന്റ അർത്ഥം? **ഒരു പ്രത്യേക തരം സാധനങ്ങളും സേവനങ്ങളും മറ്റൊരു തരം സാധനങ്ങൾക്കും സേവനങ്ങൾക്കും പകരമായി പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്ന രീതിയാണ് ബാർട്ടർ സമ്പ്രദായം. അതിൽ പണത്തിന്റെ ഇടപെടലുകൾ ഇല്ലായിരുന്നു.**

കുറിപ്പുകൾ

**പണം ഉപയോഗിക്കാതെ ഒരു വസ്തുവിനു പകരം മറ്റൊന്ന് കൈമാറ്റം ചെയ്യപ്പെടുമ്പോഴാണ് ബാർട്ടർ സമ്പ്രദായത്തിലൂടെ വ്യാപാരം നടന്നുവെന്ന് നമ്മൾ പറയുന്നത്.** പുരാതനസംസ്കാരങ്ങളിൽ ഇതാണ് സംഭവിച്ചത്.

ബാർട്ടർ സമ്പ്രദായത്തിന് ചില ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

(a) പുരാതനകാലത്ത് യൂറോപ്പിൽനിന്നുമുള്ള വ്യാപാരികൾ ലോകത്തിന്റെ കിഴക്ക് ഭാഗത്തുനിന്നും പട്ടും സുഗന്ധദ്രവ്യങ്ങളും പകരം കരകൗശലവസ്തുക്കളും മറ്റും കൈമാറ്റം ചെയ്യുമായിരുന്നു.

(b) പല ഗോത്രസമൂഹങ്ങളിലും ഭാരതീയകുടുംബങ്ങൾ ഭക്ഷണത്തിനും മറ്റു സേവനങ്ങൾക്കുമായി പരസ്പരം തൊഴിൽ ചെയ്ത് സഹായിക്കുമായിരുന്നു. ഉദാഹരണത്തിന് വിളവെടുപ്പിന്റെ കാലത്ത് ഒരു കുടുംബത്തിന് മറ്റൊരു കുടുംബത്തിൽപെട്ടവർ അവരുടെ സേവനം നൽകുകയും പകരം അതുപോലുള്ള മറ്റെന്തെങ്കിലും സഹായം വിളവെടുപ്പുകാലത്തോ, വീടിന്റെ മേൽക്കൂര പണിയാനോ തിരിച്ചുനൽകുകയും ചെയ്യും. ഇന്നും ഇതുപോലുള്ള രീതികൾ ഭാരതത്തിലെ ചില ഗോത്ര സമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്.

(c) കർഷകർ, കരകൗശലപണിക്കാർ, ചെരുപ്പുകുത്തികൾ, ആശാരിപണിക്കാർ തുടങ്ങിയ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അവരുടെ വസ്തുക്കളും സേവനങ്ങളും അവർക്കിടയിൽ തന്നെ വിനിമയം ചെയ്യുന്നു.

### 14.1 പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ

1. ബാർട്ടർ സമ്പ്രദായം എന്തെന്ന് നിർവചിക്കുക?
2. ബാർട്ടർ സമ്പ്രദായത്തിന് രണ്ടു ഉദാഹരണങ്ങൾ നൽകുക?

## 14.2 പണത്തിന്റെ ആവശ്യകത

മേൽ പ്രസ്താവിച്ചതരത്തിലുള്ള ബാർട്ടർ സമ്പ്രദായം ഇപ്പോൾ നിലവിലില്ല. ആധുനികലോകത്ത് ആരും തന്നെ വസ്തുക്കൾക്ക് പകരം വസ്തുക്കൾ കൈമാറ്റം ചെയ്യുന്നില്ല. എല്ലാവരുംതന്നെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് പണം നൽകുന്നു. അപ്പോൾ ഒരു ചോദ്യം ഉയരുന്നു– ബാർട്ടർ സമ്പ്രദായം എന്തുകൊണ്ട് ഇപ്പോൾ നിലവിലില്ല? പണത്തിന്റെ ആവശ്യകത എന്തുകൊണ്ട് ഉയർന്നു? ഈ ചോദ്യങ്ങളുടെ ഉത്തരം ബാർട്ടർ സമ്പ്രദായത്തിന്റെ താഴെ പറയുന്ന ന്യനതകളിൽ അടങ്ങിയിരിക്കുന്നു.

### ബാർട്ടർ സമ്പ്രദായത്തിന്റെ ന്യൂനതകൾ

ബാർട്ടർ സമ്പ്രദായത്തിന്റെ ന്യൂനതകൾ താഴെപറയുന്നു.

**1. ആവശ്യങ്ങളുടെ ഇരട്ടപൊരുത്തത്തിന്റെ അഭാവം (Lack of double coincidance of wants)** ബാർട്ടർ സമ്പ്രദായത്തിന്റെ ഒരു പൊതുവായ പ്രശ്നം പരസ്പരവിനിമയത്തിന് ഉതകുന്നവിധത്തിൽ ഇരട്ടപൊരുത്തത്തിന്റെ അഭാവമാണ്. എന്താണ് ഇത് അർത്ഥമാക്കുന്നത്? ഒരു വ്യക്തി മറ്റൊരുവ്യക്തിയുമായി പദാർത്ഥങ്ങൾ വിനിമയം ചെയ്യണമെങ്കിൽ രണ്ടാമത്തെ വ്യക്തി ആദ്യത്തെ വ്യക്തിക്ക് അവ വിനിമയം ചെയ്യാൻ തയ്യാറാവണം. ഉദാഹരണത്തിന് ഒരു വ്യക്തിയുടെ കൈവശം കുറച്ച് തുണിയുണ്ടാവുകയും അയാൾക്ക് അരി ആവശ്യമാവുകയും ചെയ്താൽ അരി വിൽക്കാനും തുണി വാങ്ങുവാനും പറ്റുന്ന ഒരാളെ കണ്ടെത്തണം. പ്രായോഗികജീവിതത്തിൽ ഇതുപോലുള്ള സാധ്യത

ഉണ്ടാവുകയോ, ഉണ്ടാകാതിരിക്കുകയോ ചെയ്യാം. തുണി നൽകാനുള്ള വ്യക്തിക്ക് അരി ആവശ്യമില്ലാതിരിക്കാം തന്മൂലം തുണിയും അരിയും തമ്മിലുള്ള വിനിമയം ഒരിക്കലും സംഭവിക്കുകയില്ല എന്നു മാത്രമല്ല രണ്ടുകൂട്ടർക്കും അവരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ സാധിക്കുകയുമില്ല. ഇത് പരസ്പരാവശ്യങ്ങളുടെ പൊരുത്തമില്ലായ്മയുടെ ഒരു ഉദാഹരണമാണ്. അതുകൊണ്ട് ബാർട്ടർ സമ്പ്രദായം പ്രവർത്തിക്കണമെങ്കിൽ ആവശ്യങ്ങൾ ഒത്തുചേരുന്നതരത്തിൽ വസ്തുക്കളുടെ ഇരട്ടപൊരുത്തമുണ്ടാവണം അല്ലായെങ്കിൽ അത് പ്രാവർത്തികമാവില്ല.

ഇതിനോടനുബന്ധിച്ച മറ്റൊരു പ്രശ്നം ഒരു വ്യക്തിക്ക് പരസ്പരാവശ്യമുള്ള വസ്തുക്കളുടെ വിനിമയത്തിന് തയ്യാറായ മറ്റൊരു വ്യക്തിയെ അന്വേഷിച്ച് ധാരാളം സമയം ചിലവഴിക്കേണ്ടിവരുന്നു എന്നതാണ്. മനുഷ്യസംസ്കാരത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ ഗതാഗതത്തിനും ആശയവിനിമയത്തിനും ശരിയായ മാർഗങ്ങൾ ഇല്ലാതിരുന്നതിനാൽ ഇത് ഒരു വലിയ ബുദ്ധിമുട്ടുള്ള പണിയായിരുന്നു

**2. വസ്തുക്കളുടെ വിഭജനത്തിന്റെ അഭാവം (Lack of division of goods):** ചില വസ്തുക്കൾ ചെറിയ കഷണങ്ങളായി മുറിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് ഒരു പശു ഉണ്ടെന്ന് വിചാരിക്കുക. അയാൾക്ക് തുണി, ഭക്ഷണ ധാന്യങ്ങൾ തുടങ്ങിയവയും ആവശ്യമുണ്ടന്ന് കരുതുക അങ്ങനെയെങ്കിൽ പശുവിന്റെ എത്ര ഭാഗം തുണിക്കായി വ്യാപാരം ചെയ്യുവാൻ സാധിക്കും? പശുവിന്റെ എത്ര ഭാഗം ഭക്ഷ്യധാന്യങ്ങൾക്ക് പകരമായും നൽകാൻ പറ്റും? പശുവിനെ പല കഷണങ്ങളാക്കാൻ പറ്റാത്തതുകൊണ്ട് ഇത് നിർണയിക്കാൻ പ്രയാസമാണ്.

**3. അളവിന്റെ പൊതുവായ മാനദണ്ഡത്തിന്റെ അഭാവം (Lack of common unit of measurement):** ബാർട്ടർ സമ്പ്രദായത്തിൽ അളവിന്റെ പൊതുവായ മാനദണ്ഡത്തിന്റെ അഭാവം മൂലം വ്യാപാരം ചെയ്യപ്പെടുന്ന വിവിധ വസ്തുക്കളുടെ മൂല്യം തുലനപ്പെടുത്താൻ ബുദ്ധിമുട്ടാണ്. മുൻ ഖണ്ഡികയിലെ ഉദാഹരണം എടുത്താൽ, നിശ്ചിതതുകക്കുള്ള ഭക്ഷ്യധാന്യമോ നിശ്ചിതഅളവ് തുണിയോ വാങ്ങാൻ പശവിന്റെ എത്രഭാഗം ആവശ്യമായി വരുമെന്ന് നിർണയിക്കാൻ പ്രയാസമാണ്. മാത്രവുമല്ല അത് അസംബന്ധവുമാണ്. ഇങ്ങനെ സംഭവിക്കുന്നതിന്റെ കാരണം മൂല്യത്തിന്റെ പൊതുവായ അളവാകാൻ ഒരിക്കലും പശുവിന് സാധ്യമല്ല എന്നതുകൊണ്ടാണ്. ഇതേ പ്രശ്നം മറ്റു വസ്തുക്കൾക്കും ബാധകമാണ്.

**4. മൂല്യശേഖരത്തിന്റെ അഭാവം (Lack of store of value):** ബാർട്ടർ സമ്പ്രദായത്തിന്റെ മറ്റൊരു പ്രശ്നം ഒരു വ്യക്തി ദിനംതോറും തനിക്ക് ആഗ്രഹമുള്ള വസ്തുക്കൾ ലഭിക്കാനായി കൈവശം സ്വന്തമായുള്ള വസ്തുക്കൾ വലിയ അളവിൽ ശേഖരിച്ചുവയ്ക്കേണ്ടിയിരിക്കുന്നു എന്നതാണ്. ഗോതമ്പ് ഉൽപാദിപ്പിക്കുന്ന ഒരു കർഷകന്റെ ഉദാഹരണമെടുക്കുക. സ്വാഭാവികമായും തന്റെ സ്വന്തമായ ആവശ്യത്തിനുള്ള ഗോതമ്പ് എടുക്കുകയും ബാക്കി തന്റെ മറ്റ് ആവശ്യങ്ങൾക്കായി വ്യാപാരം ചെയ്യുവാനായി സൂക്ഷിക്കുകയും ചെയ്യുന്നു. അയാൾക്ക് ഫർണിച്ചർ ആണ് ആവശ്യമെങ്കിൽ തന്റെ കൈവശമുള്ള ഗോതമ്പിനു പകരം ഫർണിച്ചർ തരാൻ കഴിയുന്ന മരപണിക്കാരന്റെ അടുക്കൽ പോകണം. അതുപോലെ തന്നെ അയാൾക്ക് തുണിയാണ് ആവശ്യമെങ്കിൽ ഗോതമ്പ് വാങ്ങി പകരം തുണി തരാൻ തയ്യാറായ തുണിനെയ്ത്തുകാരന്റെ അടുക്കൽ വ്യാപാരം നടത്തണം. അതുകൊണ്ട് ആ കർഷകൻ തനിക്കാവശ്യമുള്ള സാധനങ്ങൾ

വാങ്ങിക്കാൻവേണ്ടി അയാളുടെ കൈവശമുള്ള ഗോതമ്പ് സൂക്ഷിക്കാൻ പറ്റിയ ശേഖരണകേന്ദ്രം പണിയണം. സംസ്കാരത്തിന്റെ ആദ്യനാളുകളിൽ ഇതുപോലുള്ള ശേഖരണകേന്ദ്രങ്ങൾ പണിയുകയും നിലനിർത്തുകയും ചെയ്യുക എന്നത് വലിയ പ്രയാസകരമായ കാര്യമായിരുന്നു.

**5. മൂല്യവും അടിസ്ഥാന ഗുണമേന്മയും കാത്തുസൂക്ഷിക്കുവാനാവാത്തത് (Lack of storing value and original quality) :** അവസാനമായി, ബാർട്ടർ സമ്പ്രദായത്തിന്റെ ഒരു പ്രധാന പ്രശ്നം വസ്തുക്കൾ അധികനാൾ ശേഖരിച്ചു വച്ചാൽ അതിന്റെ ഗുണമേന്മയും മൂല്യവും നഷ്ടപ്പെടുമെന്നതാണ്. ഉപ്പ്, പച്ചക്കറികൾ തുടങ്ങിയ വിവിധ വസ്തുക്കൾ നശിച്ചുപോവുന്നവയാണ്. അതുകൊണ്ട് ശേഖരണ മുല്യമായി ഉപയോഗിക്കുവാൻ ഭാവി വ്യാപാരത്തിലേക്കായി സാധനങ്ങൾ ഒരിക്കലും സ്വീകരിച്ചിരുന്നില്ല. കടം വാങ്ങുവാനും കൊടുക്കുവാനുമായുള്ള ഉദ്ദേശത്തിനായി ഒരു വസ്തുവും ഉപയോഗിച്ചിരുന്നില്ല് എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്.

മേൽപറഞ്ഞ കാരണങ്ങളാൽ ബാർട്ടർ സമ്പ്രദായത്തിന് അധികകാലം നിലനിൽക്കാനായില്ല. മനുഷ്യസംസ്കാരം വളർന്നതനുസരിച്ച് അനായാസേന കൈകാര്യം ചെയ്യാനാവുന്നതും, ശേഖരിച്ചുവക്കാനാവുന്നതും, മൂല്യം പ്രകടിപ്പിക്കാനാവുന്നതുമായ പൊതുവായ ഒരു വിനിമയമാധ്യമം ജനത്തിന് ആവശ്യമായി. അങ്ങനെ പണം ഉടലെടുത്തു. ചുരുക്കത്തിൽ, ബാർട്ടർ സമ്പ്രദായത്തിന്റെ പരാജയത്തിലൂടെ പണത്തിന്റെ ആവശ്യകത ഉദയം ചെയ്തു.

## 14.2 പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ

1. ആവശ്യങ്ങളുടെ ഇരട്ടപൊരുത്തം എന്തെന്ന് നിർവചിക്കുക?
2. ബാർട്ടർ സമ്പ്രദായവുമായി ബന്ധപ്പെട്ട രണ്ടു ബുദ്ധിമുട്ടുകൾ വിവരിക്കുക?

## 14.3 പണത്തിന്റെ നിർവചനവും ധർമങ്ങളും

ഒരു വിനിമയമാധ്യമമെന്ന നിലയിൽ സമൂഹം പൊതുവായി അംഗീകരിച്ചിട്ടുള്ളതും, അളവിന്റെ ഘടകമായി പ്രവർത്തിക്കാനാവുന്നതും, കടം വീട്ടുവാനും, മൂല്യം സമാഹരിക്കാനുതകുന്നതും ആയ ഏതൊന്നിനെയും പണം എന്ന് നിർവചിക്കാം. പണത്തിന്റെ നിർവചനത്തിൽനിന്നുതന്നെ അതിന്റെ ധർമങ്ങളും അറിയാൻ സാധിക്കും. അവ താഴെ പറയുന്നു.

### 1. വിനിമയമാധ്യമം (Medium of exchange)

ഒരു വിനിമയമാധ്യമമായി പ്രവർത്തിക്കുന്നു എന്നതാണ് പണത്തിന്റെ പ്രാഥമിക ധർമം. ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പണത്തിന്റെ സഹായത്താൽ വാങ്ങുവാനും വിൽക്കുവാനും സാധിക്കുമെന്നതാണ് ഇതിന്റെ അർത്ഥം. വസ്തുക്കൾ വിൽക്കുന്നവന് പണം ലഭിക്കുന്നു. വിൽപനക്കാരനിൽ നിന്ന് വസ്തു വാങ്ങുന്നവൻ പണം നൽകുന്നു.

ഉദാ. ഒരു പേന മേടിക്കുവാൻ നിങ്ങൾ 10 രൂപാ കൊടുക്കുന്നു. കടക്കാരന് പേന വിൽക്കുന്നതിലൂടെ 10 രൂപാ നിങ്ങളിൽനിന്ന് ലഭിക്കുന്നു. അങ്ങനെ 10 രൂപക്ക് ഒരു പേന കൈമാറ്റം ചെയ്യപ്പെടുന്നു.

### 2. മൂല്യം അളക്കൽ (Measure of value)

പണത്തിന്റെ മറ്റൊരു അടിസ്ഥാനധർമം അത് മൂല്യം അളക്കാനും കണക്കുകൾ സൂക്ഷിക്കുന്നതിന്റെ ഘടകമായും പ്രവർത്തിക്കുന്നു എന്നതാണ്. ഒരു വസ്തുവിന്റെ മൂല്യം കണ്ടുപിടിക്കുന്നത് അതിന്റ വിലയെ വിപണിയിൽ വിറ്റ അളവു

കൊണ്ട് ഗുണിക്കുന്നതാണ്. വില പണപരമായതുകൊണ്ട് സാധനത്തിന്റെ മൂല്യവും പണരൂപത്തിൽ പ്രകടമാകണം.

ഉദാ. ഒരു കിലോ അരിയുടെ വില 20 രൂപയാണ് എന്ന് കരുതുക. 25 കിലോ അരിയുള്ള പാക്കറ്റിന്റെ മൂല്യം 20 X 25 = 500 രൂപയാണ്.

### 3. മൂല്യസമാഹരണം (Store of value)

മൂല്യ സമാഹരണത്തിനും പണം ഉപയോഗിക്കുന്നു. എങ്ങനെ? വിനിമയമാർഗം എന്ന നിലയിൽ പണം കൊടുത്ത് നിങ്ങൾക്ക് സാധനങ്ങൾ വാങ്ങാം. നിങ്ങൾക്ക് പണമുണ്ടെങ്കിൽ സാധനങ്ങളോ സേവനങ്ങളോ വാങ്ങിക്കുവാനുള്ള കഴിവ് ഉണ്ടെന്നാണ് ഇത് അർത്ഥമാക്കുന്നത്. അതുകൊണ്ട് സാധനത്തിന്റെ മൂല്യം നിങ്ങളുടെ കൈവശമുള്ള പണത്തിൽ പരോക്ഷമായി നിക്ഷിപ്തമായിരിക്കുന്നു. അതുപോലെ തന്നെ വിൽപനക്കാരന് വസ്തുവിന്റെ മൂല്യം അയാൾ സ്വീകരിക്കുന്ന പണത്തിലൂടെ പരോക്ഷമായി തിരിച്ചുലഭിക്കുന്നു. ഉദാ. സുശീലയടെ കൈവശം ഉള്ള മാങ്ങകൾ 250രൂപക്ക് അവൾ വിൽക്കുന്നു. 250 രുപയുടെ വ്യാപാരം നടന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്. ആ മാങ്ങ വാങ്ങിയ ആൾക്ക് 250 രൂപ മൂല്യമുള്ള വസ്തു വാങ്ങിക്കുവാനുള്ള കഴിവ് ഉണ്ട്. ഒരു വിൽപനക്കാരി എന്ന നിലയിൽ സുശീലക്ക് ലഭിച്ച പണത്തിൽ 250രൂപാ സമാഹരിച്ചിരിക്കുന്നു. സുശീല മാങ്ങ സമാഹരിച്ചില്ലായിരിക്കാം പക്ഷേ, 250 രൂപാക്ക് തുല്യമായപണം ശേഖരിക്കാൻ അവൾക്ക് തീർച്ചയായും കഴിഞ്ഞു.

### 4. പണമിടപാടുകൾ ഭാവിയിലേക്ക് മറ്റിവക്കാം (Making payments in future)

നമ്മൾ എല്ലാവരും തന്നെ കൊടുക്കൽ വാങ്ങൽ പ്രവർത്തനങ്ങളിൽ ഏർപെടുന്നവരാണ്. 300 രുപയുടെ ഒരു പുസ്തകം മേടിക്കാൻ തൽക്കാലം കൈയ്യിൽ പണമില്ലാത്തുമൂലം ഒരാൾ നിങ്ങളോട് കടം ചോദിച്ചുവെന്ന് സങ്കൽപിക്കുക. ഒരാഴ്ചക്ക് ശേഷം തിരിച്ചുതരാമെന്നും അയാൾ ഉറപ്പുതരുന്നു. നിങ്ങൾ ഇതിന് സമ്മതിക്കുകയും അയാൾക്ക് പണം കൊടുക്കുകയും ചെയ്താൽ നിങ്ങളെ വായ്പദാതാവ് (LENDER) എന്നും സുഹൃത്തിനെ കടം വാങ്ങിയ ആൾ (BOROWER) എന്നും വിളിക്കുന്നു. വായ്പദാതാവ് എന്ന നിലയിൽ നിങ്ങൾ സുഹൃത്തിന് നൽകിയ പണത്തിന് പലിശയും ഈടാക്കാം. നിങ്ങൾ പലിശ ഒന്നും ഈടാക്കുന്നില്ലായെങ്കിൽ ഒരാഴ്ചക്ക് ശേഷം നിങ്ങളുടെ സഹൃത്ത് 300 രൂപാ തിരിച്ചുതരും. നിങ്ങൾ ഒരു രൂപാ പലിശ ഈടാക്കുകയാണെങ്കിൽ ഒരാഴ്ചക്ക് ശേഷം നിങ്ങളുടെ സഹൃത്ത് 301 രൂപാ തിരിച്ചുതരും. നിങ്ങളുടെ സഹൃത്തിനെപോലെ ധാരാളം ആളുകൾ പിന്നീട് പലിശസഹിതം ഭാവിയിൽ വീട്ടിക്കൊള്ളാമെന്ന ഉറപ്പിൻമേൽ അവരുടെ ആവശ്യങ്ങൾ സാധിക്കാൻ പണം കടം വാങ്ങുവാൻ ആഗ്രഹിക്കുന്നു. ഭാവിയിലുള്ള ഈ ഇടപാടുകൾ പണരൂപത്തിലാണ് സ്വീകരിക്കപ്പെടുന്നത്. വാങ്ങുന്നവൻ ചില നിശ്ചിത വ്യവസ്ഥകളിൽ പണമിടപാടുകൾ ഭാവിയിലേക്ക് മാറ്റുന്നു എന്ന് പറയാം. അങ്ങനെ ഭാവിയിൽ പണമിടപാടുകൾ നടത്താനുള്ള ഒന്നായി പണം പ്രവർത്തിക്കുന്നു. നിങ്ങളുടെ സുഹൃത്ത് മുന്നൂറോ, മുന്നൂറ്റൊന്നോ രുപക്ക് പകരം പുസ്തകമാണ് നൽകിയതെന്ന് കരുതുക. അപ്പോൾ നിങ്ങൾ ഇത് സ്വീകരിക്കുമോ? ഒരിക്കലുമില്ല. കാരണം ഒരാഴ്ച കഴിയുമ്പോൾ ആ പുസ്തകത്തിന്റം മൂല്യം കുറയുകയോ, അത് പുതിയ ഒരു പുസ്തകമായി തന്നെ നിലനിൽക്കുകയോ ചെയ്യില്ല. എന്നാൽ പണത്തിന് മൂല്യസമാഹരണമുള്ളതുകൊണ്ട് ഭാവിയിലും അത് എപ്പോഴും സ്വീകരിക്കപ്പെടും.

## 14. 3 പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ

1. വിനിമയമാധ്യമം എന്തെന്ന് നിർവചിക്കുക?

2. സാധനങ്ങളുടെ മൂല്യം എന്നതിന്റെ അർത്ഥം വ്യക്തമാക്കുക?

## 14.4 വിവിധതരം പണം

### 14.4.1 പേപ്പർ കറൻസിയും നാണയങ്ങളും

പണം എങ്ങനെയാണ് കാണപ്പെടുന്നത്? പണത്തിന്റെ രൂപം എന്താണ്? അതിന്റെ വിവിധ രൂപങ്ങൾക്ക് കാലാനുസൃതമായി എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി? രാജാക്കന്മാരുടെ കാലത്ത് ജനം വ്യാപാരത്തിനായി ഉപയോഗിച്ചിരുന്നത് സ്വർണം, വെള്ളി, ചെമ്പ് നാണയങ്ങളായിരുന്നു എന്ന് ചരിത്രത്തിൽ നമ്മൾ വായിച്ചിട്ടുണ്ടാവും. അതിനുംമുമ്പ് പ്രാചീനകാലത്ത് ചില സ്ഥലങ്ങളിൽ കന്നുകാലികൾ, ഉപ്പ് തുടങ്ങിയവയും ആളുകൾ പണത്തിന്റെ രൂപങ്ങളായി ഉപയോഗിക്കുമായിരുന്നു.

അടുത്ത നാളുകളായി ആരും തന്നെ കന്നുകാലികൾ, ഉപ്പ് തുടങ്ങിയവ സാധനങ്ങളും സേവനങ്ങളും വിൽക്കാനും വാങ്ങാനും ഉപയോഗിക്കാറില്ല. കന്നുകാലികളെ പരിപാലിക്കാൻ ധാരാളം സ്ഥലവും പ്രത്യേകമായ പരിസ്ഥിതികളും ആവശ്യമാണ്. ഉപ്പ് നശിച്ചുപോകുന്നതും വിനിമയലക്ഷ്യത്തിനായി വളരെ നാളുകൾ സൂക്ഷിച്ചുവക്കാൻ സാധ്യവുമല്ലാത്തതാണ്. അതുകൊണ്ട് നൂറ്റാണ്ടുകളായുള്ള പരിശ്രമത്തിന്റെ ഫലമായി പണത്തെ സംവഹിക്കുവാൻ സൗകര്യമായ പേപ്പർനോട്ടിന്റെയും നാണയത്തിന്റെയും രൂപത്തിൽ ജനം പണം ഉപയാഗിക്കാൻ തുടങ്ങി. ഇന്ന് ഭാരതത്തിൽ 5,10, 20, 50,100, 500,1000 എന്നിങ്ങനെ വിവിധ കറൻസികൾ ലഭ്യമാണ്. സാധാരണയായി ഇവയെ ഏകവചനത്തിൽ കറൻസിയെന്നും ബഹുവചനമായി കറൻസികൾ എന്നും വിളിക്കുന്നു. രൂപയുടെ പ്രതീകം ₹ ആണ്.

പണം ഉപഭോക്താവ് നൽകുകയും വിൽപനക്കാർ സ്വീകരിക്കുകയും ചെയ്യുന്നത് കറൻസിയുടെ രൂപത്തിലാണ്. ചെറിയ നാണയങ്ങളെ പൈസയെന്നും വിളിക്കുന്നു. ഉദാഹരണത്തിന് 50 പൈസ ഒരു രൂപയുടെ പകുതിയാണ്. പത്തു രൂപക്ക് വരെയുള്ള നാണയങ്ങൾ ഇന്ന് ഭാരതത്തിൽ പ്രചാരത്തിലുണ്ട്. പ്രചാരത്തിലിരിക്കുന്ന എല്ലാ നാണയങ്ങളും, കറൻസിയും ഭാരതസർക്കാരിന്റെ ഗ്യാരണ്ടിയുള്ളതാണെന്ന് നിങ്ങൾ അറിയണം. അല്ലായെങ്കിൽ ആർക്കും അത് നിർമിക്കാനും ദുരുപയോഗിക്കാനും സാധിക്കും.

ഭാരതത്തിലെ എല്ലാ നാണയങ്ങൾക്കും കറൻസികൾക്കുംനമ്മുടെ രാജ്യത്ത് മാത്രമാണ് നിയമസാധുത ഉള്ളത്. മറ്റു രാജ്യങ്ങളിൽ ഇല്ല. ഓരോ രാജ്യത്തിനും സ്വന്തമായ കറൻസിയുണ്ട്. മറ്റു രാജ്യങ്ങൾ നിങ്ങൾ സന്ദർശിക്കുകയാണെങ്കിൽ ആ രാജ്യത്തിന്റെ കറൻസിയുമായി നമ്മുടെ കറൻസിയെ കൈമാറ്റം ചെയ്യണം. ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിലെ കറൻസികൾ താഴെ പറയുന്നു.

(a) അമേരിക്കയുടെ കറൻസിയുടെ പേര് ഡോളർ പ്രതീകം $

(b) യൂറോപ്പിലെ കറൻസിയുടെ പേര് യൂറോ പ്രതീകം €

(c) യു.കെ-യിലെ കറൻസിയുടെ പേര് പൗണ്ട് പ്രതീകം £

(d) ജപ്പാനിലെ കറൻസിയുടെ പേര് യെൻ പ്രതീകം ¥

1. കറൻസി നോട്ട് എന്നതിന്റെ അർത്ഥം വ്യക്തമാക്കുക?

## പ്രവർത്തനം

ഫ്രാൻസ്. ജർമനി, ചൈന, ബ്രസീൽ എന്നീ രാജ്യങ്ങളിലെ കറൻസികളുടെ പേരിന്റെ ലിസ്റ്റ് തയ്യാറാക്കുക.

## നിങ്ങൾ എന്താണ് പഠിച്ചത്

പണം കണ്ടുപിടിക്കുന്നതിന് മുമ്പ് ജനങ്ങൾ വസ്തുക്കൾക്ക് പകരം വസ്തുക്കളാണ് വിനിമയം ചെയ്തിരുന്നത്. അതിനെ ബാർട്ടർ സമ്പ്രദായം എന്നു വിളിച്ചു. അളവിന്റെ പൊതുവായ മാനദണ്ഡത്തിന്റെ അഭാവം, ആവശ്യം ആവശ്യത്തെ കണ്ടെത്തുന്നതിന്റെ അഥവാ ഇരട്ടപ്പൊരുത്തത്തിന്റെ അഭാവം, ശേഖരിച്ചു വക്കുവാനാൻ സാധിക്കാത്തത് തുടങ്ങി നിരവധി പ്രശ്നങ്ങൾ ബാർട്ടർ സമ്പ്രദായത്തിന് ഉണ്ട്. അത് പണം കണ്ടത്തുന്നതിന് മനുഷ്യസമൂഹത്തിനെ പ്രേരിപ്പിച്ചു.
വിനിമയമാധ്യമം, മൂല്യം അളക്കൽ, മൂല്യം സമാഹരിക്കൽ, ഇടപാടുകൾ ഭാവിയിൽ നടത്തുക എന്നിവ പണത്തിന്റെ ധർമങ്ങളിൽ പെടുന്നു.
പണം പേപ്പർ കറൻസിയുടേയും നാണയങ്ങളുടേയും രൂപത്തിൽ വിനിമയം ചെയ്യപ്പെടുന്നു.

## ടേമിലെ പരിശീലനം

1. ബാർട്ടർ സമ്പ്രദായത്തിന്റെ പ്രവർത്തനം വിശദീകരിക്കുക?
2. ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ എന്തെല്ലാം?
3. പണത്തെ നിർവചിച്ച് അതിന്റെ 3 ധർമങ്ങൾ പ്രസ്താവിക്കുക?
4. ഭാരതത്തിലെ കറൻസിനോട്ടുകളെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക?

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 14.1

1. വസ്തുക്കൾക്ക് പകരം വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനെ ബാർട്ടർ സമ്പ്രദായം എന്നു വിളിക്കുന്നു.
2. (i) അഞ്ചു കിലോ പഞ്ചസാരക്ക് പകരം 10 കിലോ ഗോതമ്പ്.
   (ii) എട്ട് കിലോ അരിക്ക് പകരം ഒരു ജോടി ഷൂസ്.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 14.2

1. രണ്ടു വ്യക്തികളുടെ വസ്തുക്കൾ തമ്മിലുള്ള വിനിമയം.
2. (i)ആവശ്യങ്ങളുടെ ഇരട്ടപൊരുത്തത്തിന്റെ അഭാവം. (ii) നിക്ഷേപമൂല്യത്തിന്റെ അഭാവം

കുറിപ്പുകൾ

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 14.3

1. വസ്തുക്കളും സേവനങ്ങളും വാങ്ങുവാനും വിൽക്കുവാനും പൊതുവായി സ്വീകാര്യമായത്
2. സാധനത്തിന്റെ മൂല്യം = സാധനത്തിന്റെ വില X സാധനത്തിന്റെ അളവ്

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 14.4

1. കറൻസി പണത്തിന്റെ ഒരു രൂപമാണ്.

# 15
# ബാങ്കും വായ്പയും

ബാങ്കും വായ്പയും ഒന്നിച്ചുപോകുന്നതാണ്. അവ പരസ്പരപൂരകങ്ങളുമാണ്. അതുകൊണ്ട് പണത്തെക്കുറിച്ച് പഠിച്ചുകഴിഞ്ഞാലുടൻതന്നെ നമ്മൾ ബാങ്കിനെക്കുറിച്ചും പഠിക്കണം. ആധുനികസമൂഹത്തിൽ ബാങ്ക് വളരെ പ്രധാനപ്പെട്ട സ്ഥാപനമാണ്. ഒരു വിനിമയമാധ്യമമെന്ന നിലയിൽ പണം ഉപയോഗിക്കുന്നതിന്റെ നേട്ടങ്ങൾ സമൂഹം മനസ്സിലാക്കിയപ്പോൾ മുതൽ ഒരു സുരക്ഷിതസ്ഥാനത്ത് പണത്തെ ശേഖരിച്ചുവക്കുന്നതിന്റെ ആവശ്യകതയും അനുഭവപ്പെട്ടു. ഈ സുരക്ഷിതസ്ഥാനം ആത്യന്തികമായി പിന്നീട് പണത്തെ വിവിധ രീതികളിൽ ഉപയോഗിക്കാനുതകുന്ന ബാങ്ക് ആയി രൂപാന്തരപ്പെട്ടു. ആളുകൾ വിവിധ ഉദ്ദേശങ്ങൾക്കായി ബാങ്കിൽ പോകാറുണ്ട്. ഉദാഹരണത്തിന്, തങ്ങളുടെ കൈയ്യിലുള്ള അധികപണം നിക്ഷേപിക്കാൻ, പണപരമായ മറ്റ് ആവശ്യങ്ങൾക്കായി, തങ്ങളുടെ അക്കൗണ്ടിൽനിന്ന് പണം പിൻവലിക്കാൻ, വായ്പയെടുക്കാൻ തുടങ്ങിയവ. ഒരു സമ്പദ് വ്യവസ്ഥയിൽ ഉൽപാദനം, വിതരണം, സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവ സുഗമമാക്കാൻ ബാങ്ക് വലിയ പങ്കാണ് വഹിക്കുന്നത്.

## ലക്ഷ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്

- *ബാങ്ക്, ബാങ്കിംങ് എന്നിവയുടെ അർത്ഥം മനസ്സിലാക്കൽ*
- *ബാങ്കിന്റെ ധർമങ്ങൾ വിശദമാക്കൽ*
- *വായ്പയുടെ അർത്ഥവും വായ്പാസൃഷ്ടി എന്ന പ്രക്രിയയും മനസ്സിലാക്കൽ*
- *ഭാരതത്തിലെ വിവിധ തരം ബാങ്കുകൾ തമ്മിലുള്ള വ്യത്യാസം അറിയാൻ*

## 15.1 ബാങ്ക്, ബാങ്കിങ് : അർത്ഥം

പൊതുജനങ്ങളിൽനിന്ന് പണം സമ്പാദ്യമായി സ്വീകരിക്കുകയും അവർക്ക് വായ്പകൾ നല്കുകയും ചെയ്യുന്ന സ്ഥാപനമാണ് ബാങ്ക്. ജനങ്ങളുടെ സമ്പാദ്യത്തെ നിക്ഷേപമാക്കാനോ, ആവശ്യപ്പെടുമ്പോൾ ചെക്ക്, ഡ്രാഫ്റ്റ്, ഓർഡർ തുടങ്ങിയ രൂപത്തിൽ തിരിച്ചെടുക്കാനോ, വായ്പ നൽകുവാനോ ഉള്ള ഉദ്ദ്യേശത്തോടെ പണം സ്വീകരിക്കുന്നതിനെ ബാങ്കിംങ് എന്ന് വിളിക്കുന്നു.

## 15.2 ബാങ്കിന്റെ ധർമങ്ങൾ

മുകളിൽ ഉദ്ധരിച്ച അർത്ഥത്തിൽ നിന്നും ബാങ്കിന്റെ ധർമങ്ങൾ വ്യക്തമായി മനസ്സിലാകുന്നു. ബാങ്കിന്റെ പ്രാഥമിക ധർമങ്ങൾ താഴെ പറയുന്നു.

കുറിപ്പുകൾ

1. പൊതുജനങ്ങളിൽനിന്നും സമ്പാദ്യം സ്വീകരിക്കുക
2. വായ്പ നൽകുക

## ചില ബാങ്കുകളുടെ ലോഗോയുടെ ചിത്രങ്ങൾ

### 15.2.1. പൊതുജനങ്ങളിൽനിന്നും സമ്പാദ്യം സ്വീകരിക്കുക

വ്യക്തികൾ, ചെറുസമൂഹങ്ങൾ, ബിസ്സിനസ് സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പൊതുസമൂഹത്തിൽനിന്നും ബാങ്ക് പണരൂപത്തിൽ സമ്പാദ്യം സ്വീകരിക്കുന്നു. ആരെങ്കിലും ബാങ്കിൽ പണം നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആ നിക്ഷേപകന്റെ പേരിൽ ബാങ്ക് ഒരു അക്കൗണ്ട് തുടങ്ങും. ആ നിക്ഷേപകന് ഒരു അക്കൗണ്ട് നമ്പറും നൽകും. പിന്നീട് നിക്ഷേപകന് ഈ നമ്പർ ഉപയോഗിച്ച് ആവശ്യമുള്ളപ്പോഴെല്ലാം ആ അക്കൗണ്ടിൽ പണം നിക്ഷേപിക്കാം. നിക്ഷേപകൻ തന്റെ അക്കൗണ്ടിൽനിന്ന് പണം പിൻവലിക്കുമ്പോൾ ബാങ്ക് അത് അക്കൗണ്ട്തുകയിൽ കുറക്കും. അതോടൊപ്പംതന്നെ പൊതുജനങ്ങളിൽനിന്നുള്ള വിവിധതരം നിക്ഷേപങ്ങൾക്ക് ബാങ്ക് പലിശ നൽകുകയും ചെയ്യും.

ബാങ്ക് നിക്ഷേപകർക്ക് ചെക്കുബുക്ക് നൽകും. ചെക്ക് ഉപയോഗിച്ച് നിക്ഷേപകർക്ക് ബാങ്കിൽനിന്ന് പണം പിൻവലിക്കുകയും മറ്റ് ആർക്കെങ്കിലും നൽകുകയും ചെയ്യാം.

### 15.2.2. വായ്പ നൽകുക

ഭാവിയിൽ തിരിച്ചടക്കാൻ കഴിവുള്ളവർക്ക് ബാങ്ക് പണം വായ്പ നൽകും. എന്താണ് ഇത് അർത്ഥമാക്കുന്നത്? അതിന് ജനം എന്തിനാണ് വായ്പയെടുക്കുന്നത് എന്ന് നമ്മൾ അറിയണം. എന്തെങ്കിലും സാധനം വാങ്ങുവാനോ, ബിസിനസ്സ് ചെയ്യുവാനോ ആഗ്രഹിക്കുന്നവർക്ക് അപ്പോൾ പണം കൈവശം ഇല്ലാതെ വരുമ്പോൾ അവർ വായ്പ എടുക്കും. പക്ഷെ ഭാവിയിൽ അത് തിരിച്ചുകൊടുക്കുവാനുള്ള കഴിവുണ്ടാകണം. ടി.വി., ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, കാർ തുടങ്ങിയവ വിലയേറിയ വസ്തുക്കൾ ആണ്. അതുപോലെ ഒരു വീട് നിർമിക്കാനും വാങ്ങുവാനും ധാരാളം പണം ആവശ്യമാണ്. ഇതിനെല്ലാം ബാങ്ക് വായ്പ നൽകുന്നു. ഒരു ബിസിനസ്സ് തുടങ്ങുവാനും ബാങ്ക് വായ്പ നൽകും.

### 15.2.3 വിലയേറിയ വസ്തുക്കൾ സൂക്ഷിച്ചുവക്കുക

ബാങ്ക് ചെയ്യുന്ന മറ്റൊരു ധർമ്മവും കൂടിയുണ്ട്. ആഭരണങ്ങൾ, വസ്തുക്കളുടെ പ്രമാണരേഖകൾ തുടങ്ങി ജനങ്ങളുടെ വിലയേറിയ വസ്തുക്കൾ ബാങ്ക് സൂക്ഷിക്കുന്നു. ജനങ്ങൾ ബാങ്ക് നൽകുന്ന **ലോക്കർ സൗകര്യം** ഉപയോഗിച്ച് അവരുടെ വിലയേറിയ വസ്തുക്കൾ സൂക്ഷിക്കുന്നു.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 15.1

1. ഒരാൾക്ക് തന്റെ കൈവശമുള്ള അധികപണം നിക്ഷേപിക്കാനുള്ള സ്ഥാപനത്തിന്റെ പേര് പറയുക ?
2. ബാങ്ക് വായ്പ അനുവദിക്കുന്ന രണ്ട് ഉദ്ദേശങ്ങളുടെ പേര് പറയുക ?

**പ്രവൃത്തി 15.1**

നിങ്ങൾ മാതാപിതാക്കളോടൊപ്പം ഒരു ബാങ്ക് സന്ദർശിച്ച് ബാങ്ക് എന്താണ് എന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അന്വേഷിക്കുക?.

## 15.3 വായ്പയുടെ അർത്ഥം

പണം വായ്പയായി ലഭിക്കാനുള്ള അർഹതയാണ് ക്രഡിറ്റ്. ഒരു ബാങ്ക് വായ്പ കൊടുക്കുമ്പോൾ ബാങ്കിനെ വായ്പാദാതാവെന്നും വായ്പ വാങ്ങിയ വ്യക്തിയെ കടക്കാരൻ എന്നും വിളിക്കുന്നു. ബാങ്കുകൾ വായ്പ കൊടുക്കുമ്പോൾ ഭാവിയിൽ അത് ആ വ്യക്തിയിൽനിന്ന് തിരിച്ചുപിടിക്കാനുള്ള നടപടികളും കൂടി എടുക്കുന്നു. കടം വാങ്ങിയ ആളിന്റെ മേൽ ബാങ്കിന്റെ ഭാവിയിലുള്ള അവകാശമാണ് ഇത് അർത്ഥമാക്കുന്നത്. അതനുസരിച്ച് ബാങ്കിന് അതിന്റെ നിക്ഷേപം വിപുലമാക്കാം. ഇതിനെയാണ് ബാങ്കിന്റെ വായ്പ സൃഷ്ടിക്കൽ (Credit creation) എന്ന് പറയുന്നത്. അതുകൊണ്ട് കൊടുക്കൽ വാങ്ങലിലൂടെ വായ്പകൾ സൃഷ്ടിക്കുകയാണ് എന്ന് നമുക്ക് പറയാം.

## 15.4. വായ്പാസൃഷ്ടി എന്ന പ്രക്രിയ

ഇപ്പോൾ ഒരു ചോദ്യം ഉയരുന്നു, എങ്ങനെയാണ് ഒരു ബാങ്ക് വായ്പാ സൃഷ്ടിക്കുന്നത്? മറ്റു വാക്കുകളിൽ പറഞ്ഞാൽ എവിടെനിന്നാണ് മറ്റുള്ളവർക്ക് വായ്പ കൊടുക്കുവാനുള്ള പണം ബാങ്ക് ക്രമീകരിക്കുന്നത്? ബാങ്കിന് എത്ര വായ്പ സൃഷ്ടിക്കാൻ സാധിക്കും? ഇതിന്റെ ഉത്തരം താഴെ കൊടുക്കുന്നു.

ബാങ്ക് ജനങ്ങളിൽനിന്ന് പണം സ്വീകരിക്കുന്നത് സമ്പാദ്യമായിട്ടാണ്. സാധാരണയായി ജനങ്ങൾ ആവശ്യാനുസരണം പിൻവലിക്കാൻ ആഗ്രഹിക്കുമ്പോൾ ഈ സമ്പാദ്യം അവർക്ക് തിരിച്ചുനൽകേണ്ടതാണ്. അതുകൊണ്ട് ജനങ്ങൾ അവർ നിക്ഷേപിച്ച മുഴുവൻ തുകയും പിൻവലിച്ചാൽ ബാങ്കിൽ പണമൊന്നും ഉണ്ടാവുകയില്ല. എന്നാൽ സാധാരണനിലയിൽ അങ്ങനെ സംഭവിക്കാറില്ല.

ആരെങ്കിലും ബാങ്കിൽ പണം നിക്ഷേപിച്ചാൽ അയാൾ ഉടൻതന്നെ അത് പിൻവലിക്കാറില്ല എന്നാണ് പൊതുവായ അനുഭവത്തിൽനിന്ന് നമ്മൾ കാണുന്നത്. സാധാരണയായി ആളുകൾ അവർക്കാവശ്യമുള്ള ഒരു കുറഞ്ഞ തുകയാണ് അവരുടെ നിക്ഷേപത്തിൽനിന്ന് പിൻവലിക്കുന്നത്. ബാക്കി ബാങ്കിൽതന്നെ സൂക്ഷിക്കും. ഇതു സാധ്യമാക്കാൻ, ബാങ്കുകൾ അവരുടെ മൊത്തനിക്ഷേപത്തിന്റെ ഒരു വീതം, ജനങ്ങൾ പിൻവലിക്കാൻ വരുമ്പോൾ നൽകാനായി, രൂപയായി സൂക്ഷിക്കും. ഇത് ശതമാനരൂപത്തിലാണ് കണക്കാക്കുന്നത്. മൊത്തനിക്ഷേപത്തിന്റെ എത്ര ശതമാനം ഇതുപോലെ പണരൂപത്തിൽ സൂക്ഷിക്കണം?. അത് ഓരോ രാജ്യത്തിന്റെയും ബാങ്ക് അധികാരികളാണ് തീരുമാനിക്കുന്നത്. മൊത്ത നിക്ഷേപത്തിന്റെ ഈ വീതത്തെ പണശേഖരനിരക്ക് (Cash Reserve Ratio) എന്നു പറയുന്നു. ബാങ്ക് ഒരിക്കൽ ഈ തുക തീരുമാനിച്ചുകഴിഞ്ഞാൽ അത് മൊത്തനിക്ഷേപത്തിൽനിന്ന് കുറച്ച് ബാക്കിയുള്ള തുക വായ്പ ആവശ്യമുള്ളവന് നൽകാൻ ഉപയോഗിക്കുന്നു. ബാങ്കിന്റെ ഈ പ്രവർത്തിയിലൂടെ വായ്പാസൃഷ്ടി എന്ന പ്രക്രിയ തുടങ്ങുന്നു. വായ്പാസൃഷ്ടിയുടെ പ്രക്രിയയുടെ വിവിധഘട്ടങ്ങൾ ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം.

### 15.4.1 വായ്പാസൃഷ്ടിയുടെ പടികൾ

കാര്യങ്ങൾ ലഘുവായി മനസ്സിലാക്കാനായി സാമ്പത്തികവ്യവസ്ഥിതിയിൽ ഒരു ബാങ്ക് മാത്രമാണ് ഉള്ളതെന്ന് സങ്കൽപിക്കുക. ബാങ്ക് അധികാരികൾ പണശേഖരനിരക്ക് 20 % (ക്യാഷ് റിസർവ് റേഷ്യോ) എന്ന് നിജപ്പെടുത്തിയെന്നും കരുതുക. അതുകൊണ്ട് ബാങ്ക് പണം പിൻവലിക്കാൻ വരുന്നവർക്ക് നൽകാനായി അതിന്റെ നിക്ഷേപത്തിന്റെ 20 % പണരൂപത്തിൽ സൂക്ഷിക്കണം.

**പടി 1.** A എന്ന വ്യക്തി 100 രൂപ ബാങ്കിൽ നിക്ഷേപിക്കുന്നു. അതിന്റെ ഫലമായി ബാങ്കിലെ സമ്പാദ്യം 100 രൂപ കൂടി വർദ്ധിക്കുന്നു. നിയമാനുസരണം 100 ന്റെ 20 % രൂപയായി ബാങ്ക് സൂക്ഷിക്കുന്നു. അത് 20 രൂപയാണ്. അതുകൊണ്ട് ബാങ്ക് 20 രൂപാ സൂക്ഷിക്കുന്നു. 100 ൽനിന്ന് 20 രൂപാ കുറക്കുക 100–20 = 80 അതുകൊണ്ട് ബാങ്ക് 80 രൂപാ വായ്പാ നൽകാൻ ഉപയോഗിക്കുന്നു.

**പടി 2.** B എന്ന വ്യക്തി 80 രൂപാ ബാങ്കിൽനിന്ന് വായ്പ എടുക്കുന്നു. ഈ വായ്പ നൽകി കഴിയുമ്പോൾ ഭാവിയിൽ ബാങ്കിന് ആ വ്യക്തിയിൽനിന്ന് ഈ തുക അവകാശപ്പെടാം. അതായത് B ക്ക് വായ്പ കൊടുക്കുന്നതിലൂടെ ബാങ്കിന് 80 രൂപായുടെ മറ്റൊരു സമ്പാദ്യംകൂടി സൃഷ്ടിക്കാം. ഇനി ബാങ്കിന്റെ മൊത്തസമ്പാദ്യം കണക്ക് കൂട്ടുക. ആദ്യം A എന്ന വ്യക്തി 100 രൂപാ നിക്ഷേപിച്ചു. B ക്ക് വായ്പ നൽകുന്നതിലൂടെ ബാങ്കിന് 80 രൂപയുടെ അവകാശവുമുണ്ടായി. അങ്ങനെ ഈ രണ്ടുപടികളിലൂടെ ബാങ്കിന് 180 രൂപയുടെ ആകെ സമ്പാദ്യമായി. 100 + 80 = 180

**പടി 3.** C എന്ന മറ്റൊരു വ്യക്തി ബാങ്കിൽനിന്ന് വായ്പ എടുക്കാൻ ആഗ്രഹിക്കുന്നു എന്നു കരുതുക. ബാങ്കിന് C ക്ക് എത്ര രൂപാ വായ്പ നൽകുവാൻ സാധിക്കും. B യിൽ നിന്ന് അവകാശപ്പെട്ടുകൊണ്ട് ബാങ്കിന് അതിന്റെ നിക്ഷേപം 80 രൂപ വർദ്ധിപ്പിക്കാൻ സാധിച്ചു എന്ന് കഴിഞ്ഞ പടിയിൽ നമ്മൾ കണ്ടു. നിയമപ്രകാരം ബാങ്ക് ആർക്കെങ്കിലും വായ്പ കൊടുക്കുന്നതിന് മുമ്പ് 80 ന്റെ 20 % സൂക്ഷിച്ചുവക്കണം. 80 x 20 % = 16. അതുകൊണ്ട് ബാങ്ക് 16 രൂപാ മാറ്റിവച്ച് ബാക്കി 64 രൂപാ വായ്പ നൽകും. 80–16 = 64. ബാങ്കിന് 64 രൂപാ C ക്ക് വായ്പാ നൽകാം. ഇപ്രകാരം 64 രൂപാ മൂന്നാമത്തെ പടിയിലൂടെ C യിലുള്ള അവകാശത്തിന്മേൽ 64രൂപാ വായ്പാസൃഷ്ടി നടത്തുന്നു. അങ്ങനെ മൂന്നാമത്തെ പടിയിലൂടെ ബാങ്കിന്റെ മൊത്തം സമ്പാദ്യമെന്നത് 180 + 64 = 244 അഥവാ 100 + 80 + 64 = 244

ഈ ശൃംഖല കുറച്ചുകാലത്തേക്ക് തുടരുന്നു. എപ്പോഴാണ് ഇത് അവസാനിക്കുക? ഓരോ തവണയും ബാങ്ക് നിക്ഷേപത്തിന്റെ 20 % വച്ച് സമ്പാദ്യം വർദ്ധിക്കുന്നു. ആദ്യപടിയിൽ 100 രൂപാ സമ്പാദ്യവർദ്ധനവോടെയാണ് ബാങ്ക് ആരംഭിച്ചതെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് 20 ശതമാനം സമ്പാദ്യവളർച്ച ഓരോ തവണയായി കൂടി 100ൽ എത്തുന്നതുവരെയും വായ്പാസൃഷ്ടി തുടരുന്നു. എന്തിന്റെ 20 % മാണ് 100. 500 ന്റെ 20 % മാണ് 100. ഈ ഉദാഹരണത്തിൽ ആദ്യ വർദ്ധനവായ 100 രൂപായുടെ സമ്പാദ്യവളർച്ചയും ക്യാഷ് റിസർവ് റേഷ്യോ 20 % വും, വായ്പാസൃഷ്ടി 500 രൂപായുമാവുന്നു. ഇത് മൂന്നും തമ്മിൽ ഒരു ബന്ധമുണ്ട്. 20 % = 20/100 = 1/5 എന്ന് നിങ്ങൾക്ക് അറിയാം.

ഇവിടെ, 500 = 100 x 1/20% = 100x 1/5 = 100x 5

ഇതനുസരിച്ച് വായ്പാസൃഷ്ടിയുടെ ഫോർമുല ഇതാണ്.

മൊത്തവായ്പാ = പ്രാരംഭനിക്ഷേപവളർച്ച x ക്യാഷ് റിസർവ് റേഷ്യോ

500 = 100 x 1/20%

മറ്റൊരു പ്രധാനകാര്യം കൂടി ഓർത്തിരിക്കാം. ബാങ്ക് സമ്പാദ്യത്തിന്റെ 20 % ക്യാഷ് ആയും ബാക്കി വായ്പയായും വിവിധ പടികളിലൂടെ 500 രൂപാ ആകുന്നത് താഴെകൊടുത്തിരിക്കുന്നതുപോലെ വിഭജിക്കാം.

ക്യാഷ് റിസർവ് = 500 ന്റെ 20 % = 100 രൂപാ

വായ്പാതുക = 500 - 100 = 400 രൂപാ

വായ്പാസൃഷ്ടിയുടെ വിവിധ പടവുകൾ താഴെപറയുന്ന രീതിയിൽ അവതരിപ്പിച്ച് വിശദമാക്കാം.

| പടികൾ | സമ്പാദ്യവർദ്ധനവ് | ക്യാഷ് റിസർവ് | വായ്പാ |
|---|---|---|---|
| 1 | 100 | 20 | 80 |
| 2 | 80 | 16 | 64 |
| 3 | 64 | 12.8 | 51.2 |
| 4 | 51.2 | 10.24 | 40.96 |
| 5 | 40.96 | 8.19 | 32.77 |
| ----- | ----- | ----- | ----- |
| ------ | ------ | ------ | ------ |
| **ആകെ** | **500** | **100** | **400** |

വായ്പാസൃഷ്ടി എന്ന പ്രക്രിയയിലൂടെ രണ്ടുതരം സമ്പാദ്യങ്ങൾ രേഖപ്പെടുത്തുന്നു എന്ന് ഓർക്കുക. ആദ്യത്തെതിനെ പ്രാഥമിക സമ്പാദ്യം എന്ന് വിളിക്കുന്നു. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പുതിയ നിക്ഷേപത്തിന്റെ പ്രാഥമികവളർച്ചയാണ് പ്രാഥമിക സമ്പാദ്യം. ഉദാഹരണത്തിൽ ബാങ്ക് ഡപ്പോസിറ്റ് ഒരു വ്യക്തി ആദ്യമായി നിക്ഷേപിച്ച 100 രൂപയാണ്. രണ്ടാമത്തെ തരം സമ്പാദ്യത്തെ ദ്വിതീയ സമ്പാദ്യം എന്ന് വിളിക്കുന്നു. ബാങ്കുകൾ ഓരോ തവണയും സൃഷ്ടിച്ച സമ്പാദ്യത്തെയാണ് ദ്വിതീയ സമ്പാദ്യം എന്ന് വിളിക്കുന്നത്. സെക്കന്ററി ഡപ്പോസിറ്റിലുള്ള വളർച്ചയിലൂടെയാണ് വായ്പാസൃഷ്ടി സാധ്യമാവുന്നത്.

### 15.4.2. ബാങ്കുകളുടെ വായ്പാസൃഷ്ടിപരിധി എന്താണ്?

വായ്പാസൃഷ്ടിക്കുവാനുള്ള ബാങ്കുകളുടെ കഴിവ് 'ക്യാഷ് റിസർവ് റേഷ്യോ'യെ ആശ്രയിച്ചാണിരിക്കുന്നത്. ക്യാഷ് റിസർവ് റേഷ്യോ ഉയർന്നതാണെങ്കിൽ കൂടുതൽ പണം ബാങ്കുകൾ സൂക്ഷിക്കണം. അപ്പോൾ കുറച്ച് പണമേ വായ്പ നൽകുവാൻ ഉണ്ടാവുകയുള്ളൂ. ക്യാഷ് റിസർവ് റേഷ്യോ കുറവാണെങ്കിൽ കൂടുതൽ വായ്പ സൃഷ്ടിക്കാൻ സാധിക്കും. മുൻ ഉദാഹരണത്തിൽ ക്യാഷ് റിസർവ് റേഷ്യോ 20 % മായതുകൊണ്ടും സമ്പാദ്യത്തിന്റെ പ്രാഥമികവർദ്ധനവ് 100 രൂപയായതുകൊണ്ടുമാണ് വായ്പ 500 രൂപയായത്. ക്യാഷ് റിസർവ് റേഷ്യോ 10 % മായി കുറഞ്ഞാൽ വായ്പ 1000 രുപയായി വർദ്ധിക്കും.

100 x 1/10% = 100 x 10 = 1000 രൂപ.

MODULE - 5

പണം, ബാങ്കിംഗ്, ഇൻഷുറൻസ്

കുറിപ്പുകൾ

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 15.2

1. ഒരു ബാങ്ക് 200 രൂപാ സമ്പാദ്യം സ്വീകരിച്ചു 180 രൂപാ ലോൺ നൽകി. എങ്കിൽ ക്യാഷ് റിസർവ് റേഷ്യോ എത്രയാണ്?

2. മുൻചോദ്യത്തിൽനിന്ന് താഴെ കൊടുത്തിരിക്കുന്ന തുക കണ്ടുപിടിക്കുക?

(a) പ്രാഥമികസമ്പാദ്യം

(b) ദ്വിതീയസമ്പാദ്യം

(c) ആകെ സമ്പാദ്യം

3. വായ്പയെ നിർവചിക്കുക?

## 15.5 ഭാരതത്തിലെ വിവിധതരം ബാങ്കുകൾ

ഭാരതത്തിൽ താഴെ പറയുന്ന ബാങ്കുകൾ ഉണ്ട്.

1. നമ്മുടെ കേന്ദ്രബാങ്കായ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (RBI)
2. വാണിജ്യബാങ്കുകൾ (Commercial Banks)
3. സഹകരണബാങ്കുകൾ (Co-operative Banks)
4. വികസനബാങ്കുകൾ (Development Banks)

ഓരോന്നും ലഘുവായി വിശദീകരിക്കാം.

### 15.5.1. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (RBI)

നമ്മുടെ രാജ്യത്തെ ബാങ്കുകളുടെ നേതൃബാങ്കാണ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (RBI). മറ്റു ബാങ്കുകളായ വാണിജ്യബാങ്കുകൾ,സഹകരണബാങ്കുകൾ, വികസനബാങ്കുകൾ മുതലായവ RBI യുടെ നടപടിക്രമങ്ങളാണ് അനുവർത്തിക്കുന്നത് എന്നാണ് ഇതിന്റെ അർത്ഥം. ഇതിന്റെ ആസ്ഥാനം മുംബയ് ആണ്. RBI യുടെ പ്രധാന ഉത്തരവാദിത്വം നോട്ട് അടിച്ചിറക്കലാണ്. 2,5,10, 50,100,500,1000 തുടങ്ങിയ വിവിധങ്ങളായ പേപ്പർ കറൻസികൾ RBI ആണ് ഇറക്കുന്നത്. ഈ നോട്ടിലെല്ലാം RBI ഗവർണരുടെ ഒപ്പ് നിങ്ങൾക്ക് കാണുവാൻ സാധിക്കും. സർക്കാർ അംഗീകരിച്ചതും സാധനങ്ങളും സേവനങ്ങളും മേടിക്കാൻ ഉപയോഗിക്കുന്നതും RBI ഗവർണറുടെ ഒപ്പ് ഉള്ളവയാണ് നോട്ടുകൾ. ഒരു രൂപയുടെ നോട്ടും നാണയവും, ഒരു രൂപയിൽ കുറഞ്ഞ നാണയങ്ങളും ഭാരതസർക്കാരിന്റെ സാമ്പത്തിക മന്ത്രാലയം ആണ് ഇറക്കുന്നത്.



RBI യുടെ മറ്റൊരു ദൗത്യം അത് സർക്കാരിന്റെ ബാങ്ക് ആയി പ്രവർത്തിക്കുന്നു എന്നതാണ്. ഭാരതത്തിൽ കേന്ദ്ര,സംസ്ഥാനസർക്കാരുകൾ RBI ൽനിന്ന് വായ്പ എടുക്കുകയും RBI ൽ പണം നിക്ഷേപിക്കുകയും ചെയ്യുന്നു.

### 15.5.2. വാണിജ്യബാങ്കുകൾ

വായ്പാസൃഷ്ടിയെക്കുറിച്ച് നമ്മൾ ഇപ്പോൾ പ്രതിപാദിച്ചതേയുള്ളു. അവിടെ നമ്മൾ പരാമർശിച്ച ബാങ്ക് യഥാർഥത്തിൽ വാണിജ്യബാങ്കുകൾ ആണ്. നമ്മൾ മുമ്പ് ചിന്തിച്ച ബാങ്കിന്റെ ധർമങ്ങൾ വാണിജ്യബാങ്കുകളുടെ ധർമങ്ങളാണ്.

പൊതുമേഖലയിൽ ചില വാണിജ്യബാങ്കുകൾ ഉണ്ട്. ഉദാഹരണം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ(SBI),പഞ്ചാബ് നാഷനൽ ബാങ്ക് (PNB), ബാങ്ക് ഓഫ് ഇൻഡ്യ (BOI), ഇൻഡ്യൻ ബാങ്ക്, കാനറബാങ്ക്, ബാങ്ക് ഓഫ് ബറോഡ (BOB)മുതലായവ.

സ്വകാര്യമേഖലയിലും ചില വാണിജ്യബാങ്കുകൾ ഉണ്ട്. ഉദാ. ICICI ബാങ്ക്, യെസ് ബാങ്ക്, HDFC ബാങ്ക് മുതലായവ സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്.

വായ്പകളിന്മേൽ പലിശ ഈടാക്കിയും, പണത്തിന്റെ കൈമാറ്റം ചെയ്യൽ, ഡ്രാഫ്റ്റ് നൽകൽ തുടങ്ങിയ സേവനങ്ങളിലൂടെ ഫീസ് ഈടാക്കിയും ലാഭം നേടുക എന്നതാണ് വാണിജ്യബാങ്കുകളുടെ ലക്ഷ്യം.

### 15.5.3 സഹകരണബാങ്കുകൾ

ഭാരതത്തിൽ സഹകരണസംഘങ്ങളാൽ നടത്തപ്പെടുന്ന ധാരാളം ബാങ്കുകൾ ഉണ്ട്. അവ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളുടെ നിയമങ്ങളാണ് അവയെ ഭരിക്കുന്നത്. അത്തരം ബാങ്കുകൾ രണ്ടുതരമുണ്ട്. കാർഷികവും (ഗ്രാമീണം) കാർഷികേതരവും (നഗരം).

ഗ്രാമപ്രദേശങ്ങളിൽ സഹകരണബാങ്കുകൾ കൃഷി, കന്നുകാലി വളർത്തൽ മൽസ്യ വളർത്തൽ മുതലായവയ്ക്ക് വായ്പകൾ പ്രദാനം ചെയ്യുന്നു. നഗരപ്രദേശങ്ങളിൽ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ,ചെറുകിടവ്യവസായം, ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയ ദീർഘകാലം നിലനിൽക്കുന്ന വസ്തുക്കൾ വാങ്ങൽ, വ്യക്തിപരമായ സാമ്പത്തികആവശ്യങ്ങൾ എന്നിവക്ക് വായ്പ നൽകുന്നു. സംസ്ഥാനസഹകരണബാങ്കുകൾ, പ്രൈമറികാർഷികവായ്പാസംഘങ്ങൾ,അർബൻസഹകരണ ബാങ്കുൾ, ഭൂവികസനബാങ്കുകൾ, ജില്ലാ, കേന്ദ്രസഹകരണബാങ്കുകൾ, എന്നിവ സഹകരണബാങ്കുകൾക്ക് ഉദാഹരണമാണ്. വിവിധസംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും ഈ ബാങ്കുകൾ വ്യത്യസ്ഥപേരുകളിൽ അറിയപ്പെടുന്നു.

### 15.5.4 വികസനബാങ്കുകൾ

ഒരു രാജ്യത്തിന്റെ സാമ്പത്തികവികസനത്തിനായി വ്യവസായങ്ങളിലും, അടിസ്ഥാനസൗകര്യങ്ങളിലും പണം നിക്ഷേപിക്കേണ്ടത് ആവശ്യമാണ്. അത്തരം കാര്യങ്ങൾ സാധ്യമാക്കാൻ വികസനബാങ്കുകൾ ഭാരതത്തിൽ ആവശ്യമാണ്. വ്യവസായങ്ങൾ തുടങ്ങുവാനും അടിസ്ഥാനസൗകര്യങ്ങൾ നിർമിക്കാനും ആഗ്രഹിക്കുന്ന പൊതുമേഖലായൂണിറ്റുകൾക്കും സ്വകാര്യമേഖലബിസിനസ്സ് കമ്പനികൾക്കും ദീർഘകാലത്തേക്ക് ഈ ബാങ്കുകൾ വായ്പ നൽകുന്നു. ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ കോർപറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഫിനാൻസ് കോർപറേഷനുകൾ എന്നിവ വികസനബാങ്കുകൾക്ക് ഉദാഹരണങ്ങളാണ്.

1. വാണിജ്യബാങ്ക്, സഹകരണബാങ്ക്, വികസനബാങ്ക് എന്നിവക്ക് ഉദാഹരണം പറയുക?
2. ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് നഗരഗ്രാമീണമേഖലയിൽ സഹകരണ ബാങ്കുകൾ വായ്പകൾ നൽകുന്നത്? ഓരോന്നിനും രണ്ട് ഉദാഹരണങ്ങൾ പറയുക?
3. ഭാരതത്തിലെ ബാങ്കുകളുടെ ആസ്ഥാനം ഏത്?

- പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിച്ച്, അവർക്ക് വായ്പ നൽകുന്ന സ്ഥാപനമാണ് ബാങ്ക്.
- വായ്പദാതാവ് എന്ന നിലയിൽ വായ്പാസൃഷ്ടി നടത്തി ബാങ്കുകൾക്ക് നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയും. കടക്കാരിൽനിന്ന് ഈടാക്കാൻ പറ്റുന്ന അവകാശമാണ് വായ്പ.
- ഭാരതത്തിൽ ബാങ്ക് വ്യവസ്ഥയുടെ ആസ്ഥാനം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആണ്.
- റിസർവ് ബാങ്കിനുപുറമേ, വാണിജ്യബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയാണ് നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന വിവിധതരം ബാങ്കുകൾ.

1. ബാങ്കുകളുടെ രണ്ടു പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുക?
2. എന്താണ് വായ്പ? ബാങ്കുകൾ എങ്ങനെയാണ് വായ്പ സൃഷ്ടിക്കുന്നത്?
3. ഭാരതത്തിലെ വിവിധതരം ബാങ്കുകൾ ഏതെല്ലാം?
4. താഴെ പറയുന്നവയെക്കുറിച്ച് ലഘുവിവരണം എഴുതുക?

(a) റിസർവ് ബാങ്ക്

(b) സഹകരണബാങ്ക്

(c) വാണിജ്യബാങ്ക്

**പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ15.2**

1. 10 ശതമാനം.
2. (a) 200 രൂപ (b)180 രൂപ (c) 80 രൂപ
3. മൂല്യം ഇപ്പോൾതന്നെയോ പിന്നീടോ കൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന ഒരു ഉഭയകക്ഷി കരാർ ആണ്.

**പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ15.3**

3. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

# 16
# സമ്പാദ്യവും ഇൻഷുറൻസും

ഉൽപാദനത്തിനും ഉപഭോഗത്തിനും പുറമെ സമ്പാദ്യവും ഒരു വലിയ സാമ്പത്തികപ്രവർത്തനമാണ്. നമ്മുടെ വർത്തമാനകാലവും ഭാവിജീവിതവും ശരിയായ വിധത്തിൽ ജീവിക്കണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. പക്ഷെ ഇന്നത്തെ ഉൽപാദനവസ്തുക്കളെല്ലാംതന്നെ നമ്മൾ ഇന്നുതന്നെ ഉപയോഗിച്ചാൽ നാളത്തെ പ്രവർത്തനങ്ങൾ തുടരാൻ ഒന്നും തന്നെ അവശേഷിക്കുകയില്ല. അതുകൊണ്ട് ഇന്നത്തെ ഉൽപാദനത്തിൽ നിന്ന് കുറച്ചുമാത്രം ഇന്ന് ഉപയോഗിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഭാവി അനശ്ചിതത്വവും പ്രവചനാതീതവുമാണെന്ന് നമുക്ക് അറിയാം. നമ്മുടെ ആരോഗ്യം, ജീവൻ, സ്വത്തുവകകൾ ഇവക്കൊക്കെ എന്തൊക്കെ സംഭവിക്കുമെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. ഉൽപാദനവും ഉപഭോഗപ്രവർത്തികളും ഭാവിയിലും സുഗമമായി തുടർന്നുകൊണ്ടുപോകുവാൻ ഇവയെല്ലാം ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഈ ഒരു സാഹചര്യത്തിലാണ് ജീവൻ, ആരോഗ്യം, സ്വത്തുവകകൾ എന്നിവ സംരംക്ഷിക്കാൻ ഇൻഷുറൻസ് ആവശ്യമായി വരുന്നത്.

## ലക്ഷ്യങ്ങൾ

ഈ പാഠഭാഗം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്

- *സമ്പാദ്യത്തിന്റെ അർത്ഥവും ആവശ്യകതയും മനസ്സിലാക്കാൻ*
- *സമ്പാദ്യത്തിന്റെ ഉപയോഗം വിശദമാക്കാൻ*
- *പലിശ എന്ന ആശയം മനസ്സിലാക്കാൻ*
- *ഇൻഷുറൻസിന്റെ അർത്ഥവും ആവശ്യകതയും അറിയാൻ*
- *ലൈഫ് ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്, ഓട്ടോമൊബൈൽ ഇൻഷുറൻസ് എന്നിവ നിങ്ങൾക്ക് സുപരിചിതമാകാൻ*

## 16.1 സമ്പാദ്യത്തിന്റെ അർത്ഥം

ജനങ്ങൾ യഥാർത്ഥത്തിൽ പണം സമ്പാദിക്കുന്നത് അവരുടെ വർത്തമാന, ഭാവി ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ്. ഇന്നുതന്നെ അവരുടെ മുഴുവൻ വരുമാനവും അവർ ചിലവഴിക്കുകയാണെങ്കിൽ ഭാവിയിലേക്ക് ഒന്നും അവ

ശേഷിക്കുകയില്ല, അവർക്ക് നാളത്തെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിയുകയുമില്ല. എന്നാൽ സമ്പാദ്യമുണ്ടങ്കിൽ അത് ഭാവിയിലേക്ക് ഉപകരിക്കും. സാധനങ്ങൾ, സേവനങ്ങൾ, മറ്റുവസ്തുക്കൾ എന്നിവയുടെ ഇന്നത്തെ ആവശ്യം സാധിച്ചതിനുശേഷം ഭാവിയിലേക്ക് നീക്കിവക്കുന്ന തുകയെ സമ്പാദ്യമെന്നു വിളിക്കുന്നു. അതായത് സമ്പാദ്യമെന്നത് വരുമാനത്തിൽനിന്ന് ഉപഭോഗം മാറ്റിയാൽ ലഭിക്കുന്ന അധികവരുമാനമാണ്.

സമ്പാദ്യം = വരുമാനം - ഉപഭോഗം

താഴെ കൊടുത്തിരിക്കുന്ന പട്ടിക 16.1 പഠിക്കുക. ഈ പട്ടിക **X** എന്ന വ്യക്തിയുടെ ഒരു വർഷത്തിലെ വിവിധ മാസങ്ങളിലുള്ള വരുമാനവും ചിലവുമാണ് ഏപ്രിൽ മുതൽ മാർച്ച് വരെയുള്ളത് കാണുക. കാരണം ഭാരതത്തിൽ സാമ്പത്തിക കണക്കുകൾ എടുക്കുന്നത് ഏപ്രിൽ മുതൽ മാർച്ച് വരെയാണ്

**പട്ടിക 16.1 X എന്ന വ്യക്തിയുടെ ഒരു വർഷത്തിലെ വിവിധമാസങ്ങളിലുള്ള വരുമാനവും ചിലവും.**

| മാസം | വരുമാനം(രൂപ) | ചിലവ്(രൂപ) | സമ്പാദ്യം(രൂപ) |
|---|---|---|---|
| ഏപ്രിൽ | 15,500 | 14,300 | 1200 |
| മെയ് | 15,500 | 15,000 | 500 |
| ജൂൺ | 15,500 | 15,500 | 0 |
| ജൂലൈ | 15,500 | 15,500 | 0 |
| ആഗസ്റ്റ് | 15,500 | 15,500 | 0 |
| സെപ്തംബർ | 15,500 | 15,000 | 500 |
| ഒക്ടോബർ | 15,500 | 14,500 | 1500 |
| നവംബർ | 15,500 | 15,500 | 0 |
| ഡിസംബർ | 15,500 | 15,000 | 500 |
| ജനുവരി | 15,500 | 15,300 | 200 |
| ഫെബ്രുവരി | 15,500 | 15,400 | 100 |
| മാർച്ച് | 15,500 | 15,000 | 500 |
| **ആകെ** | **1,86,000** | **1,81,000** | **5,000** |

കഴിഞ്ഞ വർഷത്തെ ശ്രീ. **'X'** ന്റെ ആകെ വരുമാനം 18600 രൂപയായിരുന്നു. അയാളുടെ ആകെ ചിലവ് 1.81000 രൂപയായിരുന്നു. അതുകൊണ്ട് കഴിഞ്ഞ വർഷത്തെ അയാളുടെ സമ്പാദ്യം 5000 രുപയാണ്. അതായത്

1,86000–1,81000 = 5000 രൂപ.

സമ്പാദ്യം കണക്കാക്കാൻ ഒന്നോ രണ്ടോ മാസമല്ല ഒരു സാമ്പത്തികവർഷം മുഴുവനുമുള്ള കണക്ക് നമ്മൾ പരിഗണിച്ചു. കാരണം ചില ചിലവുകൾ വർഷാവസാനമാണ് എല്ലാ മാസത്തിലുമുണ്ടാകണമെന്നില്ല. ഉദാഹരണത്തിന് നിത്യോപയോഗവസ്തുക്കളായ ഭക്ഷണം തുടങ്ങിയവക്ക് നമ്മൾ തുടർച്ചയായി പണം ചെലവാക്കും. എന്നാൽ ഫീസ്, സർക്കാരിലേക്ക് അടക്കേണ്ട നികുതികൾ എന്നിവ വാർഷികാടിസ്ഥാനത്തിലാണ് കണക്ക് കൂട്ടുന്നത്. അതുകൊണ്ട് സമ്പാദ്യം കണക്കുകൂട്ടുവാൻ ഒരു വർഷത്തെ മുഴുവൻ വരവ് ചിലവ് കണക്കുകൾ എടുക്കുന്നതാണ് അഭികാമ്യമായിട്ടുള്ളത്.

## 16.2 സമ്പാദ്യം എപ്രകാരം ഉപയോഗപ്രദമാണ്?

സമ്പാദ്യം താഴെപറയുന്ന രീതിയിൽ ഉപകാരപ്രദമാക്കാം.

(i) മുൻ ഉദാഹരണത്തിൽനിന്ന് തന്നെ തുടങ്ങാം. ശ്രീ X കഴിഞ്ഞ വർഷം 5000 രൂപ സമ്പാദിച്ചു. ഈ വർഷത്തിന്റെ ആരംഭത്തിൽ 5000 രൂപാ അധികമായിട്ടാണ് അദ്ദേഹം തുടങ്ങിയത് എന്നാണ് ഇതിൽനിന്നും നമ്മൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് അയാളുടെ ഈ വർഷത്തെ വരുമാനവും ചിലവും മാറാതിരിക്കുമെങ്കിൽ വരുമാനം കുറഞ്ഞത് 5000 രൂപ വർദ്ധിക്കും. സമ്പാദ്യം ഒരു വ്യക്തിയുടെ ഭാവിവരുമാനം വർദ്ധിപ്പിക്കുമെന്ന് ഇതിൽനിന്ന് അർത്ഥമാക്കാം.

(ii) സമ്പാദ്യം ഭാവിയിലേക്കുള്ള സുരക്ഷിതത്വമായി പ്രവർത്തിക്കുന്നു. എപ്രകാരം? ശ്രീ Xന് ഈ വർഷത്തിന്റെ തുടക്കത്തിൽ അസുഖം പിടിപെട്ടു എന്നു കരുതുക. അയാൾക്ക് ഒരാഴ്ചത്തേക്ക് ജോലിചെയ്യുവാൻ സാധിച്ചില്ല. ആ ഒരാഴ്ച അയാൾ എങ്ങനെ ജീവിക്കും?. അയാൾ ആകുലപ്പെടേണ്ടതില്ല. അസുഖം ഭേദമാകുന്നതുവരെയും പിന്നീട് ജോലിക്ക് പോയി പണമുണ്ടാകുന്നതുവരെയും അയാൾക്ക് കഴിഞ്ഞ വർഷത്തെ സമ്പാദ്യം ഉപയോഗിക്കാം.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 16.1

1. എന്താണ് സമ്പാദ്യം?
2. വരുമാനം 1000 രൂപയും സമ്പാദ്യം 200 രൂപയുമാണെങ്കിൽ ഉപഭോഗത്തിന്റെ തുക എത്ര?

## 16.3 സമ്പാദ്യം എവിടെ സൂക്ഷിക്കും

വീടുകളിൽ 50 പൈസ,1 രൂപാ 2 രൂപാ തുടങ്ങിയ നാണയങ്ങളും ചെറിയ കറൻസികളും സൂക്ഷിക്കുക എന്നത് പൊതുവെ കാണുന്ന രീതിയാണ്. ഇങ്ങനെയുള്ള ചെറുസമ്പാദ്യങ്ങളിൽ വീട്ടിലെ എല്ലാ അംഗങ്ങളും സന്തോഷം കണ്ടെത്തുന്നു. ഒരു മാസമോ അനേകം മാസങ്ങൾക്കുശേഷമോ സമ്പാദ്യപെട്ടി തുറക്കുമ്പോൾ എന്തെങ്കിലും പുതിയ കാര്യം വാങ്ങുവാൻ തക്കവിധം നല്ല ഒരു തുക ഉണ്ടായതായി ആ കുടുംബം കണ്ടെത്തുന്നു. ഇതുപോലുള്ള സമ്പാദ്യപെട്ടി നമ്മുടെ കുടുംബങ്ങളിലെ ഒരു പാരമ്പര്യമാണ്.

ഒരു കുടുംബസമ്പാദ്യപെട്ടി എന്നത് സമ്പാദ്യത്തിന്റെ ഒരു അനൗപചാരരീതിയാണ്. വലിയ തുക സമ്പാദിക്കുവാൻ ഈ രീതിക്ക് സാധ്യമല്ല. മോഷണത്തിന്റെ ഭീഷണിക്കുമുമ്പിൽ ഈ രീതി സുരക്ഷിതമല്ല. പെട്ടിയിൽ സൂക്ഷിക്കുന്ന പണം പെട്ടി തുറക്കുന്നതുവരെ ഉപയോഗശൂന്യമായി കിടക്കും. ഇത് ഒരു സ്വകാര്യഇടപാടായതുകൊണ്ട്, ആ നിശ്ചിതകുടുംബത്തിനല്ലാതെ മറ്റൊരാൾക്കും അത് ഉപയോഗിക്കാൻ സാധ്യമല്ല. ഈ രീതിയിലുള്ള സമ്പാദ്യത്തിന് പ്രതിഫലം ഒന്നും ലഭിക്കുകയുമില്ല.

പണം സൂക്ഷിക്കാൻ ഒരു സുരക്ഷിതസ്ഥലം ആവശ്യമാണ് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. അത് ഉപയോഗത്തിന് ആവശ്യമുള്ളതായിരിക്കണം. അത് ഉപയോഗരഹിതമായിരിക്കരുത്. നിങ്ങൾക്ക് 5000 രൂപാ സമ്പാദ്യമുണ്ടെന്ന് കരുതുക. നിങ്ങൾ അധികനാൾ അത് ഉപയോഗിക്കാതിരുന്നാൽ അത് ഉപയോഗരഹിതമായ

തടിക്കഷണം പോലെയാണ്. നിങ്ങൾ അത് ഉപയോഗിക്കുന്നുമില്ല, മറ്റുള്ളവരെ ഉപയോഗിക്കാൻ അനുവദിക്കുന്നമില്ല. ഈ വസ്തുത കണക്കിലെടുത്ത് പണം നിക്ഷേപിക്കാൻ സമൂഹം വിവിധ സ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. അതാണ് പോസ്റ്റ് ഓഫീസുകളും വാണിജ്യബാങ്കുകളും.

### 16.3.1 പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക്

ഏതൊരു വ്യക്തിക്കും തന്റെ ചിലവഴിക്കാത്ത പണം പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കാം. ഏതാണ്ട് എല്ലാ പ്രദേശത്തും ഒരു പോസ്റ്റ് ഓഫീസ് ഉണ്ട്. ആർക്കും അത് കൈയെത്തും ദൂരത്ത് ഉണ്ട്. കുറഞ്ഞത് 50 രൂപയുപയോഗിച്ച് രാജ്യത്തെ ഏതൊരു പൗരനും പോസ്റ്റ് ഓഫീസിൽ അവരുടെ പേരിൽ അക്കൗണ്ട് തുറക്കാം. കുറഞ്ഞത് 50 രൂപയെങ്കിലും അക്കൗണ്ടിൽ നിലനിർത്തിക്കൊണ്ട്തന്നെ ഏതൊരു വ്യക്തിക്കും എത്ര തുകയും അതിൽനിന്ന് എപ്പോൾ വേണമെങ്കിലും പിൻവലിക്കാൻ സാധിക്കും. അക്കൗണ്ട് ഉടമക്ക് പണവിനിമയത്തിന്റെ രേഖകൾ സൂക്ഷിക്കാൻ പാസ്സ് ബുക്ക് നൽകുന്നു. പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങൾക്ക് ചെറിയ പലിശയും നൽകുന്നു. ഒരു വ്യക്തിക്ക് ചെക്ക്ബുക്ക് നൽകണമെങ്കിൽ മിനിമം ബാലൻസ് 500 രുപാ അക്കൗണ്ടിൽ സൂക്ഷിക്കണം.

### 16.3.2 വാണിജ്യബാങ്കുകളിലെ സമ്പാദ്യം

വാണിജ്യബാങ്കുകൾ പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുമെന്ന് മുമ്പ് പ്രതിപാദിച്ചല്ലോ. പണം സമ്പാദിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ബാങ്കിൽ പണം നിക്ഷേപിച്ച് അക്കൗണ്ട് തുടങ്ങാം. അക്കൗണ്ട് തുടങ്ങാൻ എത്ര പണം കുറഞ്ഞത് വേണമെന്നും, പണം പിൻവലിച്ചുകഴിഞ്ഞാൽ എത്ര മിനിമം ബാലൻസ് ബാങ്കിൽ സൂക്ഷിക്കണം തുടങ്ങിയ കാര്യങ്ങൾ വാണിജ്യബാങ്കുകൾ നിഷ്കർഷിക്കാറുണ്ട്. പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേതുപോലെ വാണിജ്യ ബാങ്കും നിക്ഷേപകർക്ക് സമ്പാദ്യത്തിന്റെ തുകയും, പിൻവലിക്കാൻ ബാക്കിയുള്ള തുകയും രേഖപ്പെടുത്തിയ പാസ്സ്ബുക്കും നൽകുന്നു. സമ്പാദ്യതുകക്ക് വാണിജ്യ ബാങ്കുകൾ ചെറിയ പലിശയും നൽകുന്നു.

## 16.4 സമ്പാദ്യത്തിന്റെ ഉപയോഗങ്ങൾ

സമ്പദ്ഘടനയുടെ വികസനത്തിനും, വായ്പ നൽകുവാനും, കൊടുക്കുവാനും സമ്പാദ്യം ഉപയോഗിക്കാം.

### (i) വായ്പ വാങ്ങലും കൊടുക്കലും

സമ്പാദിക്കുന്ന ഏതൊരുവനും തന്റെ കൈവശമുള്ള അധികപണം വ ായ്പ നൽകുന്നവനായി മാറാം. നമ്മുടെ സമൂഹത്തിലെ ധാരാളം ആളുകൾക്കും വിവിധ കാരണങ്ങളാൽ തങ്ങളുടെ വരുമാനത്തിലധികം ചെലവ് ഉണ്ടാകുന്നു. അവരുടെ ആവശ്യനേരത്ത് പണം കടം മേടിക്കാനും പിന്നീട് ഭാവിയിൽ തിരിച്ചുനൽകാനും കഴിയുന്നു.

### (ii) സാമ്പത്തികവ്യവസ്ഥിതിയുടെ വളർച്ച

ധാരാളം വ്യക്തികൾ പോസ്റ്റ് ഓഫീസിലും ബാങ്കിലും പണം നിക്ഷപിച്ചാൽ സമൂഹത്തിന് ഉപയോഗിക്കാൻ ധാരാളം പണം നമുക്ക് ലഭ്യമാവുന്നു. ചെറിയ തുള്ളികൾ ചേർന്നാണ് സമുദ്രം ഉണ്ടാകുന്നതെന്ന് നമുക്കറിയാം. അതുപോലെ ഒരു വ്യക്തിയുടെ സമ്പാദ്യം എത്രത്തോളം സമ്പാദിക്കുന്നെന്നും എത്ര

ത്തോളം ചിലവഴിക്കുന്നു എന്നതിനെയും ആശ്രയിച്ചിരിക്കുന്നു ഒരു വ്യക്തി യുടെ സമ്പാദ്യം ചിലപ്പോൾ  വളരെ ചെറുതായിരിക്കാം. എന്നാൽ പല വ്യക്തി കളുടെ സമ്പാദ്യം ഒന്നുചേരുമ്പോൾ അത് വലിയ തുകയായി മാറുന്നു. ഒരു സമൂ ഹത്തെ സംബന്ധിച്ചിടത്തോളം റോഡ് പണിയുവാനും, ഓഫീസ് കെട്ടിടങ്ങൾ, റെയിൽവേസ്റ്റേഷൻ വഴിവിളക്കുകൾ, വിനോദപാർക്കുകൾ, സ്കൂളുകൾ മുതലായവ പണിയുവാൻ ധാരാളം പണം ആവശ്യമുണ്ട് ഇതു മുഖാന്തരം രാജ്യത്തിന് മൊത്തം  ഭാവിയിൽ പ്രയോജനം ലഭിക്കുന്നു. അതുകൊണ്ട് ഓരോ വ്യക്തി യുടേയും സേവനം ആത്യന്തികമായി സാമ്പത്തികവ്യവസ്ഥിതിയുടെ വികസനപ്ര ക്രിയയിൽ പ്രയോജനകരമാവുന്നു.

## 16.5 പലിശ സമ്പാദ്യത്തിന്റെ പ്രതിഫലമെന്ന നിലയിൽ

ഒരാൾക്ക് അയാളുടെ സേവനത്തിന്റെ പ്രതിഫലമായി പണം സമ്പാദിക്കാൻ സാധി ക്കും. ഈ പ്രതിഫലത്തെ പലിശ എന്നു വിളിക്കുന്നു. ഇത് എങ്ങനെയാണ് സാധ്യ മാവുന്നത്?. പണം സമ്പാദിച്ച വ്യക്തി പണം വായ്പ വാങ്ങുവാൻ ഉദ്ദേശിക്കുന്ന മറ്റൊരു വ്യക്തിക്ക് വായ്പ നൽകുന്നവനാകുന്നു. ഈ സേവനത്തിന്റെ ഉപയോഗ ത്തിന് വായ്പദാതാവിന് വായ്പ വാങ്ങിയ വ്യക്തിയിൽനിന്ന് ചാർജ് ഈടാക്കും. ഇതിനെ പലിശ എന്ന് വിളിക്കുന്നു. സാധാരണരീതിയിൽ വായ്പവാങ്ങിയ ആൾ നിശ്ചിതതീയതിക്കുശേഷം പണം തിരിച്ചുനൽകുമ്പോൾ പലിശയും നൽകുന്നു. പണം കടം വാങ്ങുമ്പോൾ നമ്മൾ പറയുന്നത് ലോൺ കൊടുത്തു എന്നാണ് എന്നത് ശ്രദ്ധിക്കുക. വായ്പ നൽകുന്നവൻ കടം വാങ്ങിയവന് പണം കൊടുക്കു മ്പോൾ അത് ലോൺ ആയി മാറുന്നു. ലോൺ തുക പിന്നീട് പലിശസഹിതം ദാതാവിന്  തിരിച്ചുകൊടുക്കണം.

ഉദാഹരണം സരിതക്ക് 1000 രൂപയുടെ സമ്പാദ്യമുണ്ടെന്ന് കരുതുക. ആശിഷിന് ആ തുക കടം വാങ്ങണമന്നും കരുതുക. അങ്ങനെ സരിത വായ്പ നൽകുന്ന വ്യ ക്തിയും ആശിഷ് കടം വാങ്ങുന്നവനുമാകുന്നു. ഒരു വർഷത്തിനുശേഷം ആശിഷ് വായ്പാതുകയായ 1000 രൂപാ തിരിച്ചുനൽകാൻ തീരുമാനമെടുത്തുവെന്നും കരു തുക. ആശിഷ് 120 രുപാ പലിശ നൽകാനും തീരുമാനിച്ചുവെന്നും കരുതുക. അതനുസരിച്ച് ഒരു വർഷത്തിനുശേഷം ആശിഷ് 1120 (1000+120) രൂപ സരിതക്ക് കൊടുത്തു. അങ്ങനെ തന്റെ സമ്പാദ്യം വായ്പ നൽകിയതിലൂടെ സരിത വായ്പ കൊടുത്ത തുകക്ക് പുറമെ 120 രൂപാ സമ്പാദിച്ചു.

### 16.5.1 പലിശനിരക്ക്

അപ്പോൾ ഒരു ചോദ്യം ഉയരുന്നു. ആശിഷിന് കൊടുത്ത ഓരോ 100 രൂപാക്കും സരിത എത്ര രൂപാ സമ്പാദിച്ചു്?. സരിത ഒരു വർഷത്തേക്കാണ് ആശിഷിന് ലോൺ കൊടുത്തത്. ഈ തുകയിൻമേൽ അവൾക്ക് 120 രൂപാ കിട്ടി. അതായത് 100 രുപാ യിൽനിന്നുള്ള വരുമാനം 100 രുപാ = 120 X 100/1000 = 12 രുപാ. 100 ന് 12 രൂപാ എന്ന നിരക്കിൽ സരിതക്ക് വരുമാനം ലഭിച്ചു. അതായത് വർഷം 12 % എന്ന നിര ക്കിൽ വില നിശ്ചയിക്കുമ്പോൾ അതിനെ ശതമാനം എന്ന് വിളിക്കുന്നു. അതു കൊണ്ട് സരിത ഒരു വർഷം 12 % എന്ന നിരക്കിൽ പണം സമ്പാദിച്ചു എന്നു പറ യാം. വായ്പാദാതാവ് (സരിത)  വായ്പ വാങ്ങിയ ആൾക്ക് (ആശിഷ്) ഓരോ വർഷവും നല്കിയ ഈ 12% ത്തെ പലിശ എന്നു വിളിക്കുന്നു. വായ്പാതുകയായ ആയിരം രൂപക്കുള്ള മൊത്തം  പലിശ 120 രൂപയാണ്. വായ്പാതുകക്ക് മുഖ്യ തുക എന്ന വിളിക്കുന്നു.

**വായ്പാദാതാവ് പണം കടംവാങ്ങുന്നവന് ഒരു വർഷത്തെ കാലാവധിയിൽ ഓരോ  100 രുപയുടെ ഉപയോഗത്തിനും ഈടാക്കുകയും വായ്പാദാതാവിന**

**ലഭിക്കുകയും ചെയ്യുന്ന വരുമാനത്തെ പലിശ എന്ന് നിർവചിക്കാം.**

**16.5.2.**

ആളുകൾ പോസ്റ്റ് ഓഫീസിലും ബാങ്കിലും സൂക്ഷിക്കുന്ന സമ്പാദ്യത്തിന് അവർക്ക് പലിശ ലഭിക്കുന്നു. പോസ്റ്റ് ഓഫീസുകൾ ഏകദേശം 3.5% പലിശയും ബാങ്കുകൾ 4% പലിശയും വ്യക്തികൾക്ക് നൽകുന്നു. നിങ്ങൾക്ക് ബാങ്കിലോ, പോസ്റ്റ് ഓഫീസിലോ ഉള്ള നിക്ഷേപത്തിന് പലിശ ലഭിക്കുമ്പോൾ നിങ്ങളുടെ പണം വളരുന്നു. അങ്ങനെ ഇന്ന് നിക്ഷേപിക്കുന്ന പണം നാളെ വലിയ തുകയായി വളരുന്നു.

## പാഠഭാഗത്തുനിന്നുള്ളചോദ്യങ്ങൾ16.2

1. പലിശ എന്തെന്ന് നിർവചിക്കുക.
2. വായ്പാദാതാവും വായ്പ സ്വീകരിക്കുന്നവനും തമ്മിലുള്ള വ്യത്യാസമെന്ത്?
3. 200 രൂപാ വായ്പ കൊടുത്തപ്പോൾ 20 രൂപാ സമ്പാദിച്ചുവെങ്കിൽ പലിശ നിരക്ക് എത്ര?

## പ്രവർത്തനം

നിങ്ങളുടെ അടുത്തുള്ള പോസ്റ്റ് ഓഫീസ് സന്ദർശിച്ച് ഒരു സമ്പാദ്യഅക്കൗണ്ട് തുടങ്ങുക.

## 16.6 ഇൻഷുറൻസ്

അനശ്ചിതത്വത്തിന്റെ ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഭാവിയിൽ എന്താണ് സംഭവിക്കുന്നത് എന്ന് നമുക്ക് അറിയാൻ പാടില്ല എന്നാണ് ഇത് അർത്ഥമാക്കുന്നത്. പല കാര്യങ്ങളും നമ്മുടെ നിയന്ത്രണത്തിലല്ല. താഴെ പറയുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക

(a) ഒരു കർഷകൻ ധാരാളം ധാന്യം ഉൽപാദിപ്പിക്കുവാനായി നല്ല മഴയെ ആശ്രയിക്കുന്നു.എന്നാൽ മഴയുടെ മേൽ അയാൾക്ക് ഒരു നിയന്ത്രണവുമില്ല. നല്ല മഴ ലഭിച്ചാൽ അയാൾക്ക് നല്ല വിളവ് ലഭിക്കും. എന്നാൽ മഴ ഒട്ടും ലഭിച്ചില്ലെങ്കിൽ വരൾച്ചയും കനത്ത നഷ്ടവമായിരിക്കും അയാൾക്ക് നേരിടേണ്ടത്.

(b) ജനങ്ങൾക്ക് താമസിക്കുവാൻ വീടുകൾ ഉണ്ട്. എന്നാൽ വസ്തുവകകൾക്ക് നഷ്ടം വരുന്ന തീപിടിത്തം, മോഷണം തുടങ്ങിയ സംഭവങ്ങളുടെ മേൽ അവർക്ക് ഒരു നിയന്ത്രണവുമില്ല.

(c) ഇന്ന് ഇരുചക്രവാഹനങ്ങളും കാറുകളും ധാരാളം ആളുകൾക്കുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുനതിനനുസരിച്ച് റോഡ് അപകടങ്ങളും മോഷണങ്ങളും വർദ്ധിക്കുകയാണ്. നാശനഷ്ടങ്ങൾ വരുത്തുന്ന അപകടങ്ങളെ ആർക്കും മുൻകൂട്ടി പ്രവചിക്കാനാവുന്നില്ല.

(d) നമുക്ക് എല്ലാവർക്കും അസുഖങ്ങളും ചികിൽസാചിലവുകളും ഉണ്ട്. എപ്പോഴാണ് അസുഖം വരുന്നത് എന്ന് ആർക്കും മുൻകൂട്ടി പറയാനാവില്ല. അസുഖം വന്നാൽ നമുക്ക് ജോലി ചെയ്യാനാവില്ല. അതുകൊണ്ട് അസുഖകാലഘട്ടത്തിൽ നമ്മുടെ എല്ലാ സമ്പാദ്യവും തീരുന്നു.

ഇതുപോലെ അനശ്ചിതത്വത്തിന്റെ അനേക ഉദാഹരണങ്ങൾ പറയാൻ സാധിക്കും. ഒരു ലോട്ടറി അടിക്കുന്ന കാര്യവും അനശ്ചിതത്വമാണ്. അപ്രതീക്ഷിതലാഭം കിട്ടാം. വസ്തുവകകൾക്ക് ലാഭമോ നഷ്ടമോ സംഭവിക്കുന്ന അനിശ്ചിതാവസ്ഥ പരിഗണന അർഹിക്കുന്നതാണ്. ഇത്തരം അനശ്ചിതാവസ്ഥയിൽ നഷ്ടം വരുവാനും കേടുപാടുകൾ സംഭവിക്കാനും സാധ്യതയുണ്ട്. പൂർണമായി ഒഴിവാക്കാനാവില്ലെങ്കിലും ഒരു പരിധിവരെ നമുക്ക് ഇവയെ നേരിടാനുള്ള മുൻകരുതലുകൾ എടുക്കാനാവും.

മുൻപറഞ്ഞ കാരണങ്ങളാൽ ആർക്കെങ്കിലും നഷ്ടമോ, കേടുപാടുകളോ സംഭവിച്ചാൽ ഒരു പരിധിവരെ സാമ്പത്തികപരിഹാരം നൽകാൻ കഴിയണം. ഇൻഷുറൻസിന് ആ വ്യക്തിയുടെ നഷ്ടത്തിന് കുറച്ച് പരിഹാരം ഉറപ്പാക്കാൻ പറ്റും.

ഇൻഷുറൻസ് ഒരു ഉൽപന്നംപോലെയോ വസ്തുപോലെയോ ആണ്. ഒരു വ്യക്തിക്ക് തന്റെ വസ്തുവകകൾക്ക് നഷ്ടമോ, കേടുപാടുകളോ സംഭവിച്ചാൽ ആ വ്യക്തിക്ക് കുറച്ച് പണം നൽകി ഇൻഷുറൻസ് വാങ്ങുവാൻ കഴിയും. ഇൻഷുറൻസ് വിൽക്കുന്ന വ്യക്തിയെ ഇൻഷുറർ എന്നും ഇൻഷുറൻസ് വാങ്ങിയ വ്യക്തിയെ ഇൻഷുയർഡ് എന്നും വിളിക്കുന്നു. ഇൻഷുയർഡ് നൽകിയ പണത്തെ പ്രീമിയം എന്നു വിളിക്കുന്നു. സാധാരണയായി പ്രിമിയം നിശ്ചിതവർഷത്തേക്ക് ആണ്. ഈ കാലഘട്ടത്തിൽ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ ഇൻഷുയർഡിന് ഇൻഷുറിൽനിന്ന് പരിഹാരം കിട്ടുന്നു.

### ഇൻഷുറൻസിന്റെ നിർവചനം

**ഇൻഷുർ ചെയ്ത പാർട്ടിയുടെ നിയന്ത്രണത്തിനതീതമായ സംഭവങ്ങൾ മൂലമുണ്ടായ നഷ്ടം ഭാഗികമായോ പൂർണമായോ നികത്താൻ പറ്റിയ വിധത്തിലുള്ളതും വാങ്ങുവാൻ പറ്റിയതുമായ ഒരു സാമ്പത്തിക ഉൽപന്നത്തെ ഇൻഷുറൻസ് എന്നു വിളിക്കാം.**

സാധാരണയായി ഇൻഷുറൻസ് വിൽക്കുന്നത് ഇൻഷുറൻസ് കമ്പനിയാണ്. ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് നഷ്ടം സംഭവിച്ചാൽ ഇൻഷുറൻസ് കമ്പനി ആ നഷ്ടം നികത്താൻ കുറച്ചു പണം തിരിച്ചുനൽകുന്നു. ഇതിനെ ഇൻഷുറൻസ് അവകാശം എന്നു വിളിക്കുന്നു. അങ്ങനെ അനിശ്ചിതാവസ്ഥമൂലമുണ്ടായ പ്രതിസന്ധി കുറക്കാൻ ഒരു വ്യക്തിയെ അനുവദിക്കുന്നു.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 16.3

1. ഇൻഷുറർ, ഇൻഷുഡ് തമ്മിലുള്ള വ്യത്യാസമെന്ത്?
2. അനശ്ചിതാവസ്ഥക്ക് രണ്ട് ഉദാഹരണങ്ങൾ നൽകുക?
3. ഇൻഷുറൻസ് ഒരു ഉൽപന്നമാണോ?

## 6.7 തിരഞ്ഞെടുക്കപ്പെട്ട ചില ഇൻഷുറൻസ് ഉൽപന്നങ്ങൾ

താഴെപറയുന്ന ചില ഇൻഷുറൻസ് ഉൽപന്നങ്ങൾ ചർച്ച ചെയ്യുക

(i) വാഹനഇൻഷുറൻസ്

(ii) ആരോഗ്യഇൻഷുറൻസ്

(iii) ലൈഫ് ഇൻഷുറൻസ്

കുറിപ്പുകൾ

### (i) വാഹന ഇൻഷുറൻസ്

സ്കൂട്ടർ, ബൈക്ക് കാർ തുടങ്ങിയവ ഉള്ളവർക്ക് അതുമായി ബന്ധപ്പെട്ട ഇൻഷുറൻസ് കമ്പനിയിൽനിന്ന് വാഹന ഇൻഷുറൻസ് വാങ്ങാം. വാഹനങ്ങൾ ദീർഘനാൾ നിലനിൽക്കുന്നതും 10,15 വർഷത്തെ കാലാവധിയുള്ളതിനാലും അവയുടെ ഇൻഷുറൻസ് രേഖ ഉണ്ടാക്കുന്നത് ഇപ്രകാരമാണ്.

(a) ആദ്യവർഷം വാഹനം പുതിയതാണ്. അതുകൊണ്ട് ഇൻഷുറൻസ് കമ്പനി ഉയർന്ന പ്രീമിയം ഇൻഷുറൻസ് ചെയ്യുന്ന വ്യക്തിയിൽനിന്ന് ഈടാക്കുന്നു.

(b) തുടർന്നുള്ള വർഷങ്ങളിൽ വാഹനങ്ങൾ പഴയതാവുന്നതനുസരിച്ച് അതിന്റെ മൂല്യം കുറയുന്നു. അതുകൊണ്ട് ഇൻഷുറൻസ് കമ്പനി താഴ്ന്ന പ്രീമിയം ഇൻഷുറൻസ് ചെയ്യുന്ന വ്യക്തിയിൽനിന്ന് ഈടാക്കുന്നു.

(c) വാഹനത്തിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ഇൻഷുറൻസ് രേഖയിൽ പറയുന്ന നിബന്ധനകൾക്കനുസൃതമായി കമ്പനി ഓഹരി നൽകുന്നു.

### (ii) ആരോഗ്യഇൻഷുറൻസ്

ആരോഗ്യഇൻഷുറൻസ് പദ്ധതി അനുസരിച്ച് ഈ ഇൻഷുറൻസ് വാങ്ങുന്ന വ്യക്തിക്ക് തന്റെ ചികിത്സാ ചിലവിന്റെ കുറച്ച് പണം തിരിച്ചുകിട്ടുന്നു. ഈ രീതിയിലും ഇൻഷുറൻസ് കമ്പനി താൽപര്യമുള്ള വ്യക്തികളിൽനിന്നും നിയതമായ തുക പ്രീമിയമായി അടക്കുവാൻ ആവശ്യപ്പെടുന്നു. ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് അസുഖം വരുകയും ചികിൽസാചിലവിന് പണം മുടക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയുടെ സാമ്പത്തിക ഭാരം കുറക്കുവാനായി ഇൻഷുറൻസ് കമ്പനി കുറച്ച് പണം നൽകുന്നു. പ്രായം കുറയുന്നതനുസരിച്ച് ആരോഗ്യ ഇൻഷുറൻസിന്റെ പ്രീമിയം തുകയും സാധാരണയായി കുറവാണ്. പ്രായം ഏറുന്നതനുസരിച്ച് തുക വർദ്ധിക്കുകയും ചെയ്യും.

### (iii) ലൈഫ് ഇൻഷുറൻസ്

ഒരു വ്യക്തിക്ക് ഒരു നിശ്ചിതകാലഘട്ടത്തിലേക്ക് ലൈഫ് ഇൻഷുറൻസ് വാങ്ങാം. 10 മുതൽ 25 വർഷം വരെ കാലഘട്ടമാകാം. ഓരോ വർഷവും ഇൻഷുർ ചെയ്ത വ്യക്തി ഇൻഷുറൻസ് കമ്പനിക്ക് നിശ്ചിതതുക പ്രീമിയം അടക്കണം കാലാവധി തീരുന്നതനുസരിച്ച് കമ്പനി ആ വ്യക്തിക്ക് ഓഹരി തിരിച്ചുനൽകുന്നു. ആ തുക വിവിധ ഇൻസ്റ്റാൾമെന്റുകളായി വിവിധ വർഷങ്ങളിലൂടെ ഇൻഷുറൻസ് കമ്പനി നല്കാം. ഇതിനിടയിൽ വ്യക്തി മരിച്ചുപോയാൽ അയാൾ/അവൾ ഇൻഷുറൻസ് വാങ്ങിയ സമയത്ത് നാമനിർദേശം ചെയ്ത വ്യക്തിക്ക് നല്കുന്നു.

## നിങ്ങൾ എന്താണ് പഠിച്ചത്

- ഉപഭോഗം നീക്കി വരുമാനത്തിൽനിന്ന് മിച്ചം വരുന്നതാണ് സമ്പാദ്യം.
- സമ്പാദ്യം വഴി പലിശ ലഭിക്കുവാനും ഭാവിയിലേക്ക് സുരക്ഷിതത്വത്തിനായും ഇടയാകുന്നു.
- പണം സമ്പാദിച്ച് പലിശക്ക് വായ്പ നൽകുന്ന ആൾ ആണ് വായ്പാദാതാവ്.
- പലിശക്ക് പണം വാങ്ങുന്നവനാണ് കടക്കാരൻ

- ജനങ്ങൾ പോസ്റ്റ് ഓഫീസിലും ബാങ്കിലും പണം നിക്ഷേപിക്കുന്നു.
- ജീവനും ആരോഗ്യത്തിനും വാഹനങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ജനങ്ങൾ വാങ്ങുന്ന ഉൽപന്നമാണ് ഇൻഷുറൻസ്.

MODULE - 5

പണം, ബാങ്കിംഗ്, ഇൻഷുറൻസ്

കുറിപ്പുകൾ

## ടേമിലെ പരിശീലനം

1. സമ്പാദ്യമെന്തെന്ന് നിർവചിക്കുക?. അതിന്റെ രണ്ട് ഉപയോഗങ്ങൾ എന്തെല്ലാം?.
2. വ്യക്തികൾ സമ്പാദ്യം എങ്ങനെയാണ് കണക്കാക്കുന്നത്? എന്തുകൊണ്ട് ആളുകൾ സമ്പാദിക്കുന്നു?
3. പോസ്റ്റ് ഓഫീസ് സമ്പാദ്യബാങ്കുകളെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക?.
4. ജനങ്ങൾ ഇൻഷുറൻസ് വാങ്ങുന്നത് എന്തിനാണ്?
5. വാഹനഇൻഷുറൻസ് എന്തെന്ന് വിശദീകരിക്കുക?.
6. ആരോഗ്യ ഇൻഷുറൻസും ലൈഫ് ഇൻഷുറൻസും തമ്മിലുള്ള വ്യത്യാസമെന്ത്?

## പാഠ്യഭാഗത്തിലെ ചോദ്യങ്ങളുടെ ഉത്തരം

### പാഠ്യഭാഗത്തിലെ ചോദ്യങ്ങൾ 16.1

1. ഉപഭോഗത്തിനുശേഷം അധികമായ വരുമാനത്തെയാണ് സമ്പാദ്യം എന്ന് നിർവചിക്കുന്നത്.
2. 800.

### പാഠ്യഭാഗത്തിലെ ചോദ്യങ്ങൾ 16.2

1. കടം വാങ്ങുന്നവൻ ഒരു വർഷത്തേക്ക് ഓരോ 100 രുപയുടെ ഉപയോഗത്തിനും ഈടാക്കുകയും വായ്പാദാതാവിന് ലഭിക്കുകയും ചെയ്യുന്ന വരുമാനത്തെ പലിശ എന്ന് നിർവചിക്കാം.
2. പണം വായ്പയായി നൽകുന്ന വ്യക്തിയോ സ്ഥാപനമോ ആണ് വായ്പാദാതാവ്.

   വായ്പാദാതാവിൽനിന്ന് ലോൺ വാങ്ങുന്ന വ്യക്തിയോ സ്ഥാപനമോ ആണ് കടക്കാരൻ.
3. 20 %

### പാഠ്യഭാഗത്തിലെ ചോദ്യങ്ങൾ 16.3.

1. ഇൻഷുറർ - ഇൻഷുറൻസ് വിൽക്കുന്ന ആൾ

   ഇൻഷുർഡ് - ഇൻഷുറൻസ് വാങ്ങുന്ന ആൾ
2. വരൾച്ച, രോഗം.
3. അതേ.

# മൊഡ്യൂൾ-6
# സാമ്പത്തികശാസ്ത്രത്തിലെ ദത്തങ്ങളുടെ അവതരണവും വിശകലനവും


17. ദത്തങ്ങളുടെ ശേഖരണവും അവതരണവും
18. ദത്തങ്ങളുടെ വിശകലനം

# 17
# ദത്തങ്ങളുടെ ശേഖരണവും അവതരണവും

നമുക്ക് ചുറ്റുപാടുമുള്ള വിവിധ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുക എന്നത് ജീവിതരീതിയായി മാറിയിട്ടുണ്ട്. വിവരസമാഹരണം അറിവിന്റെ പ്രധാന ഉറവിടമായിത്തീർന്നിട്ടുണ്ട്. അറിവ് ലഭിക്കാതെ തീരുമാനങ്ങൾ എടുക്കാൻ പ്രയാസമാണ്. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും വളർച്ചയോടെ അറിവിന്റെ ഉറവിടങ്ങൾ വർദ്ധിക്കുകയും ലഭ്യമാവുകയും ചെയ്തു. പുസ്തകങ്ങൾ, പത്രമാസികകൾ, ടെലിഫോൺ, ടി.വി. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ വിവിധ തരത്തിലുള്ള അറിവ് പ്രദാനം ചെയ്യുന്ന മാധ്യമങ്ങളാണ്.

അറിവ് സംഖ്യാപരവും ഗുണപരവുമാണ്. നല്ലത്, ചീത്ത്, മോശം, സുന്ദരം, ഉത്തരാവാദിത്വമുള്ളത്, ശ്രേഷ്ടം, മനോഹരം, വിദ്യാഭ്യാസപരം തുടങ്ങിയ ഗുണപരമായ സവിശേഷതകൾ വ്യക്തികളെ വിവരിക്കാൻ ഉപയോഗിക്കുന്നു. വരുമാനം, ചിലവ്, സമ്പാദ്യം, വളർച്ചാനിരക്ക്, ഉയരം ഭാരം, ലഭിച്ച മാർക്ക്, ജനസംഖ്യ, ഭക്ഷ്യോൽപാദനം തുടങ്ങിയവ സംഖ്യാപരവും, അളക്കാവുന്നതുമായ രീതിയിലുള്ളവയാണ്. സാമ്പത്തികശാസ്ത്രത്തിൽ സംഖ്യാപരമായ അറിവുകൾ വിശകലനത്തിനായി ധാരാളം ഉപയോഗിക്കുന്നു.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ:

- *ദത്തം എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കൽ;*
- *പലതരം ദത്തങ്ങളുടെ വ്യത്യാസം;*
- *ചരങ്ങളും സവിശേഷതകളും തമ്മിലുള്ള വ്യത്യാസം;*
- *ദത്തങ്ങളുപയോഗിച്ചുമാത്രം വിശകലനം ചെയ്യാനാവുന്ന സാമ്പത്തിക തലം കണ്ടെത്തൽ;*
- *ദത്തങ്ങളുടെ വേർതിരിക്കലും പട്ടികാവതരണവും;*
- *ദത്തങ്ങളുടെ അവതരണത്തിന്റെ വിവിധ രൂപങ്ങൾ മനസ്സിലാക്കൽ.*

## 17.1 ദത്തങ്ങളുടെ അർത്ഥവും പ്രത്യേകതകളും

സഞ്ചയമായ രീതിയിൽ വസ്തുതകൾ നൽകുന്നതിനുള്ള സംഖ്യാപരമായ അറിവിനെയാണ് ദത്തമെന്നത് അർത്ഥമാക്കുന്നത്. തീരുമാനം എടുക്കാൻ ഉപകാ

രപ്രദമായ സംഖ്യാപരമായ എന്ത് അറിവും ആകാം. അതിനെ സാംഖിക ദത്തങ്ങളെന്നും ലളിതമായി സാംഖികമെന്നെന്നും വിളിക്കാം. ദത്തങ്ങൾ എന്നത് ഒരു ബഹുവചനപദമാണ്. അതിന്റെ ഏകവചനം ദത്തം എന്നാണ്.
ചുവടെ കൊടുക്കുന്ന ചില ഉദാഹരണങ്ങളിൽനിന്നും ദത്തം, സാംഖികം എന്നിവയുടെ ചില പ്രത്യേകതകൾ ലഭിക്കുന്നു.

### (i) സാംഖികമെന്നത് വസ്തുതകളുടെ സഞ്ചയമാണ്

ഒറ്റ തിരിഞ്ഞുള്ള വസ്തുതകൾ സാംഖികമായോ ദത്തമായോ പരിഗണിക്കാനാവില്ല. ഉദാഹരണത്തിന് 10-ാംക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് കണക്കിന് ലഭിച്ച മാർക്ക് 95 ആണ് എന്ന് കരുതുക. ഇത് ഒറ്റപ്പെട്ട ഒരു അറിവും വസ്തുതയുമാണ് ദത്തങ്ങളല്ല. എന്നാൽ 10-ാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളുടേയും മാർക്ക് ഭാഗം തിരിച്ചോ, മൊത്തത്തിലോ ദത്തങ്ങളായി പരിഗണിക്കാം. കാരണം അത് വസ്തുതകളുടെ സഞ്ചയനമായി മാറുന്നു. ഒരു വിദ്യാർത്ഥിയുടെ മാത്രം മാർക്ക് പറയുമ്പോൾ മറ്റു കുട്ടികളുടെ മാർക്കിന്റെ നിലവാരം നമുക്ക് അറിയാൻ സാധിക്കില്ല. അതിനാൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ശുപാർശ ചെയ്യാൻ അതിന്റെ വിശകലനം നടത്താൻ സാധ്യമല്ല. അതുകൊണ്ട് വസ്തുതകളുടെ സഞ്ചയനം നൽകിയാൽ മാത്രം ദത്തങ്ങൾ അർത്ഥപൂർണവും വിശകലനത്തിന് പര്യാപ്തവുമായ വ്യാപ്തിയുള്ളതായി മാറുകയുള്ളു.

താഴെകാണുന്ന പട്ടിക പരിശോധിക്കുക. ഒരു ക്ലാസ്സിലെ 18 വിദ്യാർത്ഥികൾക്ക് കണക്കിന് ലഭിച്ച മാർക്കാണിത്. ഇത് നോക്കിയാൽ നമുക്ക് ആ ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളുടേയും മാർക്കിന്റെ പ്രകടനം താരതമ്യപ്പെടുത്താനാവും. അതുകൊണ്ട് ഇത് ദത്തങ്ങൾക്ക് ഒരു ഉദാഹരണമാണ്.

പട്ടിക 17.1

| വിദ്യാർത്ഥികൾ | മാർക്ക് | വിദ്യാർത്ഥികൾ | മാർക്ക് |
|---|---|---|---|
| A | 95 | J | 35 |
| B | 90 | K | 30 |
| C | 75 | L | 85 |
| D | 65 | M | 20 |
| E | 90 | N | 90 |
| F | 100 | O | 80 |
| G | 80 | P | 70 |
| H | 45 | Q | 100 |
| I | 40 | R | 50 |

മുകളിൽകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്നും നമുക്ക് താഴെ കൊടുത്തിരിക്കുന്നവ അറിയുവാൻ സാധിക്കും.

(i) എത്ര വിദ്യാർത്ഥികൾക്ക് 90 ൽ അധികം മാർക്ക് ലഭിച്ചു?
(ii) എത്ര വിദ്യാർത്ഥികൾ പരാജയപ്പെട്ടു?
(iii) എത്ര വിദ്യാർത്ഥികൾക്ക് 50 ൽ കുറവ് മാർക്ക് ലഭിച്ചു?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ മാർക്കിന്റെ പ്രകടനം മെച്ചപ്പെടുത്താൻ അദ്ധ്യാപകന് ആവശ്യമായ നടപടികൾ എടുക്കാൻ സാധിക്കും. അതുകൊണ്ട് ഒറ്റപ്പെട്ട അറിവിനേക്കാളും വസ്തുതകളുടെ സഞ്ചയനത്തിലൂടെ ദത്തങ്ങൾ അർത്ഥപൂർണമാകുന്നു.

### (ii) സംഖ്യാപരമായി പ്രകടിപ്പിക്കുന്നത്

സാംഖികം അഥവാ ദത്തങ്ങൾ എപ്പോഴും സംഖ്യാപരമായ പ്രകൃതിയുള്ളവയാണ്. നല്ലത്, ചീത്ത, ശരാശരി, മോശം, സുന്ദരം തുടങ്ങി ഗുണപരമായ പ്രത്യേകതകളുടെ അളവ് സംഖ്യാപരമായി തിട്ടപ്പെടുത്താനാവാത്തതുകൊണ്ട് അതിനെ സാംഖികമെന്നോ, ദത്തങ്ങളെന്നോ വിളിക്കാനാവില്ല. വസ്തുതകൾ എണ്ണിയോ, കണക്ക്കൂട്ടിയോ, അളന്നോ സംഖ്യാരൂപത്തിലാക്കുമ്പോൾ അവയെ ദത്തങ്ങൾ എന്നു വിളിക്കുന്നു. മുമ്പ് പറഞ്ഞ പട്ടികയിൽ വിദ്യാർത്ഥികളുടെ മാർക്ക് സംഖ്യാപരമായി നൽകി. പട്ടിക 17.2 ലൂടെ ഒരു ഭാവനാനഗരത്തിൽ വിവിധ കോളേജുകളിൽ ഒന്നാം വർഷ വിദ്യാർത്ഥികളായി പ്രവേശിക്കപ്പെട്ടവരുടെ എണ്ണം മറ്റൊരു ഉദാഹരണമായി താഴെ കൊടുക്കുന്നു.

**പട്ടിക 17.2**

| കോളേജ് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| സർക്കാർ കോളേജ് | 409 |
| സംസ്കൃത കോളേജ് | 308 |
| ജെ.പി. കോളേജ് | 401 |
| എൻ.ഡി. കോളേജ് | 510 |

### (iii) ദത്തങ്ങളെ വിവിധ കാരണങ്ങൾ വലിയ ഒരു പരിധിവരെ സ്വാധീനിക്കുന്നു.

ദത്തങ്ങളെ സ്വാധീനിക്കുന്നത് ഒരു ഘടകമാകണമെന്നില്ല, വ്യത്യസ്തഘടകങ്ങളാകാം. ഉദാഹരണത്തിന് പ്രദാനത്തിന്റെ കുറവ്, നികുതി, കൂലി, ചോദനം എന്നിവയിലെ വർദ്ധനവ് തുടങ്ങി വിവിധ കാരണങ്ങളാൽ വസ്തുക്കളുടെ വില വർദ്ധിക്കാം.

### (iv)ശരാശരി കൃത്യതയുടെ നിലവാരം

സാംഖികത്തിൽ 100 % കൃത്യത ആഗ്രഹിക്കാവുന്നതുമല്ല. പരിമിതമായ സ്വീകാര്യമായ കൃത്യതയാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്. ഒരു ഡോക്ടർ കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിനുള്ള ഒരു പുതിയ മരുന്ന് കണ്ടുപിടിച്ചാൽ, 90 % ആളുകൾക്ക് ആ മരുന്ന് ഫലിച്ചാൽ 95 % ആളുകൾ ആ മരുന്നിനോട് പോസിറ്റീവായി പ്രതികരിച്ചാൽ 100 % കൃത്യതയില്ലായെങ്കിലും ഒരു വിധം സ്വീകാര്യമായ കൃത്യതയുള്ളതുകൊണ്ട് അത് ഒരു നല്ല മരുന്ന് ആയി കരുതുകയും ചെയ്യും.

### (v). മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങൾ

മുൻകൂട്ടി തീരുമാനിക്കപ്പെട്ട ഉദ്ദേശങ്ങൾക്കുവേണ്ടി ദത്തങ്ങൾ ശേഖരിക്കുന്നു. മുൻവിവരിച്ച ഉദാഹരണപട്ടികകളിലെല്ലാം പ്രധാനപ്പെട്ട ഉദ്ദേശങ്ങൾ സാധിക്കുന്നു. ഉദാഹരണത്തിന് 17.1 ലെ പട്ടികയിലെ ദത്തങ്ങൾ വിദ്യാർത്ഥികളുടെ കണക്കിന്റെ മാർക്ക് വിലയിരുത്തുവാൻ ഉപയോഗിക്കാം. 17.2 ലെ പട്ടികയിലെ ദത്തങ്ങൾ ഉപയോഗിച്ച് കോളേജിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് പട്ടണത്തിലെ കോളേജുകളുടെ ഉന്നതവിദ്യാഭ്യസനിലവാരം അറിയുവാൻ ഉപയോഗിക്കാം.

## 17.2 സാമ്പത്തികശാസ്ത്രത്തിൽ ദത്തങ്ങളുടെ പ്രാധാന്യം

സാമ്പത്തികശാസ്ത്രത്തിലെ ചില സവിശേഷതലങ്ങളിൽ ദത്തങ്ങളുടെ ഉപയോഗം താഴെപറയുന്നവിധം വളരെ പ്രാധാനപ്പെട്ടതാണ്.

1. **സാമ്പത്തിക ആസൂത്രണത്തിൽ:** മുൻ വർഷങ്ങളിലെ ദത്തങ്ങൾ ഭാവിപദ്ധതികൾ തയ്യാറാക്കാൻ പൊതുവെ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഒരു വർഷം പ്രാഥമികവിദ്യാഭ്യാസത്തിന് ആവശ്യമായ ചിലവ് പ്ലാൻ ചെയ്യാൻ, കഴിഞ്ഞ വർഷം 5-ാംക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണം അറിയാൻ, ആ വർഷങ്ങളിലെ ചിലവിന്റെ കാര്യങ്ങൾ അറിയാൻ തുടങ്ങിയവ. സാമ്പത്തിക ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ പ്രവചനം നടത്താം. ഉദാഹരണത്തിന്, ഒരു രാജ്യത്തിലെ ആളോഹരിവരുമാനത്തിലെ വളർച്ച മുൻകൂട്ടി മനസ്സിലാക്കാൻ ജനസംഖ്യാവളർച്ചയും ദേശീയവരുമാനത്തിന്റെ വളർച്ചയും സംബന്ധിച്ച ദത്തങ്ങൾ ശേഖരിച്ച് നിർണയിക്കാം.

2. **ദേശീയവരുമാനം തിട്ടപ്പെടുത്താൻ:** നമ്മുടെ രാജ്യത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ, മറ്റുഘടകങ്ങളെ കൂടാതെ, ദേശീയവരുമാനം അറിയേണ്ടത് ആവശ്യമാണ്. എന്നാൽ ഒരു സാമ്പത്തികവ്യവസ്ഥിതിയിൽ ഓരോ വർഷവും തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലി, ശമ്പളം, ഭൂമിക്കും കെട്ടിടങ്ങൾക്കും ലഭിക്കുന്ന വാടക, മൂലധനത്തിന് ലഭിക്കുന്ന പലിശ, സംരംഭകർക്ക് ലഭിക്കുന്ന ലാഭം തുടങ്ങി വിവിധങ്ങളായ സംഖ്യാപരമായ അറിവുകൾ ദേശീയവരുമാനം കണക്കാക്കുന്നതിനായി വിവിധ രീതികളിൽ ഉപയോഗിക്കുന്നു.

3. **സർക്കാർ നയങ്ങളുടെ അടിസ്ഥാനം:** ഒരു രാജ്യത്തിന്റെ സാമ്പത്തികപുരോഗതിക്ക് ഉതകുന്ന നയരൂപീകരണത്തിന് സാംഖികദത്തങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. ഭാരതത്തിലെ ദരിദ്രരും തൊഴിലില്ലാത്തവരുമായ അനേകം പേരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലാതാക്കാൻ വേണ്ടി ദേശീയഗ്രാമീണതൊഴിലുറപ്പുനയം സർക്കാർ നടപ്പിലാക്കി. ഒരു വർഷം നൂറു ദിവസത്തെ തൊഴിൽ വേതനം തൊഴിൽരഹിതർക്ക് ഉറപ്പാക്കുന്നു. ഭാരതത്തിൽ ഓരോ പത്തു വർഷവും നടത്തുന്ന ജനസംഖ്യാകണക്കെടുപ്പിലൂടെ സ്ത്രീപുരുഷന്മാർ, സാക്ഷരത, തൊഴിലാളികൾ തുടങ്ങിയവയുടെ ദത്തങ്ങൾ ലഭ്യമാവുന്നു. സ്ത്രീപുരുഷന്മാരുടെ ജനസംഖ്യയെകുറിച്ചുള്ള കണക്കിൽനിന്നും 1000 പുരുഷന്മാർക്ക് 938 സ്ത്രീകളുണ്ടെന്ന് കണ്ടെത്തി. ഹരിയാന പോലുള്ള സ്ഥലത്ത് 1000 പുരുഷന്മാർക്ക് 848 സ്ത്രീകളാണുള്ളത്. ഇത് വളരെ ഞെട്ടിപ്പിക്കുന്ന സാഹചര്യമാണ്. കാരണം സ്ത്രീകളുടെ ഈ താഴ്ന്ന എണ്ണത്തിന്റെ ഒരു കാരണം ജനിക്കുന്നതിനു മുൻപേ പെൺകുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നതുകൊണ്ടാണ്. ഈ ദത്തത്തിന്റെ അടിസ്ഥാനത്തിൽ പെൺകുഞ്ഞുങ്ങളെ രക്ഷിക്കാനുള്ള നയം സർക്കാർ ഉണ്ടാക്കി.

## പാഠ്യഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 17.1

1. താഴെപറയുന്ന കാര്യങ്ങൾ ദത്തങ്ങളാണോ അല്ലയോ എന്ന കണ്ടെത്തുക. ബ്രാക്കറ്റിൽ അതേ എന്നോ അല്ല എന്നോ എഴുതുക.

(i) മോനിക്കക്ക് സാമ്പത്തികശാസ്ത്രത്തിന് 75 ശതമാനം മാർക്ക് ലഭിച്ചു? ( )

(ii) ഹരിയെക്കാളും നല്ല കളിക്കാരനാണ് കൃഷ്ണൻ. ( )

(iii) ലളിതക്ക് നല്ല മാർക്ക് ലഭിച്ചു? ( )

(iv) സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന്റെ കണക്ക് താഴെപറയുന്നു. നിങ്ങൾ ഇവയെ ദത്തങ്ങൾ എന്ന് വിളിക്കുമോ?

പട്ടിക 17.3

| വിഷയം | സ്കൂൾ എ | സ്കൂൾ ബി |
|---|---|---|
| ആർട്സ് | 400 | 700 |
| സയൻസ് | 600 | 400 |
| കൊമേഴ്സ് | 300 | 300 |

## 17.3 വിവിധതരം ദത്തങ്ങൾ

ദത്താശേഖരണത്തിന്റെ ഉറവിടത്തിന്റെ അടിസ്ഥാനത്തിൽ ദത്തങ്ങളെ ഇപ്രകാരം തരം തിരിക്കാം.

(a) പ്രാഥമികദത്തം (Primary Data)

(b) ദ്വിതീയദത്തം (Secondary Data)

### (a) പ്രാഥമികദത്തം

ഒരു സർവേയിലൂടെ പ്രാഥമിക ഉറവിടങ്ങളിൽനിന്ന് ആദ്യമായി ശേഖരിച്ച ദത്തങ്ങളെ പ്രാഥമികദത്തം എന്നു വിളിക്കുന്നു. ഉദാഹരണത്തിന് ഒരു അന്വേഷകൻ ഒരു ഗ്രാമത്തിൽനിന്ന് ചായയോ, കാപ്പിയോ കഴിക്കുന്നത് ശീലമാക്കിയിട്ടുള്ളുവരുടെ വസ്തുതകളും ദത്തങ്ങളും ശേഖരിക്കുന്നു.

#### പ്രാഥമികദത്തം ശേഖരിക്കുന്നതിനുള്ള രീതികൾ

**1. വ്യക്തിപരമായ നേരിട്ടുള്ള അന്വേഷണം:** ഈ രീതിയിൽ അന്വേഷകൻ നേരിട്ട് ദത്തം ശേഖരിക്കുന്നു. അറിവ് ശേഖരിക്കുന്ന വ്യക്തിയെ അന്വേഷകൻ എന്നും അന്വേഷകന്റെ ചോദ്യങ്ങൾക്ക് പ്രതികരണങ്ങളോ, ഉത്തരങ്ങളോ നൽകുന്ന ആളെ ദത്തദാതാവ് (Respondent) എന്നും വിളിക്കുന്നു. അതുകൊണ്ട് ഈ രീതിയിൽ ശേഖരിക്കപ്പെട്ട ദത്തം കുടുതൽ വിശ്വാസയോഗ്യമാണ്. എന്നിരുന്നാലും അന്വേഷകന്റെ മുൻവിധികളോ, ധാരണകളോ ഈ ദത്തത്തെ സ്വാധീനിക്കാനുള്ള സാധ്യതയുണ്ട്.

**2. പരോക്ഷമായ അന്വേഷണങ്ങൾ:** ഈ രീതിയിൽ അന്വേഷകൻ അന്വേഷണം ആവശ്യമായ വ്യക്തിയെ കുറിച്ചുള്ള വിവരങ്ങൾ അറിയാവുന്ന മൂന്നാമതൊരു വ്യക്തിയിൽ നിന്ന് പരോക്ഷമായി വിവരങ്ങൾ ശേഖരിക്കുന്നു. സർക്കാർ നിയമിക്കുന്ന കമ്മീഷൻ പൊതുവെ ഈ രീതിയാണ് അവലംബിക്കുന്നത്.

**3. പ്രതിനിധികളിലൂടെ:** ഈ രീതിയിൽ അന്വേഷകൻ നിയമിക്കുന്ന പ്രതിനിധിയോ ഏജന്റുമാരോ വിവിധ സ്ഥലങ്ങളിൽനിന്ന് ദത്തങ്ങൾ ശേഖരിക്കുന്നു. ഈ പ്രതിനിധികൾ ദത്തം ശേഖരിച്ച് കേന്ദ്രഓഫീസിലോ അന്വേഷകന്റെ അടുത്തോ എത്തിക്കുന്നു. പത്രഓഫീസുകൾ ഈ രീതിയാണ് വ്യാപകമായി ഉപയോഗിക്കുന്നത്.

**4.ചോദ്യാവലി അയച്ചുകൊണ്ട്:** ഈ രീതിയനുസരിച്ച് ക്രമമായി ചിട്ടപ്പെടുത്തിയ ചോദ്യാവലി തയ്യാറാക്കി തപാൽ വഴി വിവരദാതാവിന് അയക്കുന്നു. നിശ്ചിതസമയത്തിനുള്ളിൽ വിവരദാതാവ് ഈ ചോദ്യാവലി പൂരിപ്പിച്ച് തിരിച്ച് അയക്കുന്നു. എന്നാൽ, വിവരദാതാക്കൾ സാക്ഷരരും ചോദ്യാവലി പൂരിപ്പിക്കാൻ കഴിവുള്ളവരും ആയാൽ മാത്രമേ ഈ രീതി ഉപയോഗിക്കാൻ സാധിക്കുകയുള്ളു.

കുറിപ്പുകൾ

**5. പട്ടിക ഉപയോഗിച്ച്:** ഈ രീതിയനുസരിച്ച് പട്ടികയിൽ അടങ്ങിയ ചോദ്യങ്ങളുമായി ദത്തശേഖരണത്തിന് നിയുക്തരായവർ വിവരദാതാവിന്റെ അടുക്കലേക്ക് പോവുന്നു. അവർ ഉത്തരം ശേഖരിച്ച് അവരുടെ കൈയ്യക്ഷരത്തിൽതന്നെ എഴുതി അന്വേഷകനെ ഏൽപിക്കുന്നു. വിവരദാതാവ് നിരക്ഷരരാണെങ്കിലും ഈ രീതി ഉപയോഗിക്കാവുന്നതാണ്.

## (b) ദ്വിതീയദത്തം

മറ്റുള്ളവർ ഇതിനുമുൻപ് ഉണ്ടാക്കിയിട്ടുള്ള ദത്തങ്ങളെ നമ്മൾ ഉപയോഗിക്കുകയാണെങ്കിൽ അതിനെ ദ്വിതീയദത്തങ്ങൾ എന്നു വിളിക്കുന്നു. ഈ ദത്തം ആദ്യമായി ശേഖരിച്ച ഏജൻസിക്ക് അത് പ്രാഥമികദത്തവും മറ്റു ഉപയോക്താക്കൾക്ക് അവ ദ്വിതിയദത്തവുമാണ്.

### ദ്വിതിയദത്തത്തിന്റെ ഉറവിടങ്ങൾ

പ്രസിദ്ധികരിച്ചതോ പ്രസിദ്ധീകരിക്കപ്പെടാത്തതോ ആയ രൂപത്തിലാണ് ദ്വിതിയ ദത്തങ്ങൾ ലഭിക്കുന്നത്. താഴെപറയുന്ന ഉറവിടങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട രീതിയിൽ അവ ലഭ്യമാകുന്നു.

(a) പ്രസിദ്ധീകരിക്കപ്പെട്ടെ പത്രറിപ്പോർട്ടുകൾ, ആർ.ബി ഐ പ്രസിദ്ധീകരണങ്ങൾ

(b) വാണിജ്യസംഘടനകളുടെ പ്രസിദ്ധീകരണങ്ങൾ

(c) വാർഷികറിപ്പോർട്ടുകളിലെ സാമ്പത്തികദത്തം

(d) സെബി പ്രസിദ്ധീകരണങ്ങളിൽനിന്ന് ലഭ്യമാവുന്ന ദത്തം.

(e) ഔദ്യോഗികപ്രസിദ്ധീകരണങ്ങളിൽനിന്ന് കിട്ടുന്ന അറിവ്.

(f) ഐക്യരാഷ്ട്രസംഘടന, ലോകബാങ്ക് തുടങ്ങിയ അന്താരാഷ്ട്രസംവിധാനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(g) മറ്റുള്ളവ

പ്രസിദ്ധീകരിക്കാത്ത രൂപത്തിലുള്ള ദ്വിതീയദത്തം ലഭ്യമാവുന്നത്

(a) സർക്കാർ വകുപ്പുകളിലെ ആഭ്യന്തരറിപ്പോർട്ടുകൾ.

(b) സ്ഥാപനങ്ങൾ സൂക്ഷിച്ചുവക്കുന്ന റിപ്പോർട്ടുകൾ.

(c) സർവകലാശാലവിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഗവേഷണറിപ്പോർട്ടുകൾ.

## 17.4. ദത്തങ്ങളുടെ അവതരണം

പട്ടികാരൂപത്തിലോ ചോദ്യാവലിരൂപത്തിലോ ശേഖരിക്കപ്പെട്ട ദത്തം സ്വയം വിശദീകരണയോഗ്യമല്ല. അവ അസംസ്കൃതദത്തത്തിന്റെ രൂപത്തിലാണ്. അത് അർത്ഥപൂർണമാകണമെങ്കിൽ അവ പ്രദർശനാത്മകമാകണം. ക്രമാനുഗതമായരീതിയിൽ ദത്തത്തെ അവതരിപ്പിക്കാനുള്ള അടിസ്ഥാനമാർഗങ്ങൾ തരം തിരിക്കലും പട്ടികാരൂപത്തിലാക്കലുമാണ്.

### 17.4.1. തരം തിരിക്കൽ

ഒരേപോലെയുള്ളതും സാമ്യമുള്ളതുമായ ദത്തങ്ങളെ ഗണങ്ങളായോ, ഗ്രൂപ്പുകളായോ ക്രമീകരിക്കുന്ന പ്രക്രിയയാണ് തരംതിരിക്കൽ. സംഘടിപ്പിക്കപ്പെട്ട ദത്തങ്ങളുടെ മൗലികരൂപത്തെ അസംസ്കൃതദത്തങ്ങളെന്ന് വിളിക്കുന്നു.

## ചരങ്ങളും സവിശേഷതകളും

**ചരങ്ങൾ:** സമയത്തിന്റെയോ അളവിന്റെയോ മാനദണ്ഡത്തിൽ ദത്തങ്ങളെ തരം തിരിക്കുവാൻ സാധിക്കുമെങ്കിൽ അതിനെ ചരങ്ങൾ എന്നു വിളിക്കുന്നു. ഉയരം, ഭാരം, നീളം, ദൂരം തുടങ്ങിയവ ചരങ്ങൾക്ക് ഉദാഹരണങ്ങളാണ്. ചരങ്ങൾ സന്തതവും നിരന്തരവുമാകാം. സന്തതചരങ്ങൾക്ക് നിയതമായ മൂല്യവും അളവുമുണ്ട്. ഉദാഹരണത്തിന്, കുടുംബത്തിലെ കുട്ടികളുടെ എണ്ണം ഒരു സന്തതചരമാണ് കാരണം അവയെ വസ്തുതകളായി തരം തിരിക്കാനാവില്ല.

**പട്ടിക 17.4**

| കുടുംബത്തിലെ കുട്ടികളുടെ എണ്ണം | 0 | 1 | 2 | 3 | 4 |
|---|---|---|---|---|---|
| കുടുംബങ്ങളുടെ എണ്ണം | 4 | 8 | 20 | 38 | 10 |

ഈ പട്ടിക കാണിക്കുന്നത് 4 കുടുംബങ്ങളിൽ മക്കൾ ഇല്ല എന്നതാണ്. 8 കുടുംബങ്ങളിൽ ഒരു കുട്ടി വീതം ഉണ്ട്. ഇപ്രകാരം കുട്ടികളുടെ എണ്ണം ഒരു കുടുംബത്തിൽനിന്ന് മറ്റൊന്നിലേക്ക് വ്യത്യസ്തമായയുകൊണ്ട് നമ്മൾ ഇതിനെ ചരങ്ങൾ എന്ന് വിളിക്കുകയും X എന്ന പ്രതീകം ഉപയോഗിക്കുകയും ചെയ്യുന്നു. ഒരു ചരത്തിന് വ്യത്യസ്ത വിലകളാവാം. എത്ര വിലകൾ സ്വീകരിക്കുന്നു എന്നതാണ് അതിന്റെ ആവർത്തി. ചരങ്ങൾ (x) 0–3 ആണ് മൂല്യം, അവയുടെ ആവർത്തിയാണ് 4,8,20,38 തുടങ്ങിയവ.

ഇവിടെ ‘0’ 4 പ്രാവശ്യവും ‘1’ 8 പ്രാവശ്യവും എന്നിങ്ങനെ തുടരുന്നു.

ഒരു നിരന്തരചരത്തിൽ നേരെമറിച്ച് ഉയരം, ഭാരം, നീളം, ദൂരം തുടങ്ങിയവയുടെ അളവിലും മാനദണ്ഡത്തിലും തുടർച്ചയുണ്ട്. നിരന്തരചരങ്ങളെ നിരന്തരശ്രേണിയായി താഴെകൊടുത്തിരിക്കുന്ന രീതിയിൽ ക്രമീകരിക്കാം.

| ഉയരം | 60-62 | 62-64 | 64-66 | 66-68 |
|---|---|---|---|---|
| ഭടന്മാരുടെ എണ്ണം (ആവൃത്തി) | 100 | 200 | 110 | 80 |

ഉയരത്തിന്റെ പരിധിയും ആനുപാതികമായ ആവൃത്തിയും പട്ടികയിൽ കാണിച്ചിരിക്കുന്നു. 60 നും 62 നുമിടയിൽ ഉയരമുള്ള 100 ഭടന്മാർ 62 നും 64 നും ഇടയിൽ ഉയരമുള്ള 200 ഭടന്മാർ ഇപ്രകാരം നമ്മൾ ഇതിൽനിന്ന് മനസ്സിലാക്കുന്നു.

**സവിശേഷതകൾ:** സൗന്ദര്യം, ധൈര്യം, ബുദ്ധിശക്തി, മടി തുടങ്ങി കാലത്തിന്റെയോ അളവിന്റെയോ അടിസ്ഥാനത്തിൽ ദത്തങ്ങളായി തരംതിരിക്കാനാവാത്തവ സവിശേഷതകൾ (Attributes) എന്ന് അറിയപ്പെടുന്നു. സവിശേഷതകളെ ആഴത്തിൽ നിരീക്ഷണത്തിന് ബുദ്ധിമുട്ടാണ്. പരിമിതമായ ലക്ഷ്യങ്ങൾക്കുള്ള പഠനത്തിനായി ഇവയെ സംഖ്യാപരമാക്കാം.

**സംഖ്യാപരമായ ശ്രേണികൾ:** സാംഖികശാസ്ത്രത്തിൽ ദത്തങ്ങളെ ക്രമീകരിക്കാൻ 3 തരം ശ്രേണികൾ ഉണ്ട്.
**സ്വതന്ത്രശ്രേണികൾ:** ഈ ശ്രേണിയിൽ ഓരോ ഇനവും അവയുടെ ആനുപാതികമൂല്യത്തെ സ്വതന്ത്രമായി കാണിക്കുന്നു. ഓരോ ഇനത്തിനും സ്വതന്ത്രവും വ്യതിരക്തവുമായ നിലനിൽപുണ്ട്. മൗലികരൂപത്തിൽ അസംഘടിതമായ കൂട്ടായ ദത്തങ്ങളെ അസംസ്കൃത ദത്തങ്ങൾ എന്നും അസംഘടിത ദത്തങ്ങൾ എന്നും

വിളിക്കുന്നു. എന്നാൽ ആരോഹണക്രമത്തിലോ അവരോഹണക്രമത്തിലോ അവ ക്രമീകരിക്കുമ്പോൾ അതിനെ അരേ (array) എന്നു വിളിക്കുന്നു.

ഒരു അന്വേഷകന് ഒരു സ്കൂളിലെ 20 കുട്ടികൾക്ക് സാമ്പത്തികശാസ്ത്രത്തിന് 100ൽ കിട്ടിയ മാർക്ക് താഴെപറയുന്ന വിധത്തിലാണെന്ന് സങ്കൽപിക്കുക.

**പട്ടിക 17.5**

20 വിദ്യാർത്ഥികൾക്ക സാമ്പത്തികശാസ്ത്രത്തിന് 100 ൽ ലഭിച്ച മാർക്ക്

| | | | | |
|---|---|---|---|---|
| 40 | 50 | 35 | 40 | 48 |
| 50 | 80 | 70 | 75 | 47 |
| 45 | 75 | 90 | 60 | 57 |
| 60 | 50 | 80 | 55 | 73 |

മുകളിൽകൊടുത്തിരിക്കുന്ന ദത്തം ആരോഹണക്രമത്തിൽ (ചെറിയ സംഖ്യയിൽനിന്ന് വലിയ സംഖ്യലേക്ക് ) എന്ന ക്രമത്തിൽ താഴെകൊടുക്കുന്നു.

**പട്ടിക 17.6 ആരോഹണക്രമത്തിൽ ക്രമീകരിച്ചത് (നൂറിൽ)**

| | | | | |
|---|---|---|---|---|
| 35 | 47 | 50 | 60 | 75 |
| 40 | 48 | 55 | 70 | 80 |
| 40 | 50 | 57 | 73 | 80 |
| 45 | 50 | 60 | 75 | 90 |

മുകളിൽകൊടുത്തിരിക്കുന്ന ദത്തം അവരോഹണക്രമത്തിൽ (വലിയ സംഖ്യയിൽനിന്ന് ചെറിയ സംഖ്യലേക്ക് )എന്ന ക്രമത്തിൽ താഴെകൊടുക്കുന്നു.

**പട്ടിക 17.7 അവരോഹണക്രമത്തിൽ ക്രമീകരിച്ചത് (നൂറിൽ)**

| | | | | |
|---|---|---|---|---|
| 90 | 75 | 60 | 50 | 45 |
| 80 | 73 | 57 | 50 | 40 |
| 80 | 70 | 55 | 48 | 40 |
| 75 | 60 | 50 | 47 | 35 |

**അസന്തതശ്രേണികൾ:** ഇത്തരം ശ്രേണികളിൽ കൃത്യമായ തുടർച്ചാരീതിയിൽ ആനുപാതികമായ ആവൃത്തിയിലൂടെ വിന്യസിക്കുന്നു. ഇനങ്ങളുടേയോ, മൂല്യങ്ങളുടേയോ കൃത്യമായ ആവർത്തനത്തെയാണ് ആവൃത്തി എന്നു പറയുന്നത്. X എന്ന ഇനം 4 പ്രാവശ്യം ആവർത്തിച്ചാൽ അതിന്റെ ആവൃത്തി 4 ആണ്. സൈദ്ധാന്തികമായി ഈ ശ്രേണി ഉണ്ടാവുന്നത് അസന്തതചരങ്ങൾക്കാണ് എന്നിരുന്നാലും പ്രയോഗത്തിൽ സന്തതും അസന്തതവുമായ ചരങ്ങൾ പരസ്പരം ഇടകലർന്ന് ഉപയോഗിക്കുന്നു. അസന്തതശ്രേണിക്ക് ഉദാഹരണം താഴെകൊടുക്കുന്നു.

| മാർക്ക് | 30 | 30 | 30 | 30 | 30 | 30 | 30 | Total |
|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | 4 | 6 | 10 | 20 | 10 | 6 | 4 | 60 |

**സന്തതശ്രേണികൾ:** ഇത്തരം ശ്രേണികളിൽ താഴെകൊടുത്തിരിക്കുന്നതുപോലെ ഗ്രൂപ്പുകളായി തരംതിരിക്കാവുന്ന ഒരു കൂട്ടം ചരങ്ങളും അതിന് ആനുപാതികമായ ആവൃത്തികളും രൂപീകരിക്കുന്നു.

| x | 0-10 | 10-20 | 20-30 | 30-40 | 40-50 |
|---|---|---|---|---|---|
| f | 7 | 13 | 20 | 13 | 7 |

അന്തർലീനമോ, ബാഹ്യേതരമോ ആയ രീതികൾ ഉപയോഗിച്ചാണ് ഇത്തരം ശ്രേണികൾ നിർമിക്കുന്നത്. മുകളിൽകൊടുത്തിരിക്കുന്നത് എക്സ്ക്ലൂസിവ് സീരീസിന് ഉദാഹരണമാണ്. ഇൻക്ലൂസിവ് സീരീസ് ഗ്രൂപ്പിലെ ഉയർന്ന പരിധിക്ക് ആനുപാതികമായ ആവൃത്തി ഒരേ ഗ്രൂപ്പിൽ പെടുത്തുന്നു. എന്നാൽ എക്സ്ക്ലൂസിവ് സീരീസിൽ അതിനെ അടുത്ത ഗ്രൂപ്പിലേക്ക് പെടുത്തുന്നു.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 17.2

താഴെപറയുന്നവ ചരങ്ങളാണോ സവിശേഷതകളാണോ എന്ന കണ്ടെത്തുക?.

(i) ഒരു വിദ്യാർത്ഥിയുടെ ഉയരം
(ii) ഒരു പെൺകുട്ടിയുടെ സൗന്ദര്യം
(iii) ഒരു കുട്ടിയുടെ ബൗദ്ധികനിലവാരം
(iv) ഒരു കാറിന്റെ മൈലേജ്
(v) ശ്രീ. X ന്റെ ഭാരം

### 17.4.2 പട്ടികാരൂപത്തിലുള്ള അവതരണം

ദത്തങ്ങൾ ശേഖരിച്ചുകഴിഞ്ഞാൽ അവയെ തിരശ്ചീനമായും ലംബമായും ഒരു പട്ടികാരൂപത്തിൽ രേഖപ്പെടുത്തിയാൽ അവ ഉപകാരപ്രദമാവും.

ഒരു സാംഖികപട്ടിക അതിലുൾപെടുത്തിയിരിക്കുന്ന ചരങ്ങളുടെ എണ്ണമനുസരിച്ച് ലളിതമായതോ സങ്കീർണമായതോ ആവാം. ലളിതമായ ഒരു സാംഖികപട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 17.5**
**പട്ടികയുടെ ഒരു ഭാഗം**

| **ഉപശീർഷകം** | | **ശീർഷകം** | |
|---|---|---|---|
| | കോളം<br>I II | | കോളം<br>I II |
| നിരകൾ<br>നിരകൾ<br>നിരകൾ<br>ഉറവിടം: | | | |

കുറിപ്പുകൾ

ഇതുപോലുള്ള പട്ടികകൾ വിവിധ തരമാകാം. ചില ലളിതമായ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**ചിത്രീകരണം 1**

2010-11ൽ മൂന്നു വിഷയങ്ങൾക്കായി 840 വിദ്യാർത്ഥികൾ കോമേഴ്സിലും 660 പേർ സയൻസിലും 50 പേർ മാനേജ്മെന്റിലും ഉണ്ടായിരുന്നു.

ഓരോന്നിലും ആൺകുട്ടികളുടെ ശതമാനം യഥാക്രമം 40, 25, 20 എന്നിവയാണ്.

ഈ ദത്തങ്ങൾ പട്ടികാരൂപത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടിക 17.11**

| വിഷയം | വിദ്യാർത്ഥികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| കൊമേഴ്സ് | 336 | 504 | 840 |
| സയൻസ് | 165 | 495 | 660 |
| മാനേജ്മെന്റ് | 100 | 400 | 500 |
| **ആകെ** | **601** | **1399** | **2000** |

### 17.4.3. സാമ്പത്തികശാസ്ത്രത്തിലെ ദത്തങ്ങളുടെ ചിത്രങ്ങളിലൂടെയും ഗ്രാഫുകളിലൂടെയുമുള്ള അവതരണം

രണ്ടു ചരങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ദത്തങ്ങളെ ലളിതമായി ഗ്രാഫ് ഉപയോഗിച്ച് അവതരിപ്പിക്കാം. അത് സാധാരണയായി നേർരേഖയുടേയോ വക്രരേഖയുടെയോ രൂപത്തിലാവാം. ആവർത്തി വിഭജനരൂപത്തിലോ, ടൈം സീരീസ് രൂപത്തലുള്ളതോ ആയ ദത്തങ്ങളെ ഗ്രാഫിലൂടെ ലളിതമായി രേഖപ്പെടുത്താം.

ചിത്രങ്ങളിലൂടെയുള്ള അവതരണം ദത്തങ്ങളുടെ ജ്യാമൃതീയ അവതരണമാണ്. സങ്കീർണമായ ദത്തങ്ങളെ ചിത്രങ്ങളിലൂടെ ഒറ്റനോട്ടത്തിൽതന്നെ പ്രകടിപ്പിക്കാനാവുന്നു. ഏകമാന, ദ്വിമാന, ത്രിമാനതരത്തിലുള്ള ആരേഖങ്ങളുണ്ട്. ബാർ ചിത്രങ്ങൾ ഏകരേഖാമാനത്തിൽപെട്ടതാണ്. അതിന്റെ നീളമാണ് പ്രധാനപ്പെട്ടത്, വീതിയല്ല.

നമുക്ക് ഏകമാനചിത്രങ്ങളെക്കുറിച്ച് ചിന്തിക്കാം.

**ഏകമാനചിത്രങ്ങൾ**

ഏകമാനചിത്രങ്ങളെ ബാർ ആരേഖങ്ങൾ എന്ന വിളിക്കുന്നു. ഇവ പൊതുവായി കൂടുതലായി ഉപയോഗിക്കുന്നു. പല തരം ബാർ ഡയഗ്രങ്ങളുണ്ട്.

**ലളിതമായ ബാർ ഡയഗ്രം:** ഇവ വളരെ ലളിതമാണ് പക്ഷെ ഒരുതരം ചരങ്ങളെ മാത്രമേ ഇതിനെ ചിത്രീകരിക്കാനാവൂ. ലംബമായോ തിരശ്ചീനമയോ ആയ പ്രതലത്തിൽ ഇവയെ വരക്കാൻ സാധിക്കും. തിരശ്ചീനതലത്തിൽ ലംബരേഖകൾ വരച്ച് ഉപയോഗിക്കുന്നതാണ് പൊതുവെ കാണപ്പെടുന്നത്. ബാറുകൾ ഒരേ വിസ്തീർണമുള്ളതും തുല്യഅകലത്തിൽ സ്ഥാപിതവുമായിരിക്കണം.

തന്നിരിക്കുന്ന ദത്തങ്ങളിൽനിന്ന് ലളിതമായ ഒരു ബാർ ഡയഗ്രം എപ്രകാരം

നിർമിക്കാമെന്ന് നോക്കാം. വിവിധ വർഷങ്ങളിൽ ഭാരതത്തിൽ നടത്തിയ സർവേയിൽനിന്ന് ലഭിച്ച ജനനനിരക്ക് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു. ഈ അറിവ് ലളിതമായ ബാർഡയഗ്രമായി അവതരിപ്പിച്ചിരിക്കുന്നു.

**പട്ടിക 17.12**

| വർഷം | 1931-40 | 1941-50 | 1951-60 | 1961-70 | 1971-80 | 1981-90 |
|---|---|---|---|---|---|---|
| ജനന നിരക്ക് | 45 | 35 | 30 | 28 | 24 | 20 |





**Fig. 17.1 ഭാരതത്തിലെ ജനന നിരക്ക്**

ദത്തങ്ങൾ ഗ്രാഫ് രൂപത്തിലും ചിത്രീകരിക്കാം. സാമ്പത്തികശാസ്ത്രത്തിലും, സാംഖികശാസ്ത്രത്തിലും വിലകൾ സമയം, ബന്ധം, ആവൃത്തി എന്നിങ്ങനെയാകാം. ടൈംസീരീസ് ഗ്രാഫിൽ x അക്ഷത്തിൽ സമയവും y അക്ഷത്തിൽ ചരങ്ങളും രേഖപ്പെടുത്തുന്നു. മുഴുവൻ ദത്തവും ഉൾപെടുത്തുന്നവിധം അനുയോജ്യമായ സ്കെയിൽ ഓരോ അക്ഷത്തിനും തീരുമാനിക്കേണ്ടത് ആവശ്യമാണ്. രണ്ടു അക്ഷങ്ങളുടേയും സ്കെയിൽ വ്യത്യസ്തമാകാം.

### ചിത്രീകരണം 2

ഒരു സ്കൂളിലെ 5 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

**പട്ടിക 17.13**

| വർഷം | 2007 | 2008 | 2009 | 2010 | 2011 |
|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | 1000 | 2500 | 3800 | 4500 | 5200 |

ഈ ദത്തങ്ങളെ ഒരു ഗ്രാഫ് രൂപത്തിൽ അവതരിപ്പിക്കാം.





**Fig. 17.1 വിദ്യാർത്ഥികളുടെ പ്രവേശനം 2007–11**

## നിങ്ങൾ എന്താണ് പഠിച്ചത്

- വരുമാനം, ജനസംഖ്യ, വിലകൾ തുടങ്ങി സംഖ്യാപരമായ വിവരത്തെയാണ് ദത്തമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
- സാംഖികം/ദത്തം എന്നത് മുൻകൂട്ടി തീരുമാനിച്ച ലക്ഷ്യങ്ങൾക്കുവേണ്ടി, ന്യായമായ കൃത്യതയോടെ ശേഖരിച്ച്, നിശ്ചിതമായ പരിധിവരെ സ്വാധീനിക്കുന്ന വിവിധ കാരണങ്ങളാൽ പരസ്പരബന്ധിതമായി അവതരിപ്പിച്ച് സംഖ്യാപരമായി പ്രകടിപ്പിക്കാവുന്ന വസ്തുതകളുടെ കൂട്ടമാണ്.
- ദേശീയവരുമാനം തിട്ടപ്പെടുത്താൻ ഒരു രാജ്യത്തെ കേന്ദ്രബാങ്കിനെ സഹായിക്കാൻ, ഫിസ്കൽ നയരൂപീകരണത്തിന്, സാമ്പത്തികാസൂത്രണത്തിന് ഇവക്കെല്ലാം ദത്തങ്ങൾ പ്രധാനപ്പെട്ടതാണ്.
- സർവേയിലൂടെ പ്രഥമമായി സ്വീകരിക്കുന്ന ദത്തത്തെ പ്രാഥമികദത്തമെന്ന് വിളിക്കുന്നു.
- മറ്റുള്ളവരാൽ മുന്നേ ശേഖരിക്കപ്പെട്ട ദത്തങ്ങളെ ദ്വിതീയദത്തങ്ങളെന്ന് വിളിക്കുന്നു.
- പ്രാഥമികദത്തങ്ങൾ ശേഖരിക്കാൻ (i) വ്യക്തിപരമായ നേരിട്ടുള്ള അന്വേഷണം (ii) പരോക്ഷമായ അന്വേഷണങ്ങൾ. (iii) പ്രതിനിധികളിലൂടെ

  (iv)ചോദ്യാവലി അയച്ചുകൊണ്ട്. (v) പട്ടിക ഉപയോഗിച്ച്.
- ദ്വിതിയദത്തത്തിന്റെ ഉറവിടങ്ങൾ പ്രസിദ്ധികരിച്ചതോ പ്രസിദ്ധീകരിക്കപ്പെടാത്തതോ ആയ രൂപത്തിലാണ്. ദത്തങ്ങളെ സന്തതശ്രേണികളായോ, അസന്തുലിതകൂട്ടങ്ങളായോ ഗ്രാഫ്, ഡയഗ്രം എന്നിവയിലൂടെയും തരംതിരിച്ച് അവതരിപ്പിക്കാം.
- ദത്തങ്ങളെ ലളിതമായ ബാർ ഡയഗ്രത്തിലൂടെയും അവതരിപ്പിക്കാം.

## ടേമിലെ ചോദ്യങ്ങൾ

1. ദത്തമെന്തെന്ന് നിർവചിക്കുക. പ്രാഥമികദത്തങ്ങളെ എങ്ങനെയാണ് ശേഖരിക്കുന്നത്?

2. പ്രാഥമികദത്തവും ദ്വിതീയദത്തവും തമ്മിലുള്ള വ്യത്യാസമെന്ത്?
3. ചരങ്ങളും സവിശേഷതകളും തമ്മിലുള്ള വ്യത്യാസമെന്ത്?
4. തരം തിരിക്കൽ എങ്ങനെയെന്ന് വിശദമാക്കുക?
5. ദത്തങ്ങൾ അവതരിപ്പിക്കാൻ താഴെ പറയുന്ന രീതികൾ വിശദമാക്കുക?

(a) പട്ടികാവതരണം (b) ഡയഗ്രം

6. ലളിതമായ ബാർ ഡയഗ്രം നിർമിക്കുക?

| സംസ്ഥാനം | മാനേജ്മെന്റ് കോളേജുകളുടെ എണ്ണം |
|---|---|
| രാജസ്ഥാൻ | 200 |
| പഞ്ചാബ് | 400 |
| ഗുജറാത്ത് | 150 |

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരം

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 17.1

(i) അല്ല (ii) അല്ല (iii) അല്ല (iv) അതേ.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 17.2

(i) ചരം (ii) സവിശേഷത (iii) സവിശേഷത (iv) ചരം (v) ചരം

# 18

# ദത്തങ്ങളുടെ വിശകലനം

സാമ്പത്തികദത്തം സാംഖികരീതികളുടെ സഹായത്താലാണ് പൊതുവ പഠിക്കുന്നത്. സാംഖികശാസ്ത്രത്തിൽ ദത്തങ്ങളുടെ ശേഖരിക്കൽ, തരം തിരിക്കൽ, പട്ടികാരൂപത്തിലാക്കൽ, പ്രതിഭാസങ്ങളുടെ താരതമ്യം, വിവരണം, വിശദീകരണം എന്നിവയല്ലാം ഉൾപ്പെടുന്നു. ഏകവചനാർത്ഥത്തിൽ സാംഖികം എന്നത് വിവരണാത്മകവും ഉള്ളടക്കവും ഉള്ള ഒരു ശാസ്ത്രീയവിഷയമാണ്. വിവരണാത്മകസാംഖികം പൂർണമായ തലത്തിലുള്ള ശാസ്ത്രീയ അന്വേഷണമാണ്. ഏതൊരു തരത്തിലുള്ള ശാസ്ത്രീയാന്വേഷണത്തിലും ആ വിവിധ മാർഗങ്ങളിലൂടെ വസ്തുതകൾ ശേഖരിക്കുക എന്നതാണ് ആദ്യപടി. വിവരദാതാവിൽ നിന്നും ശേഖരിച്ച വസ്തുതകളെ എഡിറ്റ് ചെയ്യുന്നു. പിന്നീട് ഈ വസ്തുതകളെ പട്ടികകൾ, ഗ്രാഫ്, ഡയഗ്രം തുടങ്ങിയവയുടെ സഹായത്താൽ അവതരിപ്പിക്കുന്നു. സംഖ്യാപരമായ അറിവുകളും സാംഖികമായി വിശകലനം ചെയ്യുന്നു. പ്രതിനിധാനം ചെയ്യുന്ന സംഖ്യകൾ അവ പഠിക്കുന്ന പശ്ചാത്തലത്തിൽ വ്യാഖ്യാനം ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- *കേന്ദ്രീയ പവണത എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കൽ;*
- *അനുദിനജീവിതത്തിൽ ശരാശരി എന്ന ആശയം ഉപയോഗിക്കൽ;*
- *വിവിധ ശ്രേണികളുടെ സമാന്തരമാധ്യം കണക്കാക്കൽ;*
- *സമാന്തരമാധ്യം കണക്കാക്കാൻ വ്യത്യസ്തരീതികൾ ഉപയോഗിക്കാൻ.*

## 18.1 കേന്ദ്രീയപ്രവണതയുടെ അർത്ഥം

ദത്തങ്ങൾ ശേഖരിച്ച്, ക്രമീകരിച്ച്, അവതരിപ്പിച്ചുകഴിഞ്ഞാൽ അവയെ വിശകലനം ചെയ്യണം ദത്തങ്ങളുടെ വിശകലനം എന്നത് സംഖ്യാദത്തങ്ങളിൽനിന്നും നിർണായകമായ വസ്തുതകൾ അടർത്തിയെടുക്കുന്ന വിദ്യയാണ്. മൊത്തം ദത്തങ്ങളുടെ സ്വഭാവസവിശേഷതകൾ വിവരിക്കാനുതകുന്ന ലഘുവായ മൂല്യം ലഭിക്കുക എന്നത് സാംഖികവിശകലനത്തിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. സാംഖികത്തിൽ വിവിധങ്ങളായ കാരണങ്ങളാൽ ബാധിതമായ ചില പ്രത്യേക പ്രശ്നങ്ങൾ നമ്മൾ കൈകാര്യം ചെയ്യുന്നു. നമ്മൾ എത്തിചേരുന്ന ഏതൊരു നിഗമനവും വിവിധ കാരണങ്ങളുടെ സംഘടിതമായ പ്രവർത്തനത്തിന്റെ ഫല

മാണ്. എന്നിരുന്നാലും  അസംസ്കൃതദത്തങ്ങളിൽനിന്ന് പ്രതിനിധാന്മകമായ മൂല്യത്തെ കണ്ടെത്തുകയാണ് ദത്തവിശകലനത്തിന്റെ ആദ്യപടി.  ഇതിനെ ശരാശരി അഥവാ സമാന്തരമാധ്യം എന്ന്വിളിക്കുന്നു.

ആദ്യം അസംസ്കൃതദത്തങ്ങളെ ക്രോഡീകരിച്ച് ആവർത്തിപട്ടികയാക്കി മാറ്റുന്നു. വിവരണാത്മകസാംഖികത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്ന് ദത്തങ്ങളുടെ ഏറ്റവും പ്രതിനിധാത്മകമായ മൂല്യം കണ്ടെത്തുക എന്നതാണ്. ഈ പ്രതിനിധാത്മകമായ മൂല്യത്തെ ശരാശരി അഥവാ മാധ്യം എന്ന് വിളിക്കുന്നു. ഇത് എല്ലാത്തിനെയും പ്രതിനിധാനം ചെയ്യുന്ന ലളിതമായ മൂല്യമാണ്. ഇതിനെ കേന്ദ്രീയപ്രവണതയുടെ അളവുകോൽ എന്നും വിളിക്കുന്നു. അങ്ങനെ ശരാശരി എന്നത് വിവരണാത്മകസാംഖികമാണ് അവക്ക് കേന്ദ്രീയപ്രവണതയിലേക്ക് ചായ്‌വുണ്ട്. ദത്തങ്ങൾക്ക് ഒരു പ്രത്യേകദിശയിലേക്ക് ചലിക്കുവാനുള്ള പ്രവണതയുണ്ടെന്നത് അംഗീകരിച്ചിട്ടുള്ള  വസ്തുതയാണ്.

**ദത്തങ്ങൾക്ക് കേന്ദ്രീയമൂല്യത്തിലേക്ക് ഒന്നിച്ചുകൂടുവാനുള്ള പ്രവണതയെയാണ് കേന്ദ്രീയപ്രവണത എന്ന് വിളിക്കുന്നത്.**

ഒരു കൂട്ടം ദത്തങ്ങളുടെ ശരാശരി മൂല്യം കണ്ടുപിടിക്കുന്നതിന്റെ ഉദ്ദേശം ഒരു ലളിതമായ മൂല്യത്തിന് എല്ലാത്തിനെയും പ്രതിനിധീകരിക്കാനും  ലളിതമായും വേഗത്തിലും അവയെ മനസ്സിലാക്കാനുള്ള  പ്രവണത മൂലവുമാണ്.  ഈ ഒരൊറ്റ മൂല്യത്തിൽ  എല്ലാ ചരങ്ങളും കേന്ദ്രീകരിക്കപ്പെടുന്നു.

നമ്മുടെ അനുദിനചർച്ചകളിൽ മിക്കവാറും നമ്മൾ ശരാശരി എന്ന പദം ഉപയോഗിക്കുന്നു. ഒരാൾ  ആറു വിഷയങ്ങൾക്കായി 100 ൽ അയാളുടെ ശരാശരി മാർക്ക് 76 ആണ് എന്ന് അവകാശപ്പെട്ടാൽ അയാൾക്ക് ആകെ 456 മാർക്ക് (76 X 06) അയാൾ നേടി.  ഉദാഹരണത്തിന് സച്ചിൻ ഒരു സീരീസിലെ 5 ഇന്നിംഗ്സിലൂടെ സ്കോർ ചെയതത് 59, 78,1 00, 50, 63 എന്നിങ്ങനെ ആണെങ്കിൽ ആകെ 350 റൺസ് നേടി. ശരാശരി സ്കോർ 350/5 = 70 ആണ് സച്ചിൻ ഒരു ഇന്നിംഗ്സിലും കൃത്യം 70 റൺ ഒരിക്കലും സ്കോർ ചെയ്തില്ല. എന്നാൽ 5 ഇന്നിംഗ്സിലുംകൂടി ലഭിച്ച സ്കോറിനെ പ്രതിനിധാനം ചെയ്യുന്ന ഒരു ശരാശരിയാണിത്.

ഒരു കൂട്ടം നിരീക്ഷണങ്ങളുടെ ശരാശരി കണ്ടുപിടിക്കുന്നതിന്റെ ഉദ്ദേശം അവയെല്ലാത്തിനെയും പ്രതിനിധാനം ചെയ്യുന്ന ലളിതവും എളുപ്പം മനസ്സിലാക്കാൻ പറ്റുന്നതുമായ ഒരൊറ്റ മൂല്യം കിട്ടുക എന്നതാണ്.

## 18.2 ശരാശരികളുടെ ഉദ്ദേശവും ധർമവും

- ശേഖരിച്ച അറിവും അസംസ്കൃതദത്തവും ചുരുക്കത്തിൽ പരിവർത്തനം ചെയ്യാൻ
- രണ്ടോ അതിലധികമോ ഗ്രൂപ്പുകളുടെ താരതമ്യം സുഗമമാക്കാൻ
- അസംസ്കൃത ദത്തങ്ങളുടെ ആനുപാതികമൂല്യം അവതരിപ്പിക്കാൻ
- ഭാവി നയങ്ങളും പദ്ധതികളും സുഗമമാക്കാൻ

## 18.3 സമാന്തരമാധ്യം കേന്ദ്രീയപ്രവണതയുടെ അളവുകോൽ

വിവിധ തരത്തിലുള്ള കേന്ദ്രീയപ്രവണതകളുണ്ട്. സമാന്തരമാധ്യം അതിൽ ഒന്നാണ്.

സമാന്തരമാധ്യം ലഭിക്കുന്നത് ആകെയുള്ളവയെ എണ്ണം കൊണ്ട് ഹരിച്ചാണ്. സംഖ്യാപരമായി പറഞ്ഞാൽ

$$\bar{x} = \frac{x}{N}$$

x = ചരം

x = ചരങ്ങളുടെ തുക

N = ചരങ്ങളുടെ എണ്ണം

X = സമാന്തരമാധ്യം

സാധാരണഭാഷയിൽ സമാന്തരമാധ്യം എന്നത് ശരാശരിയായിട്ടാണ് അറിയപ്പെടുന്നത്. ഇത് കണ്ടുപിടിക്കാൻ എളുപ്പമാണ്. ഉദാഹരണത്തിന് ഒരു ക്ലാസ്സിൽ 10 വിദ്യാർത്ഥികൾ ഉണ്ടെന്ന് കരുതുക. അവർക്ക് സാമ്പത്തികശാസ്ത്രത്തിന് 10 ൽ ലഭിച്ച മാർക്ക് താഴെകൊടുക്കുന്നു.

| വിദ്യാർത്ഥി | A | B | C | D | E | F | G | H | I | J |
|---|---|---|---|---|---|---|---|---|---|---|
| മാർക്ക് | 2 | 7 | 10 | 8 | 6 | 3 | 5 | 4 | 5 | 0 |

ഇവിടെ X എന്നത് സാമ്പത്തികശാസ്ത്രത്തിന് ലഭിച്ച മാർക്ക് ആണ്. ഇവയുടെ തുക കണ്ടുപിടിക്കാം. 2+7+10+8+6+3+5+4+5+0 = 50

10 വിദ്യാർത്ഥികൾക്കും കൂടി ആകെ 50 മാർക്ക് ($\Sigma x$ ) ലഭിച്ചു. വിദ്യാർത്ഥികളുടെ എണ്ണം (N) 10, അതുകൊണ്ട് ശരാശരി മാർക്ക് 50/10 = 5

മറ്റു വാക്കുകളിൽ,

$$\bar{x} = \frac{x}{N} = \frac{50}{10} = 5$$

## പാഠ്യഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 18.1

1. കേന്ദ്രീയപ്രവണതക്ക് ഒരു ഉദാഹരണം പറയുക?
2. മാധ്യം കണ്ടുപിടിക്കുന്നതിനുള്ള അടിസ്ഥാനമസമവാക്യം ഏത്?
3. ചരങ്ങളുടെ തുക 40 ഉം മാധ്യം 4 ഉം ആയാൽ ചരങ്ങളുടെ എണ്ണം എത്ര?
4. രാജുവിന്റെ ഒരു ആഴ്ചത്തെ പഞ്ചസാരയുടെ ഉപഭോഗം 35 കിലോ, എങ്കിൽ ശരാശരി ദൈനംദിന ഉപഭോഗം എത്ര?
5. 10 വിദ്യാർത്ഥികളുടെ ശരാശരി മാർക്ക 50 ആണെങ്കിൽ 5 മാർക്ക് ലഭിച്ച ഒരു വിദ്യാർത്ഥിയെകൂടി ചേർത്താൽ പുതിയ ശരാശരി എത്ര?

## 18.4 വിവിധ ശ്രേണികളിൽ സമാന്തരമാധ്യം കണ്ടു പിടിക്കുന്ന രീതി

17-ാം അദ്ധ്യായത്തിൽ വിവരിച്ചതുപോലെ ദത്തങ്ങളെ വിവിധ തരം ശ്രേണികളായി ക്രമീകരിക്കാം. അവ സ്വതന്ത്രശ്രേണി, അസന്തതശ്രേണി, സന്തതശ്രേണി എന്നിവയാണ്. വിവിധശ്രേണികളിൽ സമാന്തരമാധ്യം കണ്ടുപിടിക്കുന്ന രീതി താഴെകൊടുക്കുന്നു.

A. സ്വതന്ത്രശ്രേണി (Individual series) സമാന്തരമാധ്യവും മാധ്യവും എല്ലാ സാഹചര്യത്തിലും കണ്ടുപിടിക്കാൻ മുൻ സമവാക്യം ഉപയോഗപ്രദമാണ്. എന്നാൽ സങ്കീർണമായ ദത്തങ്ങൾക്ക് ലളിതരീതിയാണ് ഉപയോഗിക്കുന്നതെങ്കിൽ മുൻസമവാക്യം താഴെപറയുന്നരീതിയിൽ വിപുലമാക്കാം.

$$\bar{x} = A + \frac{dx}{N}$$

ഇവിടെ A സാങ്കൽപികമാധ്യവും dx സാങ്കൽപികമാധ്യത്തിൽനിന്ന് വ്യതിചലിക്കുന്ന x ഉം N ചരങ്ങളുടെ എണ്ണവമാണ്.

**ചിത്രീകരണം 1.** 10 വിദ്യാർത്ഥികൾക്ക് 30 ൽ കിട്ടിയ താഴെപറയുന്ന മാർക്കിന്റെ സമാന്തരമാധ്യം കണ്ടുപിടിക്കുക.

x : 4, 3, 8, 9, 12, 10, 25, 10, 21, 30

x = മാർക്ക്

**ഉത്തരം**

## (a) പ്രത്യക്ഷരീതി (direct method)

x : 4 + 3 + 8 + 9 + 12 + 10 + 25 + 10 + 21 + 30 = 122

$$\bar{x} = \frac{x}{N} = \frac{122}{10} = 12.2$$

## (b) ലളിതരീതി (shortcut method)

| x മാർക്ക് | dx = x - A<br>A = 12 = x - 12 |
|---|---|
| 4 | -8 |
| 3 | -9 |
| 8 | -4 |
| 9 | -3 |
| 12 | 0 |
| 10 | -2 |
| 25 | +13 |
| 10 | -2 |
| 21 | +9 |
| 20 | +9 |
| x = 122 | dx = 2 |

സാങ്കൽപികമാധ്യം 12 എന്ന് സങ്കൽപിക്കുക (A)

$$\bar{x} = A + \frac{dx}{N} = 12 + \frac{2}{10}$$

$$\bar{x} = 12 + 0.2 = 12.2$$

കുറിപ്പുകൾ

## B. സന്തതശ്രേണി (Discrete Series)

സന്തതശ്രേണിയിൽ സമാന്തരമാധ്യം കണ്ടുപിടിക്കാൻ താഴെകൊടുത്തിരിക്കുന്ന സമവാക്യം ഉപയോഗിക്കാം.

### (a) പ്രത്യക്ഷരീതി (Direct Method)

$$\bar{x} = \frac{fdx}{N}$$

N = ആവൃത്തികളുടെ തുക

### (b) ലളിതരീതി (Shortcut Method)

$$\bar{x} = A + \frac{fdx}{N}$$

**ചിത്രീകരണം 2.** താഴെകൊടുത്തിരിക്കുന്ന ദത്തത്തിന്റെ സമാന്തരമാധ്യം കണ്ടുപിടിക്കുക.

| ഒരു കുടുംബത്തിലെ കുട്ടികളുടെ എണ്ണം | 0 | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|---|
| കുടുംബങ്ങളുടെ എണ്ണം | 13 | 17 | 20 | 40 | 20 | 17 | 13 |

**ഉത്തരം**

### (a) പ്രത്യക്ഷരീതി

x = കുടുംബങ്ങളുടെ എണ്ണം
f = കുട്ടികളുടെ എണ്ണം

| x | f | fx |
|---|---|---|
| 0 | 13 | 0 |
| 1 | 17 | 17 |
| 2 | 20 | 40 |
| 3 | 40 | 120 |
| 4 | 20 | 80 |
| 5 | 17 | 85 |
| 6 | 13 | 78 |
| | 140 | 420 |

$$\bar{x} = \frac{fdx}{N} = \frac{420}{140} = 3$$

ശരാശരി 3 ആയതിനാൽ ഓരോ കുടുംബത്തിനും 3 കുട്ടികൾ വീതം ഉണ്ട് എന്ന് കാണിക്കുന്നു.

## (b) ലളിതരീതി (Shortcut Method)

| x | f | dx = (x - A) A = 2 | fdx |
|---|---|---|---|
| 0 | 13 | -2 | -26 |
| 1 | 17 | -1 | -17 |
| 2 | 20 | 0 | 0 |
| 3 | 40 | +1 | 40 |
| 4 | 20 | +2 | 40 |
| 5 | 17 | +3 | 51 |
| 6 | 13 | +4 | 52 |
| | 140 | | +183 |
| | | | -43 |
| | | | 140 |

$$\bar{x} = A + \frac{fdx}{N} = 2 + \frac{140}{140} = 3$$

## (C) അസന്തതശ്രേണി (Continuos Series)

അസന്തതശ്രേണിയിൽ സമാന്തരമാധ്യം കണ്ടുപിടിക്കാൻ താഴെകൊടുത്തിരിക്കുന്ന മൂന്നു രിതികൾ ഉപയോഗിക്കാം.

## (a) പ്രത്യക്ഷരീതി (Direct Method)

$$\bar{x} = \frac{fdx}{N}$$

## (b) ലളിതരീതി (Shortcut Method)

X = ഒരു ക്ലാസ്സിന്റെ മധ്യമൂല്യം

$$\bar{x} = A + \frac{fdx}{N}$$

## (b) ലളിതരീതി (Shortcut Method)

$$\bar{x} = A + \frac{fdx}{N} \times C$$

ഇവിടെ C = ഒരു പൊതു ഘടകം

അസന്തതശ്രേണിയിൽ സമാന്തരമാധ്യം കണ്ടുപിടിക്കുന്നത് താഴെകൊടുത്തിരിക്കുന്ന ഉദാഹരണത്തിലൂടെ വിശദമാക്കാം.

**ചിത്രീകരണം 3.** ഒരു സ്കൂളിലെ 300 വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക്

| x (മാർക്ക്) | 0-10 | 10-20 | 20-30 | 30-40 | 40-50 | 50-60 | 60-70 |
|---|---|---|---|---|---|---|---|
| f (വിദ്യാർത്ഥികളുടെ എണ്ണം) | 23 | 27 | 40 | 120 | 40 | 27 | 23 |

**ഉത്തരം**

$$x = \frac{L_1 + L_2}{2},\ \frac{0+10}{2},\ \frac{10+20}{2},\ \frac{20+30}{2},\ \frac{40+50}{2},$$

$$\frac{50+60}{2},\ \frac{60+70}{2}$$ അതായത്, 5, 15, 25, 35, 45, 55, 65

ഇവിടെ $L_1$ ഓരോ ക്ലാസിന്റെയും താഴ്ന്ന പരിധിയും $L_2$ ഉയർന്ന പരിധിയുമാണ്.

**(a) പ്രത്യക്ഷരീതി**

| x | $x = \frac{l_1 + l_2}{2}$ | f | fx |
|---|---|---|---|
| 0-10 | 5 | 23 | 115 |
| 10-20 | 15 | 27 | 405 |
| 20-30 | 25 | 40 | 1000 |
| 30-40 | 35 | 120 | 4200 |
| 40-50 | 45 | 40 | 1800 |
| 50-60 | 55 | 27 | 1485 |
| 60-70 | 65 | 23 | 1495 |
| | | 300 | 10500 |

$$\bar{x} = \frac{fx}{N} = \frac{10500}{300} = 35$$

## (b) ലളിതരീതി

(i) വ്യതിയാന മാർഗ്ഗം ഇല്ലാതെ

| x | f | MV(x) | dx(x - A) A = 25 | fdx |
|---|---|---|---|---|
| 0-10 | 23 | 5 | -20 | -460 |
| 10-20 | 27 | 15 | -10 | -270 |
| 20-30 | 40 | 25 | 0 | 0 |
| 30-40 | 120 | 35 | +10 | 1200 |
| 40-50 | 40 | 45 | +20 | 800 |
| 50-60 | 27 | 55 | +30 | 810 |
| 60-70 | 23 | 65 | +40 | 920 |
| | 300 | | | 3000 |

$$\bar{x} = A + \frac{fdx}{N} = 25 + \frac{3000}{300} = 25 + 10 = 35$$

Σ

## (b) ലളിതരീതി

(ii) വ്യതിയാന മാർഗ്ഗം ഉൾപ്പെടുത്തി

| x | MVx | f | dx(x - A) A = 25 | $35dx^{1}_{L=1} = \frac{dx}{10}$ | $fdx^{1}$ |
|---|---|---|---|---|---|
| 0-10 | 5 | 23 | -20 | -2 | -46 |
| 10-20 | 15 | 27 | -10 | -1 | -27 |
| 20-30 | 25 | 40 | 0 | 0 | 0 |
| 30-40 | 35 | 120 | +10 | +1 | 120 |
| 40-50 | 45 | 40 | +20 | +2 | +80 |
| 50-60 | 55 | 27 | +30 | 3 | 81 |
| 60-70 | 65 | 23 | +40 | 4 | 92 |
| | | 300 | | | 300 |

$$\bar{x} = A + \frac{fdx}{N} x\ c = 25 + \frac{300}{300} = x\ 10 = 35$$

## 18.6 സമാന്തരമാധ്യം ഉപയോഗിക്കുന്നതിനുള്ള മുൻകരുതലുകൾ

സമാന്തരമാധ്യം ഉപയോഗിക്കുമ്പോൾ രണ്ടു പ്രധാനപ്പെട്ട് മുൻകരുതലുകൾ ഉണ്ടാവണം.

1. സമാന്തരമാധ്യം ഒരു സൈദ്ധാന്തികമൂല്യമാണ്, അത് യഥാർത്ഥവസ്തുതകൾ നൽകുന്നില്ല എന്നത് പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണത്തിന് 10 കുടുംബങ്ങളിലായി 27 കുട്ടികൾ ആകെ ഉണ്ടെന്ന് കരുതുക. ഓരോ കുടുംബത്തിന്റെയും ശരാശരി കുട്ടികളുടെ എണ്ണം 2.7 (27/10). ഇത് യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. ഒരു കുടുംബത്തിൽ കുട്ടികൾ 2 അല്ലെങ്കിൽ 3 ആകാം. ഒരിക്കലും 2.7 ആവില്ല.
2. സമാന്തരമാധ്യം ഒരിക്കലും ഗുണപരമായ സത്യസന്ധത, ധൈര്യം, വിശ്വസ്തത, സൗന്ദര്യം മുതലായ സവിശേഷതകൾ ആവില്ല.

### പാഠപുസ്തകത്തിൽനിന്നുള്ള ചോദ്യങ്ങൾ 18.2

1. 4,6,3,7,8,2,5 ഈ ദത്തങ്ങളിൽനിന്ന് സമാന്തരമാധ്യം കണ്ടുപിടിക്കുക.
2. താഴെകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്ന് സമാന്തരമാധ്യം കണ്ടുപിടിക്കുക.

| മാർക്ക് (5ൽ) | 0 | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 3 | 7 | 8 | 5 | 3 | 4 |

2. ഒരു ഗ്രൂപ്പിൽനിന്നുള്ള സാമ്പത്തികമാധ്യത്തിന്റെ വ്യതിയാനങ്ങളുടെ തുക 50 സാങ്കല്പികമാധ്യം 20 ആയാൽ അതിന്റെ യഥാർത്ഥമാധ്യം എന്ത്?

### നിങ്ങൾ എന്താണ് പഠിച്ചത്

- ഒരു കേന്ദ്രീയസ്ഥാനത്തേക്കോ മൂല്യത്തിലേക്കോ ഒത്തുചേരുവാനുള്ള ദത്തങ്ങളുടെ പ്രവണതയാണ് കേന്ദ്രീയപ്രവണത.
- ദത്തങ്ങളുടെ കൂട്ടത്തെ പ്രതിനിധാനം ചെയ്യുന്ന മൂല്യമാണ് ശരാശരി എന്നത്.
- കേന്ദ്രീയ പ്രവണതയുടെ അളവുകോൽ ആയി പൊതുവേ ഉപയോഗിക്കുന്ന ഒരു സംഖ്യാപരമായ ശരാശരിയാണ് സമാന്തരമാധ്യം.
- ചരങ്ങളുടെ തുകയെ ചരങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്നതാണ് സമാന്തരമാധ്യം;

$$\overline{x} = \frac{x}{N}$$

x = ചരം

x = ചരങ്ങളുടെ തുക

N = ചരങ്ങളുടെ എണ്ണം

$\overline{X}$ = സമാന്തരമാധ്യം

- വിവിധ സമവാക്യങ്ങളുപയോഗിച്ച് സ്വതന്ത്രശ്രേണി, സന്തതശ്രേണി, അസന്തതശ്രേണി എന്നിവയുടെ സമാന്തരമാധ്യം കണ്ടുപിടിക്കാൻ സാധിക്കും.

## ടേമിലെ പരിശീലനം

1. ദത്തങ്ങളുടെ വിശകലനം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
2. വിശദീകരണവിശകലനം എന്നതിന്റെ അർത്ഥമെന്ത്?
3. കേന്ദ്രീയപ്രവണത എന്ന ആശയം വിശദമാക്കുക?.
4. സമാന്തരമാധ്യം എന്നതിന്റെ അർത്ഥമെന്ത്? എങ്ങനെയാണ് അത് കണ്ടുപിടിക്കുന്നത്?
5. സമാന്തരമാധ്യം എന്തെന്ന് നിർവചിക്കുക? അത് എന്താണ് പ്രതിഫലിപ്പിക്കുന്നത്?
6. കേന്ദ്രീയപ്രവണത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
7. താഴെകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്ന് മാധ്യം കണ്ടുപിടിക്കുക.
   7,4,14,19,11,16,15,14,9,11
8. താഴെകൊടുത്തിരിക്കുന്ന ചരങ്ങളും കൂടി മുമ്പത്തെ ദത്തങ്ങളോട് ചേർത്താൽ പുതിയ മാധ്യം എന്തായിരിക്കും? 18,14,14,8,10,21
9. താഴെകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്ന് സമാന്തരമാധ്യം കണ്ടുപിടിക്കുക.

| x | f |
|---|---|
| 0 | 1 |
| 1 | 13 |
| 2 | 20 |
| 3 | 40 |
| 4 | 40 |
| 5 | 13 |
| 6 | 7 |

10. താഴെകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്ന് സമാന്തരമാധ്യം കണ്ടുപിടിക്കുക.

| x | f |
|---|---|
| 0-10 | 5 |
| 10-20 | 15 |
| 20-30 | 20 |
| 30-40 | 25 |
| 40-50 | 20 |
| 50-60 | 15 |
| 60-70 | 5 |

11. താഴെകൊടുത്തിരിക്കുന്ന ദത്തങ്ങളിൽനിന്ന് മാധ്യം കണ്ടുപിടിക്കുക.

| x | f |
|---|---|
| 20-40 | 2 |
| 40-60 | 7 |
| 60-80 | 9 |
| 80-100 | 24 |
| 100-120 | 9 |
| 120-140 | 7 |
| 140-160 | 2 |

## പാഠഭാഗത്തിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാഠഭാഗത്തിലെ ചോദ്യങ്ങൾ 18.1

1. 1
2. $\bar{x} = \frac{x}{N}$
3. 45.9
4. 7 kg.
5. 5

### പാഠഭാഗത്തിലെ ചോദ്യങ്ങൾ 18.2

1. 5
2. 2.33
3. 18
4. 25

## മൊഡ്യൂൾ-7
## ഭാരത സമ്പദ്‌വ്യവസ്ഥ

19. ഭാരത സമ്പദ്‌വ്യവസ്ഥയുടെ ഒരു അവലോകനം
20. ഭാരത സമ്പദ്‌വ്യവസ്ഥയുടെ വിവിധ തലങ്ങൾ
21. ഭാരത സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ
22. ഭാരത സമ്പദ്‌വ്യവസ്ഥ ആഗോളതലത്തിൽ

# 19

## ഭാരത സമ്പദ്‌വ്യവസ്ഥയുടെ ഒരു അവലോകനം

ഭാരതത്തിലെ പൗരൻമാർ എന്ന നിലയിൽ ഭാരത സമ്പദ് വ്യവസ്ഥയെക്കുറിച്ച് നിങ്ങൾ അറിയേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. 1947 ആഗസ്റ്റ് 15-ന് സ്വതന്ത്ര രാഷ്ട്രമായിത്തീർന്നു എന്ന് ചരിത്രത്തിൽ നിന്ന് നിങ്ങൾക്കറിയാം ഭാരതം. അതിനു മുമ്പ് ഇന്ത്യൻ ഉപഭൂഖണ്ഡം രണ്ട് നൂറ്റാണ്ടോളം ബ്രിട്ടീഷുകാരുടെ ഭരണത്തിന്റെ കീഴിലായിരുന്നു. അത് രാജ്യത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക തലങ്ങളെ സ്വാധീനിക്കുവാൻ ഉതകുന്ന നീണ്ട ഒരു കാലഘട്ടമാണ്. ഇവിടെ നമ്മൾ ഭാരതത്തിന്റ സാമ്പത്തിക വ്യവസ്ഥിതിയുടെ പഠനത്തിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### ലക്ഷ്യങ്ങൾ

ഈ പാഠഭാഗം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- *200 വർഷത്തെ ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി സ്വതന്ത്രസമയത്തുള്ള ഭാരത സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥ അറിയാൻ;*
- *സ്വാതന്ത്രാനന്തര ഭാരതസമ്പദ്‌വ്യവസ്ഥയിൽ വന്ന മാറ്റം അറിയാൻ;*
- *സാമ്പത്തിക പരിഷ്കാരങ്ങൾ മനസ്സിലാക്കൽ;*

## 19.1 സ്വാതന്ത്ര്യ സമയത്തുള്ള ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥ

സ്വന്തം നേട്ടത്തിനുവേണ്ടി ഈ രാജ്യം ഭരിച്ചിരുന്ന ബ്രിട്ടീഷുകാരിൽ നിന്നാണ് ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥ ഉടലെടുത്തത്. ഭാരതത്തിന്റെയോ അതിലെ പൗരന്റെയോ വികസനത്തിൽ ബ്രിട്ടീഷുകാർക്ക് ഒരിക്കലും താല്പര്യമുണ്ടായിരുന്നില്ല. ഇന്ത്യയുടെ വിഭവങ്ങളെ ചൂഷണം ചെയ്ത് ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോവുകയായിരുന്നു അവരുടെ ലക്ഷ്യം. ഇംഗ്ലണ്ടിലേക്ക് കപ്പൽ വഴിയായി സാധനങ്ങൾ കൊണ്ടുപോകാനാണ് തുറമുഖങ്ങളിലൂടെ റെയിൽവേ പാളങ്ങൾ നിർമ്മിച്ചത്. റെയിൽവേയുടെ നിർമ്മാണം നല്ലൊരു സംഭാവനയായിരുന്നെങ്കിലും ബ്രിട്ടീഷുകാരുടെ താല്പര്യങ്ങൾക്കുവേണ്ടിയാണ് അത് മുഖ്യമായി ഉപയോഗിച്ചത്.

ബ്രിട്ടീഷ് കാലഘട്ടത്തിന്റെ അവസാനത്തിൽ താഴെക്കൊടുത്തിരിക്കുന്ന ശ്രദ്ധേയമായ സാമ്പത്തിക പ്രത്യേകതകൾ ഇവയൊക്കെയാണ് :

(i) കരകൗശല വ്യവസായത്തിന്റെ അധഃപതനം

(ii) ധാന്യവിളയുടെ ഉല്പാദനം

(iii) ക്ഷാമവും ഭക്ഷണദൗർലഭ്യവും

(iv) കൃഷിയിൽ മധ്യവർത്തികളുടെ ഉത്ഭവം

ഈ ആശയങ്ങൾ ഒന്നൊന്നായി വിശദീകരിക്കാം.

### 19.1.1 കരകൗശല വ്യവസായത്തിന്റെ അധപഥനം

ബ്രിട്ടീഷുകാർ ഭാരതത്തിൽ വരുന്നതിനുമുമ്പ് ചക്രവർത്തിമാരും രാജാക്കൻമാരായിരുന്നു ഈ രാജ്യം ഭരിച്ചിരുന്നത്. അവർ നമ്മുടെ നാട്ടിലെ പ്രാദേശിക കരകൗശല പണിക്കാർ, കലാകാരൻമാർ, നെയ്തുകാർ, മരപ്പണിക്കാർ എന്നിവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചു. നല്ല പെയിന്റിംഗുകൾ, ഭിത്തിയിൽ ചിത്രകല ചെയ്യുന്നവർ, തുണിവ്യവസായം, ജ്വല്ലറി, തുന്നൽ, ഫർണിച്ചർ, കളിപ്പാട്ടങ്ങൾ, കൽപ്രതിമകൾ, ലോഹങ്ങൾ തുടങ്ങി വിവിധതരത്തിലുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിന് വ്യക്തികൾ അവരുടെ തൊഴിൽ വൈദഗ്ദ്യവും കഴിവും ഉപയോഗിച്ചു. ധാരാളം സമയവും ശ്രദ്ധയും ആവശ്യമുള്ള മേഖലയാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള രാജകൊട്ടാരങ്ങളിലെല്ലാം വിവിധ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ പലതരം അലങ്കാരവസ്തുക്കൾ കൊണ്ട് നിറഞ്ഞിരുന്നു. ബ്രിട്ടീഷുകാർ വന്നപ്പോൾ അവർ രാജാക്കൻമാരെ തോൽപ്പിച്ച് രാജ്യം സ്വന്തമാക്കി. പട്ടണങ്ങൾ നശിപ്പിച്ച് കരകൗശല വ്യവസായങ്ങൾ പൂട്ടി.

ഭാരത കരകൗശല പണിയുടെ പ്രധാന ഘടകം തുണിയും കൈവേലകളുമാണ്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗം ഉല്പാദനവിദ്യയിൽ ഇംഗ്ലണ്ടിൽ മാറ്റങ്ങൾ ഉണ്ടായി. മനുഷ്യശക്തിക്ക് പകരം വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ യന്ത്രങ്ങൾ ഉപയോഗിച്ചു. ഉല്പാദനം വലിയ രീതിയിൽ എളുപ്പമായി മാറി. ധാരാളം ഫാക്ടറികൾ ഉദയം ചെയ്തു. ബ്രിട്ടീഷുകാർ അവരുടെ യന്ത്രനിർമ്മിത തുണിത്തരങ്ങൾ ഇന്ത്യയിൽ ധാരാളം അളവിൽ വിലകുറച്ചു വിറ്റു. ബ്രിട്ടീഷ് സർക്കാർ ബ്രിട്ടീഷ് ഉല്പാദകരെ മാത്രം സഹായിക്കുവാൻ നയങ്ങൾ ഉണ്ടാക്കി. അങ്ങനെ ഭാരത കരകൗശല വ്യവസായം അധഃപതിച്ചു.

#### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 19.1

1. ഭാരതത്തിലെയും ബ്രിട്ടീഷുകാരുടേയും കരകൗശല തുണിത്തരങ്ങളുടെ ഉല്പാദന രീതികൾ താരതമ്യം ചെയ്യുക.

#### പ്രവൃത്തി

ഒരു മ്യൂസിയമോ ചരിത്രകൊട്ടാരമോ സന്ദർശിച്ച് അന്നാളുകളിലെ കരകൗശല പണികൾ പഠിക്കുക.

### 19.1.2 ധാന്യവിളകളുടെ ഉല്പാദനം

മുകളിൽ പ്രസ്താവിച്ചതുപോലെ, ഇംഗ്ലണ്ട് വ്യവസായവൽക്കരണത്തിലൂടെ കടന്നുപോയപ്പോൾ വ്യവസായശാലകൾക്ക് വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് അസംസ്കൃത പദാർത്ഥങ്ങൾ ആവശ്യമായി വന്നു. വസ്ത്രങ്ങൾ നിർമ്മിക്കാൻ നൂൽ ആവശ്യമായിത്തീർന്നു. വസ്ത്രങ്ങളിൽ പതിപ്പിക്കാൻ ഇൻഡിഗോയ്ക്ക്

വലിയ ചോദനമുണ്ടായി. അതുപോലെ ജ്യൂട്ട്, കരിമ്പ്, പരിപ്പ്വർഗ്ഗങ്ങൾ എന്നിവയ്ക്കും ഇംഗ്ലണ്ടിൽ വലിയ ചോദനമുണ്ടായി. കാരണം അവയെല്ലാം അവിടെ വ്യവസായശാലകളിൽ ആവശ്യമായി. ഇവയെല്ലാം ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നതായതിനാൽ ബ്രിട്ടീഷുകാർ ഇന്ത്യയിലെ പാവപ്പെട്ട കർഷകരിൽ നിന്ന് ഈ ധാന്യവിളകൾ വാങ്ങി ഇംഗ്ലണ്ടിലേക്ക് അയക്കുമായിരുന്നു. ഈ വിളകൾ വസ്തുക്കൾ ഉല്പാദിപ്പിക്കാനായി വ്യവസായ ശാലകളിൽ അസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിച്ചതുകൊണ്ട് ഇവയെ ധാന്യവിളകൾ എന്ന് വിളിച്ചു.

ഇന്ത്യയിലെ കർഷകർ പണത്താൽ ആകർഷിക്കപ്പെട്ട് ഇവ ധാരാളമായി ഉല്പാദിപ്പിച്ച് ഇംഗ്ലണ്ടിലെ വ്യവസായശാലകൾക്ക് നൽകി. വ്യവസായശാലകളിൽ ഉല്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ ഭാരതത്തിലെ വിപണിയിൽ വിൽപനയ്ക്കായി അയച്ചു. അങ്ങനെ ഭാരതീയർക്ക് അവ വിറ്റ് ബ്രിട്ടീഷുകാർ ലാഭമുണ്ടാക്കി.

### 19.1.3 ക്ഷാമവും ഭക്ഷണദൗർലഭ്യവും

ബ്രിട്ടീഷ്-ഇന്ത്യയിലെ ഏറ്റവും ശോചനീയമായ കാര്യം അടിക്കടിയായി ഉണ്ടായ ക്ഷാമമാണ്. ഭക്ഷണം കഴിക്കാനില്ലാതെ പട്ടിണിയും രോഗവും മൂലം മനുഷ്യൻ മരിക്കുന്ന അവസ്ഥയാണ് ക്ഷാമം. ബ്രിട്ടീഷ് ഭരണകാലത്ത് 33 പ്രാവശ്യം ക്ഷാമമുണ്ടായി. സ്വാതന്ത്ര്യത്തിന് നാല് വർഷം മുമ്പ്, 1943 ൽ ഉണ്ടായ അതി ദാരുണമായ ക്ഷാമമാണ് ബംഗാൾ ക്ഷാമം. ഭക്ഷണം കിട്ടാതെ 1.5 മില്യനിൽ അധികം ആളുകൾ മരിച്ചു.

തുടരെത്തുടരെ ഉണ്ടായ ക്ഷാമത്തിന്റെ ചില കാരണങ്ങൾ താഴെ പറയുന്നു.

1. ജലസേചനസൗകര്യം ഇല്ലാതിരുന്നതുമൂലം മഴവെള്ളം കെട്ടിക്കിടന്ന് ഭക്ഷ്യധാന്യ ഉല്പാദനത്തെ വികലമാക്കി. കൃഷി മഴവെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നത്.
2. ബ്രിട്ടീഷ് സർക്കാർ ഇവിടുത്തെ പ്രദേശിക ആവശ്യങ്ങൾ നിരാകരിച്ച് സ്വദേശമായ ഇംഗ്ലണ്ടിലേക്ക് ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. മറ്റു രാജ്യങ്ങളിലേക്ക് ഇവ കയറ്റുമതി ചെയ്യുന്നതിലൂടെ ബ്രിട്ടീഷ് സർക്കാർ പണം സമ്പാദിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധം ചെയ്തു കൊണ്ടിരിക്കുന്ന പട്ടാളക്കാർക്ക് ഈ ഭക്ഷ്യധാന്യം ഉപയോഗിച്ചു. ഭാരതം മാത്രമല്ല, ലോകത്തിലെ മറ്റു പല രാജ്യങ്ങളും ബ്രിട്ടീഷുകാർ കീഴടക്കിയിരുന്നുവെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് അവർ ഇവിടെ നിന്നും ഭക്ഷണസാധനങ്ങൾ മറ്റു രാജ്യങ്ങളിൽ സാമ്രാജ്യങ്ങൾ പിടിച്ചക്കിക്കൊണ്ടിരുന്ന പട്ടാളക്കാർക്ക് അയച്ചുകൊടുത്തു കൊണ്ടിരുന്നു.
3. പാവപ്പെട്ടവർക്ക് വിപണിയിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വാങ്ങുവാൻ ആവശ്യത്തിന് പണം ഉണ്ടായിരുന്നില്ല.
4. മുമ്പ് പ്രസ്താവിച്ചതുപോലെ ഭാരതത്തിലെ കർഷകരെ അവരുടെ വയലുകളിൽ ധാന്യവിളകൾ ഉല്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിച്ചിരുന്നു. ചെറിയ തോതിലുള്ള കൃഷിയായതിനാൽ ഭക്ഷ്യധാന്യത്തിന്റെ ഉല്പാദനം കുറവായിരുന്നു.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 19.2

1. ക്ഷാമം എന്നതിന്റെ അർത്ഥം നൽകുക.
2. ബ്രിട്ടീഷുകാർ ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്തതെന്തുകൊണ്ട്?

### പ്രവർത്തനം

ധാന്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ലിസ്റ്റ് ഉണ്ടാക്കുക.

### 19.1.4 കാർഷികരംഗത്തെ മധ്യവർത്തികൾ

ബ്രിട്ടീഷ് ഭരണകാലത്ത് ഭാരത ജനതയുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. എഴുപത് ശതമാനത്തിലധികം ജനങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്നു. സർക്കാരിന്റെ പ്രധാന ധനാഗമ ഉറവിടവും കൃഷിയായിരുന്നു. ബ്രിട്ടീഷുകാർ രണ്ടുതരം ഭൂനികുതി ഏർപ്പെടുത്തി. അവ–

1. ഭൂനികുതി സ്ഥിരമായി ഈടാക്കുവാൻ പറ്റിയ സ്ഥിര കരാർ
2. 25–30 വർഷങ്ങളിൽ മാറ്റാവുന്നതരം താല്കാലികമായ കരാർ

ഭാരതത്തിന്റെ കിഴക്ക് ഭാഗത്ത് നികുതി ശേഖരിക്കുവാൻ ബ്രിട്ടീഷുകാർ സെമിന്താർമാരെ നിയോഗിച്ചു. പടിഞ്ഞാറ് ഭാഗത്ത് മഹൽവാരി സമ്പ്രദായവും തെക്കേ ഭാഗത്ത് റയറ്റ്വാരി സമ്പ്രദായവും. ഇവർ ബ്രിട്ടീഷുകാരുടേയും സാധാരണ ജനങ്ങളുടേയും ഇടയിൽ പ്രവർത്തിക്കുന്നവരാകയാൽ അവരെ മധ്യവർത്തികൾ എന്ന് വിളിച്ചു. ഗ്രാമവാസികൾ, കർഷകർ, മറ്റു പലരിൽ നിന്നും വാടക, നികുതി എന്നിവ പിരിച്ച് സർക്കാരിനു നൽകുക എന്നതാണ് ഇവരുടെ ജോലി. വർഷങ്ങൾ കഴിഞ്ഞപ്പോൾ സാധാരണ ജനങ്ങളിൽ നിന്നും അവരുടെ ദയനീയാവസ്ഥ പരിഗണിക്കാതെ നിഷ്ഠുരമായി പണം പിരിക്കുന്ന ചൂഷകരായി ഇവർ മാറി. അതുപോലെ മഴ ദൗർലഭ്യം മൂലമോ, വെള്ളപ്പൊക്കം മൂലമോ വിളവ് മോശമായ അവസരത്തിലും ഇവർ യാതൊരു ദയയും കാണിച്ചില്ല. ബ്രിട്ടീഷുകാർക്കു നൽകുന്നതിനു മുൻപായി ഈ മധ്യവർത്തികൾ ഗ്രാമവാസികളിൽ നിന്നു പിരിച്ചെടുത്ത മൊത്തവരുമാനത്തിന്റെ ഒരു വീതം മാറ്റിവെക്കുമായിരുന്നു. നികുതി പിരിവിനു പുറമേ ഭരണനടത്തിപ്പിനായും ബ്രിട്ടീഷ് ഭരണകൂടം ഇവരെ ആശ്രയിക്കുമായിരുന്നു. അങ്ങനെ സെമിന്താർമാരും മഹൽവാരികളും റയറ്റുവാരികളും അവരുടെ പ്രാതിനിധ്യമേഖലകളിൽ ചെറിയ തോതിലുള്ള ഭരണാധികളായിരുന്നു. അവർ നികുതി കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും അവരുടെ വസ്തുവകകൾ അധികാരമുപയോഗിച്ച് കണ്ടുകെട്ടുമായിരുന്നു. അങ്ങനെ ഈ മധ്യവർത്തികൾ, സാധാരണക്കാരുടെ ചിലവിൽ, ബ്രിട്ടീഷ് സർക്കാറിന്റെ അനുഗ്രഹത്തോടെ പണക്കാരും അധികാരമുള്ളവരുമായി മാറി.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 19.3

1. സ്ഥിരവും താല്കാലികവുമായ കരാറിന്റെ വ്യത്യാസമെന്ത്?
2. സെമീന്താർമാരെക്കുറിച്ച് മൂന്ന് വാക്യങ്ങൾ എഴുതുക.

## 19.2 ബ്രിട്ടീഷ് ഭരണകാലത്തെ നല്ല സംഭാവനകൾ

ബ്രിട്ടീഷ് ഭരണകാലഘട്ടത്തിൽ ചില നല്ല കാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. നമ്മൾ കാണുന്ന റെയിൽവേ സമ്പ്രദായം 1850-ൽ ബ്രിട്ടീഷുകാരാണ് ആദ്യം നടപ്പിലാക്കിയത്. 1850–55 കാലഘട്ടത്തിൽ ആദ്യത്തെ ജ്യൂട്ട് മിൽ, കൈത്തറി വസ്ത്ര നെയ്ത്ത്മിൽ, കൽക്കരി ഖനനം എന്നിവ സ്ഥാപിച്ചു. പിന്നീട് റെയിൽവേ പാളങ്ങളും, മുൻപ് പറഞ്ഞ മില്ലുകളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടേയിരുന്നു. അതു

പോലെത്തന്നെ ബ്രിട്ടീഷ് സർക്കാർ പോസ്റ്റ് ഓഫീസുകൾ, ടെലികമ്മ്യൂണിക്കേഷൻ, ടെലിഗ്രാഫ് എന്നിവയും സ്ഥാപിച്ചു.

## 19.3 സ്വാതന്ത്ര്യത്തിനുശേഷം ഭാരത സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ മാറ്റങ്ങൾ

സ്വാതന്ത്ര്യത്തിനുശേഷം ഭാരത ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കമായി. ഭരണമെന്നത് പ്രധാനമായും ജനങ്ങളുടെ ഉത്തരവാദിത്തമായി മാറി. ബ്രിട്ടീഷ് സർക്കാരിൽ നിന്ന് വ്യത്യസ്ഥമായി ജനങ്ങളുടെ ക്ഷേമം നേടുവാനായി ഉയർന്ന വികസനമേഖലകളിലേക്ക് ഭാരതത്തെ നയിക്കുക എന്നത് ഭാരത സർക്കാരിന്റെ ലക്ഷ്യമായി. 2010-ഓടെ ഭാരത സർക്കാർ 60 വർഷത്തെ ഭരണം പൂർത്തിയാക്കി. ഭാരത സമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകതകൾ വിലയിരുത്താനും വിശദമാക്കാനും ആവശ്യമായ സമയമാണ്. ആ പ്രത്യേകതകൾ താഴെക്കൊടുക്കുന്നു.

താഴ്ന്ന ആളോഹരി വരുമാനം, ആളോഹരി വരുമാനത്തിന്റെ താഴ്ന്ന വളർച്ചാനിരക്ക്, ഉയർന്ന ജനസംഖ്യാ പ്രഭാവം, ദാരിദ്ര്യത്തിന്റെ അവസ്ഥ, കൃഷിയിലുള്ള ആശ്രയം വികസനത്തിനു വേണ്ടിയുള്ള ആസൂത്രണം.

ഇവ ഓരോന്നും ഒന്നൊന്നായി വിശദമാക്കാം.

### 1. താഴ്ന്ന ആളോഹരി വരുമാനം

ദേശീയ വരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ചാണ് ആളോഹരി വരുമാനം കണ്ടുപിടിക്കുന്നത്. ഒരു വ്യക്തിയുടെ ജീവിതനിലവാരത്തിന്റെ പ്രധാനപ്പെട്ട സൂചിക അവന്റെ / അവളുടെ വരുമാനമാണ്. ആളോഹരി വരുമാനം എന്ന ആശയത്തിലൂടെ ഒരു സമ്പദ്‌വ്യവസ്ഥയിൽ ഒരു വ്യക്തി ഒരു വർഷം ശരാശരി സമ്പാദിച്ച വരുമാനം വ്യക്തമാവുന്നു. 2009-10-ൽ ഭാരതത്തിന്റെ ആളോഹരി വരുമാനം 33731 രൂപയായിരുന്നു. ഇത് ഒരു മാസം 2811 രൂപയാണ്. അതായത് 33731/12 = 2811.

മാന്യമായ ജീവിതം നയിക്കാൻ ഇത് വളരെ ചെറിയ തുകയാണ്. ഒരു വ്യക്തിക്ക് താമസിക്കാൻ ഒരു മുറി, ധരിക്കാൻ വസ്ത്രം, കഴിക്കാൻ ഭക്ഷണം ഇവ ആവശ്യമാണ്. ഇതെല്ലാം വിപണിയിൽ നിന്നും കുറച്ചു വില കൊടുത്താൽ വാങ്ങാൻ പറ്റും. മാതാപിതാക്കളിൽ നിന്ന് ഒരു വ്യക്തിക്ക് വാടക കൊടുക്കാതെ താമസിക്കാൻ ഭവനം ലഭിച്ചാലും വസ്ത്രവും ഭക്ഷണവും സ്വയം വാങ്ങേണ്ടിവരും. ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ, വസ്ത്രങ്ങൾ ഇവയുടെ വില വളരെ കൂടുതലാകയാൽ 2811 രൂപ ഈ ചിലവുകളെല്ലാം നേരിടാൻ പര്യാപ്തമാണോ?

### പ്രവർത്തനം

ഒരു ചന്തയിൽ പോയി അരി, ഗോതമ്പുപൊടി, ഉരുളക്കിഴങ്ങ്, സവാള ഇവയുടെ വില കണ്ടുപിടിക്കുക?. കഴിഞ്ഞ മാസം നിങ്ങൾ ഉപയോഗിച്ച ഈ സാധനങ്ങളുടെ തുക കണ്ടുപിടിക്കുക?. എന്നിട്ട് ഇവയുടെ ചിലവ് കണക്കാക്കുക?. അതുപോലെ നിങ്ങളുടെ കുടുംബത്തിന്റെ ഈ സാധനങ്ങൾക്കായുള്ള ചിലവ് കണക്കാക്കുക? എന്നിട്ട് ഈ ചിലവിനെ നേരിടാൻ എത്ര വരുമാനം വേണമെന്ന് കണക്കാക്കുക?.



കുറിപ്പുകൾ

## 2. ആളോഹരി വരുമാനത്തിന്റെ നേരിയ പുരോഗതി

ഭാരതത്തിന്റെ ആളോഹരി വരുമാനം താഴ്ന്നതാണെന്ന് മാത്രമല്ല അതിന്റെ വളർച്ചയും നേരിയ രീതിയിലാണ്. സമയാതീതമായ വർദ്ധനവാണ് വളർച്ച എന്നത്. എല്ലാ വർഷവും നമ്മുടെ വരുമാനം വർദ്ധിക്കണം എന്ന് നാം ആഗ്രഹിക്കുന്നതെന്തുകൊണ്ട്? അതിന് പല കാരണങ്ങൾ ഉണ്ട്.

ഒന്നാമതായി, കാലം കടന്നുപോകുന്നതിനനുസരിച്ച് നമ്മുടെ ആവശ്യങ്ങൾ നമ്മൾ വളരുന്നതിനോടൊപ്പം വളരുകയാണ്. അധിക ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കൂടുതൽ വരുമാനം ആവശ്യമാണ്. നമ്മുടെ കാര്യം തന്നെയെടുക്കാം. നിങ്ങൾ സിനിമാ തിയറ്ററിൽ പോയി നല്ല ഒരു സിനിമ കാണാൻ ആഗ്രഹിക്കുന്നില്ലേ, നല്ല വസ്ത്രങ്ങൾ ധരിക്കണമെന്ന് ആഗ്രഹമില്ലേ, ഹോട്ടലുകളിൽ കയറി നല്ല ഭക്ഷണം കഴിക്കാൻ ആഗ്രഹമില്ലേ, സ്റ്റേഡിയത്തിൽ പോയി IPL ക്രിക്കറ്റ് കളി കാണാൻ ആഗ്രഹമില്ലേ, ഒരു കോളേജിൽ പോയി പഠിക്കാൻ ആഗ്രഹമില്ലേ, നിങ്ങൾക്ക് സ്വന്തമായി ഒരു മൊബൈൽ ഫോൺ വേണമെന്ന് ആഗ്രഹമില്ലേ... ഈ ലിസ്റ്റ് അനന്തമായി നീണ്ടുപോകും. എന്നാൽ ഇതൊന്നും വെറുതേ ലഭിക്കുന്നതല്ല. ഈ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തണമെങ്കിൽ കൂടുതൽ വരുമാനം ആവശ്യമാണ്.

രണ്ടാമതായി, വിപണിയിൽ നിന്ന് വാങ്ങിക്കുന്ന സാധനങ്ങൾക്ക് വില വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതിനാൽ കൂടുതൽ പണം സമ്പാദിക്കാൻ കാരണമാവുന്നു. അതുകൊണ്ട് നിങ്ങൾ ഉപയോഗിക്കുന്ന അതേ വസ്തുവിനും സേവനത്തിനും കൂടുതൽ പണം നൽകേണ്ടി വരുന്നു. ഈ അടുത്ത കാലത്ത് പെട്രോൾ, ഡീസൽ ഇവയുടെ വില വർദ്ധിച്ചു. ഡൽഹിയിൽ ഒരു ലിറ്ററിന് 5 രൂപ വച്ച് വർദ്ധിപ്പിച്ചു. ഒരു വ്യക്തി ഡൽഹിയിൽ നിന്ന് സിംലയിലേക്ക് ഷൂസ് വഹിച്ചുകൊണ്ടുള്ള ട്രക്ക് ഓടിക്കുകയാണെന്ന് സങ്കൽപിക്കുക. സിംല മാർക്കറ്റിൽ ഒരു ജോടി ഷൂസ് 300 രൂപ നിരക്കിൽ അയാൾ വിൽക്കുന്നു. ഡീസലിന്റെ വില വർദ്ധിക്കുന്നതിനു മുമ്പ് അയാൾക്ക് ഒരു ട്രിപ്പിന് 3100 രൂപയായിരുന്നു ചിലവായിരുന്നത്. എന്നാൽ ഡീസൽ വില വർദ്ധനയ്ക്കു ശേഷം ചിലവ് 3700 രൂപയായി വർദ്ധിച്ചു. അയാൾ എങ്ങനെ ഈ അധികം വന്ന 600 രൂപ മാനേജ് ചെയ്യും. ഷൂസിന്റെ വില 300-ൽ നിന്ന് 325 രൂപയായി വർദ്ധിപ്പിക്കുകയാണ് ഒരു വഴി. നിങ്ങൾ സിംലയിലാണ് താമസിക്കുന്നതെങ്കിൽ ഒരു ജോടി ഷൂസ് മേടിക്കുവാൻ 25 രൂപ അധികം നൽകണം. നിങ്ങൾക്ക് എവിടെ നിന്ന് ഈ അധികമായ 25 രൂപ ലഭിക്കും? ഈ ചിലവിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായി നിങ്ങളുടെ വരുമാനം വർദ്ധിക്കണം. ഇതിനോടൊപ്പം മറ്റു സാധനങ്ങളുടെ വിലയും ഇതേ രീതിയിൽ വർദ്ധിക്കുന്നതിനാൽ വരുമാനം വലിയ വേഗത്തിൽ വർദ്ധിക്കണം.

എന്നാൽ ഭാരതത്തിലെ ആളോഹരി വരുമാനം ആഗ്രഹിക്കുന്ന രീതിയിൽ വർദ്ധിക്കുന്നില്ല എന്നതാണ് വൈരുദ്ധ്യം.

ഭാരതത്തിന്റെ ആളോഹരി വരുമാനം 2009-10 ൽ 33731 രൂപയായിരുന്നു. അതിനു മുമ്പത്തെ വർഷമായ 2008-09 ൽ അത് 31801 രൂപയായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ഒരു വ്യക്തിയുടെ വരുമാനം വെറും 1930 രൂപയാണ് വർദ്ധിച്ചത് എന്നാണ് ഇതിനർത്ഥം. പ്രതിമാസ വർദ്ധനവ് എത്രയാണ്. അത് പ്രതിമാസം ഏകദേശം 160 രൂപയാണ്. വിവിധ വസ്തുക്കളുടെ വില വർദ്ധനവിലുണ്ടായ അധിക ചിലവ് നേരിടാൻ ഈ തുക മതിയാകുമോ? ഷൂസിന് മാത്രം 25 രൂപ അധികം നൽകണമെന്ന് ഓർക്കുക. ഇതുപോലെ കൂടുതൽ തുക നൽകേണ്ട ധാരാളം വസ്തുക്കളുണ്ട്. അതുകൊണ്ട് 160 രൂപയുടെ വർദ്ധനവ് ഉള്ള ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ മതിയാവുകയില്ല. ആവശ്യങ്ങളുടെ വർദ്ധനവ് തൃപ്തിപ്പെടുത്തുന്ന കാര്യം പറയുകയേ വേണ്ട.

ഒരു സാമ്പത്തിക സർവേയിലൂടെ ലഭിച്ച ആളോഹരി വരുമാനത്തിന്റെ പട്ടിക താഴെക്കൊടുക്കുന്നു.

**പട്ടിക 19.1 ഭാരതത്തിന്റെ ആളോഹരി വരുമാനം**

| വർഷം | ആളോഹരി വരുമാനം (രൂപ) | വളർച്ച (രൂപ) |
|---|---|---|
| 2008-09 | 31801 | |
| 2009-10 | 33731 | 160 |

മൂന്നാമതായി, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനും പരസ്പരം സന്തോഷിപ്പിക്കുവാനുമായി നമ്മുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന് ആത്യന്തികമായി നമ്മൾ ആഗ്രഹിക്കുന്നു. നമ്മൾ ബന്ധുമിത്രാദികളുള്ള സമൂഹത്തിലാണ് ജീവിക്കുന്നതെന്ന് മറക്കരുത്. നമുക്ക് എല്ലാ സമയത്തും പരസ്പര സഹകരണവും സഹായവും ആവശ്യമുണ്ട്. ആവശ്യമുള്ള സമയത്ത് നിങ്ങൾ ഒരു സുഹൃത്തിനെ എപ്പോഴെങ്കിലും സഹായിച്ചിട്ടില്ലേ? കഴിക്കാൻ ഭക്ഷണം നൽകി ഒരു പാവപ്പെട്ടവനെ സഹായിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? ആവശ്യമുള്ള ഒരു സുഹൃത്തിന് പുസ്തകം വാങ്ങി നൽകാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ? നിങ്ങളുടെ ഇളയ സഹോദരനോ സഹോദരിക്കോ ചോക്ലേറ്റ് വാങ്ങി നൽകാൻ ആഗ്രഹമില്ലേ? ഈ കാര്യത്തിലെല്ലാം സ്വന്തം ആവശ്യങ്ങൾ പരിഗണിച്ചതിനു ശേഷം നിങ്ങൾക്ക് കൂടുതൽ പണം ആവശ്യമുണ്ട്. എന്നാൽ നമ്മുടെ ആവശ്യങ്ങളുടെ വർദ്ധനവിനെ തൃപ്തിപ്പെടുത്തി കൂടുതലായി സമ്പാദിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. അപ്പോൾ നമ്മൾ ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരെ എങ്ങനെ സഹായിക്കാനാവും?

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 19.4

1. 2008-09 -ൽ നിന്നും 2009-10 -ലേക്കുള്ള ആളോഹരി വരുമാനത്തിന്റെ വർദ്ധനവിന്റെ ശതമാനം പട്ടിക 19.1-ൽ നിന്നു കണ്ടുപിടിക്കുക. (നിങ്ങളുടെ കണക്കു കൂട്ടാനുള്ള കഴിവ് ഉപയോഗിക്കുക)
2. ആളോഹരി വരുമാനം നിർവചിക്കുക.
3. 2009-10 -ൽ ഭാരതത്തിന്റെ ആളോഹരി വരുമാനം എത്ര?

### 3. ശക്തമായ ജനസംഖ്യാ സമ്മർദ്ദം

ഭാരത സമ്പദ്‌വ്യവസ്ഥ അധിക ജനസംഖ്യയുടേതാണ്. കഴിഞ്ഞ 60 വർഷങ്ങൾക്കുള്ളിൽ അത് 3 ഇരട്ടിയിലധികം വർദ്ധിച്ചു. സ്വാതന്ത്ര്യ സമയത്ത് 1947-ൽ ജനസംഖ്യ 350 മില്യൺ ആയിരുന്നു. 2011-ലെ സെൻസസ് അനുസരിച്ച് ഭാരതത്തിലെ ജനസംഖ്യ 1.21 ബില്യൺ ആണ്. ചൈനക്കു ശേഷം ലോകത്തിൽ 2-ാം സ്ഥാനമാണിത്. ഭാവിയിൽ ചൈനയെ മറികടക്കുക പോലും ചെയ്യും. എന്തിനാണ് നമ്മൾ ഉയർന്ന ജനസംഖ്യയെക്കുറിച്ച് വേവലാതിപ്പെടുന്നത്? വളരെ ലളിതമാണ്. കൂടുതൽ ആളുകൾ എന്നാൽ ഭക്ഷിക്കുവാൻ കൂടുതൽ വായ്കൾ എന്നാണർത്ഥം. കൂടുതൽ ഭക്ഷ്യധാന്യം ഉല്പാദിപ്പിക്കണമെന്ന് ഇതിനർത്ഥം. ജനസംഖ്യ എല്ലാ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകന്നതിനാൽ ഓരോ വർഷവും കൂടുതൽ ഭക്ഷ്യധാന്യം ഉല്പാദിപ്പിക്കണം. ഇത് ഒരു നിസ്സാരപണിയല്ല. കാരണം കൃഷിക്ക് ആവശ്യമായ ഭൂമിയുടെ വിസ്തീർണം ആനുപാതികമായി വർദ്ധിക്കുന്നില്ല. അതുകൊണ്ട് ഭക്ഷ്യ ഉല്പാദനം ജനസംഖ്യാ വർദ്ധനവിന് ചേരുന്ന വിധത്തിൽ വർദ്ധിപ്പിച്ചില്ലായെങ്കിൽ ആളോഹരി ഭക്ഷ്യധാന്യ ലഭ്യത കുറയും. ഭാരതം മുഴുവൻ ഒരു കുടും

ബമായി എടുക്കുകയാണെങ്കിൽ കുടുംബത്തിലെ ഓരോ അംഗത്തിനും ഭക്ഷിക്കാൻ കുറച്ച് ഭക്ഷണമേയുള്ളൂ എന്നാണ് ഇത് വീണ്ടും അർത്ഥമാക്കുന്നത്. ഇത് ഞെട്ടിപ്പിക്കുന്നതല്ലേ?

ഭക്ഷണം കൂടാതെ കൂടുതൽ ജനം എന്നുവച്ചാൽ കൂടുതൽ തുണി, വിദ്യാഭ്യാസത്തിനും ആരോഗ്യസേവനത്തിനും കൂടുതൽ ചിലവ്, കൂടുതൽ വീടുകൾ, റോഡുകൾ അങ്ങനെ എന്തെല്ലാം! അത് ആരു നൽകും? നമ്മുടെ സർക്കാരിന് ഈ സൗകര്യങ്ങളെല്ലാം നൽകാൻ പറ്റിയ വിധം ആവശ്യത്തിന് വിഭവങ്ങൾ ഉണ്ടോ? ഇല്ലായിരിക്കാം. അല്ലെങ്കിൽ തെരുവുകളിൽ യാചകരും പട്ടണങ്ങളിൽ ചേരികളും ഉണ്ടാകില്ലായിരുന്നു.

ഭാരത ജനസംഖ്യയുടെ ഒരു നല്ല പ്രത്യേകത യുവജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവാണ്. ലോകത്തിലെ മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭാരത ജനസംഖ്യയുടെ ഏതാണ്ട് 0–25 വയസ്സിന് ഇടയിലാണ് പകുതി പേരും. ഏതാണ്ട് 121 കോടിയിൽ 78.5 കോടി ജനങ്ങൾ 35 വയസ്സിന് താഴെ പ്രായമുള്ളവരാണ്. എന്താണ് ഇതിന്റെ അർത്ഥം? യുവജനങ്ങൾക്ക് ഊർജ്ജവും ശക്തിയും നിറയെ ഉള്ളതുകൊണ്ട് ജോലി ചെയ്യാനുള്ള കഴിവ് കൂടുതലാകയാൽ അവരിൽനിന്ന് മെച്ചപ്പെട്ട പ്രവർത്തനം പ്രതീക്ഷിക്കാം. ഇത് ചൂണ്ടിക്കാണിക്കുന്നത് കുറഞ്ഞ ആശ്രിത നിരക്കാണ്.

ഭാരതത്തിലെ പ്രധാന ജനസാന്ദ്രമായ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്? അവ ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ എന്നീ ക്രമത്തിലാണ്. ഉത്തർപ്രദേശിന്റെ ജനസംഖ്യ ബ്രസീലിന്റേതിന് തുല്യമാണ് എന്നത് രസകരമാണ്. ഭൂവിസ്തൃതിയിൽ ബ്രസീൽ ലോകത്തിലെ വലിയ ഒരു രാജ്യമാണ്. മഹാരാഷ്ട്രയുടെ ജനസംഖ്യ മെക്സിക്കോയിലേതിന് തുല്യമാണ്. ഇത് തെളിയിക്കാൻ താഴെ കാണുന്ന പട്ടിക രണ്ട് നോക്കുക.

വാസ്തവത്തിൽ ഭാരതത്തിന്റെ ജനസംഖ്യ അമേരിക്ക, ജപ്പാൻ, ഇന്തോനേഷ്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് ഇവയുടെ മൊത്തം ജനസംഖ്യക്ക് തുല്യമാണ്.

**പട്ടിക 19.2 2011–ലെ സെൻസസ് അനുസരിച്ച് ഭാരതത്തിലെയും സംസ്ഥാനങ്ങളിലേയും ജനസംഖ്യ (കോടി)**

| | | | |
|---|---|---|---|
| ഉത്തർപ്രദേശ് | – 19.9 | ബ്രസീൽ | – 19.07 |
| മഹാരാഷ്ട്ര | – 11.2 | മെക്സിക്കോ | – 11.02 |
| ഭാരതം | – 121 | | |

### 4. ദാരിദ്ര്യത്തിന്റെ അവസ്ഥ

ലോകത്തിലെ ദരിദ്രരുടെ ഏകദേശം മൂന്നിലൊന്ന് ഭാരതത്തിൽ ജീവിക്കുന്നു. തെരുവിലെ യാചകരെയും, പട്ടണങ്ങളിലെ ചേരികളിലും ഫാക്ടറികളിലും വീടുകളിലും പണിയെടുക്കുന്ന കുട്ടികളേയും നോക്കുക. രാജ്യത്തെ ദാരിദ്ര്യത്തിന്റെ ദൃശ്യമാണിത്. താഴെക്കാണുന്ന പട്ടിക 3 കാണുക. ഭാരത ജനസംഖ്യയുടെ 30 കോടിയിലധികം പേർ ദാരിദ്ര്യം സഹിക്കുന്നു. അത് ആകെ ജനസംഖ്യയുടെ 27.5% ആണ്. ഇതിൽ 22 കോടിയിലധികം പേർ ഗ്രാമീണമേഖലയിൽ ജീവിക്കുന്നു. ബാക്കി പട്ടണങ്ങളിലും നഗരങ്ങളിലും കഴിയുന്നു.

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ ഒറീസ്സയാണ് ഏറ്റവും ദാരിദ്ര്യം ബാധിച്ചത്. ആകെയുള്ള ജനസംഖ്യയുടെ 46% ദരിദ്രരാണ്. ഇത് മറ്റു സംസ്ഥാനങ്ങളിലും വച്ച് ഏറ്റവും കൂടുതലാണ്. തുടർന്ന് വരുന്നത് ഛത്തീസ്ഗഢും, പിന്നീട് ബീഹാറു

മാണ്. പാവപ്പെട്ട ജനങ്ങളുടെ എണ്ണത്തിൽ ഏറ്റവും കൂടുതൽ യു. പി. യിലാണ്. പഞ്ചാബ്, ഹരിയാന, ആന്ധ്രാപ്രദേശ് ഇവ നോക്കുക. അവ കുറച്ചുമാത്രം ദരിദ്രബാധിതമാണ്. കാരണം ഒറീസ്സ, ബീഹാർ, ഉത്തർപ്രദേശ് എന്നിവയോട് താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് മാത്രമേ അവയെ ബാധിക്കുന്നുള്ളൂ.

**പട്ടിക 19.3 ഭാരതത്തിലെ ചില സംസ്ഥാനങ്ങളിലെ ദാരിദ്ര്യ അവസ്ഥ**

| സംസ്ഥാനം | ദരിദ്രജനത്തിന്റെ ശതമാനം | ആകെ ദരിദ്രർ (ലക്ഷം) |
|---|---|---|
| ഒറീസ്സാ | 46 | 179 |
| ചത്തീസ്ഗഡ് | 41 | 91 |
| ബീഹാർ | 41 | 369 |
| ഉത്തർപ്രദേശ് | 35 | 590 |
| ആന്ധ്രാപ്രദേശ് | 16 | 126 |
| ഹരിയാന | 14 | 32 |
| പഞ്ചാബ് | 08 | 22 |
| **ആകെ** | **27.5** | **3017** |

***ഉറവിടം* : സാമ്പത്തിക സർവേയിൽ നിന്ന് ക്രോഡീകരിച്ചത്**

പട്ടിക 19.3 പഠിക്കുമ്പോൾ എന്തു നിഗമനത്തിലെത്തുന്നു? 100 വ്യക്തികളിൽ എത്ര പേർ ദരിദ്രരാണ് എന്നും അവയുടെ ശതമാനവും പറയുന്നു. ഒറീസ്സയിൽ 179 ലക്ഷം ദരിദ്ര ജനങ്ങൾ ഉണ്ടെന്നും അത് യു. പി. യുടെ 590 ലക്ഷത്തേക്കാൾ കുറവാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ ഒറീസ്സയിൽ ഏകദേശം 100 പേരിൽ 46 ആളുകൾ ദരിദ്രരാണ്. എന്നാൽ യു.പി. യിൽ 100–ന് 35 പേരേ ദരിദ്രരുള്ളൂ. കാരണം യു.പി. യിലെ ആകെ ജനസംഖ്യ ഒറീസ്സയിലേതിനേക്കാൾ ഉയർന്നതാണ്. ഒറീസ്സയേക്കാളും യു.പി. യിൽ ദരിദ്രരുടെ എണ്ണം കൂടുതലാണ്. ഉയർന്ന ശതമാനം മൂലം ഒറീസ്സയിൽ യു.പി. യേക്കാൾ ദാരിദ്ര്യം കൂടുതൽ ബാധിക്കുന്നു.

ദാരിദ്ര്യം മനുഷ്യരാശിക്ക് ഒരു ശാപമാണ്. ഒരു ദരിദ്ര വ്യക്തിക്ക് വിപണിയിൽ നിന്നും സാധനങ്ങൾ വാങ്ങി അവന്റെ അല്ലെങ്കിൽ അവളുടെ ദൈനംദിനാവശ്യങ്ങൾ നിറവേറ്റാൻ സാധിക്കില്ല. ആ വ്യക്തിക്ക് ഒരു ദിവസം രണ്ടുനേരമെങ്കിലും ഭക്ഷണമോ ധരിക്കാൻ ശരിയായ വസ്ത്രമോ ഇല്ല. ഒരു കുടിൽ അല്ലാതെ മറ്റൊരു അഭയം ഒരു ദരിദ്ര വ്യക്തിക്ക് ഇല്ല. വിദ്യാഭ്യാസം, ആരോഗ്യ ശുശ്രൂഷ തുടങ്ങിയവ അയാൾക്ക് കിട്ടാനും ബുദ്ധിമുട്ടാണ്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. പല കാരണങ്ങൾ അതിന് ഉണ്ടാവാം.

ഒന്നാമതായി ദാരിദ്ര്യ ബാധിതനായ ഒരു വ്യക്തി ഒന്നുകിൽ തൊഴിലില്ലാത്തവനോ അല്ലെങ്കിൽ അവന്റെ തൊഴിലിൽ നിന്ന് വളരെ തുച്ഛമായ വരുമാനമുള്ളവനോ അടിസ്ഥാന ആവശ്യങ്ങൾ പോലും സാധിക്കാൻ അപര്യാപ്തമായതോ ആയിരിക്കും. രണ്ടാമതായി ജാതി, മതം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ

മറ്റുള്ളവരാൽ ചൂഷണത്തിന് വിധേയമായ വ്യക്തിയായിരിക്കും. മൂന്നാമതായി സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തതുമൂലം ദരിദ്രനായ വ്യക്തിയാകാം. പൂർവികരിൽ നിന്ന് സ്വത്ത് അവകാശമായി ലഭിച്ചവർ അത് ഇല്ലാത്തവരേക്കാൾ മേന്മയുള്ളവരായിരിക്കും. നാലാമതായി സർക്കാരിന്റെ പരിശ്രമങ്ങൾ പ്രയോജനകരമല്ലാതായിരിക്കും. സർക്കാരിന്റെ അഴിമതി, തീരുമാനമെടുക്കാനുള്ള കാലതാമസം എന്നിവ ദാരിദ്ര്യ നിർമാർജനത്തിന് തടസ്സങ്ങളാണ്. എന്നിരുന്നാലും ദാരിദ്ര്യത്തിന്റെ അവസ്ഥ സർക്കാരിന്റെ പരാജയം മൂലം മാത്രമല്ല. സമൂഹത്തിലെ ജനങ്ങൾ എല്ലാവർക്കും മാന്യമായ ജീവിതം നയിക്കാൻ വേണ്ടി മൊത്തത്തിൽ പരസ്പരം സഹായിക്കാനും സഹകരിക്കാനും പരാജയപ്പെടുന്നതുമൂലവുമാണ്. (ദാരിദ്ര്യം എന്ന ആശയവും അതിന്റെ നിർമ്മാർജ്ജനത്തിന് സർക്കാർ എതുക്കുന്ന വിവിധ നടപടികളും 22-ാം യൂണിറ്റിൽ നമ്മൾ ചർച്ച ചെയ്യുന്നതാണ്)

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 19.5

1. ദാരിദ്ര്യവും തൊഴിലില്ലായ്മയും പരസ്പരബന്ധിതമാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?
2. പട്ടിക 19.3 അനുസരിച്ച് ഒറീസ്സയുടേയും പഞ്ചാബിന്റേയും കണക്കുകൾ താരതമ്യം ചെയ്യുക.

## പ്രവൃത്തി

19.3-ലെ ദത്തമുപയോഗിച്ച് സംസ്ഥാനങ്ങളിലെ ആകെ ജനസംഖ്യ കണക്കാക്കുക. നിങ്ങളുടെ കണക്ക് കൂട്ടുവാനുള്ള അറിവ് ഉപയോഗിക്കുക.

### 5. കൃഷിയിലുള്ള ആശ്രയം

ജീവിതമാർഗ്ഗത്തിനായി ജനങ്ങൾ ഒരു സമ്പദ്വ്യവസ്ഥയിൽ കൃഷി, വ്യവസായം, സേവനം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (20-ാം അദ്ധ്യായത്തിൽ ഇത് വിശദമായി പഠിക്കുന്നുണ്ട്). ഭാരത സമ്പദ്വ്യവസ്ഥ പരമ്പരാഗതമായി കൃഷിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. 1951-ൽ പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ നമ്മുടെ 70%-ൽ അധികം ജനങ്ങൾ കൃഷിയിലും അനുബന്ധപ്രവർത്തനങ്ങളിലുമാണ് ഏർപ്പെട്ടിരുന്നത്. ഈ 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, അതായത് 2001-ൽ, ഇത് കുറഞ്ഞു എങ്കിലും ഏകദേശം 60% ആളുകൾ ഇപ്പോഴും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്.

### 6. വികസനത്തിനായുള്ള ആസൂത്രണം

സ്വാതന്ത്ര്യത്തിനു ശേഷമുള്ള തുടർച്ചയായ പരിശ്രമം വികസനത്തിനായി സാമ്പത്തിക ആസൂത്രണം എന്ന പ്രക്രിയയിലൂടെയാണ് എന്നത് ഭാരത സമ്പദ് വ്യവസ്ഥയുടെ പ്രധാന സവിശേഷതയാണ്. കഴിഞ്ഞ 60 വർഷമായി ഇത് ഒരു സ്ഥിരമായ പ്രതിഭാസമാണ്.

ഭാരത സർക്കാർ 1951-ലെ 1-ാം പഞ്ചവത്സരപദ്ധതി മുതൽ പഞ്ചവത്സരപദ്ധതികൾ സ്വീകരിച്ചു. ഇതിന്റെ സമയപരിധി 195-56 വരെയായിരുന്നു. അതനുസരിച്ച് 2-ാം പഞ്ചവത്സരപദ്ധതി 56-ൽ തുടങ്ങി 61-ൽ അവസാനിച്ചു. അങ്ങനെ തുടർന്നു. പട്ടിക 4-ൽ ഭാരതത്തിലെ വിവിധ പദ്ധതികളുടെ സമയ വിവരം അറിയാം.

പട്ടിക 19.4

| പദ്ധതി | പദ്ധതി കാലഘട്ടം ഭാരതത്തിൽ |
|---|---|
| ഒന്ന് | 1951–56 |
| രണ്ട് | 1956–61 |
| മൂന്ന് | 1961–66 |
| വാർഷിക പദ്ധതി | 1966–67, 1967–68, 1968–69 |
| നാല് | 1969–74 |
| അഞ്ച് | 1974–79 |
| വാർഷിക പദ്ധതി | 1979–80 |
| ആറ് | 1980–85 |
| ഏഴ് | 1985–90 |
| വാർഷിക പദ്ധതി | 1990–91, 1991–92 |
| എട്ട് | 1992–97 |
| ഒമ്പത് | 1997–02 |
| പത്ത് | 2002–07 |
| പതിനൊന്ന് | 2007–12 |

ആസൂത്രണം കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് ഭാവിയിലേക്ക് എന്തെങ്കിലും ചെയ്യുവാൻ തയ്യാറെടുക്കുന്നതിനെയാണ് ആസൂത്രണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നിങ്ങൾ നിശ്ചയിച്ച ഏതെങ്കിലും ലക്ഷ്യം നേടുവാനായി ഒരു പ്രശ്നം പരിഹരിക്കുന്നതുമാവാം.

നിങ്ങൾക്ക് നിങ്ങളുടെ തന്നെ ഉദാഹരണം എടുക്കാം. അടുത്തവർഷം നിങ്ങൾക്ക് 10-ാംക്ലാസ്സ് പരീക്ഷ എഴുതണമെന്ന് വിചാരിക്കുക. ഇന്ന് മുതൽ നിങ്ങൾക്ക് 10 മാസം സമയമുണ്ടെന്നും കരുതുക. നിങ്ങൾ ഇതിനായി എന്തൊക്കെ ചെയ്യും? തീർച്ചയായും, നല്ല മാർക്കോടെ പരീക്ഷ പാസ്സാവുക എന്ന ലക്ഷ്യം നേടുവാൻ വളരെ ക്രമീകൃതമായ രീതിയിൽ നിങ്ങൾ തയ്യാറാവും. ഇത് സാധ്യാമാവുവാൻ നിങ്ങളുടെ തയ്യാറെടുപ്പിൽ താഴെ പറയുന്നവ ഉൾപെടുത്തും.

(i) പുസ്തകം വാങ്ങിക്കുവാൻ പണം സജ്ജീകരിക്കും.

(ii) പഠിക്കുവാനും മറ്റു കാര്യങ്ങൾക്കുമായി സമയം വിഭജിക്കും.

(iii) ഓരോ ദിവസവും ഓരോ വിഷയം സാമ്പത്തികശാസ്ത്രം, കണക്ക്, ജീവശാസ്ത്രം, ഹിന്ദി, ഇംഗ്ലീഷ് എന്നിങ്ങനെ സമയം ക്രമീകരിക്കും.

(iv) പഠിച്ചു കഴിഞ്ഞവ രണ്ടോ മൂന്നോ മാസം കുടുമ്പോഴോ, എല്ലാ മാസമോ പരിശോധിക്കും.

അതുപോലെ ഭാരതസർക്കാർ അതിന്റെ സാമ്പത്തികവും മറ്റു പലതുമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആസൂത്രണം നടത്താറുണ്ട്. ഈ പ്രശ്നങ്ങൾ ഒന്നോ രണ്ടോ ദിവസം കൊണ്ട് എളുപ്പത്തിൽ തീരാത്തവയായതുകൊണ്ട് ആസൂത്രണം അത്യാവശ്യമാണ്. ഉദാഹരണത്തിന്, ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിന്റെ വളർച്ചയുടെ പ്രശ്നം എടുക്കാം. മനുഷ്യശക്തി, അസംസ്കൃതവസ്തുക്കൾ, യന്ത്രങ്ങൾ, പണം തുടങ്ങി വ്യത്യസ്തരുപത്തിലുള്ള വിഭവങ്ങൾ ശരിയായ രീതിയിൽ ഉപയോഗിച്ച്, ഒട്ടുംതന്നെ നശിപ്പിക്കാതെയുള്ള വിതരണം അതിനാവശ്യമുണ്ട്. അതുപോലെതന്നെ ഓരോ വർഷവും ധാരാളം യുവജനങ്ങൾക്ക് തൊഴിൽ നല്കു

ന്നത്, ദരിദ്രരായ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നത്, ഗ്രാമീണജനതക്ക് സുരക്ഷതമായ കുടി വെള്ളം നൽകുന്നത്, ഭാരതത്തിലെ വിവിധ ഗ്രാമങ്ങളെയും പട്ടണങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമിക്കുന്നത് തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉണ്ട്. ഇതുപോലുള്ള ആയിരകണക്കിന് പ്രശ്നങ്ങളെ നമുക്ക് എണ്ണാൻ സാധിക്കും.

ഭാരതം പഞ്ചവൽസരപദ്ധതികൾ നടപ്പിലാക്കി. ഓരോ പദ്ധതിയുടേയും തുടക്കത്തിൽ അടുത്ത അഞ്ച് വർഷത്തേക്ക് ഏതൊക്കെ പ്രശ്നങ്ങളെയാണ് കൈകൈര്യം ചെയ്യാൻ പോവുന്നതെന്ന് പ്രഖ്യാപിക്കും കാലാവധി തീരുന്ന സമയത്ത് മൊത്തത്തിലുള്ള സാഹചര്യം പരിഗണിച്ച് ആ ദിശയിലുള്ള പുരോഗതി അവലോകനം ചെയ്യുന്നു. മുകളിൽ കൊടുത്ത പട്ടിക 19.4 അനുസരിച്ച് പഞ്ചവൽസരപദ്ധതികളുടെ കാലഘട്ടം നോക്കുക.10 പഞ്ചവൽസരപദ്ധതികൾ നമ്മൾ പൂർത്തയാക്കി. 2012-ഓടെ 12-ാം പദ്ധതി പൂർത്തിയാവും. 1966-67 കാലഘട്ടങ്ങളിൽ പഞ്ചവൽസരപദ്ധതികൾ ഉണ്ടായരുന്നില്ല, കേവലം വാർഷികപദ്ധതികളായിരുന്നു. ഒരു പഞ്ചവൽസരപദ്ധതി നടത്തുവാനുള്ള സാമ്പത്തികവും മറ്റുള്ളതുമായ വിഭവങ്ങളുടെ അഭാവമായിരുന്നു അതിന് കാരണം. എന്തുകൊണ്ട് ഇത് സംഭവിച്ചു? 1962 ൽ ചൈനക്ക് എതിരെയും, 1965-ൽ പാക്കിസ്ഥാനെതിരെയും ഭാരതം യുദ്ധം ചെയ്ത് സർക്കാരിന് വിഭവങ്ങൾ മാറ്റി ചിലവഴിക്കേണ്ടിവന്നതാണ് ഇത് സംഭവിക്കുവാൻ കാരണമായത്. ഈ കാലഘട്ടത്തിൽതന്നെ ഭാരതത്തിൽ വരൾച്ചയുണ്ടാവുകയും അതിന്റെ ഫലമായി കാർഷിക ഉല്പാദനം കുറയുകയും ചെയ്തു. അതുകൊണ്ട് പഞ്ചവൽസരപദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരികയും വാർഷികപദ്ധതികൾകൊണ്ട് കാര്യങ്ങൾ നടത്തേണ്ടി വരികയും ചെയ്തു. 1969-ൽ നാലാം പഞ്ചവൽസരപദ്ധതി പുനരാരംഭിച്ചപ്പോഴാണ് സാഹചര്യം ഭേദപ്പെട്ടത്.

1979 ൽ കേന്ദ്രത്തിൽ സർക്കാരിന് മാറ്റം ഉണ്ടായി. അതുകൊണ്ട് ആറാം പദ്ധതി ആരംഭിച്ചത് 1980-ൽ ആണ്. 1979-80 കാലഘട്ടം വാർഷികപദ്ധതിയാക്കി മാറ്റി.

## പദ്ധതികൾക്കുള്ള ചിലവ്

ഓരോ പദ്ധതിയിലും കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വാർത്താവനിമയം, സമൂഹവളർച്ച, മറ്റു സാമൂഹ്യമേഖലകൾ എന്നീ വ്യത്യസ്ത മേഖലകളിൽ സർക്കാർ വിഭവങ്ങൾ വിതരണം ചെയ്യുന്നു. അതതു കാലഘട്ടത്തിൽ സർക്കാർ ലക്ഷ്യമിടുന്ന പദ്ധതിക്കനുസരിച്ച് നിശ്ചിതമേഖലയിലെ വികസനത്തിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന വിഭവങ്ങളുടെ ഉപയോഗമാണ് ഇത് ലക്ഷ്യമിടുന്നത്. ഉദാഹരണത്തിന്, കാർഷകമേഖലയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നത് ഭൂമിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക, ജലസേചനസൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നിവയ്ക്കാണ്. അതുപോലെതന്നെ, വിദ്യാഭ്യാസമേഖലയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നത്, സ്കൂൾ കെട്ടിടങ്ങൾ പണിയുക, പഠനത്തിൽ നല്ല നിലവാരമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക തുടങ്ങിയവക്കാണ്. തുകയുടെ രൂപത്തിൽ ചിലവ് പ്രകടിപ്പക്കുവാൻ നമുക്ക് കഴിയും. ഒന്നാം പഞ്ചവൽസരപദ്ധതിയുടെ ചിലവ് തുകയായ 2070 കോടി രുപാ വിവിധ മേഖലകളിലെ ചിലവ് വഹിക്കാൻ ഉപയോഗിച്ചു. 11-ാം പഞ്ചവൽസരപദ്ധതിയിൽ 2012 ൽ പൂർത്തിയാകാൻ പോവുന്ന വിവിധ മേഖലകളിലുള്ള ചിലവിനായി നിർദേശിക്കപ്പെട്ടിട്ടുള്ളത് 36,44,718 കോടി രൂപായാണ്. ഒന്നാം പദ്ധതിയിൽനിന്ന് 11 ാംപദ്ധതിയിലേക്ക് വരുമ്പോഴുള്ള ചിലവിന്റെ പതിന്മടങ്ങ് വർദ്ധനവിന്റെ കാരണങ്ങളിൽ ചിലത് (a) ജനസംഖ്യാവർദ്ധനവ് (b) ആവശ്യങ്ങളുടെ വർദ്ധനവ് (c) വിപണിയിലെ വിലവർദ്ധനവ് എന്നിവയാണ്.

## പ്രവർത്തനം

ഒരു ഏക്കർ ഭൂമിയിലുള്ള ഗോതമ്പ് ഉൽപാദനം 5 ക്വിന്റലിൽനിന്ന് 8 ക്വിന്റലിലേക്ക് നിങ്ങൾ വർദ്ധിപ്പിക്കാനാഗ്രഹിക്കുന്നു. ഈ ലക്ഷ്യം സാധിക്കാൻ നിങ്ങൾ എങ്ങനെ ആസൂത്രണം നടത്തും?

കുറിപ്പുകൾ

## നിങ്ങൾ എന്താണ് പഠിച്ചത്

- ഭാരതസമ്പദ്‌വ്യവസ്ഥയുടെ ചരിത്രത്തിന് രണ്ടു വ്യത്യസ്ഥഘട്ടങ്ങളുണ്ട്. ഒന്ന്, ബ്രിട്ടീഷ് കാലഘട്ടത്തിലെ സമ്പദ്‌വ്യവസ്ഥ. രണ്ട്. സ്വതന്ത്രാനന്തര സമ്പദ്‌വ്യവസ്ഥ.
- ബ്രിട്ടീഷ് കാലഘട്ടത്തിൽ ഭാരതസമ്പദ്‌വ്യവസ്ഥ പൂർണമായും അവരുടെ നേട്ടത്തിനായി ബ്രിട്ടീഷുകാർ ചൂഷണം ചെയ്തു. അതിന്റെ ഫലമായി സമ്പദ്‌വ്യവസ്ഥ മദ്ധ്യവർത്തികളുടെ ചൂഷണവും ക്ഷാമവും സഹിക്കേണ്ടിവന്നു. തൻമൂലം ഭാരതത്തിൽ സ്വാതന്ത്ര്യസമയത്ത് വലിയ തോതിലുള്ള ദാരിദ്ര്യം ഉണ്ടായിരുന്നു.
- സ്വാതന്ത്ര്യത്തിനുശേഷവും ജനങ്ങളുടെ പ്രതീക്ഷക്കനുസൃതമായി സാഹചര്യം മാറിയില്ല. കുറഞ്ഞ ആളോഹരിവരുമാനം, അതിന്റെ ചെറിയ തോതിലുള്ള വർദ്ധനവ്, ദാരിദ്ര്യം, ഉയർന്ന ജനസംഖ്യാവർദ്ധനവ് തുടങ്ങിയവയാലാണ് ഭാരതം ഇപ്പോഴും അറിയപ്പെടുന്നത്.
- എന്നാൽ ഭാരതത്തിന്, നിശ്ചിതലക്ഷ്യങ്ങൾ സാധിക്കാൻ പദ്ധതിയിട്ട, പഞ്ചവൽസരപദ്ധതികളിലൂടെ പ്രതീക്ഷയുണ്ട്.

## ടേമിലെ പരിശീലനം

1. താൽക്കാലിക സെറ്റിൽമെന്റ് എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
2. എന്തുകൊണ്ടാണ് ബ്രിട്ടീഷുകാർ ധാന്യവിളവുകൾ കൃഷിചെയ്യുവാൻ ആഗ്രഹിച്ചത്?
3. ഭാരതത്തിൽ ക്ഷാമമുണ്ടാവുവാനുള്ള രണ്ടു കാരണങ്ങൾ പറയുക?
4. ഭാരതത്തിലെ ജനസംഖ്യയുടെ നല്ല തലം എന്താണ്?
5. ആളോഹരിവരുമാനത്തിന്റെ നിർവചനത്തിൽനിന്നും അതിന്റെ ചെറിയ തോതിലുള്ള വളർച്ചയുടെ കാരണം എന്ത്?
6. ബ്രിട്ടീഷ് കാലഘട്ടത്തിലെ ക്ഷാമങ്ങളുടെ ലഘുവിവരണം നൽകുക. അത്തരം ക്ഷാമങ്ങളുണ്ടാവുവാനുള്ള കാരണങ്ങൾ എന്തെല്ലാം?
7. ആരാണ് മദ്ധ്യവർത്തികൾ? അവർ ചെയ്യുന്ന ജോലി വിശദമാക്കുക?
8. ഭാരതസർക്കാർ ആസൂത്രണം നടപ്പിലാക്കാനുള്ള കാരണമെന്ത്?
9. ഭാരതം ഒരു ദരിദ്രരാഷ്ട്രമാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന്റെ കാരണമെന്ത്?

കുറിപ്പുകൾ

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരം

### പാഠഭാഗത്തെ ചോദ്യങ്ങൾ 19.1

1. തുണിവ്യവസായരംഗത്ത് ഉൽപാദനത്തിനായി ഭാരതം തൊഴിലാളികളേയും ബ്രിട്ടീഷകാർ യന്ത്രങ്ങളേയും ഉപയോഗിക്കുന്നു.

### പാഠഭാഗത്തെ ചോദ്യങ്ങൾ 19.2

1. ക്ഷാമം എന്നത് ഭക്ഷണദൗർലഭ്യം മൂലം ധാരാളം ആളുകളെ വിശപ്പിലേക്കും മരണത്തിലേക്കും നയിക്കുന്ന സാഹചര്യമാണ്.
2. ധനസമ്പാദനത്തിനായി ബ്രിട്ടീഷുകാർ ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്തു.

### പാഠഭാഗത്തെ ചോദ്യങ്ങൾ 19.3

1. ഭൂനികുതി സ്ഥിരമായി നിശ്ചിതപ്പെടുത്തുന്നതിനെയാണ് സ്ഥിരതീരുവ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. താൽക്കാലികമായിട്ടുള്ള വ്യവസ്ഥയിൽ ഓരോ 25-30 വർഷത്തിലും ഭൂനികുതി പരിഷ്കരിക്കുന്നതാണ്.
2. ഭാരതത്തിന്റെ കിഴക്ക് പ്രവിശ്യയിൽ ബ്രിട്ടീഷുകാർ സമീന്ദാരന്മാരെ നിയമിച്ചു. ജനങ്ങളിൽനിന്ന് നികുതി പിരിക്കുകയായിരുന്നു അവരുടെ ജോലി. പ്രാദേശിക ഭരണനടത്തിപ്പും അവരുടെ ഉത്തരവാദിത്വമായിരുന്നു.

### പാഠഭാഗത്തെ ചോദ്യങ്ങൾ 19.4

1. 6.06
2. ആളോഹരി വരുമാനം = $\frac{\text{ദേശീയവരുമാനം}}{\text{ജനസംഖ്യ}}$
3. 33,731 രൂപ

### പാഠഭാഗത്തെ ചോദ്യങ്ങൾ 19.5

1. അതേ.
2. ഒഡിസ്സായിലെ 46 ശതമാനം ആളുകൾ ദരിദ്രരാണെങ്കിൽ പഞ്ചാബിൽ അത് വെറു 8 ശതമാനം മാത്രമാണ്. അതുകൊണ്ട് പഞ്ചാബ് ഒഡിസ്സായേക്കാളും ധനികപ്രദേശമാണ്.

# 20
# ഭാരത സമ്പദ്‌വ്യവസ്ഥയുടെ വിവിധതലങ്ങൾ

നമ്മൾ വിവിധതരത്തിലുള്ള വസ്തുക്കളും സേവനങ്ങളും ഉപയോഗിക്കുന്നു. അവയെ രണ്ടായി തരം തിരിക്കാം - (i)ഭക്ഷണവസ്തുക്കൾ (ii) ഭക്ഷ്യേതരവസ്തുക്കൾ. ഭക്ഷണമുണ്ടാക്കാൻ നമുക്ക് ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, ഭക്ഷ്യഎണ്ണകൾ എന്നിവ ആവശ്യമുണ്ട്. ഗ്രാമീണമേഖലയിൽ കർഷകർ ഈ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നു. തുണികൾ, ഷൂസ്, ഫർണിച്ചർ, പാത്രങ്ങൾ, വാഹനങ്ങൾ, പേന, പേപ്പർ, ബുക്ക് തുടങ്ങി നിരവധി എണ്ണമറ്റ ഭക്ഷ്യേതരവസ്തുക്കൾ ഉണ്ട്. പട്ടണങ്ങളിലും നഗരങ്ങളിലും ഉള്ള വ്യവസായങ്ങളിലാണ് ഇവ ഉൽപാദിപ്പിക്കുന്നത്. ഭക്ഷ്യധാന്യങ്ങളും ഭക്ഷ്യേതരവസ്തുക്കളും വ്യത്യസ്ഥതലങ്ങളായതുകൊണ്ട് അവയെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- *ജീവിതമാർഗങ്ങൾക്കായി ഗാർഹികമേഖല ഏർപെടുന്ന ഭാരതീയ സമ്പദ് വ്യവസ്ഥയുടെ മൂന്ന് പ്രധാന വിഭാഗങ്ങളെ അറിയാൻ;*
- *സമ്പദ്‌വ്യവസ്ഥയിലെ ഈ ഓരോ വിഭാഗത്തിന്റെയും പങ്കും പ്രാധാന്യവും മനസ്സിലാക്കാൻ;*
- *ഈ വിഭാഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം അറിയാൻ;*

## 20.1 ജനങ്ങൾ ഏർപെടുന്ന വിവിധ തൊഴിലുകൾ

ജീവിതമാർഗത്തിനായി ജനങ്ങൾ അവരുടെ വിദ്യാഭ്യാസം, വൈഭവം, കുടുംബ പാരമ്പര്യം ഇവയെ അടിസ്ഥാനമാക്കി വിവിധതരം പ്രവർത്തനങ്ങളിൽ ഏർപെടുന്നു. പൊതുവേ, നമ്മൾ അവയെ 3 വിഭാഗങ്ങളായി തരം തിരിക്കുന്നു. അവയാണ് (i) പ്രാഥമികമേഖല (ii) ദ്വിതീയമേഖല (iii) ത്രിദീയമേഖല.

### 20.1.1 പ്രാഥമികമേഖല

ഭാരതത്തിലെ ഗ്രാമീണമേഖലയുടെ പശ്ചാത്തലം എടുക്കുക. ഗ്രാമങ്ങളിൽ താമസിക്കുന്ന ജനങ്ങൾ എങ്ങനെയാണ് അവരുടെ ജീവിതമാർഗം കണ്ടെത്തുന്നത് ? അവരിൽ പലരും വയലുകളിൽ കാർഷികവൃത്തിയിലൂടെ ധാന്യം വിളയിക്കുന്നു.

കുറിപ്പുകൾ

അവർ കർഷർ എന്നും കാർഷികതൊഴിലാളികൾ എന്നും അറിയപ്പെടുന്നു. അവരുടെ തൊഴിലിനെ കൃഷി എന്നും വിളിക്കുന്നു. വിവിധതരത്തിലുള്ള ധാന്യം കൃഷി ചെയ്യപ്പെടുന്നു. അവയാണ് ഭക്ഷ്യവസ്തുക്കളും, ഭക്ഷ്യേതരവസ്തുക്കളും. ധാന്യങ്ങൾ, പയറുവർഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവ ഭക്ഷണ വസ്തുക്കളിൽ പെടുന്നു. നൂൽ,ജൂട്ട് തുടങ്ങിയവ ഭക്ഷ്യേതരവസ്തുക്കളാണ്.

അതുപോലെ വനത്തിൽനിന്നുള്ള ഉൽപന്നങ്ങൾ ശേഖരിച്ച് വിറ്റ് വനസമ്പത്തിൽനിന്ന് ജീവിതമാർഗം കണ്ടെത്തുന്ന ജനങ്ങളുണ്ട്. ഈ തൊഴിലിനെ 'ഫോറസ്ട്രി' എന്നു വിളിക്കുന്നു. തടി, വിറക്, ഔഷധസസ്യങ്ങൾ എന്നിവ വന ഉൽപന്നങ്ങളിൽചെടുന്നു. കുറെ ആളുകൾ മൂലകങ്ങൾ ഖനനം ചെയ്ത് ജീവിക്കുന്നു. മൃഗസമ്പത്ത്, കോഴിവളർത്തൽ, പാൽ ഉൽപന്നങ്ങൾ ഇവ ഉൽപാദിപ്പിച്ചും ജനം ജോലികളിൽ ഏർപെടുന്നു. കുളങ്ങൾ, നദികൾ, കടൽ എന്നിവടങ്ങളിൽനിന്നും മൽസ്യം പിടിച്ച് ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന മൽസ്യബന്ധനം മറ്റൊരു തൊഴിലാണ്. കൃഷി, വനസമ്പത്ത്, ഖനനം, മൃഗസംരക്ഷണം, മൽസ്യബന്ധനം തുടങ്ങിയ ഈ പ്രവർത്തനങ്ങളെല്ലാം പരസ്പരപൂരകമാണ്. നമ്മൾ അവയെ പ്രാഥമികഉൽപാദനം എന്ന് വേർതിരിച്ച് പ്രാഥമികമേഖലയിൽ പെടുത്തുന്നു.

അതുകൊണ്ട് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ പ്രാഥമികമേഖലയിൽ ഉൽപെടുന്നത്

(i) കൃഷി

(ii) മൽസ്യബന്ധനം

(iii) വനസമ്പത്ത്

(iv) ഖനനവും ക്വാറിയും

പുരാതനകാലം മുതൽതന്നെ ഭാരതത്തിൽ ഗ്രാമങ്ങൾ നിലനിന്നിരുന്നു. കൃഷിയും അനുബന്ധപ്രവർത്തികളും ജനങ്ങളുടെ പരമ്പരാഗതതൊഴിലുമായിരുന്നു. കൃഷിയിൽനിന്ന് ഉൽഭവിക്കുന്ന ഭക്ഷണം ജീവന്റെ അടിസ്ഥാന ആവശ്യമായതിനാൽ അത് അവർക്ക് സ്വാഭാവികമായി ഉണ്ടാവുന്നതായിരുന്നു. എന്നാൽ കാലം കടന്നുപോയപ്പോൾ മനുഷ്യജീവിതക്രമങ്ങൾ ഗ്രാമങ്ങൾക്ക് പുറത്തോട്ടും വളർന്നു. വികസനപ്രക്രിയയിലൂടെ പട്ടണങ്ങളും നഗരങ്ങളും ഉദയം ചെയ്തു. ഇവയെ നഗരപ്രദേശങ്ങൾ എന്ന് വിളിക്കുന്നു. ജയ്പൂർ, അഹമ്മദാബാദ്, പൂനാ, ഭുവനേശ്വർ എന്നിവ ഭാരതത്തിലെ പട്ടണങ്ങൾക്ക് ഉദാഹരണമാണ്. ഡൽഹി, ചെന്നൈ, മുംബയ്, കൽക്കട്ടാ എന്നിവ കുറച്ചുകൂടി വലിയ പട്ടണങ്ങളായതുകൊണ്ട് അവയെ മെട്രോ എന്നു വിളിക്കുന്നു. കാർഷികേതരതൊഴിലുകൾക്ക് ആയാണ് ഈ പട്ടണങ്ങൾ അറിയപ്പെടുന്നത്. കാർഷികേതരതൊഴിലുകളെ നമുക്ക് രണ്ടു വിഭാഗങ്ങളായി തിരിക്കാം.

1. ദ്വിതീയമേഖല

2. ത്രിദീയമേഖല

### 20.1.2. ദ്വിതീയമേഖല

താഴെപറയുന്ന ഉൽപാദനപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൽപെടുന്നത്.
(a) മാനുഫാക്ചറിംഗ്

(b) നിർമാണപ്രവർത്തനം

(c) ഗ്യാസ്, ജലം, വൈദ്യുതി പ്രദാനം

### മാനുഫാക്‌ചറിംഗ്

അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ച് വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളെ ഫാക്ടറികൾ എന്നും വ്യവസായശാലകൾ എന്നും വിളിക്കുന്നു. ഉപയോഗിക്കുന്ന അളവിന്റെയും ചിലവിന്റെയും അടിസ്ഥാനത്തിൽ ചെറുകിട,വൻകിട വ്യവസായങ്ങളുണ്ട്. ചെറുകിടയൂണിറ്റുകൾക്ക് ഉദാഹരണം ഷൂ ഫാക്ടറി.

ടെക്സ്റ്റൈൽ യൂണിറ്റ്, പ്രിന്റിങ്, ഗ്ലാസ്സ് നിർമാണം, ഫർണിച്ചറുണ്ടാക്കൽ എന്നിവ. വൻകിട ഉൽപാദനത്തിന് ഉദാഹരണം സ്റ്റീൽ, ഓട്ടോമൊബൈൽ, അലൂമിനിയം, തുടങ്ങിയവ. വിദഗ്ദരായവരാണ് മാനുഫാക്‌ചറിംഗ് വ്യവസായത്തിൽ ഏർപെടുന്നത്.

### നിർമാണപ്രവർത്തനം

ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ നിർമാണം, റോഡ്, പാർക്ക്, പാലം, ഡാം, വിമാനത്താവളം, ബസ്സ് സ്റ്റോപ്പ് എന്നിങ്ങനെ വിവിധപ്രവർത്തികൾ ഇതിൽപെടുന്നു. പട്ടണപ്രദേശങ്ങളിലെ നിരന്തരമായ പ്രവർത്തനമാണിത്.

ഗ്യാസ്, ജലം, വൈദ്യുതി എന്നിവയുടെ പ്രദാനം ദ്വിതീയമേഖലയിലെ ജനങ്ങൾ ഏർപെടുന്ന മറ്റൊരു തൊഴിൽ ആണ്. ഇതെല്ലാം അത്യാവശ്യസേവനങ്ങളാണ്.

### പ്രവർത്തനം

(i) ഒരു കോഴിഫാം സന്ദർശിച്ച് അവിടെ വിൽക്കുന്ന ഉൽപന്നങ്ങൾ ശ്രദ്ധിക്കുക

(ii) അഞ്ച് വന്യഉൽപന്നങ്ങളും അവയുടെ വിലയും അടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കുക.

### 20.1.3 ത്രിദീയമേഖല

ജനം വ്യത്യസ്തമായ സ്വഭാവമുള്ള ത്രിദീയമേഖലയിലെ പ്രവർത്തനങ്ങളിലും ഏർപെടുന്നു. താഴെപറയുന്ന സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഈ മേഖലയെ സേവനമേഖല എന്ന് വിളിക്കുന്നു.

(i) വ്യാപാരം, ഹോട്ടൽ, റെസ്റ്റോറന്റുകൾ

(ii) ഗതഗതം, ശേഖരിക്കൽ, ആശയവിവനിമയം

(iii) ബാങ്ക്, ഇൻഷുറൻസ് പോലുള്ള സാമ്പത്തിക സേവനങ്ങൾ

(iv) റിയൽ എസ്റ്റേറ്റ്, ബിസിനസ്സ് സേവനങ്ങൾ

(v) പൊതുഭരണം

(vi) മറ്റു സേവനങ്ങൾ

മുൻപ്രസ്താവിച്ച വ്യത്യസ്ത മേഖലകളിൽ 2009-10 ൽ തൊഴിലിൽ ഏർപ്പെട്ട ജനസംഖ്യയുടെ ശതമാന പട്ടിക 20.1 ൽ കൊടുക്കുന്നു.

**പട്ടിക 20.1 2009-10 ൽ തൊഴിലെടുത്ത വ്യാപാരം ഹോട്ടൽ മുതലായവജനസംഖ്യയുടെ തൊഴിൽപരമായ വിതരണം (ശതമാനം)**

| | | |
|---|---|---|
| (i) | കൃഷി | 50.19 |
| (ii) | ഖനനം ക്വാറി | 0.61 |
| (iii) | മാനുഫാക്ചറിംഗ് | 13.33 |
| (iv) | ഇലക്ട്രിസിറ്റി ജലം | 0.33 |
| (v) | നിർമ്മാണപ്രവർത്തനം | 6.10 |
| (vi) | വ്യാപാരം, ഹോട്ടൽ മുതലായവ | 13.18 |
| (vii) | ട്രാൻസ്പോർട്ട്, സ്റ്റോറേജ് | 5.06 |
| (viii) | സാമ്പത്തിക ബിസിനസ്സ് സേവനങ്ങൾ | 2.22 |
| (ix) | മറ്റു സേവനങ്ങൾ | 8.97 |

*ഉറവിടം: സാമ്പത്തിക സർവേ*

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.1

(i) താഴെപറയുന്നതിൽ ഏതാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നത്?

(a) മത്സ്യസമ്പത്ത് (b) വൈദ്യുതി (c) ബാങ്കിംഗ്

(ii) ഭാരതത്തിലെ തൊഴിൽശക്തിയുടെ ഏറ്റവും വലിയ പങ്ക് ഏതു മേഖലയിലാണ്.

## പ്രവർത്തനം

നിങ്ങളുടെ അടുത്തുള്ള മൂന്ന് ഭവനങ്ങളിൽ പോയി അവരുടെ തൊഴിൽമേഖലയെക്കുറിച്ച് ചോദിക്കുക എന്നിട്ട് അവരുടെ തൊഴിലിനെ വിവിധ മേഖലകളായി തരം തിരിക്കുക.

മുൻ പ്രസ്താവിച്ചതരം വിവിധ മേഖലകളിൽ പ്രവർത്തിച്ച് ജനങ്ങൾ പണം സമ്പാദിക്കുമ്പോൾ ദേശീയഉൽപന്നത്തിലേക്കുള്ള ഈ മേഖലകളുടെ പങ്കും സമ്പദ്‌വ്യവസ്ഥയിൽ ഇവയുടെ പ്രാധാന്യവും സ്ഥാനവും വിശകലനം ചെയ്യുവാൻ നമുക്ക് സാധിക്കും.

## 20.2 പ്രാഥമികമേഖലയുടെ പ്രാധാന്യവും സ്ഥാനവും

പ്രാഥമികമേഖലയിൽ പ്രധാന തൊഴിലും ദേശീയവരുമാനത്തിന്റെ വലിയ ഭാഗം വഹിക്കുന്നതും കൃഷിയാണ്. അതുകൊണ്ട് ഭാരത സമ്പദ്‌വ്യവസ്ഥയിൽ കൃഷിയുടെ പ്രാധാന്യം, സ്ഥാനം തൊഴിൽ, ഭക്ഷണം, അസംസ്കൃതവസ്തുക്കൾ

ഇവ നൽകികൊണ്ട് ദേശീയവരുമാനത്തിലുള്ള സംഭാവന എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. അവ ഓരോന്നായി പരിഗണിക്കാം.

### 1. ദേശീയവരുമാനത്തിലുള്ള പങ്ക്

സ്വാതന്ത്ര്യത്തിന്റെ സമയത്ത് ദേശീയവരുമാനത്തിന്റെ 50 % ത്തിലധികവും കൃഷിയാണ് നൽകിയിരുന്നത്. അടുത്ത നാളുകളിലായി ഈ പങ്ക് കുറഞ്ഞുവന്നു. 2009 -10 ൽ കൃഷി ദേശീയവരുമാനത്തിന്റെ 15 % മാണ് നൽകിയിരുന്നത്.

### 2. വലിയ വിഭാഗം ജനത്തിന് തൊഴിൽ പ്രദാനം ചെയ്യുന്നു

കൃഷി ഭാരതസമ്പദ്‌വ്യവസ്ഥയുടെ പ്രധാനഘടകമാണ്. ഭാരതീയജനസംഖ്യയുടെ വലിയ വിഭാഗത്തിന്റെ തൊഴിലും കൃഷിയാണ്. സ്വാതന്ത്രയത്തിന്റെ സമയത്ത് നമ്മുടെ ജനസംഖ്യയുടെ 70 % ആളുകൾ ജീവിതമാർഗത്തിനായി കൃഷയെയും അനുബന്ധ പ്രവർത്തികളും ആശ്രയിച്ചിരുന്നു. സേവന, ഉൽപാദനമേഖലയുടെ വളർച്ചയോടെ കൃഷിയിലുള്ള ആശ്രയം ചെറുതായി കുറഞ്ഞു. 2009-10ലെ കണക്കനുസരിച്ച് ഭാരതീയജനസംഖ്യയുടെ ഏകദേശം 50 % പേരും കൃഷിയിലാണ് ഏർപെടുന്നത്.

### 3. ലക്ഷക്കണക്കിനാളുകൾക്ക് ഭക്ഷണം പ്രദാനം ചെയ്യുന്നു

ജീവന്റെ ഏറ്റവും അടിസ്ഥാനഘടകം ഭക്ഷണമാണ്. കൃഷിയില്ലായെങ്കിൽ ഭക്ഷ്യ ഉൽപാദനവും വിതരണവും നിലനിൽക്കുന്നില്ല. ഭാരതത്തിന്റെ ഭക്ഷ്യാവശ്യം ജനസംഖ്യ വർദ്ധിക്കുന്നതുമൂലം ഓരോ വർഷം തോറും വർദ്ധിച്ചുവരുകയാണ്. 2008 -9ൽ ഭാരതത്തിന്റെ ആകെ ഭക്ഷ്യധാന്യഉൽപാദനം ഏകദേശം 234 ലക്ഷം ടൺ ആണ്. ഗോതമ്പ്, അരി ധാന്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### 4. വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്യുന്നു

പഞ്ചസാര, ജൂട്ട്, പരുത്തിവസ്ത്രങ്ങൾ, വനസ്പതി, തുടങ്ങിയ വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ കൃഷിയിൽനിന്നാണ് ലഭിക്കുന്നത്. പത്രം എങ്ങനെയാണ് ഉണ്ടാക്കുന്നത് എന്ന് നിങ്ങൾക്കറിയാമോ?. പ്രത്യേകതരം, മുളയും പുല്ലും അതിനാവശ്യമുണ്ട്. കൃഷ്യയില്ലാതെ പത്രഉൽപാദനം സാധ്യമല്ല. അച്ചാർ, ജാമുകൾ, ജ്യൂസ്, ബിസ്കറ്റ്, ബ്രഡ്, പാതിനിർമിത ഭക്ഷണം, തുടങ്ങിയ വിവിധതരം പാക്കറ്റ് ഭക്ഷണഉൽപന്നങ്ങൾ ലഭ്യമാക്കുന്ന, ഭക്ഷണം സംസ്കരിക്കുന്ന വ്യവസായം ശ്രദ്ധിക്കുക. ഭക്ഷണം സംസ്കരിക്കുന്ന വ്യവസായം പ്രവർത്തിക്കുന്നത് കൃഷികൊണ്ട് മാത്രമാണ്.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.2

1. 2008-9ൽ ഭാരതത്തിലെ ഭക്ഷ്യധാന്യഉൽപാദനം എന്തുമാത്രമായിരുന്നു?
2. ഭക്ഷണം സംസ്കരിക്കുന്ന വ്യവസായത്തിൽനിന്ന് ലഭിക്കുന്ന 3 വസ്തുക്കൾക്ക് ഉദാഹരണം നൽകുക?
3. സ്വാതന്ത്ര്യസമയത്ത് ദേശീയവരുമാനത്തിൽ കൃഷിയുടെ പങ്ക് എത്രയായിരുന്നു?
4. 2009-10 ൽ ഭാരതത്തിന്റെ വരുമാനത്തിൽ കൃഷിയുടെ സംഭാവന എത്ര?

## 20.2 ദ്വിതീയമേഖലയുടെ പ്രാധാന്യവും സ്ഥാനവും

ദ്വിതീയമേഖലയിൽ പ്രധാന ഘടകം വ്യവസായങ്ങളാണ്. ഈ വ്യവസായങ്ങളെ ചെറുകിട വ്യവസായങ്ങളെന്നും, വൻകിട വ്യവസായങ്ങളെന്നും തരം തിരിച്ചിരിക്കുന്നു. എന്താണ് ഒരു ചെറുകിട വ്യവസായം? കുറഞ്ഞത് 25 ലക്ഷം രൂപാ പ്ലാന്റിനും യന്ത്രങ്ങൾക്കുമായി ചിലവാക്കുന്ന വ്യവസായമാണിത്. തൊഴിലാളികളെ തീവ്രമായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യയാണ് കൂടുതലായും ഉപയോഗിക്കുന്നത്. അതായത് ഈ വ്യവസായങ്ങളിലെ ഉൽപാദനപ്രക്രിയക്ക് കൂടുതൽ തൊഴിൽശക്തി ഉപയോഗിക്കുന്നു. നേരെ തിരിച്ച് വൻകിട വ്യവസായത്തിന് പ്ലാന്റിന്റെയും യന്ത്രത്തിന്റെയും രൂപത്തിൽ കൂടുതൽ നിക്ഷേപതുക ആവശ്യമാണ്. അത് കൂടുതൽ സ്ഥലത്ത് വ്യാപിച്ച് ധാരാളം ആളുകൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു. വലിയ യന്ത്രങ്ങളുടെ രൂപത്തിൽ മൂലധനതീവ്രസാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഒരു ഇരുമ്പ് ഉരുക്ക് പ്ലാന്റ് ഉദാഹരണം എടുക്കുക. റ്റാറ്റാ ഇരുമ്പ് ഉരുക്ക് പ്ലാന്റ് നമ്മുടെ രാജ്യത്തെ ഏറ്റവും പഴയതാണ്. ജാംഷഡ്പൂരിൽ 37.31 കിലോമീറ്റർ സ്ക്വയർ ഭൂമിയിലാണ് ഇത് സ്ഥിതിചെയ്യുന്നത്.

ചെറുകിട, വൻകിട വ്യവസായമേഖലകളുടെ പ്രാധാന്യം സ്വാതന്ത്ര്യത്തിനുശേഷം വർദ്ധിച്ചുവരുകയാണ്. അവ ഓരോന്നും എന്താണെന്ന് നോക്കാം.

### (i) ദേശീയവരുമാനത്തിലുള്ള പങ്ക്

വ്യവസായമേഖലയുടെ സംഭാവന സ്വാതന്ത്ര്യത്തിനുശേഷം, കാലം കടന്നുപോകുന്നതനുസരിച്ച്, ക്രമേണ വർദ്ധിച്ചുവരുകയാണ്. 2009-10ൽ ഈമേഖല യുടെ പങ്ക് ഭാരതത്തിന്റെ ആഭ്യന്തരഉൽപന്നത്തിന്റെ 28 % മായിരുന്നു. സ്വാതന്ത്ര്യസമയത്ത് അത് വെറും 14 % മായിരുന്നു. ഈ വർദ്ധനവിന് കാരണം വ്യവസായിക ഉൽപാദനത്തിന്റെയും വ്യവസായികയൂണിറ്റുകളുടേയും വളർച്ചയാണ്.

### (ii) തൊഴിൽസൃഷ്ടി

ഭാരതത്തിലെ ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യാൻ വ്യവസായമേഖല വലിയ പങ്ക് വഹിച്ചു. ഏതാണ്ട് 3 കോടി 30 ലക്ഷം ആളുകൾ യുടെ ചെറുകിട, വൻകിട വ്യവസായങ്ങളിൽ വ്യപൃതരാണ്. ഇതിൽചെറുകിട വ്യവസായങ്ങൾ 3 കോടി 12 ലക്ഷം തൊഴിൽ നൽകുന്നു.

### (iii) അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക

ഇന്ന് റോഡുകൾ, ഹൈവേകൾ, റയിൽവേ, വിമാനമാർഗങ്ങൾ എന്നിവ ഉള്ളതുമൂലം വിദൂര സ്ഥലങ്ങളിലേക്കുള്ള യാത്ര സുഗമമാണ്. ഹിരാക്കുഡ് ഭക്രാനംഗൽ തുടങ്ങിയ വലിയ ഡാമുകൾ വൈദ്യുതിയും ജലസേചനവും നൽകുന്നു. ഓഫീസുകൾ, ഷോപ്പിംഗ് സെന്ററുകൾ, ഫാക്ടറികൾ, സ്ഥാപനങ്ങൾ, എന്നിവയെല്ലാം ഉൾക്കൊള്ളുന്നതും താമസസൗകര്യങ്ങൾ നൽകുകയും ചെയ്യുന്ന വലിയ കെട്ടിടങ്ങൾ നോക്കുക. അതുപോലെ ആശയവിനിമയത്തെ സുഗമമാക്കുന്ന റേഡിയോ, ടെലിഫോൺ ടവറുകൾ ഇവ കാണുക. ഇതെല്ലാം അടിസ്ഥാനസൗകര്യങ്ങളുടെ ഭാഗമാണ്. ഇതൊന്നും ഇല്ലാതെ ഇന്ന് ജീവിക്കുവാൻ എത്ര അസാധ്യമാണെന്ന് നിങ്ങൾക്ക് അറിയാം.

അടിസ്ഥാനസൗകര്യങ്ങൾ, കെട്ടിടങ്ങൾ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ സംഭാവനമൂലം യന്ത്രങ്ങളും സാധനസാമഗ്രികളുടെ പങ്ക്

### (iv) ഉപഭോഗവസ്തുക്കളുടെ പ്രദാനം

നിങ്ങൾ ധരിക്കുന്ന വസ്ത്രം, ഉപയോഗിക്കുന്ന വസ്തുക്കൾ, പേന, ടൂത്ത് ബ്രഷ്, സോപ്പ്, ഷൂസ്, സൈക്കിൾ, സ്കൂട്ടർ, കാർ തുടങ്ങിയവ വ്യവസായശാലകളാണ് ഉൽപാദിപ്പിക്കുന്നത്. നമ്മൾ തിരഞ്ഞെടുക്കുന്നതനുസരിച്ച് വിപണിയിൽ വസ്തുക്കൾ നിറഞ്ഞിരിക്കുകയാണ്. വ്യവസായവൽക്കരണം മൂലമാണ് ഇത് സാധ്യമായത്.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.3

1. ചെറുകിട വ്യവസായം എന്തെന്ന് നിർവചിക്കുക?
2. 2009-10ൽ ദേശീയവരുമാനത്തിലെ വ്യവസായമേഖലയുടെ പങ്ക് എന്ത്?
3. അടിസ്ഥാനസൗകര്യങ്ങൾക്ക് 2 ഉദാഹരണങ്ങൾ പറയുക?

## 20.4 സേവനമേഖലയുടെ പ്രാധാന്യവും സ്ഥാനവും

ഭാരതത്തിൽ സേവനമേഖല വളരെ വേഗത്തിൽ വളർന്ന് പന്തലിക്കുകയാണ്. ചുറ്റുപാടും നോക്കിയാൽ നിങ്ങൾക്ക് കാണുവാൻ സാധിക്കും സാധനങ്ങളെയും വ്യക്തികളെയും വഹിച്ചുകൊണ്ടു പോവുന്ന ട്രയിനുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. ബസ്സ്, കാർ, ട്രക്ക് തുടങ്ങി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ചലിച്ചുകൊണ്ടിരിക്കുന്നത് കാണുവാൻ സാധിക്കും. ഗതാഗതസേവനരംഗം വളർന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. മൊബൈൽഫോൺ ഉൾപ്പെടെ നിരവധി ഫോണുകൾ ഇന്ന് ധാരാളം ആളുകൾക്കുണ്ട്. വിദ്യാഭ്യാസം നൽകുവാനായി ധാരാളം സ്കൂളുകൾ നിർമിച്ചിട്ടുണ്ട്. ധാരാളം കുട്ടികൾക്ക് പ്രയോജനം ഉണ്ടാവുന്ന വിധത്തിൽ ഓപ്പൺ സ്കൂളിന്റെ സ്റ്റഡിസെന്ററുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ആരോഗ്യസേവനം നൽകുന്ന ആശുപത്രികൾ, ഹെൽത്ത് സെന്ററുകൾ എന്നിവയും കാണുവാൻ സാധിക്കും. വീട്, കാർ, സ്കൂട്ടർ തുടങ്ങിയ വാങ്ങുവാനുള്ള പണം വായ്പ നൽകുന്ന, അക്കൗണ്ട് തുടങ്ങുവാനും ആവശ്യത്തിന് പണം പിൻവലിക്കാനും സാധിക്കുന്ന ബ്രാഞ്ചുകൾ ബാങ്ക് തുടങ്ങി. ജനങ്ങൾക്ക് ഭക്ഷണം നൽകുവാൻ പൊതുസ്ഥലത്ത് ധാരാളം ഹോട്ടലുകളും, റസ്റ്റോറന്റുകളും ഉണ്ട്.

ഇതെല്ലാം വിവിധങ്ങളായ സേവനങ്ങൾക്ക് ഉദാഹരണങ്ങളാണ്. സേവനങ്ങളില്ലാത്ത സമ്പദ് വ്യവസ്ഥയിലെ ജീവിതം ചിന്തിക്കാൻ അസാധ്യമാണ്. അതുകൊണ്ട് സേവനമേഖലയുടെ പ്രാധാന്യവും സ്ഥാനവും അറിയേണ്ടത് പ്രധാനപ്പെട്ടതാണ്. അവ താഴെപറയുന്ന വിധത്തിൽ വിശദമാക്കാം.

1. ദേശീയവരുമാനത്തിൽ സേവനമേഖലയുടെ പങ്ക്
2. തൊഴിൽ നൽകുന്നതിൽ സേവനമേഖലയുടെ പങ്ക്
3. വിദേശരാജ്യങ്ങളിൽനിന്ന് നിക്ഷേപം ആകർഷിക്കുവാൻ
4. കയറ്റുമതിരംഗത്ത് സേവനമേഖലയുടെ പങ്ക്

### പ്രവർത്തനം

നിങ്ങളുടെ പ്രാദേശിക ട്രാൻസ്പോർട്ട് സേവനത്തെക്കുറിച്ച് 200 വാക്കിൽ കുറയാതെ ഒരു പ്രോജക്ട് തയ്യാറാക്കുക.

## 20.5 സേവനമേഖലയുടെ സംഭാവന

### (i) ദേശീയവരുമാനത്തിലെ സംഭാവന

കൃഷി, വ്യവസായം, സേവനം മൂന്ന് മേഖലകളിൽ ഭാരതത്തിന്റെ ദേശീയവരുമാനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് സേവനമേഖലയാണ്. ഭാരതത്തിന്റെ വരുമാനം 100 ആണെങ്കിൽ അതിൽ 2009-10ൽ സേവനമേഖലയുടെ സംഭാവന 55.20 ആണ്. ഇത് ആകെയുള്ളതിന്റെ പകുതിയിലധികമാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടിക 20.2 യിൽ വിവിധ സേവനങ്ങളുടെ സംഭാവന കൊടുത്തിരിക്കുന്നു.

**പട്ടിക 20.2 വിവിധ സേവനങ്ങളുടെ സംഭാവന GDP( 2009-10)**

| | |
|---|---|
| വ്യാപാരം, ഹോട്ടൽ മുതലായവ | 16.3 |
| ഗതാഗതം, വാർത്താവിനിമയം | 7.8 |
| സാമ്പത്തികം, റിയൽ എസ്റ്റേറ്റ് ബിസിനസ്സ് | 16.7 |
| സമൂഹം, സാമൂഹ്യേതരവിഭാഗങ്ങൾ | 14.4 |
| ആകെ സേവനമേഖല | 55.2 |

*ഉറവിടം: സാമ്പത്തിക സർവേ*

സാമ്പത്തികം, റിയൽ എസ്റ്റേറ്റ് ബിസിനസ്സ്, സേവനമേഖല എന്നിവ ആകെയുള്ള 55.2 ന്റെ 16.7 % പങ്ക് നൽകി എന്ന് നിങ്ങൾക്ക് കാണുവാൻ സാധിക്കും. സാമ്പത്തിക സേവനത്തിൽ ബാങ്കും, ഇൻഷുറൻസും പെടുന്നു. വ്യാപാരം, ഹോട്ടൽ വ്യവസായം തുടങ്ങിയ സേവനമേഖല 16.3 %വും, സമൂഹം സമൂഹ്യഇതരവിഭാഗങ്ങൾ മുതലായവ 14.4 % വും, ഗതാഗതം, വാർത്താവിനിമയം എന്നിവ 7.8 % വും ദേശീയവരുമാനത്തിലേക്ക് സംഭാവനയായി നൽകി.

### (ii) തൊഴിലിലെ പങ്കാളിത്തം

അടുത്ത നാളുകളിലായി കൂടുതൽ ആളുകൾക്ക് സേവനമേഖലയിൽ തൊഴിൽ ലഭിക്കുന്നു. 2009-11 ൽ രാജ്യത്തിലെ മൊത്തം തൊഴിൽ നിലവാരത്തിൽ 29.4 % ഈ മേഖലയുടേതാണ്. ഇനി വരാനുള്ള നാളുകളിൽ ഈ സംഖ്യ വീണ്ടും വർദ്ധിക്കും. രാജ്യത്തെ അഭ്യസ്തവിദ്യരുടെ എണ്ണം ഓരോ ദിവസവും കൂടുന്നതാണ് ഇതിന് കാരണം. അവ സയൻസ്, കോമേഴ്സ്, എഞ്ചിനീയിറിംഗ്, മെഡിസിൻ മറ്റു വിവിധ പ്രൊഫഷനലും തൊഴിലധിഷ്ടിത കോഴ്സുകളും എന്നിങ്ങനെ വിവിധ മേഖലയിൽപെടുന്നു. സേവനമേഖല ഇത്തരം ആളുകളെ ആവശ്യമുണ്ട്. ശമ്പളത്തിന്റെയും വേതനത്തിന്റെയും കാര്യത്തിൽ സേവനമേഖല കാർഷികമേഖലയെക്കാൾ മുന്നിലാണ്. കൃഷിയുമായി താരതമ്യം ചെയ്യുമ്പോൾ സേവനമേഖല കുടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നു. വർഷത്തിലെ മുഴുവൻ സമയവും വിവിധതരത്തിലുള്ള സേവനങ്ങൾ ലഭ്യമാണ്. എന്നാൽ കാലാവസ്ഥാനുസൃതമായ പ്രവർത്തനങ്ങളാണ് കൃഷിയിലുള്ളത്. അതുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ വിദ്യാഭ്യാസം ലഭിക്കുമ്പോൾ അവർ സേവനമേഖലയിലേക്ക് മാറുന്നു. അങ്ങനെ സേവനമേഖലയിൽ തൊഴിൽ വർദ്ധിക്കുന്നു.

### (iii) വിദേശരാജ്യങ്ങളിൽനിന്ന് പണം സമാഹരിക്കുന്നു.

ഭാരതത്തിലെ സേവനമേഖലയുടെ വളർച്ച നോക്കുമ്പോൾ വിദേശരാജ്യങ്ങളിൽനിന്നുള്ള ജനങ്ങൾ ലാഭമുണ്ടാക്കാനായി ഈ മേഖലയിൽ കൂടുതൽ താൽപര്യം

കാണിക്കുന്നത് കാണാം. ബാങ്കിംഗ്, ഇൻഷുറൻസ്, ഗതാഗതം, വ്യാപാരം, ഹോട്ടൽമേഖല ഇവയെല്ലാം ചേർന്ന് ഒരുലക്ഷത്തി പതിനെണ്ണായിരം കോടി രൂപാ വിദേശരാജ്യങ്ങളിൽനിന്ന് നേരിട്ടുള്ള നിക്ഷേപത്തിന്റെ രൂപത്തിൽ സമാഹരിക്കപ്പെട്ടു. അടുത്ത കാലത്ത് ഭാരതത്തിൽ കമ്പ്യൂട്ടർ മേഖല പതിന്മടങ്ങ് വളർന്നു. വിദേശരാജ്യങ്ങളിൽനിന്ന് ഇത് 47000കോടി രൂപയിലധികം പണം സമാഹരിച്ചു. നിക്ഷേപങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിച്ചു. ഇത് രാഷ്ട്രത്തിന് നേട്ടമാണ്.

### (iv) കയറ്റുമതിരംഗത്ത് സേവനമേഖലയുടെ സംഭാവന

ഡോളർ, യൂറോ, എൻ, പൗണ്ട് എന്നിവ വിദേശവിനിമയത്തിലൂടെ ലഭിക്കാൻ വിദേശരാജ്യത്തിലെ പൗരന്മാർക്ക് വസ്തുക്കളും സേവനങ്ങളും വിൽക്കുന്നതാണ് കയറ്റുമതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അടുത്ത കാലത്തായി ഭാരതത്തിലെ സേവനമേഖല കയറ്റുമതിയിലൂടെ രാജ്യത്തിന് വിദേശനാണ്യം നേടിതരുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. നമ്മുടെ ബിസിനസ്സ് സേവനത്തിൽ ഐ.ടി. കൺസൽട്ടൻസി, നിയമസേവനം എന്നിവ ലോകനിലവാരത്തിലായിട്ടുണ്ട്.

2009-10ൽ ഭാരതത്തിന് 4.35 ലക്ഷം കോടി രൂപാ സേവനരംഗത്തെ കയറ്റുമതിയിലൂടെ സമ്പാദിച്ചിട്ടുണ്ട്.

### പാഠഭാഗത്തിലെ ചോദ്യങ്ങൾ 20.4

1. സേവനമേഖലയിൽ 2009-10 ൽതൊഴിലിന്റെ പങ്ക് എന്താണ്?
2. ഭാരതത്തിന്റെ ദേശീയവരുമാനത്തിൽ 2009-10 ൽ സേവനമേഖലയുടെ പങ്ക് എന്താണ്?

## 20.6. സമ്പദ്‌വ്യവസ്ഥയിലെ മൂന്ന് മേഖലകളും തമ്മിലുള്ള പരസ്പരബന്ധം

മൂന്ന് മേഖലകളും തമ്മിൽ പരസ്പരബന്ധിതമാണ്. താഴെപറയുന്ന കഥയിലൂടെ അത് മനസ്സിലാക്കാൻ സാധിക്കും. രാംപുർ എന്ന ഗ്രാമത്തിൽ ഹരിസിംഗ് എന്ന കർഷകൻ സ്വന്തം കൃഷിയിടത്തിൽ ഗോതമ്പ് ഉല്പാദിപ്പിച്ചിരുന്നു. നല്ല മഴ ലഭിച്ചതിനാൽ കഴിഞ്ഞ വർഷം അദ്ദേഹത്തിന് നല്ല വിളവെടുപ്പ് ഉണ്ടായിരുന്നു. ആ പ്രദേശത്തെ ചന്തയിൽ 10 ക്വിന്റൽ ഗോതമ്പ് അദ്ദേഹം വിറ്റു. മറ്റൊരു 10 ക്വിന്റൽ സ്വന്തം ഗാർഹിക ഉപയോഗത്തിന് എടുത്തു. ഈ വർഷം അത്ര നല്ല മഴ ലഭിച്ചില്ല. ആ പ്രദേശത്ത് നല്ല ജലസേവനസൗകര്യങ്ങളും ഇല്ല. അപ്പോൾ എങ്ങനെ ഗോതമ്പ് ഉൽപാദനത്തിനുള്ള ജലം ലഭിക്കും?. ഭൂഗർഭജലം എടുക്കുവാൻ ഹരിസിംഗ് തീരുമാനിച്ചു. എന്നാൽ അതിന് അയാൾക്ക് ഒരു ഡീസൽ പമ്പ് സെറ്റ് ആവശ്യമാണ്. അവിടെ നിന്നും 200 കിലോ മീറ്റർ അകലെ കരിം നഗർ എന്ന വ്യവസായമേഖലയിലെ രവി മാനുഫാക്ചർസ് എന്ന ഉൽപാദന യൂണിറ്റിലാണ് അത് ഉണ്ടാക്കുന്നത്. അത്രയും ദൂരെ പോവുക എന്നത് പ്രയാസകരമായ പ്രവർത്തിയാണ്. ഇക്കാര്യത്തിൽ വിഷമിക്കേണ്ടതില്ല എന്ന് ഹരിസിംഗിന്റെ സഹൃത്തായ ഗംഗാസിംഗ്പറഞ്ഞു. അയാൾ പരിസിംഗിനെ ഏറ്റവും അടുത്തുള്ള 'ശിവമണ്ടി' എന്നുപേരുള്ള കടയിൽ കൊണ്ടുപോയി. ഗംഗയുടെ അളിയനായ പപ്പു ആ വ്യാപാരസമുച്ചയത്തിൽ 'പപ്പു ഹാർഡ്‌വെയർ സ്റ്റോർ' എന്ന് പേരുള്ള കടയിൽ പമ്പ്സെറ്റുകൾ വിൽക്കുന്നുണ്ട്. ഹരിസിംഗ് പപ്പുവിനോട് പമ്പ്സെറ്റ് ചോദിച്ചപ്പോൾ 50 രവി പമ്പ്സെറ്റുകളും ട്രാക്ടറുകൾക്കുള്ള കുറച്ച് സ്പെയർപാർട്സും കൊണ്ടുവരുന്ന കരിംനഗറിൽനിന്ന് കടയിലേക്ക് എത്താൻ സമയമടുക്കുമെന്നും അതുകൊണ്ട് രണ്ടുമണിക്കൂർ താമസമുണ്ടെന്ന് പറഞ്ഞു. രവി പമ്പ്സെറ്റിന്റെ ഉടമസ്ഥനായ രവി കെത്രാപ്പാളിനോട് മൊബൈൽഫോണിലൂടെ സംസാരിച്ച് ഇക്കാര്യം ഉറ

കുറിപ്പുകൾ

പ്പാക്കുകയും ചെയ്തു. ഇതിനിടയിൽ ഗംഗയും ഹരിയും ചായക്കടയിൽ കയറി ചായയും പലഹാരങ്ങളും കഴിച്ച്, അടുത്തുള്ള പ്രൈമറി സ്കൂളിൽ ഹരിയുടെ മകൾക്ക് അഡ്മിഷൻ കാര്യങ്ങൾ അന്വേഷിച്ച്, വീട്ടിൽ പനിയായി കിടക്കുന്ന ഗംഗയുടെ മകന് അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ പോയി മരുന്നു വാങ്ങി. രണ്ടുമണിക്കൂറിനുശേഷം അവർ പപ്പുവിന്റെ കടയിൽ തിരിച്ചുവന്നപ്പോൾ പമ്പു സെറ്റുകൾ തൊഴിലാളികൾ ഇറക്കുന്നത് കണ്ടു. കരിംനഗറിലെ ഫാക്ടറിയിൽനിന്ന് അവർ 50 പമ്പുസെറ്റുകൾ ഓർഡർ കൊടുത്തുവെന്ന് പപ്പു പറഞ്ഞു. അതേ വിപണിയിൽ വാഹനങ്ങളുടേയും ട്രാക്ടുകളുടേയും ഭാഗങ്ങൾ വിൽക്കുന്ന മറ്റൊരു കടയിലേക്കുള്ള സ്പെയർ പാർട്സ് ട്രക്കുകളിൽനിന്ന് നൽകാനുണ്ടായിരുന്നു. ഒരു ലക്ഷം രൂപയുടെ ചെക്ക് ആണ് രവി കെത്രാപ്പാളിനുവേണ്ടി ട്രക്ക് ഡ്രൈവർക്ക് പപ്പു നൽകിയതെന്ന് ഹരി കണ്ടു. ഇത്രയും വലിയ തുക ആയതുകൊണ്ട് രൂപയായി നൽകുന്നത് സുരക്ഷിതമല്ല, ചെക്കാണ് ഭേദം. കെത്രാപ്പാളിന് ചെക്ക് ബാങ്കിൽ നിക്ഷേപിച്ച അക്കൗണ്ടിൽ പണം കിട്ടുമെന്ന് പപ്പു പറഞ്ഞു. ഈ പണം പഴയ ചില പണമിടപാടുകൾ തീർക്കാൻ ഉപയോഗിക്കാമെന്നും അയാൾ പറഞ്ഞു. പമ്പിന്റെ പണം അതുപോലെ അത് ഉപഭോക്താക്കൾക്ക് വിറ്റതിനുശേഷം നല്കും. ഹരിസിംങ് പപ്പുവിന് 7000 രൂപാ നൽകി ഒരു പമ്പ്സെറ്റ് വാങ്ങി. ഈവർഷം മോശം കാലാവസ്ഥയായതിനാൽ പമ്പ്സെറ്റുകൾക്ക് വലിയ ആവശ്യം ഉണ്ടാവുമന്നും വേഗം വിറ്റുപോവുമെന്നും പപ്പു ശുഭാപ്തിവിശ്വാസത്തോടെ പറഞ്ഞു. ഗംഗാസിംങിലോടൊപ്പം ഗ്രാമത്തിലേക്ക് തിരിച്ചു നടക്കുമ്പോൾ ട്രക്കിന്റെ കാര്യം ഇപ്പോൾ എന്തായി എന്ന് ഹരി ചോദിച്ചു. ഗോതമ്പും പച്ചക്കറികളും വിപണിയിൽനിന്നും ട്രക്കിൽ കയറ്റി കരിംനഗർ വ്യവസായമേഖലയിലും ടൗണിലുമുള്ള വീടുകൾക്ക് വിൽക്കും എന്ന് ഗംഗ മറുപടി പറഞ്ഞു.

മുൻ കഥയിൽനിന്നും കൃഷി, വ്യവസായം, സേവനമേഖലകൾ ഇവ തമ്മിലുള്ള പരസ്പരബന്ധം എളുപ്പം സ്ഥാപിക്കാൻ പറ്റും. ഹരിസിംങിനെപോലെ കാർഷികമേഖലയിലുള്ള ധാരാളം കർഷകർക്ക് അവരുടെ ഭൂമിയുടെ ജലസേചനത്തിനായി പമ്പുസെറ്റ് ആവശ്യമുണ്ട്. പമ്പുസെറ്റിനു പുറമേ വളം, കീടനാശിനികൾ, ട്രാക്ടർ, ഉഴവുയന്ത്രം, തുടങ്ങി കൃഷിക്കാവശ്യമായ ധാരാളം വസ്തുക്കൾ ഉണ്ട്. ഈ കഥയിലെ പമ്പിന്റെ വിതരണം പോലെ ധാരാളം വസ്തുക്കൾ വ്യവസായ രംഗത്ത് പ്രദാനം ചെയ്യുന്നു. ഇതിന് പ്രതിഫലമായി വ്യവസായ, സേവനരംഗത്ത് ജോലി ചെയ്യുന്ന ആളുകൾക്ക് കാർഷികമേഖലയിൽനിന്ന് ഭക്ഷണം ലഭിക്കുന്നു. കഥയിൽ ഹരി തന്റെ മിച്ചമുള്ള ഗോതമ്പ് വിപണിയിൽ വിൽക്കുന്നതുപോലെ സേവനമേഖലയുടെ പങ്ക് എന്താണ്? കാർഷിക വ്യാവസായികരംഗത്തുള്ള പരസ്പരവിനിമയം ഉറപ്പിക്കുകയും സുഗമമാക്കുകയുമാണ് അതിന്റെ സംഭാവന. ഈ കഥയിൽ ട്രക്ക് ഗതാഗതസേവനത്തിന്റെ ഭാഗമായി കരിംനഗറിൽനിന്ന് പമ്പും അനുബന്ധഭാഗങ്ങളും വഹിച്ചുകൊണ്ട് ശിവമണ്ടിയിൽ എത്തി തിരിച്ചുപോരുമ്പോൾ ഭക്ഷണവസ്തുക്കൾ കൊണ്ടുപോരുന്നു. ആശയവിനിമയമേഖലയുടെ ഭാഗമായി ഓർഡറുകൾ പിടിക്കാൻ മൊബൈൽഫോണുകൾ ഉപയോഗിക്കുന്നു. സാമ്പത്തികസേവനത്തിന്റെ ഭാഗമായാണ് ചെക്കുകൾ ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നത്. പപ്പുവിന്റെ കട സാധനങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെ ബിസിനസ്സ് സേവനങ്ങൾ നൽകുന്നു. ഈ പ്രവർത്തനങ്ങളെല്ലാം പണത്തിന്റെ ഒഴുക്കിന്റെ വിനിമയമാണെന്നതും ശ്രദ്ധിക്കുക. ഈ കഥയിൽ ഹരിസിംഗ് ഗോതമ്പ് വിറ്റ് പണം ലഭിക്കുന്നു. അയാൾ പമ്പ് വാങ്ങിക്കുവാൻ പണം ഉപയോഗിക്കുന്നു. ഹരിയിൽനിന്ന് ലഭിച്ച പണം പപ്പു തന്റെ ലാഭം എടുത്തിനുശേഷം ബാക്കി പമ്പ് കടക്കാരന് നൽകുന്നു. പമ്പു വിൽപനക്കാരൻ പണം ലഭിച്ചതിൽനിന്നും ട്രക്ക്ഡ്രൈവറുടെ ഓഹരി നൽകി, തന്റെ ഫാക്ടറിയിൽ ഉള്ള ആളുകൾക്ക് കൂലി നൽകുന്നു. ഈ ആളുകൾ ആ പണം ഉപയോഗിച്ച് അടുത്തുള്ള ചന്തയിൽനിന്ന് ഭക്ഷണസാധനങ്ങൾ വാങ്ങി അത് കൊണ്ടുവരാൻ ട്രക്ക് ഉപയോഗിക്കുന്നു.

ഈ ചെറിയ കഥയിലൂടെ സാമ്പത്തികവ്യവസ്ഥ മുഴുവൻ അതിനുള്ളിൽതന്നെ പരസ്പരം ബന്ധിതമായിരിക്കുന്നത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.5

1. ചെക്ക് മൂലം പണം നൽകുന്നതിന്റെ ഒരു നേട്ടമെന്ത്?
2. ഭക്ഷ്യധാന്യങ്ങൾ കയറ്റി ഇറക്ക് ചെയ്യുന്നത് ഏതുമേഖലയുടെ ഭാഗമാണ്?

   (a) കൃഷി (b) വ്യവസായം (c) സേവനം

## പ്രവർത്തനം

ഒരു പ്രാദേശികവിപണി സന്ദർശിച്ച് അവിടെനിന്നും ലഭിക്കുന്ന സേവനങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കുക. അതോടൊപ്പം 5 കാർഷിക വ്യാവസായിക ഉൽപന്നങ്ങളുടേയും അവയുടെ ഉറവിടങ്ങളുടേയും ലിസ്റ്റ് ഉണ്ടാക്കുക.

## നിങ്ങൾ എന്താണ് പഠിച്ചത്

- പ്രാഥമിക (കൃഷിയും അനുബന്ധപ്രവർത്തനങ്ങളും), ദ്വിതീയ ( മാനുഫാക്ചറിംഗ് തുടങ്ങിയവ) തൃതീയ (സേവനങ്ങൾ) എന്നിങ്ങനെ ഒരു സമ്പദ് വ്യവസ്ഥയിൽ 3 മേഖലകൾ ഉണ്ട്.
- ഈ മേഖലകൾ ദേശീയവരുമാനത്തിന്റെ ഉൽപാദനത്തിനും വളർച്ചക്കും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുവാനും അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കാനും പങ്കു വഹിക്കുന്നു.
- ഈ മൂന്നു മേഖലകളും തമ്മിൽ പരസ്പരപൂരകമായി ബന്ധപ്പെട്ടിരിക്കുന്നു.

## ടേമിലെ പരിശീലനം

1. പ്രാഥമികമേഖലകളുടെ ഉപമേഖലകളുടെ പേരു പറയുക?
2. ദ്വിതീയ മേഖലകളുടെ ഉപമേഖലകളുടെ പേരു പറയുക?
3. തൃതീയ മേഖലകളുടെ ഉപമേഖലകളുടെ പേരു പറയുക?
4. പ്രാഥമികമേഖലയുടെ പങ്കും പ്രാധാന്യവും വിശദീകരിക്കുക?
5. ദ്വിതീയമേഖലയുടെ പങ്കും പ്രാധാന്യവും വിശദീകരിക്കുക?
6. ത്രിതീയമേഖലയുടെ പങ്കും പ്രാധാന്യവും വിശദീകരിക്കുക?
7. സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് മേഖലകളും എപ്രകാരമാണ് പരസ്പരബന്ധിതമായിരിക്കുന്നത്?

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരം

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.1

1. (എ)

2. കൃഷി

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.2

1. 234 മില്യൺ ടൺ
2. ബ്രഡ്, ഫ്രൂട്ട്, അച്ചാറുകൾ
3. 50 ശതമാനത്തിലധികം
4. 15 ശതമാനം

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.3

1. കുറഞ്ഞത് 25 ലക്ഷം രൂപയെങ്കിലും യന്ത്രങ്ങളും പ്ലാന്റും ചിലവാക്കുന്ന വ്യവസായമാണ് ചെറുകിട വ്യവസായം.
2. 28 ശതമാനം
3. ടെലിഫോൺ ടവർ, ഹിരാക്കുഡ് അണക്കെട്ട്

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.4

1. 29.4 ശതമാനം
2. 55.2 ശതമാനം

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 20.5

1. സുരക്ഷിതത്വം ( ബാങ്ക് തുകയായി ആ വ്യക്തിക്ക് തന്നെ ലഭിക്കുന്നു)
2. സേവനം

# 21

# ഭാരത സമ്പദ്‌വ്യവസ്ഥയുടെ വെല്ലുവിളികൾ

രാജ്യത്തിലെ ഓരോ പൗരനും മാന്യമായ ജീവിതം നയിക്കുവാനുള്ള അവകാശമുണ്ട്. ഓരോരുത്തർക്കും അവരുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, അടിസ്ഥാനവിദ്യാഭ്യാസം എന്നിവ പൂർത്തികരിക്കാൻ സാധിക്കണം. എന്നിരുന്നാലും വലിയ ഒരു ജനവിഭാഗത്തിന് ഇതൊന്നും സാധ്യമല്ലാത്തവിധം ഭാരതം ഒരു ദരിദ്രരാജ്യമാണ്. നമ്മുടെ സാമ്പത്തികവ്യവസ്ഥിതിക്ക് ആവശ്യത്തിന് തൊഴിൽസാധ്യതകൾ നൽകാനാവാത്തതുമൂലം പാവപ്പെട്ട ജനങ്ങൾക്ക് ജോലി കണ്ടെത്താനോ, വരുമാനം നേടാനോ സാധിക്കാതെ വരുന്നത് കാര്യങ്ങൾ കുറച്ചുകൂടി മോശമാക്കുന്നു. അതുകൊണ്ട് ദാരിദ്ര്യനിർമാർജനവും തൊഴിലില്ലായ്മയും സമ്പദ്‌വ്യവസ്ഥയുടെ മുന്നിലുള്ള വലിയ വെല്ലുവിളികളാണ്. അതുപോലെ ഉയർന്ന ജീവിതനിലവാരം ലഭിക്കണമെങ്കിൽ ശരിയായ വിദ്യാഭ്യാസവും ആരോഗ്യസുരക്ഷാ സൗകര്യങ്ങളും വേണം. ഭാരതം ഒരു വലിയ രാജ്യമായതുകൊണ്ട് എല്ലാ പൗരന്മാർക്കും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സർക്കാർ വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും നൽകുക എന്നതും ഒരു പ്രധാന വെല്ലുവിളിയാണ്. സർക്കാരിനു മുന്നിലുള്ള മറ്റൊരു പ്രധാന പരിഗണന പണപ്പെരുപ്പം എന്നു വിളിക്കുന്ന വസ്തുക്കളുടെ വിലകൾ വർദ്ധിക്കുന്ന അവസ്ഥയാണ്. വിലകൾ വർദ്ധിക്കുന്നത് പാവപ്പെട്ടവരെയും മധ്യവർഗവിഭാഗത്തിൽപെട്ട ജനങ്ങളെയുമാണ് ദയനീയമായി ബാധിക്കുന്നത്. അതുകൊണ്ട് അത് സംഭവിക്കുമ്പോഴെല്ലാം വിലനിലവാരത്തെ നിയന്ത്രിക്കുക എന്നത് ഒരു പ്രധാനപ്രശ്നമാണ്. അവസാനമായി, ജനസംഖ്യയും അവരുടെ ആവശ്യങ്ങളും വളരുന്നതനുസരിച്ച് രാജ്യത്തിന്റെ വരുമാനവും വർദ്ധിക്കണം എന്നാലേ വികസന പ്രക്രിയ തുടരുകയുള്ളു. അതുകൊണ്ട് ഓരോ വർഷവും സാമ്പത്തികവളർച്ച നേടുക എന്നത് സമ്പദ് വ്യവസ്ഥയുടെ മുന്നിലുള്ള ഒരു പ്രധാന വെല്ലുവിളിയാണ്.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- *ദാരിദ്ര്യവും ദാരിദ്ര്യനിർമാർജനത്തിന് സർക്കാർ നടപ്പിലാക്കുന്ന വിവിധപദ്ധതികളെക്കുറിച്ചും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും അർത്ഥം മനസ്സിലാക്കൽ;*
- *വിദ്യാഭ്യാസവും ആരോഗ്യസുരക്ഷാസൗകര്യങ്ങളും പ്രദാനം ചെയ്യാൻ സർക്കാർ എടുക്കുന്ന നടപടികളെക്കുറിച്ച് അറിയാൻ;*
- *പണപെരുപ്പം അഥവാ വിലകളിൽ ഉള്ള വളർച്ച നിയന്ത്രിക്കാനുള്ള മാർഗങ്ങൾ മനസ്സിലാക്കൽ;*
- *ഉയർന്ന സാമ്പത്തികവളർച്ച നേടാൻ സർക്കാർ എടുക്കുന്ന രീതികൾ;*

കുറിപ്പുകൾ

## 21.1 ദാരിദ്ര്യവും തൊഴിലില്ലായ്മയും നേരിടാൻ

ഭാരതത്തിൽ ആരാണ് ദരിദ്രർ? ഭാരതസർക്കാരിന്റെ ആസൂത്രണകമ്മീഷന്റെ അഭിപ്രായത്തിൽ ഗ്രാമങ്ങളിൽ 2400 കിലോ കലോറിയും പട്ടണങ്ങളിൽ 2100 കിലോ കലോറിയും ഊർജ്ജമായി ഭക്ഷണത്തിൽനിന്നും ലഭിക്കാത്തവൻ ആണ് ദരിദ്രൻ. ഇതിനെ നമ്മൾ ഭാരതത്തിൽ **ദാരിദ്ര്യരേഖ** എന്നു വിളിക്കുന്നു. ഈ ദാരിദ്ര്യരേഖയെ എങ്ങനെ വിശദീകരിക്കും? നമ്മുടെ നിലനിൽപിന്റെ ഏറ്റവും അടിസ്ഥാനഘടകം ഭക്ഷണം ആണെന്ന് നമുക്കറിയാം. നമ്മുടെ പ്രവർത്തനത്തിനാവശ്യമായ ഊർജം ശരീരത്തിന് ലഭിക്കാനാണ് നമ്മൾ ഭക്ഷണം കഴിക്കുന്നത്. എങ്ങനെയാണ് ഊർജം അളക്കുന്നത്? ഒരു ദിനം നമ്മുടെ ശരീരത്തിനാവശ്യമായ ഏറ്റവും കുറഞ്ഞ ഊർജം എത്രയാണ്?

ഊർജം അളക്കുന്നത് കിലോ കലോറിയിലാണ്. ഗ്രാമീണമേഖലയിൽ ജനങ്ങൾ കഠിനാദ്ധ്വാനം ചെയ്താണ് ജീവിതം തള്ളിനീക്കുന്നത്. വിദഗ്ധരുടെ അഭിപ്രായത്തിൽ അത്തരം പ്രവർത്തി ചെയ്യാനാവശ്യമായ ഏറ്റവും കുറഞ്ഞ ഊർജം ഗ്രാമങ്ങളിൽ 2400 കിലോ കലോറിയും പട്ടണങ്ങളിൽ 2100 കിലോ കലോറിയും ആണ്. ഇത്രയും കലോറി ലഭിക്കണമെങ്കിൽ ധാന്യവർഗങ്ങൾ, പയറുവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഭക്ഷണം ആവശ്യമാണ്. ഇത്തരം ഭക്ഷണം വാങ്ങണമെങ്കിൽ പണം ആവശ്യമാണ്. ഒരു വ്യക്തിക്ക് ജോലിചെയ്യുവാനുള്ള ഊർജം ലഭിക്കാനാവശ്യമായ ഭക്ഷണത്തിന് ഇത്രയും പണം സമാഹരിക്കാൻ സാധിച്ചില്ലെങ്കിൽ ആ വ്യക്തി ദാരിദ്ര്യരേഖക്കു താഴെയാണ് അഥവാ ലളിതമായി പറഞ്ഞാൽ ദരിദ്രനാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2004–5ൽ ഏതാണ്ട് 27 കോടി പേർ അതായത് ഭാരതത്തിലെ ജനങ്ങളിൽ ഏകദേശം 27.5 ശതമാനം ദരിദ്രരാണ്. എന്നാൽ ഭക്ഷണത്തെ അടിസ്ഥാനപ്പെടുത്തി മാത്രം ദാരിദ്ര്യത്തെ അളക്കാൻ പറ്റുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? മറ്റ് അത്യാവശ്യഘടകങ്ങളായ ഭക്ഷണം, ഷൂസ് എന്നിവയും അടിസ്ഥാനആവശ്യങ്ങളിൽപെടുകയില്ലേ? ഈ സാധനങ്ങളെല്ലാം മേടിക്കാൻ കൂടുതൽ പണം ആവശ്യമാണെന്നല്ലേ ഇത് അർത്ഥമാക്കുന്നത്. ഭാരതസർക്കാരിന്റെ കണക്കനുസരിച്ച് ഭക്ഷണം, വസ്ത്രം, ഷൂസ്, മറ്റ് ഭക്ഷ്യേതരവസ്തുക്കൾ ഇവയെല്ലാംകൂടി കണക്കിലെടുക്കുമ്പോൾ 37 കോടിയിലധികം, അതായത് ഭാരതജനസംഖ്യയുടെ 37 ശതമാനം പേർ ദരിദ്രരാണ്.

അതുപോലെതന്നെ ഭാരതത്തിന്റെ തൊഴിൽമേഖല അത്ര നന്നായി അല്ല പ്രവർത്തിക്കുന്നത്. തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരുടെ ഇടയിലുള്ള തൊഴിലില്ലായ്മ ദാരിദ്യത്തിന്റെ പ്രധാന കാരണമാണ്. വ്യവസായത്തിന്റെ ചെറിയ വളർച്ചാനിരക്ക്, വിദ്യാഭ്യാസവും, പരിശീലനവും ഭാരതത്തിലെ തൊഴിലില്ലായ്മയുടെ പ്രധനാകാരണങ്ങളാണ്. ഇതിനും പുറമേ നമ്മുടെ കാർഷികരംഗം ജനനിബിഡമാണ്, കൃഷിയാകട്ടെ കാലാവസ്ഥാകേന്ദ്രീകൃതവും. വിളവെടുപ്പ് കഴിഞ്ഞാൽ കാർഷികതൊഴിലാളികൾക്കും ചെറുകിടകർഷകർക്കും തൊഴിലില്ലാത്തവരാകും. 2010ൽ ഭാരതത്തിൽ തൊഴിൽശക്തി 43കോടിയിലധികമാണ്. തൊഴിൽശക്തി എന്നുപറഞ്ഞാൽ തൊഴിൽ ചെയ്യാൻ കഴിവുള്ള 15 നും 59 നും ഇടയിൽ പ്രായമുള്ളവരുടെ എണ്ണമാണ്. ദൈനംദിനാടിസ്ഥാനത്തിൽ ഏതാണ്ട് 3 മുതൽ 4 കോടിവരെ അതായത് ഈ തൊഴിൽശക്തിയുടെ 8 % പേർക്ക് ഒരു തൊഴിലും ലഭിക്കുന്നില്ല.

## 21.2 തൊഴിൽനിർമാണം അഥവാ ദാരിദ്ര്യനിർമാർജന പദ്ധതികൾ

സർക്കാർ തന്റെ പൗരന്മാർക്ക് ദാരിദ്ര്യനിർമാർജനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും എന്താണ് ചെയ്യുന്നത്? ഈ പ്രധാനപ്പെട്ട പ്രശ്നം നേരിടാൻ സർക്കാർ വിവിധനയങ്ങൾ രൂപീകരിക്കുകയും സ്വാതന്ത്ര്യം കിട്ടിയസമയം മുതൽ ധാരാളം പണം ചിലവഴിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് കാലം കടന്നുപോവുന്നതനുസരിച്ച് ദാരിദ്ര്യരേഖക്കുതാഴെയുള്ള ജനസംഖ്യ നേരിയരീതിയി

ലാണെങ്കിലും കുറഞ്ഞുവരുന്നത്. അതുപോലെ തൊഴിലില്ലായ്മയുടെ നിരക്കും നിയന്ത്രണാതീതമാകാതെ കൂടുവാൻ അനുവദിക്കുന്നില്ല. ഇതെല്ലാം സാധ്യമായത് താഴെപറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കിയതുകൊണ്ടാണ്.

### 1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി (MGNREGS)

MGNREGS ലക്ഷ്യമിടുന്നത് ഗ്രാമീണജനതക്ക് ഒരു വർഷം കുറഞ്ഞത് 100 ദിവസത്തെ വേതനം ഉറപ്പിക്കുക എന്നതാണ്. ജോലിയുടെ പ്രത്യേകത അത് പ്രത്യേക വൈദഗ്ദ്യമില്ലാത്ത ശാരിരികജോലിയാണ് എന്നതാണ്. ഭാരതത്തിലെ 200 ജില്ലകളിൽ 2006ലാണ് ഈ പദ്ധതി തുടങ്ങിയത്. 2008ൽ അത് രാജ്യത്തെമ്പാടും ഏർപാടാക്കി. ഗ്രാമീണമേഖലയിൽ ജീവിക്കുന്ന ഏതൊരു പ്രായപൂർത്തിയായ അംഗത്തിനും ദൈനംദിനകൂലിയിൽ ഒരു വർഷം 100 ദിവസം ശാരിരികതൊഴിൽ ചെയ്യാം. 2010 ഡിസംബർ ആയപ്പോഴേക്കും 4.1 കോടി ഗാർഹികതൊഴിലാളികൾക്ക് ഈപദ്ധതിയിലൂടെ പ്രയോജനമുണ്ടായി. 2010-11 ൽ സർക്കാർഈ പദ്ധതി നടത്തിപ്പിനായി 40100 കോടി രൂപ ചെലവാക്കി.

### 2. സ്വർണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (SGSY)

SGSY തുടങ്ങിയത് 1999 ഏപ്രിലിൽ ആണ്. സ്വയം തൊഴിലിലൂടെ വരുമാന വർദ്ധനവിനുള്ള കഴിവ് വർദ്ധിപ്പിക്കുവാൻ പാവപ്പെട്ട ഗ്രാമീണജനതയെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളും സ്ത്രീകളുമായിരുന്നു ഈ പദ്ധതിയുടെ പ്രധാന ഫോക്കസ്. എന്നാൽ മറ്റുള്ളവർക്കും ഇതിന്റെ പ്രയോജനം കിട്ടും ഈ പദ്ധതിയനുസരിച്ച് പാവപ്പെട്ടവർക്ക് അവരുടെ ദാരിദ്ര്യത്തെ അതിജീവിക്കുവാൻ, അവരുടെ കഴിവുകൾ വളർത്താൻ സഹായകമായ പരിശീലനവും, ബാങ്ക് വായ്പകളും, മറ്റു സൗകര്യങ്ങളും നൽകുന്നു. സ്വന്തമായി തൊഴിൽ ചെയ്യുന്നവരെ സ്വയം തൊഴിലു ചെയ്യുന്നവർ അഥവാ സ്വരോസഗരീസ് എന്ന് വിളിക്കുന്നു. ഈ പദ്ധതി സവിശേഷമായും സ്വരോസഗരീസിനെ ലക്ഷ്യമാക്കിയുള്ളതാണ്. ഈ പദ്ധതിയനുസരിച്ച് അരോ ജില്ലയിലും പാവപ്പെട്ട ഗാർഹികഉപഭോക്താക്കൾക്ക് പരിശീലനം നൽകാനായി സർക്കാർ സ്വയം തൊഴിൽ പരിശീലനസ്ഥാപനം **(RSETI)** ആരംഭിച്ചു. ഏകദേശം 77000 ഗ്രാമീണയുവജനങ്ങൾക്ക് 2010 ഡിസംബറോടെ **(RSETI)** ൽനിന്ന് പരിശീലനം ലഭിച്ചു.

### 3. സ്വർണജയന്തി സഹാരി റോസ്ഗർ യോജന (SGSRY)

രാജ്യത്തെ പട്ടണപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നപദ്ധതിയാണ് **SGSRY.** ഇത് ആദ്യം തുടങ്ങിയത് 1997ൽ ആണ്. പിന്നീട് പുതിയ സംരംഭങ്ങൾ 2009ൽ ഏർപെടുത്തി താഴെക്കൊടുത്തിരിക്കുന്നവ അവയിൽപെടുന്നു:

(i) സ്വയം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികൾ

(ii) നഗരത്തിലെ സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ

(iii) നഗരത്തിലെ ദരിദ്രരായവർക്കുള്ള പരിശീലനം

(iv) സമൂഹവളർച്ചാപദ്ധതികൾ

(v) തൊഴിൽവേതന പദ്ധതികൾ

SGSRY - ക്കായി 2010-11 ൽ സർക്കാർ 590 കോടി രൂപ വിനിയോഗിച്ചു. പട്ടണപ്രദേശത്തെ ആകെ ആറു ലക്ഷത്തി അമ്പതിനായിരം കുടുംബങ്ങൾക്ക് 2010 ഡിസംബറോടെ ഈ പദ്ധതി മൂലം പ്രയോജനം ലഭിച്ചു.



കുറിപ്പുകൾ

## പാഠ്യഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 21.1

1. ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യരേഖ എന്താണ്?
2. ഭാരതജനസംഖ്യയുടെ തൊഴിൽശക്തി എത്ര?
3. നഗരദാരിദ്ര്യം പരിഹരിക്കാനുള്ള ഒരു പദ്ധതിയുടെ പേരു പറയുക?

## 21.3 വിദ്യാഭ്യാസം പ്രദാനം ചെയ്യൽ

എല്ലാ പൗരന്മാർക്കും വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രത്തിനു മുന്നിലുള്ള മറ്റൊരു വെല്ലുവിളി. 2011-ലെ സെൻസസ് അനുസരിച്ച് ഭാരതത്തിലെ സാക്ഷരതാനിരക്ക് പുരുഷന്മാർക്ക് 82.14 ശതമാനവും സ്ത്രീകളുടേത് 65.46 ശതമാനവും പ്രായപൂർത്തിയായവരുടേത് 74.04 ശതമാനവും ആണ്. എല്ലാവർക്കും വിദ്യാഭ്യാസം നൽകുവാനായി ഭാരതസർക്കാർ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 1. കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം

2009 ൽ ഭാരതസർക്കാർ 6 വയസ്സിനും 14 വയസ്സിനുമിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം എന്നത് അടിസ്ഥാനഅവകാശമാക്കി. 2010 ഏപ്രിൽ മുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നു. ഇപ്പോൾ 14 വയസ്സിനുമിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം അവകാശമാണ്. അത് നൽകുവാൻ സർക്കാർ ബാധ്യസ്ഥവുമാണ്. അതനുസരിച്ച് സർക്കാർ കുടുതൽ പ്രൈമറി, അപ്പർപ്രൈമറി സ്കൂളുകൾ സ്ഥാപിച്ച് പഠിപ്പിക്കാൻ അദ്ധ്യാപകരേയും നിയമിച്ചു.

### 2. പ്രാഥമിക, സെക്കന്ററി വിദ്യാഭ്യാസപദ്ധതികൾ

പ്രാഥമിക, സെക്കന്ററി വിദ്യാഭ്യാസപദ്ധതികളുടെ വികസനത്തിനായുള്ള ചില പ്രധാനപ്പെട്ട പദ്ധതികൾ താഴെകൊടുക്കുന്നു.

#### (i) സർവശിക്ഷാഅഭിയാൻ (SSA)

കേന്ദ്രസർക്കാർ സംസ്ഥാനസർക്കാറിന്റെ പങ്കാളിത്തത്തോടെ 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം നല്കാനായി നടപ്പിലാക്കുന്നതാണ് SSA. പിന്നീടുണ്ടായ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടുപിടിച്ച് പദ്ധതി പുതുക്കി. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ:

(a) എല്ലാ കുട്ടികളെയും സ്കൂളിൽ ചേർക്കൽ


(b) അപ്പർപ്രൈമറിവരെ കുട്ടികളെ സ്കൂളിൽ നിലനിർത്തൽ

(c) 'സ്കൂളിലേക്ക് തിരിച്ചുകൊണ്ടുവരൽ ക്യാമ്പു'കൾ നടത്തൽ

(d) വിദ്യാഭ്യാസഗാരന്റി സെന്ററുകൾ നിർമിക്കാൻ

(e) വിദ്യാഭ്യാസം നൽകുന്നതിലൂടെ ജാതി, ലിംഗം എന്നിവയിലൂടെ ഉൽഭവിക്കുന്ന അന്തരം ഇല്ലാതാക്കൽ

2010 സെപ്റ്റംബറോടെ 309,727 പുതിയ സ്കൂളുകളിലായി 11 ലക്ഷത്തിലധികം അദ്ധ്യാപകർ നിയമിക്കപ്പെട്ടു. ഏകദേശം 9 കോടി കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി.



കുറിപ്പുകൾ

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാനായി SSA -ക്ക് പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായുള്ള ദേശീയ പദ്ധതി എന്നപേരിൽ (NPEGEL) ഒരു പ്രധാന വിഭാഗം ഉണ്ട്. ഈ പദ്ധതിയനുസരിച്ച് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാനായി ഓരോ ക്ലസ്റ്ററിലും മാതൃകാവിദ്യാലയങ്ങൾ സ്ഥാപിക്കുന്നു. യൂണിഫോമുകളും പഠനസാമഗ്രികളും പെൺകുട്ടികൾക്ക് സൗജന്യമായി നൽകുന്നു. ഈ പദ്ധതിയനുസരിച്ച് പെൺകുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനവും കിട്ടുന്നു. SSA-യുടെ കീഴിൽ കസ്തൂർബാഗാന്ധി ബാലികാവിദ്യാലയം (KGBV) എന്ന പേരിൽ പെൺകുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകളും ഉണ്ട്. KGBVൽ ചേരുന്ന 75 ശതമാനം കുട്ടികളും SC,ST,OBC, മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവയിൽ പെട്ടവരാണ്. ബാക്കി 25 % പേർ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽപെട്ടവരാണ്. മാർച്ച് 2010 -ഓടെ KGBVൽ 2 ലക്ഷം പെൺകുട്ടികൾ ചേർന്നു.

### (ii) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള ദേശീയപദ്ധതി

സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കാനും അവരെ സ്കൂളിൽ നിലനിർത്താനും സർക്കാർ ഉച്ചഭക്ഷണത്തിനുള്ള പദ്ധതി തുടങ്ങി. കുട്ടികൾക്ക് ആരോഗ്യകരമായ ഭക്ഷണം നൽകുക എന്നതാണ് ആശയം. ഉച്ചഭക്ഷണപദ്ധതി സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളെ ഒന്നിച്ചിരുന്ന ഭക്ഷണം കഴിപ്പിക്കാനും പരസ്പരബന്ധത്തിന്റെ ബോധ്യം വളർത്താനും അനുവദിക്കുന്നു. 2009-10ൽ 14 കോടി കുട്ടികളിലധികം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

### (iii) രാഷ്ട്രീയ മധ്യാമിക് ശിക്ഷാ അഭിയാൻ (RMSA)

സെക്കന്ററി വിദ്യാഭ്യാസരംഗത്ത് നിരക്ക് കൂട്ടുവാൻ 2009 ലാണ് RMSA ആരംഭിച്ചത്. ഈ പദ്ധതിയുടെ മൊത്തം ചിലവിന്റെ 75ശതമാനം കേന്ദ്രസർക്കാരിൽനിന്നും 25 ശതമാനം സംസ്ഥാനസർക്കാരുമാണ് എടുക്കുന്നത്. ഭാരതത്തിന്റെ തെക്ക്കിഴക്ക്ഭാഗത്ത് ഈ നിരക്ക് 90 : 10 ആണ്.

### (iv) സെക്കന്ററിതലത്തിൽ അംഗവൈകല്യമുള്ളവർക്ക് ഉൾപ്പെടുത്തുന്ന വിദ്യാഭ്യാസം (IEDSS)

പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ സഹായിക്കുവാൻ 2009-10 മുതൽ IEDSS പദ്ധതി സർക്കാർ ആരംഭിച്ചത്. അതിന്റെ 100 ശതമാനം കേന്ദ്രസഹായവും 9-12 ക്ലാസ്സുകളിൽ പഠിക്കുന്ന അംഗവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയാണ് ലക്ഷ്യമിടുന്നത്.

### (v) സാക്ഷാർ ഭാരത്

15 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ സാക്ഷരതയും വിദ്യാഭ്യാസവും പരിപോഷിപ്പിക്കുവാൻ സർക്കാർ ദേശീയസാക്ഷരതാമിഷൻ പുനസൃഷ്ടിച്ചതാണ് സാക്ഷാർ ഭാരത്. ഈ പദ്ധതിയിൽ പ്രധാന ഊന്നൽ കൊടുക്കുന്നത് സ്ത്രീകൾക്കാണ്.

## (3) ഉന്നത സാങ്കേതിക വിദ്യാഭ്യാസ പദ്ധതി

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ കോളേജ് വിദ്യാഭ്യാസത്തോടുകൂടി ഉന്നതവി

ദ്യാഭ്യാസം തുടങ്ങുന്നു. ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസത്തിലും ആർട്സ്, സോഷ്യൽ സയൻസ്, സയൻസ്, എഞ്ചിനീയറിംഗ്, മെഡിസിൻ, ഇൻഫോർമേഷൻ ടെക്നോളജി എന്നിവ ഉൾപെടുന്നു. അറിവുള്ള സമൂഹത്തെ സൃഷ്ടിക്കണമെങ്കിൽ ഒരു രാജ്യം അതിന്റെ ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും മെച്ചപ്പെടുത്തണം. അന്താരാഷ്ട്രതലത്തിൽ മറ്റു രാജ്യങ്ങളുമായി മൽസരിച്ച് ഭാരതസർക്കാർ ഉന്നതവിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന ധാരാളം മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.


1. 11 ാം പഞ്ചവൽസരപദ്ധതിയിൽ കേന്ദ്രസർക്കാർ 8 സർവകലാശാലകളും 10 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാൻ പദ്ധതിയിടുന്നു.
2. പുതിയ മോഡൽ കോളേജുകൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ സ്ഥാപിക്കും.
3. ഐ.ടി.വിദ്യാഭ്യാസത്തിന്റെ വളർച്ചക്ക് കുടുതൽ ഇൻഡ്യൻ ഇൻസ്റ്റിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) സ്ഥാപിക്കും.
4. കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ നാഷനൽ ഇൻസ്റ്റിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs) യും ഇൻഡ്യൻ ഇൻസ്റ്റിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs)യും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ 2011-12ൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കും
5. ശാസ്ത്രഗവേഷണം വളർത്താൻ സർക്കാർ 5 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (IISER) രാജ്യത്തിന്റെ വിവിധ ഭാഗത്ത് സ്ഥാപിക്കും.
6. അവസാനമായി, 5 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യട്ട് ഓഫ് മാനേജ്മെന്റ് (IIMs)11-ാം പദ്ധതിയിൽ പ്രവത്തിപ്പിക്കും. രണ്ടെണ്ണം 2011-12 ലും സ്ഥാപിക്കും.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 21.2

1. സർവശിക്ഷാ അഭിയാന്റെ 3 ലക്ഷ്യങ്ങൾ പറയുക?
2. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ രണ്ടു നിർദേശങ്ങൾ പറയുക?
3. ഉച്ചഭക്ഷണപദ്ധതിയുടെ ഒരു നേട്ടമെന്ത്?

## 21.4 ആരോഗ്യശുശ്രൂഷ പ്രദാനം ചെയ്യൽ

രാജ്യത്തിനുമുന്നിലുള്ള വലിയ വെല്ലുവിളി ഭേദപ്പെട്ട ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ്. ശരിയായ ആരോഗ്യസംരക്ഷണത്തിന്റെ അഭാവം മൂലം ഒരു ലക്ഷത്തിന് 254 പെൺകുട്ടികൾ വച്ച് ജനിക്കുമ്പോൾ തന്നെ മരിക്കുന്നു. ഇതിനെ മാതൃത്വമരണനിരക്ക് (MMR) എന്ന് വിളിക്കുന്നു. 1000 ത്തിന് 50 കുട്ടികൾ എന്ന നിരക്കിൽ ജനനസമയത്ത് കുട്ടികൾ മരിക്കുന്നു. അതിനെ ശിശുമരണനിരക്ക് (IMR) എന്ന വിളിക്കുന്നു. ആയിരത്തിന് 15 കുട്ടികൾ എന്ന നിരക്കിൽ 4 വയസ്സിന് മുമ്പ് മരിക്കുന്നു. ഇതിനെ കുട്ടി മരണനിരക്ക് (CMR) എന്ന വിളിക്കുന്നു. ഈ വാർത്തകൾ തീർച്ചയായും പ്രോൽസാഹജനകമല്ല. ധാരാളം ഗ്രാമങ്ങളും ഉൾപ്രദേശങ്ങളും നമ്മുടെ രാജ്യത്തുണ്ട്. പട്ടണങ്ങളിൽനിന്നും വ്യത്യസ്തമായി





ഈ സ്ഥലങ്ങൾക്ക് ആവശ്യമായ ആരോഗ്യകേന്ദ്രങ്ങളോ ആശുപത്രികളോ അവിടെയുള്ള ആളുകളുടെ പ്രശ്നങ്ങളെ ശ്രദ്ധിക്കാൻ ഡോക്ടർമാരോ ഇല്ല. സർക്കാർ ആകെ ചിലവിന്റെ 5 ശതമാനം മാത്രമാണ് ആരോഗ്യസംരക്ഷണത്തിന് ഉപയോഗിച്ചത്. അത് ദേശീയവരുമാനത്തിന്റെ 1.27 ശതമാനം മാത്രമായിരുന്നു. നമ്മുടെ അയൽസ്ഥാനത്തുള്ള ശ്രീലങ്കയുടെ ആളോഹരി ചിലവ് ഇതിലും കൂടുതൽ ആണ്. ആരോഗ്യസൗകര്യങ്ങൾ പ്രദാനം ചെയ്യാൻ സർക്കാർ എടുക്കുന്ന പരിശ്രമങ്ങൾ നോക്കാം.

### (i) ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ ( NRHM)

ഗ്രാമീണജനതക്ക് ചിലവ് താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനം നൽകാൻ 2005 ലാണ് NRHM ആരംഭിച്ചത്. പൊതുആരോഗ്യവിതരണ സമ്പ്രദായം മെച്ചപ്പെടുത്തി മലേറിയ, കലാസർ, അന്ധത, അയഡിൻ ദൗർലഭ്യം, ടി.ബി, ഫൈലേറിയ, കുഷ്ടം തുടങ്ങിയ രോഗങ്ങൾ ഇല്ലാതാക്കി ആരോഗ്യവും കുടുംബക്ഷേമപ്രവർത്തനങ്ങളും മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. നിലവിലുള്ള പ്രാഥമിക, കമ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങൾ ഊർജിതപ്പെടുത്തുവാനാണ് NRHM ആരംഭിച്ചത്. ഗ്രാമീണജനതക്ക് ആരോഗ്യസേവനം നൽകാൻ സെപ്റ്റംബർ 2010 ഓടെ ഏകദേശം 8 ലക്ഷം ആരോഗ്യപ്രവർത്തകർക്ക് ആരോഗ്യസംരക്ഷണത്തിൽ പരിശീലനം ലഭിച്ചു, 90000 ൽപരം ഡോക്ടർമാരും, 26000 നഴ്സുമാരും, കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ആരോഗ്യപരിരക്ഷ നേരിട്ട് ലഭ്യമാക്കാൻ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്ന ധാരാളം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (MMUs) നടത്തുന്നു.

### (ii) ജനനി സുരക്ഷാ യോജന(JSY)

പ്രസവസമയത്ത് അമ്മയുടെ ജീവൻ രക്ഷിക്കാൻ സർക്കാർ തുടങ്ങിയതാണ് ജനനി സുരക്ഷാ യോജന.

### (iii)പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷായോജന ( PMSSY)

ആരോഗ്യസംരക്ഷണം ഭാരതത്തിൽ എല്ലാവർക്കും തുല്യമായി ലഭിക്കുന്നില്ല. ചില സംസ്ഥാനങ്ങൾക്ക് വളരെ നല്ല ആരോഗ്യ സംവിധാനങ്ങൾ ഉണ്ട്. മെഡിക്കൽ സ്ഥാപനങ്ങൾ, കോളേജുകൾ, ആശുപത്രികൾ തുടങ്ങിയവ. എന്നാൽ മറ്റു ചിലവയ്ക്ക് ഈ സൗകര്യങ്ങളൊന്നുമില്ല. ഇത് ചില സ്ഥലങ്ങളിൽ കുടുതൽ ലഭ്യതയുണ്ടാവുകയും ആരോഗ്യസേവനരംഗത്ത് പ്രാദേശിക അസന്തുലിതാവസ്ഥക്ക് വഴി തെളിക്കുകയും ചെയ്തു. ഉദാഹരണത്തിന് ലോകോത്തര നിലവാരമുള്ള ആശുപത്രിയും മെഡിക്കൽ സ്ഥാപനമായ ഓൾ ഈൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) ഡൽഹിയിലാണ് സ്ഥിതി ചെയ്യുന്നത്.മറ്റ് സംസ്ഥാനങ്ങൾക്ക് ഇതുപോലുള്ള സൗകര്യങ്ങളില്ലാത്തതിനാൽ **AIIMS** ൽ ചികിൽസ ലഭിക്കാൻ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ ഡൽഹിയിലേക്ക് വരുന്നു. അതിന്റെ ഫലമായി **AIIMS** ൽ ജനപ്പെരുപ്പം മൂലം ചികിൽസക്കായി ദീർഘനാൾ കാത്തിരിക്കേണ്ടിവരുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭാരത സർക്കാർ **PMSSY** തുടങ്ങി. ഈ പദ്ധതിയനുസരിച്ച് 6 പുതിയ **AIIMS** പോലുള്ള സ്ഥാപനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിക്കാൻ തുടങ്ങി. അതോടൊപ്പം വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള 12 സർക്കാർ മെഡിക്കൽ കോളേജുകൾ ഗ്രേഡ് കൂട്ടാനും ലക്ഷ്യമിടുന്നു.

കുറിപ്പുകൾ

### (iv) ദേശീയ എയ്ഡ്സ് നിയന്ത്രണം

AIDS (അക്വയേർഡ് ഇമ്മ്യൂൺ ഡെഫിഷ്യൻസി സിൻഡ്രോം) എച്ച് ഐ.വി ബാധിതരായ ജനങ്ങളെ സംബന്ധിക്കുന്ന ഒരു അപകടകാരിയായ ആരോഗ്യ വൈപരീത്യം ആണ്. 2009ൽ ഭാരതത്തിൽ ഏകദേശം 24 ലക്ഷം പേർ എച്ച് ഐ.വി ബാധിതരായിട്ടുണ്ട്, ലോകത്തിലെ ഉയർന്ന നിരക്കിൽ ഒന്നാണിത്. വൈറസുകളിലൊന്നായ എച്ച് ഐ.വി മനുഷ്യശരീരത്തെ ആക്രമിച്ച് ആ വ്യക്തിക്ക് അസുഖങ്ങൾക്കെതിരെയുള്ള പ്രതിരോധശക്തി നഷ്ടപ്പെട്ട് കാലക്രമേണ ശരീരം ക്ഷീണിതമാവുന്നു. അത്തരം സാഹചര്യത്തിൽ ആ വ്യക്തിക്ക് രോഗങ്ങളിൽനിന്നും മുക്തിപ്രാപിക്കുക അസാധ്യമാണ്. ലോകത്തെ മുഴുവൻ ജനങ്ങളെയും പരിഭ്രാന്തിയിലാഴ്ത്തുന്ന ഒന്നാണ് എയ്ഡ്സ്. എയ്ഡ്സിനെ പ്രതിരോധിക്കാൻ അവബോധം സൃഷ്ടിക്കാനും വൈറസ് രോഗബാധിതരെ ചികിൽസിക്കാനും ഭാരത സർക്കാർ വിവിധ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 21.3

1. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ലക്ഷ്യങ്ങൾ എഴുതുക.

## 21.5 വില വർദ്ധനവ് നിയന്ത്രിക്കാൻ

ജനങ്ങൾ വിവിധ വസ്തുക്കൾ വിപണിയിൽനിന്ന് വില കൊടുത്ത് വാങ്ങുന്നു. വില വർദ്ധിക്കുമ്പോൾ സാധനങ്ങളും സേവനങ്ങളും അതേ അളവിൽ വാങ്ങിക്കുക പ്രയാസകരമാണ്. അതിന്റെ ഫലമായി സംതൃപ്തിയുടെ നിലവാരം താഴുന്നു. നിങ്ങൾ കൂടുതൽ വില നൽകുമ്പോൾ നിങ്ങൾക്ക് കൂടുതൽ പണം മുടക്കി കുറച്ച സാധനം മേടിക്കാൻ സാധിക്കുന്നതുകൊണ്ട് നിലവിലുള്ള വരുമാനം കുറഞ്ഞതായി കാണപ്പെടുന്നു. ഇത് വാങ്ങുന്നവനെ പ്രതികൂലമായി ബാധിക്കുന്നു. പൊതുവായ ഒരു കാരണം വിപണിയിൽ ആളുകൾ വാങ്ങുവാൻ ആഗ്രഹിക്കുന്ന സാധനത്തിന്റെ അളവ് യഥാർത്ഥലഭ്യതയെക്കാൾ കൂടുതൽ ആയാൽ ആ പ്രത്യേക വസ്തുവിന്റെ ദൗർലഭ്യം ഉണ്ടാവുന്നു. അതിന്റെ ഫലമായി ആ വസ്തുവിന്റെ വില വർദ്ധിക്കുന്നു. ഉൽപാദനത്തിന്റെ കുറവു മൂലവും സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാവാം. ഉദാഹരണത്തിന് വരൾച്ചയുടെ സാഹചര്യം ഉണ്ടായാൽ ഭക്ഷ്യധാന്യ ഉൽപാദനം കുറയും. ദൗർലഭ്യത്തിന്റെ മറ്റൊരു കാരണം ശരിയായ ശേഖരണ സൗകര്യങ്ങളുടെ അഭാവം മൂലം വസ്തുക്കൾ ഉപയോഗശൂന്യമായിപോവുന്നതാണ്. അവസാനമായി, വിൽപനക്കാർ സാധനങ്ങൾ വിൽക്കാതെ പൂഴ്ത്തിവക്കുകയാണെങ്കിൽ കൃത്യമമായ മനുഷ്യനിർമിത ദൗർലഭ്യം ഉണ്ടാവുന്നു. സാധനങ്ങൾക്ക് കൂടുതൽ വില ഈടാക്കുവാൻ വേണ്ടി വിൽപനക്കാരൻ മനപൂർവം ഇപ്രകാരം ചെയ്യാറുണ്ട്. പൂഴ്ത്തിവയ്പ് മിക്കവാറും സംഭവിക്കുന്നത് ഉള്ളി അരി, മരുന്ന് തുടങ്ങി അവശ്യവസ്തുക്കൾക്കാണ്. സർക്കാർ വില നിയന്ത്രണത്തിന് താഴെ പറയുന്ന രീതിയിൽ വലിയ പങ്ക് എടുക്കുന്നു.

(i) ഭക്ഷ്യധാന്യഉൽപാദനത്തെ ബാധിക്കാത്തരീതിയിൽ കർഷകരെ പല രീതിയിൽ സഹായിച്ചുകൊണ്ട്. ഉദാഹരണത്തിന്, വിത്ത്, വളം തുടങ്ങിയവ വില കുറച്ച് വാങ്ങുവാൻ കർഷകരെ അനുവദിക്കുന്നു.

(ii) സാധനങ്ങളുടെ ലഭ്യത ഒരു പ്രശ്നമാവാതിരിക്കുവാൻ ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും ശരിയായ രീതിയിൽ സംരക്ഷിക്കുവാൻ ശേഖരണഭവനങ്ങളും കോൾഡ് സ്റ്റോറേജുകളും നിർമിച്ച്.

(iii) അവശ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പിനെതിരെ ശക്തമായ മുൻകരുതൽ സ്വീകരിച്ച്, പൂഴ്ത്തിവയ്പ് ഒരു കുറ്റകൃത്യമായി കണ്ട് കുറ്റക്കാരെ ശിക്ഷിച്ച്.

കുറിപ്പുകൾ

## 21.6 ഉയർന്ന സാമ്പത്തികവളർച്ച സാധ്യമാക്കാൻ

നമ്മുടെ രാജ്യത്തിന്റെ മൊത്തവരുമാനവും ആളോഹരി വരുമാനവും വർദ്ധിക്കുന്നതിനെ ലളിതമായ രീതിയിൽ സാമ്പത്തികവികസനം എന്ന് നിർവചിക്കാം. ഭാരതത്തിന്റെ കാർഷിക, വ്യാവസായിക ഉൽപാദനം വർദ്ധിപ്പിച്ച് അതോടൊപ്പം തന്നെ സേവനമേഖലയും ആഗ്രഹിക്കുന്ന രീതിയിൽ വികസിപ്പിച്ച് ഇത് സാധ്യമാക്കാം. ഈ മേഖലയിൽ സർക്കാർ എടുത്ത വിവിധ പടികൾ താഴെ പറയുന്നു.

1. 1956ൽ രണ്ടാം പഞ്ചവൽസരപദ്ധതിമുതൽ ചെറുകിട, വൻകിട, കുടിൽ വ്യവസായങ്ങളെ സ്ഥാപിക്കുന്നതിൽ ഭാരതം പ്രോൽസാഹനം കൊടുത്തുകൊണ്ടിരിക്കുന്നു. ഈ വ്യവസായങ്ങളിലൂടെ സേവനമേഖലയുടെ വികസനത്തിനും, അടിസ്ഥാനസൗകര്യങ്ങൾ നിർമിക്കാനും ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉൽപാദിപ്പിക്കുവാനും കഴിയുന്നു. ഉയർന്ന വേതനവും തൊഴിലവസരങ്ങളും വ്യവസായങ്ങൾ പ്രദാനം ചെയ്യുന്നു.

2. ഭക്ഷ്യധാന്യഉൽപാദനം മെച്ചപ്പെടുത്താൻ മെച്ചപ്പെട്ട അസംസ്കൃതവസ്തുക്കളുടെ രൂപത്തിൽ നല്ലയിനം വിത്തുകൾ, വളങ്ങൾ തുടങ്ങിയവയുടെ ഉപയോഗം സർക്കാർ പ്രോൽസാഹനം കൊടുത്തുകൊണ്ടിരിക്കുന്നു.

3. റോഡുകൾ, റയിൽവേ പാളങ്ങൾ, വിമാനതാവളം ആശയവിനിമയടവറുകൾ പവ്വർ തുടങ്ങിയ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ മൂലം ഭാരതത്തിന്റെ സേവനമേഖല വേഗത്തിൽ വളരുന്നു.

സാമ്പത്തികവളർച്ചയുടെ വേഗത നിലനിർത്താൻ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ച് ജനങ്ങൾക്ക് ലളിതമായി സേവനപ്രക്രിയയിൽ പങ്ക് ചേരുവാൻ സാധിക്കുന്നു. ഈ പടികളെ സാമ്പത്തികപരിഷ്കാരങ്ങൾ എന്ന് അറിയപ്പെടുന്നു.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 21.4

1. വില വർദ്ധിക്കുന്നത് വാങ്ങുന്നവന് മോശമാവുന്നത് എന്തുകൊണ്ട്?

2. പൂഴ്ത്തിവയ്പ് എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

3. സാമ്പത്തിക വളർച്ച എന്തെന്ന് നിർവചിക്കുക?

## നിങ്ങൾ എന്താണ് പഠിച്ചത്

- തൊഴിൽ സൃഷ്ടിക്കാനും ദാരിദ്ര്യം ഇല്ലാതാക്കാനും സർക്കാർനടപ്പിലാക്കിയ പദ്ധതികൾ-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി. (MGNREGS), സ്വർണജയന്തി ഗ്രാമസരോവർ യോജന (SGSY), സ്വർണ ജയന്തി സഹാരി റോസ്ഗർ യോജന (SGSRY)
- വിദ്യാഭ്യാസം നൽകാനായി പല പദ്ധതികളിലൂടെ ഉച്ചഭക്ഷണം, സാക്ഷാർ ഭാരത്, സർവശിക്ഷാ അഭിയാൻ എന്നിവ നടപ്പിലാക്കി
- മെച്ചപ്പെട്ട ആരോഗ്യപരിരക്ഷണം ദേശീയഗ്രാമീണആരോഗ്യപദ്ധതി, എയ്ഡ്സ് നിയന്ത്രണപദ്ധതി മുതലായവ നടപ്പിലാക്കി.
- വില വർദ്ധിക്കുന്നത് തടയുക, സാമ്പത്തികപുരോഗതി നേടുക എന്നിവ സർക്കാരിന് മുന്നിലുള്ള വെല്ലുവിളികളാണ്. മറ്റുപലതിനും പുറമെ, ഉൽപാദനം പ്രോൽസാഹിപ്പിച്ച് സർക്കാർ ഇതിനെ നേരിടുന്നു.

## ടേമിലെ പരിശീലനം

1. ദാരിദ്ര്യനിർമാർജനപദ്ധതികളെന്തെല്ലാം ഒരെണ്ണം വിശദീകരിക്കുക?
2. പ്രാഥമികവും സെക്കന്ററി വിദ്യാഭ്യാസവും നൽകാൻ ഉള്ള രണ്ടു പദ്ധതികൾ വിശദമാക്കുക?
3. ദേശീയഗ്രാമീണ ആരോഗ്യപദ്ധതിയെക്കുറിച്ച് ലഘുവിവരണം എഴുതുക?
4. വിലവർദ്ധനവ് എന്ന പ്രശ്നം പരിഹരിക്കാൻ ചില മാർഗങ്ങൾ പറയുക?
5. സാമ്പത്തികപുരോഗതി കൈവരിക്കാൻ സർക്കാർ എന്തെല്ലാം ചെയ്യുന്നു?

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1. പാഠഭാഗത്തെ ചോദ്യങ്ങൾ 21.1

1. 2400 കിലോ കലോറി പ്രതിദിനം ഓരോ വ്യക്തിക്കും
2. 43 കോടി
3. സ്വർണജയന്തി സഹാരി റോസ്ഗാ യോജനാ

### പാഠഭാഗത്തെ ചോദ്യങ്ങൾ 21.2

1. (a) എല്ലാ കുട്ടികളെയും സ്കൂളിൽ ചേർക്കൽ
   (b) വിദ്യാഭ്യാസം ഉറപ്പാക്കുന്ന സെന്ററുകൾ നിർമിക്കാൻ
   (c) 'തിരിച്ച് സ്കൂളിലേക്ക്' ക്യാമ്പുകൾ സംഘടിപ്പിക്കാൻ
2. (i) ഓരോ ക്ലസ്റ്ററിലും പെൺകുട്ടികൾക്കായിട്ട് മോഡൽ സ്കൂളുകൾ സ്ഥാപിക്കാൻ
   (ii) പെൺകുട്ടികൾക്ക് യൂണിഫോമുകളും പഠനോപകരണങ്ങളും നൽകാൻ
   (iii) പെൺകുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ
3. ഉച്ചഭക്ഷണപദ്ധതി സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളെ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിപ്പിക്കാനും പരസ്പരബന്ധത്തിന്റെ ബോധ്യം വളർത്താനും അനുവദിക്കുന്നു.

### പാഠഭാഗത്തെ ചോദ്യങ്ങൾ 21.3

1. (i) ആരോഗ്യവും കുടുംബക്ഷേമപ്രവർത്തനങ്ങളും ശക്തമാക്കാൻ
   (ii) മലേറിയ, കലാസർ, അന്ധത, അയഡിൻ ദൗർലഭ്യം, ടി.ബി, ഫൈലേറിയ, കുഷ്ടം തുടങ്ങിയ രോഗങ്ങൾ ഇല്ലാതാക്കാൻ

### പാഠഭാഗത്തെ ചോദ്യങ്ങൾ 21.4

1. നിശ്ചിതവരുമാനത്തിൽനിന്ന് മുമ്പ് കൊടുത്തിലും കൂടുതൽ പണം ഇപ്പോൾ വാങ്ങുന്നവൻ കൊടുക്കണം. ഇത് ഒരു ഭാരമായി മാറുന്നു
2. കൃത്യമമായ ദൗർലഭ്യം സൃഷ്ടിക്കാൻ സാധനങ്ങൾ രഹസ്യമായി സൂക്ഷിച്ചു വക്കുന്നത് ആണ് പൂഴ്ത്തിവയ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
3. സാമ്പത്തികവളർച്ച എന്നാൽ ദേശീയ, ആളോഹരി വരുമാനത്തിന്റെ വർദ്ധനവ് ആണ്.

കുറിപ്പുകൾ

# 22
# ഭാരത സമ്പദ്‌വ്യവസ്ഥ ആഗോളതലത്തിൽ

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഒന്നുമാത്രമാണ് ഭാരതമെന്ന് നിങ്ങൾക്കറിയാം. രാജ്യങ്ങൾ പരസ്പരം താൽപര്യമുള്ള വ്യത്യസ്ത മേഖലകളിൽ ഏർപ്പെടാറുണ്ട്. ഒരു രാജ്യത്തിലെ പൗരന്മാർ മറ്റൊരു രാജ്യത്തിലേക്ക് സഞ്ചാരികളായും ജോലി തേടിയും വ്യാപാരത്തിനായും മറ്റു സഹായപ്രവർത്തികൾക്കായും സർക്കാർ പ്രവർത്തനങ്ങൾക്കായും യാത്ര ചെയ്യുന്നു. ഈ പാഠത്തിലെ പ്രധാന ഊന്നൽ ഭാരതവും ലോകത്തിലെ മറ്റു രാജ്യങ്ങളുമായിട്ടുള്ള സാമ്പത്തിക ബന്ധമാണ്.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- *രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികബന്ധത്തിന്റെ അർത്ഥം മനസ്സിലാക്കൽ;*
- *വ്യാപാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ;*
- *ഭാരതത്തിന്റ സാധനങ്ങളുടെയും സേവനങ്ങളുടേയും കയറ്റുമതിയും ഇറക്കുമതിയും അറിയാൻ;*
- *ആഗോളവൽക്കരണത്തിന്റെ അർത്ഥം മനസ്സിലാക്കൽ;*
- *അമേരിക്ക, ചൈന എന്നീ രണ്ട് പ്രധാന സമ്പദ്‌വ്യസ്ഥകളുടെ അവലോകനത്തിലൂടെ ഭാരതത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള താരതമ്യവും ലോകത്തിലുള്ള സ്ഥാനവും അറിയാൻ.*

## 22.1 രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികബന്ധത്തിന്റെ അർത്ഥം

നിങ്ങൾക്ക് പണം ആവശ്യമുണ്ടങ്കിൽ ഒരു സുഹൃത്തിന്റെ അടുക്കൽനിന്നോ, ബാങ്കിൽനിന്നോ കടം വാങ്ങാം. നിങ്ങൾ ഒരു പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അടുത്തുള്ള പുസ്തക കടയിൽനിന്ന് പണം കൊടുത്ത് വാങ്ങാം. സ്റ്റേഷനറി, തുണികൾ, ചെരുപ്പുകൾ ഇവ വിൽക്കുന്ന ആളാണ് നിങ്ങളെങ്കിൽ പണം നൽകുന്ന ഉപഭോക്താക്കൾക്ക് അവ വിൽക്കാം. നിങ്ങൾ എന്തെങ്കിലും വസ്തു ഉൽപാദിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ കുറച്ച് പണം നിക്ഷേപിച്ച് ഫാക്ടറി തുടങ്ങി ആളുകൾക്ക് തൊഴിൽ നൽകാം. ഇതെല്ലാം നിങ്ങളുടെ രാജ്യത്തിനുള്ളിൽതന്നെയുള്ള പൗരന്മാർ പങ്കെടുക്കുന്ന സാമ്പത്തികപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. എന്നാൽ രണ്ടോ മൂന്നോ രാജ്യങ്ങളിലെ പൗരന്മാർക്കിടയിൽ ഇതുപോലുള്ള പ്രവർത്തനം നടക്കുമ്പോൾ നമ്മൾ അതിനെ രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികബന്ധമെന്ന് വിളിക്കുന്നു. ഭാരതത്തിന്റെ ഉദാഹരണമെടുക്കാം. നമ്മൾ ഭാരതത്തിലെ പൗരന്മാരായതിനാൽ, ഭാരതം നമ്മുടെ

ആഭ്യന്തരരാജ്യവും ലോകത്തിലെ മറ്റ് രാഷ്ട്രങ്ങൾ വിദേശരാജ്യവുമാണ്. അതുകൊണ്ട് ഭാരതവും മറ്റ് രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധമുണ്ടാവുമ്പോൾ ഭാരത പൗരന്മാർ സാധനങ്ങളും സേവനങ്ങളും വിദേശ രാജ്യങ്ങളിലെ പൗരന്മാർക്ക് വിനിമയം ചെയ്യുകയും വിദേശ രാജ്യങ്ങളിൽ പോയി ജോലിയും ബിസിനസ്സും ചെയ്യുന്നു. അതുപോലെ, വിദേശ പൗരന്മാർ ഭാരതത്തിലേക്ക് വന്ന് ഇവിടെ ജോലിയും ബിസിനസ്സും ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരമുള്ള സാമ്പത്തിക ബന്ധങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്വദേശ പൗരന്മാർ വിദേശ പൗരന്മാർക്ക് സാധനങ്ങളും സേവനങ്ങളും നൽകുന്നു. ഇതിനെ കയറ്റുമതി എന്നു വിളിക്കുന്നു.
2. സ്വദേശ പൗരന്മാർ വിദേശ രാജ്യങ്ങളിൽനിന്ന് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നു. ഇതിനെ ഇറക്കുമതി എന്നു വിളിക്കുന്നു.
3. വിദേശ രാജ്യത്തുള്ള ആർക്കെങ്കിലും സമ്മാനങ്ങൾ അയക്കുകയും വിദേശ രാജ്യങ്ങളിൽനിന്ന് അവ സ്വീകരിക്കുകയും ചെയ്യുന്നു.
4. പണം വിദേശരാജ്യങ്ങളിലേക്ക് അയക്കുകയും അവിടെനിന്ന് സ്വീകരിക്കുകയും ചെയ്യുന്നു.
5. സഞ്ചാരികളും ബിസിനസ്സ് ചെയ്യുന്നവരും, സർക്കാർ പ്രതിനിധികളും സന്ദർശനങ്ങൾ നടത്തുന്നു.

ഒരു രാജ്യം മറ്റു രാജ്യങ്ങളുമായി സാമ്പത്തികബന്ധം പുലർത്തുന്നുവെങ്കിൽ ആ രാജ്യത്തെ തുറന്ന സമ്പദ്‌വ്യവസ്ഥ എന്നു വിളിക്കുന്നു.

## 22.2 വ്യാപാരത്തിന്റെ പ്രാധാന്യം

മുകളിൽ പറഞ്ഞ ഒന്നും രണ്ടും ഉദാഹരണങ്ങൾ വ്യാപാരത്തിന്റെ ഭാഗമാണ്. ജനങ്ങൾ രാജ്യത്തിനകത്തുള്ള വിപണിയിലൂടെ സാധനങ്ങളും സേവനങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. ഇതേ കാര്യം വിവിധ രാജ്യങ്ങളിലെ പൗരന്മാർക്കിടയിൽ നടക്കുമ്പോൾ അതിനെ അന്താരാഷ്ട്രവ്യാപാരം എന്നു നമ്മൾ വിളിക്കുന്നു. കയറ്റുമതിയും ഇറക്കുമതിയും സാധനങ്ങളും സേവനങ്ങളിലുമുള്ള അന്താരാഷ്ട്രവ്യാപാരമാണ്. വ്യാപാരപ്രവർത്തനങ്ങൾ ഒരു സമ്പദ്‌വ്യവസ്ഥയുടെ പ്രധാനപ്പെട്ട ഭാഗമാണ്. വ്യാപാരമില്ലാത്ത ഒരു സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥ കാണുവാൻ പ്രയാസമാണ്. സാധനങ്ങൾ നിരന്തരം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ട്രെയിൻ, ട്രക്ക് എന്നിവ വഴിയായി രാജ്യത്തിനകത്ത് കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു. അതുപോലെ വിമാനം, കപ്പൽ എന്നിവയും രാജ്യങ്ങൾ തമ്മിൽ വസ്തുക്കൾ കൈമാറ്റം ചെയ്യാൻ ഉപയോഗിക്കുന്നു. സാധനങ്ങളും സേവനങ്ങളും പണം കൊടുത്ത് വാങ്ങുവാൻ തയ്യാറുള്ളവർക്ക്, എവിടെ താമസിക്കുന്ന ആളാണെങ്കിലും, ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. വ്യാപാരം മൂലം സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണം സാധ്യമാക്കുക എന്നാണ് ഇത് അർത്ഥമാക്കുന്നത്. അതുകൊണ്ട് വ്യാപാരം വളരെ പ്രധാനപ്പെട്ടതാണ്. വ്യാപാരത്തിന്റെ മറ്റു ചില നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. വ്യാപാരത്തിലൂടെ വിവിധതരം സാധനങ്ങളും സേവനങ്ങളും ജനങ്ങൾക്ക് ലഭിക്കുന്നു. വേനൽകാലത്ത് തണുത്ത പാനീയങ്ങൾ കിട്ടാൻ നിങ്ങൾ ആഗ്രഹിക്കുന്നു. വിപണിയിൽ ലഭ്യമായ ചില തണുത്ത പാനീയങ്ങൾ കൊക്കകോള, പെപ്സി, കോള എന്നിവയാണ്. കൊക്കകോള ഭാരതത്തിൽ ആദ്യമായി എവിടെനിന്നാണ് വന്നതെന്ന് നിങ്ങൾക്കറിയാമോ? ഭാരതത്തിൽനിന്ന് ഒത്തിരി അകലെയുള്ള അമേരിക്കയിലാണ് അത് ഉൽപാദിപ്പിച്ചത്. ഇന്ന് കൊക്കകോള പ്ലാന്റുകൾ ഭാരതത്തിലുമുണ്ട്. എന്നാൽ ഇപ്പോഴും അത് ഒരു വിദേശകമ്പനിയാണ്. അതുപോലെ ഭാരതത്തിലെ ബിസിനസ്സുകാർ വിദേശരാജ്യങ്ങളിൽ അച്ചാറുകൾ വിൽക്കുന്നു.

വിദേശീയർ ഉപയോഗിക്കുന്ന ഭാരതീയവസ്തുക്കൾക്ക് ധാരാളം ഉദാഹരണങ്ങളുണ്ട്. ഭാരതീയർക്ക് അവരുടെ ആവശ്യം തൃപ്തിപ്പെടുത്താനുപയോഗിക്കുന്ന വിദേശവസ്തുക്കളുമുണ്ട്.

2. പുതിയ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനം വ്യാപാരം പ്രോൽസാഹിപ്പിക്കുന്നു. വ്യാപാരത്തിലൂടെ വിൽക്കുന്നവരും വാങ്ങുന്നവരും പരസ്പരം ബന്ധപ്പെടുന്നു. അതുകൊണ്ട് വിൽക്കുന്നവർക്ക് വാങ്ങുന്നവരുടെ താൽപര്യങ്ങളും തിരഞ്ഞെടുപ്പും അറിയാം. അതനുസരിച്ച് ഉപഭോഗത്തിനാവശ്യമായ സാധനങ്ങളും സേവനങ്ങളും നൽകുന്നു.

3. വ്യാപാരത്തിലൂടെ വിവിധരാജ്യങ്ങളിലെ ആളുകൾ പരസ്പരം കണ്ടുമുട്ടുകയും ബന്ധപ്പെടുകയും ചെയ്യുന്നു. അതനുസരിച്ച് ഒരു രാജ്യത്തിലെ ജനങ്ങൾക്ക് മറ്റൊരു രാജ്യത്തെ ജനങ്ങളുടെ സംസ്കാരം, പാരമ്പര്യം, ഭാഷ എന്നിവ അറിയാൻ സാധിക്കുന്നു.

4. അന്താരാഷ്ട്രവ്യാപാരത്തിലൂടെ കൂടുതൽ കാര്യക്ഷമമായ രീതിയിൽ വസ്തുക്കൾ ഉൽപാദിപ്പിക്കുവാൻ സാധിക്കുന്നതു മൂലം അത് പ്രത്യേകഗുണമേന്മയിലേക്ക് നയിക്കുന്നു. സാധനങ്ങൾ കുറച്ചുകൂടി ചിലവ് കുറച്ച് ഉൽപാദിപ്പിക്കാനാവുകയും ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ലഭ്യമാവുകയും ചെയ്യുന്നു. അപ്രകാരം ഒരു വസ്തു ഒന്നിലധികം രാജ്യങ്ങളിലുൽപാദിപ്പിക്കാം. എന്നാൽ ഒരു രാജ്യത്തിന് കുറേക്കൂടി മെച്ചമായ അസംസ്കൃതവസ്തുക്കളും സാങ്കേതികവിദ്യയും അത് ഉൽപാദിപ്പിക്കാൻ ഉണ്ടാവാം. ഉദാഹരണത്തിന് ഭാരതത്തിന്റെ കാര്യമെടുക്കുക ഭാരതത്തിന്റെ കാലാവസ്ഥയും മണ്ണിന്റെ പ്രത്യേകതകളും കാരണം സുഗന്ധദ്രവ്യങ്ങളും പരുത്തിവസ്ത്രങ്ങളും എളുപ്പത്തിൽ ഇവിടെ കൃഷിചെയ്യാം. സമ്പന്നമായ രീതികൾ, പാരമ്പര്യം, സംസ്കാരം ഇവമൂലം ഭാരതത്തിന്റെ കരകൗശലവസ്തുക്കൾ ലോകപ്രസിദ്ധമാണ്. അതുകൊണ്ട് അവ ചിലവ് കുറഞ്ഞ രീതിയിൽ ലളിതമായി ഭാരതത്തിൽ ഉൽപാദിപ്പിക്കാൻ കഴിയും. അതനുസരിച്ച ഭാരതത്തിന് ഈ വസ്തുക്കളുടെ ഉൽപാദനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയും. അങ്ങനെ മറ്റ് രാജ്യങ്ങൾക്ക് വില കുറച്ച് അവ ഭാരതത്തിൽനിന്ന് വാങ്ങുവാൻ കഴിയും. അതുപോലെ സൗത്ത് ആഫ്രിക്കയിൽ അവിടെയുള്ള ഖനികൾമൂലം ഡയമണ്ട് എളുപ്പത്തിൽ ലഭ്യമാണ്. ഇതുപോലുള്ള അനേകം ഉദാഹരണങ്ങൾ നിങ്ങൾക്ക് ലഭിക്കും. പ്രധാനപ്പെട്ടകാര്യം ഒരു രാജ്യത്തിന് ഒരു വസ്തു മെച്ചപ്പെട്ട ഗുണമേന്മയോടെ ചിലവ് കുറച്ച് ഉൽപാദിപ്പിക്കാൻ കഴിയുമെങ്കിൽ ആ വസ്തുവിന്റെ ഉൽപാദനത്തിൽ ആ രാജ്യം കൂടുതൽ കഴിവുറ്റതാവുകയും മറ്റു രാജ്യങ്ങളിലേക്കുള്ള അതിന്റെ കയറ്റുമതിയിലൂടെ നേട്ടം ഉണ്ടാവുകയും ചെയ്യും.

### പാഠഭാഗത്തെ ചോദ്യങ്ങൾ 22.1

1. അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഒരു നേട്ടം പറയുക?
2. കയറ്റുമതി എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
3. ഇറക്കുമതി എന്തെന്ന് നിർവചിക്കുക.

## 22.3 ഭാരതത്തിന്റെ ഇറക്കുമതിയും കയറ്റുമതിയും

ഭാരതത്തിന് ലോകത്തിലെ വിവിധ രാജ്യങ്ങളുമായി സാമ്പത്തികബന്ധമുണ്ട്. അതിന്റെ ഫലമായി ഭാരതത്തിന് വിദേശരാജ്യങ്ങളിലേക്ക് നിരവധി വസ്തുക്കൾ കയറ്റുമതി ചെയ്യുകയും വിദേശരാജ്യത്തിൽനിന്ന് വിവിധ വസ്തുക്കൾ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. ഭാരതം ഇറക്കുമതിയിലും കയറ്റുമതിയിലും ഏർപ്പെടുന്ന രാജ്യങ്ങളെ ഭാരതത്തിന്റെ വ്യാപാരപങ്കാളികൾ എന്ന് വിളിക്കുന്നു.

### (a) ഭാരതത്തിന്റെ കയറ്റുമതികൾ

വിവിധ രാജ്യങ്ങളിലേക്കുള്ള ഭാരതത്തിന്റെ കയറ്റുമതിയുടെ പ്രധാന ഇനങ്ങൾ എഞ്ചിനീയറിംഗ് വസ്തുക്കൾ, കരകൗശലവസ്തുക്കൾ, രാസവസ്തുക്കളും അനുബന്ധ ഉല്പ്പന്നങ്ങളും, റെഡിമെയ്ഡ് തുണിത്തരങ്ങൾ, പരുത്തിനൂൽ, ഇരുമ്പ് അയിര്, തുകൽ, മീൻ, അരി, പഴങ്ങൾ, പച്ചക്കറികൾ എന്നിവയാണ്. ഭാരതത്തിന്റെ കയറ്റുമതി എത്തുന്ന രാജ്യങ്ങൾ ഫ്രാൻസ്, ജർമനി, അമേരിക്ക, യു.കെ, ഇറാൻ, യു.എ.ഇ, ചൈന. ഹോങ്കോങ്, സിംഗപൂർ, ചില ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ എന്നിവയാണ്.

### (b) ഭാരതത്തിന്റെ ഇറക്കുമതികൾ

ഇറാൻ, യു.എ.ഇ സൗദി അറേബ്യ തുടങ്ങിയ ഓയിലും പെട്രോളും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽനിന്ന് [Oil and Petrolium Exporting Countries (OPEC)] പെട്രോളിയവും ലൂബ്രിക്കന്റുമാണ് ഭാരതം പ്രധാനമായും ഇറക്കുമതി ചെയ്യുന്ന പ്രധാനപ്പെട്ട വസ്തുക്കൾ. ഇരുമ്പേതരലോഹങ്ങൾ, മൂലധനവസ്തുക്കൾ, വളം എന്നിവയും ഭാരതത്തിന്റെ ഇറക്കുമതിയിൽപെടുന്നു. ഇലക്ട്രിക്കലും ഇലക്ട്രിക്കലല്ലാത്ത യന്ത്രങ്ങളും ട്രാൻസ്പോർട്ട് ഉപകരണങ്ങളും മൂലധനവസ്തുക്കളിൽ ഉൾപെടുന്നു. ഭാരതത്തിന്റെ ഇറക്കുമതി പ്രധാനമായും വരുന്നത് സാധനങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽനിന്നുതന്നെയാണ്.

### പാഠഭാഗത്തെ ചോദ്യങ്ങൾ 22.2

1. ഭാരതത്തിന്റെ രണ്ടു പ്രധാന കയറ്റുമതിയുടെ പേരു പറയുക.
2. ഭാരതത്തിന്റെ രണ്ടു ഇറക്കുമതിയുടെ പേരു പറയുക.
3. ഭാരതത്തിന്റെ രണ്ടു പ്രധാന വ്യാപാരപങ്കാളിയുടെ പേരു പറയുക.

## 22.4 ആഗോളവൽക്കരണത്തിന്റെ അർത്ഥം

ആഗോളവൽക്കരണമെന്ന പദം ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്ന ഒന്നാണ്. കാരണം വ്യക്തമാണ്. ഇന്ന് ടി.വിയും ഇന്റർനെറ്റും മൊബൈൽഫോണും എളുപ്പത്തിൽ ലഭ്യമായിതീർന്നു. വിദൂരസ്ഥലത്തുള്ള ആളുകൾക്കും മൊബൈൽഫോണിലൂടെ പരസ്പരം സംസാരിക്കാനും ബന്ധം പുലർത്താനും സാധിക്കുന്നു. ഭാരതവും വെസ്റ്റ് ഇൻഡീസുമായുള്ള ക്രിക്കറ്റ് മൽസരം ലൈവ് ആയി കാണുവാൻ ടെലിവിഷനിലൂടെ ഇന്ന് സാധിക്കുന്നു. നിങ്ങൾക്ക് അമേരിക്കയിലോ യൂറോപ്പിലോ ഉള്ള നിങ്ങളുടെ സുഹൃത്തിനോട് മൊബൈൽ ഫോണിലൂടെ സംസാരിക്കാൻ സാധിക്കുന്നു. വിശദമായി നിങ്ങൾ എന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എഴുത്ത് അയക്കേണ്ട ആവശ്യമില്ല. ഭാരതത്തിൽനിന്ന് അമേരിക്കയിലേക്ക് ഒരു എഴുത്ത് കിട്ടണമെങ്കിൽ കുറഞ്ഞത് മൂന്ന് മുതൽ ഏഴ് ദിവസം വരെ എടുക്കും. എന്നാൽ ഇന്റർനെറ്റിലൂടെ സെക്കന്റുകൾക്കുള്ളിൽ നിങ്ങളുടെ സുഹൃത്തിന് ഇ-മെയിൽ അയക്കാം.

ജർമനിയിലോ, ജപ്പാനിലോ ഉൽപാദിപ്പിച്ച ഒരു പുതിയ ഉൽപന്നത്തിന് ഇന്റർനെറ്റിലൂടെ നിങ്ങൾ ഓർഡർ കൊടുത്താൽ അത് ഭാരതത്തിലെത്തും. ഈ പുരോഗതികൾ മൂലം ലോകം വളരെ ചെറുതായതുപോലെ നമ്മൾ ചിന്തിക്കുകയും എല്ലാ കുടുംബങ്ങളും ഒരു ഗ്രാമത്തിൽ താമസിക്കുന്നതുപോലെ കാണപ്പെടുകയും ചെയ്യുന്നു. ഈ വികസനം വളരെ കുറച്ച് ദിവസങ്ങൾകൊണ്ട് സംഭവിച്ചതല്ലാ എന്നത് നമ്മൾ മറക്കരുത്. വളരെ നാളുകളായി ഈ പ്രക്രിയ ഉണ്ടായിരുന്നു. ആദ്യകാലത്ത് വ്യക്തികളും സംഘവും സാധനങ്ങളും സേവനങ്ങളും വ്യാപാരം ചെയ്യുവാൻ കടൽമാർഗത്തിലൂടെ വിവിധ രാജ്യങ്ങളിലേക്ക് യാത്ര ചെയ്യുമായിരുന്നു. വിമാന

ത്തിന്റെയും കപ്പലിന്റെയും കണ്ടുപിടുത്തത്തോടെ യാത്രയും സാധനങ്ങൾ അയക്കലും എളുപ്പമുള്ളതായിതീരുന്നു. എല്ലാ രാജ്യത്തിലെയും പൗരന്മാർക്ക് വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ വസ്തുക്കൾ വിനിമയം ചെയ്യുവാനും അതിലുണ്ടാവുന്ന തടസ്സങ്ങൾ ലഘൂകരിക്കാനുമായി വിവിധ രാജ്യങ്ങളിലെ സർക്കാരുകൾ പരസ്പരം ബന്ധപ്പെടാൻ തുടങ്ങി. ഗതാഗതരംഗത്തും വാർത്താനിനിമയതലത്തിലും ഇന്നു കാണുന്ന സാങ്കേതികവും ശാസ്ത്രീയവുമായ വികസനം വിവിധ രാജ്യങ്ങളിലെ പൗരന്മാരുടെ ഇടയിലുള്ള ഈ പരസ്പരബന്ധപ്രക്രിയയെ ഇപ്പോൾ ലളിതമാക്കി. അങ്ങനെ വിവിധ രാജ്യത്ത് വ്യത്യസ്ഥസ്ഥലത്ത് നമ്മൾ വേറെയാണ് ജീവിക്കുന്നതെങ്കിലും നമ്മൾ ലോകത്തിൽ വേർതിരിക്കപ്പെട്ടവരല്ല. മറിച്ച് വ്യാപാരം, ഗതാഗതം, വാർത്താവിനിമയവ്യവസ്ഥകൾ എന്നിവയിലൂടെ ജനങ്ങൾ പരസ്പരം അടുക്കുകയാണ് ചെയ്യുന്നത്. ജനങ്ങൾക്ക് വിദേശത്തെയും സ്വദേശത്തെയും വസ്തുക്കൾ ഉപയോഗിക്കാൻ സാധിക്കും വിദേശരാജ്യങ്ങളിൽ പോയി ജോലിചെയത് വിദേശപൗരന്മാരോട് ആശയവിനിമയം നടത്തി വിവിധരാജ്യങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്ത് അങ്ങനെ ലോകത്തിൽ വിവിധ രാജ്യങ്ങൾ അടുക്കുന്നതായി കാണപ്പെടുന്നു. ലളിതമായ ഭാഷയിൽ ഈ പ്രക്രിയ ആഗോളവൽക്കരണം എന്നറിയപ്പെടുന്നു.

## 22.5 ഭാരതം, ചൈന, അമേരിക്ക എന്നിവടങ്ങളിലെ സാമ്പത്തികവികസനത്തിന്റെ താരതമ്യം

ലോകത്തിലെ വികസിതസമ്പദ്‌വ്യവസ്ഥിതികളിൽ ഒന്ന് അമേരിക്കയാണ്. ഭാരതവും അമേരിക്കയും തമ്മിലുള്ള പൊതുവായ കാര്യം ലോകത്തിലെ വലിയ ജനാധിപത്യരാജ്യങ്ങളാണ് ഇവ രണ്ടുമെന്നതാണ്. അതായത് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന രാജ്യങ്ങളാണ് രണ്ടും. ഭാരതവും ചൈനയും തമ്മിലുള്ള പൊതുവായ കാര്യം രണ്ടും ഏഷ്യാ ഭൂഖണ്ഡത്തിന്റെ ഭാഗവും അയല്പക്കവുമാണ് എന്നതാണ്. കുറച്ച് നാളുകൾക്ക് മുമ്പ് ഭാരതത്തിലേയും ചൈനയിലേയും സാമ്പത്തിക നിലവാരം ഒരേപോലെയായിരുന്നു. രണ്ടും വികസ്വര രാഷ്ട്രങ്ങളായിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ചൈനയുടെ സാമ്പത്തികവ്യവസ്ഥ വളരെ പെട്ടെന്ന് വികസിച്ചു വരുകയാണ്. അതുകൊണ്ട് ഈ സമ്പദ്‌വ്യവസ്ഥകളെ താരതമ്യം ചെയ്യുന്നത് ഉപകാരപ്രദമാവും. കഴിഞ്ഞ മൂന്ന് പാഠങ്ങളിലായി നിങ്ങൾ ഭാരതസമ്പദ്‌വ്യവസ്ഥയാണ് പഠിച്ചത്. ഇവിടെ അമേരിക്ക, ചൈന എന്നിവയെക്കുറിച്ച ചുരുങ്ങിയ രീതിയിൽ അവലോകനം ചെയ്യാം.

### 22.5.1. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ലഘുവിവരണം

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പ്രധാനപ്പെട്ട പ്രത്യേകതകളിൽ ഒന്ന് സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനത്തിൽ സ്വകാര്യമേഖല വലിയ പങ്ക് വഹിക്കുന്നു എന്നതാണ്. ബിസിനസ്സ് പ്രവർത്തനങ്ങളിൽ സർക്കാർ ആവശ്യത്തിലധികം ഇടപെടാറില്ല. യുഎസ്. എ യിൽ 30 മില്യൻ ലഘുബിസിനസ്സുകൾ ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ 500 കമ്പനികളിൽ 139 എണ്ണം അമേരിക്കയിലാണ്. ലോകത്തിലെ ധനവാന്മാരായ ആളുകളിൽ ഏകദേശം 40 ശതമാനവും അമേരിക്കയിലാണ് താമസിക്കുന്നത്. അമേരിക്കയിലെ ബിസിനസ്സുകാരും കോർപറേഷനും ലോകം മുഴുവനും സ്വാധീനവും സാന്നിദ്ധ്യവുമുണ്ട്. മൾട്ടിനാഷനൽ കോർപറേഷനുകളായ ഫോർഡ് മോട്ടോഴ്സ്, ജനറൽ ഇലക്ട്രിക്ക്, കൊക്കകോള, വാൾമാർട്ട് എന്നിവ അമേരിക്കയിലാണ് ഉത്ഭവിച്ചത്.

അമേരിക്കയുടെ കൃഷിയും വളരെ വികസിതമാണ്. ഭക്ഷ്യധാന്യങ്ങളായ ഗോതമ്പ്, ചോളം, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവ വലുതായ രീതിയിൽ കയറ്റുമതി ചെയ്യുന്നവരിൽ അമേരിക്കയും ഉണ്ട്.



കുറിപ്പുകൾ

വലിയ തോതിലുള്ള ഉത്പാദനത്തിന്റെ കാര്യമെടുത്താൽ, ചൈന, ഇൻഡ്യ, ബ്രസീൽ മൂന്നും ചേരുന്നതിലധികം ഉൽപാദനം അമേരിക്കയിലുണ്ട്. ഈ അടുത്തകാലത്ത് അതായത് 2010ൽ ചൈന അമേരിക്കയെ മറികടന്നു. പെട്രോളിയം, ഇരുമ്പ്, ഓട്ടോമൊബൈൽ,നിർമാണയന്ത്രങ്ങൾ, കാർഷികയന്ത്രങ്ങൾ എന്നിവയാണ് അമേരിക്കയുടെ പ്രധാനപ്പെട്ട് മാനുഫാക്ചറിംഗ് വ്യവസായങ്ങൾ.

വിദ്യാഭ്യാസ, ആതുരശുശ്രൂഷാസേവന മേഖലകളിൽ അമേരിക്കക്ക് ഉന്നതനിലവാരമുണ്ട്. അമേരിക്കയിൽ 85 % കുട്ടികളും പബ്ലിക് സ്കൂളിൽ ചേരുന്നു. ഇൻഡ്യയിൽ അത് 15 ശതമാനമാണ്.

സാധനങ്ങളുടേയും സേവനങ്ങളുടേയും ലോകത്തിലെ ഏറ്റവും ഉയർന്ന മൂന്ന് കയറ്റുമതിക്കാരിൽ ഒന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഏറ്റവും വലിയ ഇറക്കുമതിരാജ്യവും അമേരിക്കയാണ്. അവിടുത്തെ കറൻസിയെ യു.എസ് ഡോളർ എന്നാണ് വിളിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. ലോകവ്യാപാരരംഗത്ത് അമേരിക്കയുടെ മേധാവിത്വം മൂലം ഏതാണ്ട് എല്ലായിടത്തും വ്യാപിച്ചുകിടക്കുന്ന അന്താരാഷ്ട്ര കറൻസിയാണ് അത്. അതിന്റെ ധന്യതയുണ്ടെങ്കിൽപോലും അമേരിക്കയിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയുമുണ്ട്. 2008ൽ അവിടുത്തെ ജനസംഖ്യയുടെ 16 ശതമാനത്തിനും ഭക്ഷണം ലഭ്യമായിരുന്നില്ല. 2010ൽ അമേരിക്കയുടെ തൊഴിലിലില്ലായ്മനിരക്ക് 9.9 ശതമാനമായിരുന്നു.

### 22.5.2. ചൈനയുടെ സാമ്പത്തികവ്യവസ്ഥ

ലോകത്തിൽ അമേരിക്കയ്ക്കുശേഷം ചൈനയുടെ സാമ്പത്തികവ്യവസ്ഥ ഇപ്പോൾ രണ്ടാം സ്ഥാനത്ത് ആണ്. 1980 വരെ സാമ്പത്തികശക്തിയുടെ കാര്യത്തിൽ ചൈനക്ക് വലിയ പ്രാധാന്യം ഇല്ലായിരുന്നു. അതിന്റെ സ്ഥാനം ഭാരതത്തിന്റെ സ്ഥാനത്തിനു തുല്യമായിരുന്നു. എന്നാൽ 1980 നുശേഷം ഏർപെടുത്തിയ സാമ്പത്തിക പരിഷ്കാരങ്ങൾമൂലം ചൈനയുടെ സാമ്പത്തികവ്യവസ്ഥ പെട്ടെന്ന് വളർന്നു. അമേരിക്ക, ഭാരതം എന്നീ രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമായി ചൈനയിൽ ഒരു ജനാധിപത്യഭരണമല്ല നിലവിലുള്ളത്. ചൈനയിൽ ഒരു പാർട്ടിയാണ് ഭരിക്കുന്നത്. ജനങ്ങൾക്ക അഭിപ്രായസ്വാതന്ത്ര്യവും ഇല്ല. എന്നാൽ ചൈനാസർക്കാർ ബിസിനസ്സ് തുടങ്ങുവാനും സാധനങ്ങളും സേവനങ്ങളും വൻതോതിൽ ഉൽപാദിപ്പിക്കുവാനും സ്വകാര്യമേഖല ക്രമേണ അനുവദിച്ചു. അതിന്റെ ഫലമായി ചൈനക്ക് വിദേശരാജ്യങ്ങളിലേക്ക് ധാരാളം അളവിൽ കയറ്റുമതി ചെയ്യുവാനും വലിയ അളവിൽ വിദേശനാണ്യം സമ്പാദിക്കുവാനും സാധിച്ചു.

ഭാരതത്തെപോലെതന്നെ ചൈനയും പഞ്ചവൽസരപദ്ധതികൾ ആവിഷ്കരിച്ചു. അതിന്റെ 12 -ാം പഞ്ചവൽസരപദ്ധതി അടുത്തകാലത്താണ് ആരംഭിച്ചത് അതിന്റെ കാലാവധി 2011-2015 ആണ്. ചൈനയുടെ ഒന്നാം പഞ്ചവൽസരപദ്ധതി 1953-57 കാലഘട്ടമായിരുന്നു. ആസൂത്രണത്തിലൂടെയും ആസൂത്രണ പരിഷ്കാരങ്ങളുടെ കർശനമായ നടപ്പിലാക്കലിലൂടെയും ചൈന ധ്രുതഗതിയിലുള്ള സാമ്പത്തികപുരോഗതിയാണ് കൈവരിക്കുന്നത്. ഇപ്പോൾ ചൈനയുടെ ദേശീയവരുമാനവും ആളോഹരി വരുമാനവും ഭാരതത്തിന്റേതിനേക്കാളും വേഗത്തിലാണ് വളരുന്നത്. 2010 ന്റെ ആദ്യപകുതിയിൽ ലോകത്തിലെ മൊത്തം കയറ്റുമതിയിൽ ഭാരതത്തിന്റെ പങ്ക് 1.4 ശതമാനമായിരുന്നെങ്കിൽ ചൈനയുടേത് 10 ശതമാനമാണ്. ജനസംഖ്യാനിയന്ത്രണത്തിന്റെ കാര്യത്തിൽ ചൈന ഭാരതത്തിന്റേതിനേക്കാൾ നല്ല പ്രകടനമാണ് കാണിക്കുന്നത്. ജനസംഖ്യായുടെ കാര്യത്തിൽ ഭാരതം ചൈനയെ ഭാവിയൽ കീഴടക്കുമെന്നാണ പറയപ്പെടുന്നത്. അനുകൂലമായ സാമ്പ

ത്തിക സാഹചര്യങ്ങൾ മൂലം വ്യവസായവൽക്കരണത്തിനും സേവനങ്ങളുടെ വികസനത്തിനുമായി വിദേശരാജ്യങ്ങളിൽ ഭാരതത്തിന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ പണം ചൈനക്ക് ലഭിക്കുന്നു. ഇന്ന് ചൈനയുടെ ജീവിതനിലവാരം വർദ്ധിച്ചു ദാരിദ്യനിരക്ക് 1981ൽ 51 ശതമാനമായിരുന്നത് 2005 ആയപ്പോഴേക്കും 2.5 ശതമാനമായി കുറഞ്ഞ് എന്നാൽ ഭാരതത്തിൽ ആ സമയത്ത് 27.5 ശതമാനം ദരിദ്രജനവിഭാഗമുണ്ടായിരുന്നു.

## ടേമിലെ പരിശീലനം

1. അന്താരാഷ്ട്രവ്യാപാരത്തിന്റെ നേട്ടങ്ങൾ വിശദമാക്കുക.?
2. ഭാരതത്തിന്റെ വ്യാപാരപങ്കാളികൾക്ക് ഉദാഹരണം. പറയുക?
3. അമേരിക്കയുടെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ലഘുവിവരണം എഴുതുക?
4. ചൈനയുടെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ലഘുവിവരണം എഴുതുക?

## പാഠഭാഗത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

### പാഠഭാഗത്തിലെ ചോദ്യങ്ങൾ 22.1

1. അന്താരാഷ്ട്രവ്യാപാരം സാധനങ്ങളുടേയും സേവനങ്ങളുടേയും കാര്യക്ഷമമായ ഉൽപാദനത്തിലേക്കും സ്പെഷ്യലൈസേഷനിലേക്കും നയിക്കുന്നു.
2. സാധനങ്ങളും സേവനങ്ങളും ലോകത്തിലെ മറ്റു ഭാഗങ്ങളിലേക്ക് വിൽക്കുന്നതിനെ കയറ്റുമതി എന്ന് വിളിക്കുന്നു.
3. സാധനങ്ങളും സേവനങ്ങളും ലോകത്തിലെ മറ്റു ഭാഗങ്ങളിൽനിന്ന് വാങ്ങുന്നതിനെ ഇറക്കുമതി എന്ന് വിളിക്കുന്നു.

### പാഠഭാഗത്തിലെ ചോദ്യങ്ങൾ 22.2

1. എഞ്ചിനീയറിംഗ് വസ്തുക്കൾ, കരകൗശലവസ്തുക്കൾ
2. പെട്രോളിയം, ഇലക്ട്രിക്കൽ യന്ത്രങ്ങൾ
3. യു.എസ്.എ, യു.എ.ഇ.

### പാഠഭാഗത്തിലെ ചോദ്യങ്ങൾ22.3

1. പഞ്ചവൽസരപദ്ധതികൾ
2. 2005 ൽ ഭാരതത്തിന്റെ ദാരിദ്ര്യനിരക്ക് 27.5ശതമാനമായിരുന്നെങ്കിൽ ചൈനയുടേത് 2.5 ശതമാനമായിരുന്നു. അമേരിക്കയിൽ ജനസംഖ്യയുടെ 16.5ശതമാനം പേർക്ക് 2008 ൽ ഭക്ഷണത്തിന്റെ ലഭ്യതയുണ്ടായിരുന്നില്ല.

# മൊഡ്യൂൾ - 8
# സാമകാലിക സാമ്പത്തിക പ്രശ്നങ്ങൾ

23. പരിസ്ഥിതിയും സുസ്ഥിര വികസനവും
24. ഉപഭോക്തൃ അവബോധം

k

# 23

# പരിസ്ഥിതിയും സുസ്ഥിരവികസനവും

സാമ്പത്തിക വികസനത്തേക്കുറിച്ചും അത് ജനങ്ങളുടെ ജീവിത നിലവാരം വളർത്താൻ എപ്രകാരം സാധിക്കുന്നു എന്നതിനേക്കുറിച്ചും മുൻ അദ്ധ്യായങ്ങളിൽ നിങ്ങൾ പഠിച്ചു. സാധനങ്ങളും സേവനങ്ങളും മനുഷ്യന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാനായി ഉല്പാദിപ്പിക്കുന്നു. വിവിധങ്ങളായ സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കാൻ മനുഷ്യനിർമ്മിതവും പ്രകൃതിയിലുള്ളതുമായ വിഭവങ്ങൾ ആവശ്യമുണ്ട്. കൂടുതൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനനുസരിച്ച് കൂടുതൽ വിഭവങ്ങൾ ഉപയോഗിക്കുന്നു. ഉല്പാദനപ്രക്രിയയിലൂടെ വിഭവങ്ങൾ ഉപയോഗിക്കുക മാത്രമല്ല ചെയ്യുന്നത്, അത് മറ്റ് പല പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഫാക്ടറികളിൽ വസ്തുക്കൾ ഉല്പാദിപ്പിക്കുമ്പോൾ അവ നമ്മൾ ശ്വസിക്കുന്ന വായുവിനെ മലിനപ്പെടുത്തുന്ന പുകയും പുറത്തോട്ട് വിടുന്നു. അതുപോലെ നദികളിലേക്ക് ഒഴുക്കുന്ന മാലിന്യം നമ്മുടെ കുടിവെള്ളത്തെ മലിനമാക്കുന്നു. സാധനങ്ങൾക്കും സേവനങ്ങൾക്കും ചോദനം വർദ്ധിക്കുന്നതിനനുസരിച്ച് വിഭവങ്ങൾക്കും ചോദനം വർദ്ധിക്കുന്നു. അതിന്റെ ഫലമായി വിഭവങ്ങൾ തീർന്നു പോവുകയോ നാശനഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്യുന്നു. വനസമ്പത്ത് ഇല്ലാതാക്കുമ്പോൾ, വായുവും നദികളും മലിനമാകുമ്പോൾ, ഭൂമിയിൽ നിന്നും ധാതു ലവണങ്ങൾ ഖനനം ചെയ്യുമ്പോൾ നമ്മൾ പ്രകൃതിയെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ ഇതുപോലുള്ളനശീകരണം മനുഷ്യജീവനെ പ്രതികൂലമായി ബാധിക്കുന്നു.

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്ന കാര്യങ്ങൾ:

- *പരിസ്ഥിതിയുടെ പ്രാധാന്യവും നിർവചനവും അറിയാൻ;*
- *മലിനീകരണം, വിഭവങ്ങൾ തീർന്നുപോകുന്നത്, ഗുണമേന്മ നഷ്ടപ്പെടുന്നത് തുടങ്ങി നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ മനസ്സിലാക്കാൻ;*
- *സുസ്ഥിര വികസനത്തിന്റെ അർത്ഥം വിശദീകരിക്കാൻ;*
- *സുസ്ഥിര വികസനം നേടാനുള്ള വഴികൾ പറയുവാൻ.*

## 23.1 പരിസ്ഥിതി: നിർവചനവും പ്രാധാന്യവും

പരിസ്ഥിതി എന്നത് ജീവനുള്ളതും ജീവനില്ലാത്തതുമായ, ഭൂമിയിൽ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്ന വസ്തുക്കളുടെ സമുച്ചയമാണ്. അതിൽ പ്രകൃതിയെ പരസ്പരം സ്വാധീനിക്കുന്ന ജീവനുള്ളതും ജീവനില്ലാത്തതുമായ ഘടകങ്ങൾ ഉൾപ്പെടുന്നു. പക്ഷികൾ, മൃഗങ്ങൾ, ചെടികൾ, വനം തുടങ്ങി ജീവനുള്ള

എല്ലാ ഘടകങ്ങളും ഉൾപ്പെടുന്നു. നേരെ മറിച്ച് വായു, വെള്ളം, പാറ, സൂര്യൻ തുടങ്ങി ജീവനില്ലാത്ത വസ്തുക്കൾ പരിസ്ഥിതിയുടെ അജീർണ്ണ ഭാഗമാണ്. ഇപ്രകാരം പരിസ്ഥിതിയുടെ പഠനം, പ്രകൃതിയിലെ ജീർണ്ണവും അജീർണ്ണവുമായ ഘടകങ്ങളുടെ പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനമാണ്.

### പരിസ്ഥിതിയുടെ പ്രധാന്യം

1. പുതുക്കാനാവുന്നതും പുതുക്കാനാവാത്തതുമായ ധാരാളം വിഭവങ്ങൾ മനുഷ്യന് പരിസ്ഥിതി നൽകുന്നു. കാലം കടന്നു പോകുന്നതനുസരിച്ച് എളുപ്പത്തിൽ പുന:സൃഷ്ടിക്കാനാവുന്ന വിഭവങ്ങളാണ് പുതുക്കാനാവുന്ന വിഭവങ്ങൾ. അതുകൊണ്ട് തീർന്നു പോവികയോ നശിച്ചുപോവുകയോ ചെയ്യാത്ത വിഭവങ്ങളുടെ സാധ്യത ഇതിനായി ഉപയോഗിക്കാം. പുതുക്കാനാവുന്ന വിഭവങ്ങൾക്ക് ഉദാഹരണം വനത്തിലെ മരങ്ങൾ, സമുദ്രത്തിലെ മത്സ്യങ്ങൾ എന്നിവയാണ്. നേരെ മറിച്ച് പുതുക്കാനാവാത്ത വിഭവങ്ങൾ കാലം കടന്നുപോവുന്നതിനനുസരിച്ച്, അവ ഉപയോഗിക്കുന്നതിനനുസരിച്ച് തീർന്നുപോവുകയോ നശിച്ചു പോവുകയോ ചെയ്യുന്ന വിഭവങ്ങളാണ്. ഉദാഹരണത്തിന് പെട്രോളിയം, പ്രകൃതിവാതകം, കൽക്കരി തുടങ്ങിയ ധാതുലവണങ്ങൾ പുതുക്കാനാവാത്ത വിഭവങ്ങൾ ആണ്. അതുകൊണ്ട് ഈ വിഭവങ്ങൾ വരും തലമുറയുടെ ആവശ്യങ്ങൾ കൂടി മനസ്സിൽ കണ്ടുകൊണ്ട് സൂക്ഷിച്ച് ഉപയോഗിക്കണം.

> **നിങ്ങൾക്കറിയാമോ ?**
>
> ഇപ്പോഴത്തെ കണക്കനുസരിച്ച് 50-75 വർഷത്തിനുള്ളിൽ ലോകത്തിൽ ഖനനം ചെയ്തെടുക്കുന്ന കൽക്കരി, എണ്ണ, പ്രകൃതിവാതകം, യുറേനിയം തുടങ്ങി 235 മൂലകങ്ങൾ അതായത് നമ്മുടെ ഇപ്പോഴുള്ള ഊർജസ്ത്രോതസ്സുകൾ ഉപയോഗിച്ചു തീർന്നുപോകും.

2. പരിസ്ഥിതി ഹാനികരമായ മാലിന്യങ്ങളേയും ഉപോൽപന്നങ്ങളേയും ആഗിരണം ചെയ്യുകയും മാലിന്യവസ്തുക്കളെ നശിപ്പിക്കുകയും ചെയ്യുന്നു. ചിമ്മിനിയിൽനിന്നും വാഹനങ്ങളുടെ എക്സ്ഹോസ്റ്റ് പൈപ്പിൽനിന്നുമുള്ള പുക, നഗരങ്ങളിലേയും പട്ടണങ്ങളിലേയും മാലിന്യം, വ്യവസായശാലകളിൽ നിന്നുള്ള വാതകങ്ങൾ ഇവയെല്ലാം പരിസ്ഥിതി ആഗിരണം ചെയ്യുന്നു. ഈ ഹാനികരമായ പാഴ്വസ്തുക്കളും ഉപോൽപന്നങ്ങളും വിവിധ സ്വഭാവികപ്രക്രിയിലൂടെ ആഗിരണം ചെയ്ത് വൃത്തിയാക്കി പുനരുപയോഗിക്കുന്നു.

3. ജീവന്റെ വിവിധ രൂപങ്ങളിന്മേൽ പരിസ്ഥിതി ചെലുത്തുന്ന മർദത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന ജീവവൈവിധ്യങ്ങൾ കഠിനമായ പരിതസ്ഥിതികളെ അതിജീവിച്ച് അനുരൂപപ്പെടുന്ന ജീവവൈവിധ്യങ്ങളെ സൃഷ്ടിക്കുന്നു. അപ്രകാരം പരിസ്ഥിതി ജീവന്റെ വിവിധ രൂപങ്ങളുടേയും അജീർണ്ണമായ ഭാഗങ്ങളുടേയും ബന്ധത്തെ നിലനിർത്തി ജീവനെ സംരക്ഷിക്കുന്നു. അതുകൊണ്ട് ജീവന്റെ വിവിധ രൂപങ്ങളെ കാത്ത് സംരക്ഷിച്ച് പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് പ്രധാനപ്പെട്ട ഒന്നാണ്.

4. പരിസ്ഥിതിയുടെ ജൈവശാസ്ത്രപരമായ പ്രാധാന്യത്തിനു പുറമേ, സൗന്ദര്യത്തിന്റെ കാഴ്ചപ്പാടിലും പരിസ്ഥിതി പ്രധാനപ്പെട്ടതാണ്. പ്രകൃതിഭംഗിയും പച്ചപ്പും നിറഞ്ഞ ഭൂപ്രദേശങ്ങളും നമുക്ക് വിലമതിക്കാനാവാത്തതാണ്. ലോകമെമ്പാടുമുള്ള മനുഷ്യന്റെ സംസ്കാരത്തിൽ ഇത് വലിയപങ്ക് വഹിക്കുന്നു.

## പാഠഭാഗത്തെ ചോദ്യങ്ങൾ 22.1

1. പരിസ്ഥിതിയുടെ അർത്ഥമെന്ത്?
2. പരിസ്ഥിതിയുടെ രണ്ടു പ്രധാന ഭാഗങ്ങളുടെ പേരു പറയുക?
3. പുതുക്കാനാവുന്നതും പുതുക്കാനാവാത്തുമായ രണ്ടു വിഭവങ്ങളുടെ പേരു പറയുക?

## 23.2 പരിസ്ഥിതിപ്രശ്നങ്ങൾ

മനുഷ്യസംസ്കാരത്തിന്റെ വളർച്ചയോടൊപ്പം മനുഷ്യാവശ്യങ്ങളും വളർന്ന് വ്യത്യസ്തമായി. അത് പ്രകൃതിവിഭവങ്ങൾ പെട്ടെന്ന് തീർന്നുപോവുന്നതിന് ഇടയാക്കി. പല വിഭവങ്ങളുടേയും ധ്രുതഗതിയിലുള്ള ഉപയോഗത്തിന് വഴിതെളിച്ചു. വിഭവങ്ങളുടെ അമിതഉപയോഗത്തിനും തീർന്നുപോവുന്നതിനും ഇടയാക്കി. വിഭവങ്ങളുടെ ധ്രുതഗതിയിലുള്ള ഉപയോഗത്തോടൊപ്പം ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾ വളർത്തി. വായുവിന്റെയും ജലത്തിന്റെയും മലിനീകരണം, ഭൂമി, വനം തുടങ്ങി പ്രകൃതിവിഭവങ്ങളുടെ നശീകരണം, പുനർസൃഷ്ടിക്കാനാവാത്ത ധാതുലവണങ്ങളുടേയും ഫോസ്സിലുകളുടേയയും നാശം എന്നിവ ഇതിൽ ഉൾപെടുന്നു. താഴെ പറയുന്ന ഭാഗങ്ങളിലൂടെ പാരിസ്ഥിതികപ്രശ്നങ്ങളെയും അവയ്ക്ക് ഭൂമിയിലും സമ്പദ്വ്യവസ്ഥയിലുമുള്ള സ്വാധീനത്തിന്റെ പ്രാധാന്യത്തേയും മനസ്സിലാക്കാൻ കഴിയും.

### 23.2.1 മലിനീകരണം

പ്രകൃതിയുടെ ജൈവവ്യവസ്ഥിതിയിലും പ്രകൃതിവിഭവങ്ങളുടെ ഗുണമേന്മയിലും അനുചിതമല്ലാത്ത മാറ്റത്തെയാണ് **മലിനീകരണം** എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഈ മാറ്റം ഉടൻ തന്നെയോ അല്ലെങ്കിൽ പിന്നീടോ ജീവനുതന്നെ ഉപദ്രവകരമാണ്. അതുകൊണ്ട് മലിനീകരണം ജീവജാലങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

മലിനീകരണത്തിന്റെ കാരണം മാലിന്യമാണ്. **മാലിന്യ**മെന്നത് പ്രകൃതിയുടെ സാമ്പത്തികവ്യവസ്ഥിതിയിലും പ്രകൃതിവിഭവങ്ങളുടെ ഗുണമേന്മയിലും അനുചിതമല്ലാത്ത മാറ്റമുണ്ടാക്കുന്ന ഉപയോഗരഹിതമായ വസ്തുവോ വിഭവമോ ആണ്. അന്തരീക്ഷത്തിലെ പുക, പൊടി, വിഷവാതകങ്ങൾ, വ്യവസായിക മലിനീകരണവാതകങ്ങൾ, പട്ടണങ്ങളിലെ ജലമാലിന്യം എന്നിവ മാലിന്യങ്ങൾക്കുള്ള പൊതു ഉദാഹരണങ്ങളാണ്. അതുപോലെതന്നെ മനുഷ്യന്റെ പ്രവർത്തനങ്ങൾ താപം ഉല്പാദിപ്പിക്കുകയും, ശബ്ദം സൃഷ്ടിക്കുകയും ഗണ്യമായ വ്യത്യസ്ത രീതികളിൽ മറ്റു ജീവജാലങ്ങൾക്ക് ഹാനികരമാവുകയും ചെയ്യുന്നു.

#### 23.2.1.1. വായുമലിനീകരണം

വായുമലിനീകരണം എന്നത് ജീവജാലങ്ങൾക്കും മനുഷ്യനും അസ്വസ്തതയും ഉപദ്രവവുമുണ്ടാക്കുന്ന, പ്രകൃതിക്കും അന്തരീക്ഷത്തിനും കേടുപാടുകൾ സൃഷ്ടിക്കുന്ന പ്രത്യേകവസ്തുക്കളോ മൂലകങ്ങളോ ജൈവശാസ്ത്രവിഭവങ്ങളോ പുറപ്പെടുവിക്കുന്നതാണ്. സൾഫർ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, കാർബൺ ഡൈഓക്സൈഡ് (ഇത് ഒരു പ്രധാനപ്പെട്ട ഗ്രീൻ ഹൗസ് വാതകമാണ്) ടോക്സിക് ലോഹങ്ങൾ, പ്രത്യേകവസ്തുക്കൾ എന്നിവ പ്രധാനപ്പെട്ട വായുമലിനീകരണവസ്തുക്കളിൽ ഉൾപെടുന്നു.

**നിങ്ങൾക്കറിയാമോ ?**

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഒരു വർഷം 2.4 മില്യൻ ആളുകൾ വായുമലിനീകരണം മൂലം നേരിട്ട് മരണപ്പെടുന്നു. ലോകമെമ്പാടും പ്രതിവർഷം കൂടുതൽ മരണങ്ങൾ വാഹന അപകടങ്ങളെക്കാളുമധികം വായുമലിനീകരണവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

### വായുമലിനീകരണത്തിന്റെ അനന്തരഫലങ്ങൾ

ശ്വാസതടസ്സം, ആസ്മ, ചുമ, ഹൃദയസംബന്ധവും ശ്വാസകോശസംബന്ധവുമായ പ്രശ്നങ്ങൾ കൂടുന്നത് എന്നിവ വായുമലിനീകരണത്തിന്റെ ആരോഗ്യഫലങ്ങളിൽപെടുന്നു. ഈ ഫലങ്ങൾ മൂലം കൂടുതൽ മരുന്നുകൾ, ഡോക്ടറെ സന്ദർശിക്കൽ, ആശുപത്രിവാസം എന്നിവയും അപമൃത്യു വരെയും സംഭവിക്കുന്നു.

### വായുമലിനീകരണത്തിന്റെ ഉറവിടങ്ങൾ

വായു മലിനീകരണത്തിന്റെ **കൃത്രിമ (മനുഷ്യനിർമിതം) ഉറവിട**ങ്ങളിൽ ഉൾപെടുന്നവ:

- പവ്വർ പ്ലാന്റുകൾ, വ്യവസായശാലകൾ, ഇൻസിനറേറ്റർ, പുകക്കുഴലുകൾ എന്നിവയിൽനിന്നുള്ള പുക.
- കാർ, ബസ്സ്, ബൈക്ക്, വിമാനം, കപ്പൽ തുടങ്ങിയ വാഹനങ്ങളിൽനിന്ന് പുറത്തോട്ട് വമിക്കുന്ന പുക.
- വളം, കീടനാശിനികൾ തുടങ്ങിയ രാസവസ്തുക്കൾ, കൃഷിയിൽനിന്നും മറ്റു കാർഷികരീതിയിൽനിന്നും ഉണ്ടാവുന്ന പൊടി.
- പെയിന്റ്, തലമുടിയിൽ അടിക്കുന്ന സ്പ്രേ, വാർനിഷ്, എയറോസൽ സ്പ്രേ, മറ്റു വസ്തുക്കളിൽനിന്നുള്ള പുക.
- ഭൂമിയിൽ മാലിന്യം അടിഞ്ഞ് ആഗോളതാപനത്തിന് ഇടയാക്കുന്ന മീതേയ്ൻ ഉണ്ടാവുന്നത്.

വായുമലിനീകരണത്തിന്റെ **പ്രകൃത്യാ ഉള്ള ഉറവിട**ങ്ങളിൽ ഉൾപെടുന്നവ:

- തരിശുഭൂമിപോലെ പ്രകൃത്യാ ഉള്ള ഉറവിടങ്ങളിൽ നിന്നുള്ള പൊടി.
- കന്നുകാലി പേലുള്ള മൃഗങ്ങളുടെ ഭക്ഷണം ദഹിക്കുന്നതിൽനിന്നുണ്ടാവുന്ന മീതേയ്ൻ.
- കാട്ടുതീയിൽനിന്നുള്ള കാർബൺ മോണോക്സൈഡ്, പ്രത്യേക വസ്തുക്കൾ, പുക.
- വോൾക്കാനിക് പ്രവർത്തനത്തിൽനിന്നുണ്ടാവുന്ന സൾഫർ, ക്ലോറിൻ, ചാരം തുടങ്ങിയവ.

### 23.2.1.2 ജലമലിനീകരണം

ഹാനികരമായ വസ്തുക്കൾ ശരിയായ രീതിയിൽ നീക്കം ചെയ്യാത്തതുമൂലം മലിനവസ്തുക്കൾ നേരിട്ടോ പരോക്ഷമായോ ജലസ്രോതസ്സുകളിലെത്തി (ഉദാ. തടാകം, നദി, സമുദ്രം, ഭൂഗർഭജലം) ജലം മലിനമാവുന്നതാണ് ജലമലിനീകരണം. ജലമലിനീകരണത്തിന്റെ പ്രധാന വസ്തുക്കൾ വ്യവസായികമൂലകങ്ങൾ, വസ്തുക്കൾ, പാഴ്ജലം, മലിന്യം എന്നിവയാണ്.

### ജലമലിനീകരണത്തിന്റെ ഫലങ്ങൾ

മലിനജലത്തിൽ കാണുന്ന പത്തോജൻ മൂലം മനുഷ്യരെയും മൃഗങ്ങളെയും ബാധിക്കുന്ന കോളറ, ടൈഫോയ്ഡ്, ഡയറിയ തുടങ്ങി നിരവധി ജലജന്യമായ രോഗങ്ങൾ ഉണ്ട്. ജലമലിനീകരണം ജലത്തിന്റെ ഘടനയെ തന്നെ ബാധിക്കുന്നു. ടോക്സിക് മൂലകങ്ങൾ ഉൾപെടുന്ന മാലിന്യങ്ങൾ ജലത്തിന്റെ അസിഡിറ്റി, ചലനാത്മകത, ഊഷ്മാവ് എന്നിവയെ മാറ്റുന്നു. മീൻ, പക്ഷികൾ, ചെടികൾ എന്നിങ്ങനെ ജലജൈവവ്യവസ്ഥയിൽ കഴിയുന്ന ജീവനെ അത് നശിപ്പിച്ച്, പ്രകൃത്യാ ഉള്ള ഭക്ഷ്യക്രമത്തെ അസ്വസ്ഥമാക്കി പ്രകൃതിവ്യവസ്ഥയുടെ സന്തുലിതാവസ്ഥക്ക് ഭംഗം വരുത്തുന്നു.

### ജലമലിനീകരണത്തിന്റ ഉറവിടങ്ങൾ

ജലമലിനീകരണത്തിന്റ പ്രധാനപ്പെട്ട ഉറവിടങ്ങളിൽ പെടുന്നത്:

- പട്ടണങ്ങളിലേയും നഗരങ്ങളിലേയും സീവേജ്പൈപ്പുകളിൽനിന്നും ഖരമാലിന്യം കൈകാര്യം ചെയ്യുന്ന പ്ലാന്റുകളിൽനിന്നും പുറന്തള്ളപ്പെടുന്നവ.
- വ്യവസായശാലകളിൽനിന്ന് ജലസ്ത്രോതസ്സുകളിലേക്ക് ഒഴുകുന്ന വ്യവസായമാലിന്യം.
- കൃഷിയിടങ്ങളിൽനിന്നുമുള്ള വളം, കീടനാശിനികൾ തുടങ്ങിയ കെമിക്കൽസ്.
- പട്ടണങ്ങളിലെ ഓടകളിൽനിന്നുമുള്ള മലിനജലം.
- വൈദ്യുതപ്ലാന്റുകളിൽനിന്നും ജലത്തിലേക്ക് ഒഴുകുന്ന റേഡിയോ ആക്ടീവ് അഥവാ ഊഷ്മജലം.
- ടാങ്കറിൽനിന്നും ഓയിൽ റിഗിൽനിന്നും ഒഴുകുന്ന ഓയിൽ സ്പില്ലുകളും ദ്രാവകങ്ങളും.
- ജലശരീരങ്ങളിലെ ആൽഗേയുടെ വളർച്ച.

### 23.2.1.3 ശബ്ദമലിനീകരണം

മനുഷ്യരുടേയും മൃഗങ്ങളുടേയും ജീവന്റെ സന്തുലിതാവസ്ഥയും പ്രവർത്തനങ്ങളും തടസ്സപ്പെടുത്തുന്ന, ആവശ്യത്തിലധികവും അസന്തുഷ്ടിതവുമായ ശബ്ദമാണ് ശബ്ദമലിനീകരണം.

### ശബ്ദമലിനീകരണത്തിന്റെ ഫലങ്ങൾ

ആവശ്യമില്ലാത്ത ശബ്ദത്തിന്റെ രൂപത്തിലുള്ള ശബ്ദമലിനീകരണം ശാരിരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമാണ്. ശബ്ദമലിനീകരണം അസ്വസ്ഥതയും, ശല്യവും, പിരിമുറുക്കവും, ഉയർന്ന മാനസികസമ്മർദ്ദവും, കേൾവിശക്തി നഷ്ടപ്പെടലും ഉറക്കത്തിന് ഉപദ്രവകരവും മറ്റു പല ദോഷഫലങ്ങളും ഉളവാക്കുന്നതുമാണ്. ശബ്ദത്തോടുള്ള തുടർച്ചയായ അനുരണനം ശബ്ദോത്മുഖ കേൾവിപ്രശ്നങ്ങൾക്ക് ഇടവരുത്തുന്നു. തൊഴിൽപരമായി ധാരാളം ശബ്ദങ്ങൾക്ക് വിധേയരാവുന്നവർക്ക് അങ്ങനെ അല്ലാത്തവരുമായി താരതമ്യം ചെയ്യുമ്പോൾ കേൾവിശക്തി ധാരാളമായി കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. സാമാന്യം ഉയർന്ന ശബ്ദവീചികൾ മൂലം ഹൃദയസംബന്ധമായ പ്രശ്നങ്ങൾ, രക്തസമ്മർദ്ദം വർദ്ധിക്കൽ, പിരിമുറുക്കം വർദ്ധിക്കൽ എന്നിങ്ങനെ ആളുകളുടെ ശാരിരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുന്നു.

### ശബ്ദമലിനീകരണത്തിന്റെ ഉറവിടങ്ങൾ

ശബ്ദമലിനീകരണത്തിന്റ പ്രധാനപ്പെട്ട **ഉറവിട**ങ്ങളിൽ പെടുന്നത്:

- കാർ, ബസ്സ്, വിമാനം ട്രയിൻ തുടങ്ങിയ വാഹനഗതാഗതം മൂലം
- കല്ല് പൊടിക്കൽ, സ്റ്റീൽ പ്ലേറ്റ് ഉണ്ടാക്കൽ, പ്രിന്റിംഗ്, വിതക്കൽ തുടങ്ങിയ വ്യാവസായികപ്രക്രിയ.
- റോഡ്, പാലം, കെട്ടിടം തുടങ്ങിയ നിർമാണപ്രവർത്തനങ്ങൾ.
- സ്റ്റീരിയോ, ടെലിവിഷൻ തുടങ്ങി വീടുകളിൽനിന്നുള്ള നിരവധി ശബ്ദം.
- എ.സി, ഫ്രിഡ്ജ് തുടങ്ങിയ ഉപഭോക്തൃവസ്തുക്കൾ.

ഈ മുകളിൽ പറഞ്ഞ ഭാഗത്ത് നിങ്ങൾ വായിക്കുന്നത് വിവിധ തരം മലിനീകരണവും അവയുടെ ഉറവിടങ്ങളും ഫലങ്ങളും ആണ്. നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ബാധിക്കുന്ന വിവിധതരം മലിനീകരണങ്ങളെക്കുറിച്ച് മനസ്സിലാക്കി അവയുടെ ലിസ്റ്റ് തയ്യാറാക്കുക. മലിനീകരണത്തിന്റെ ദോഷഫലങ്ങൾ കുറക്കാൻ നിങ്ങളുടെ കുടുംബത്തിനും സമൂഹത്തിനും എന്തൊക്കെ നടപടികൾ എടുക്കാൻ കഴിയും?

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.2

1. എന്താണ് മലിനീകരണം?
2. വായുമലിനീകരണത്തിന് രണ്ടു സ്രോതസ്സുകൾ പറയുക?
3. ജലമലിനീകരണത്തിന്റെ രണ്ടു ദോഷഫലങ്ങളുടെ പേരു പറയുക?
4. ശബ്ദമലിനീകരണം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

## 23.2.2 ജീർണത

താഴെപറയുന്ന ഭാഗത്ത് രണ്ടുതരത്തിലുള്ള ജീർണതയെക്കുറിച്ച് വിവരിക്കുന്നു. — മണ്ണിന്റെ ജീർണതയും ജീവജാലങ്ങളുടെ ജീർണതയും.

### 23.2.2.1 മണ്ണിന്റെ ജീർണത

മണ്ണിന്റെ ഗുണമേൻമയിൽ ആഗ്രഹിക്കാത്തും ഒഴിവാക്കേണ്ടതുമായ മാറ്റത്തെയോ ഉപദ്രവത്തെയോ ആണ് മണ്ണിന്റെ ജീർണത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു പ്രദേശത്തുള്ള മണ്ണിന്റെ ഗുണമേൻമയും ഉൽപാദനക്ഷമതയും കുറയുന്നതിലേക്കും ആ പ്രദേശത്തെ ജീവജാലങ്ങളുടെ മാറ്റത്തിലേക്കും അത് നയിക്കുന്നു. മണ്ണിന്റെ സ്വാഭാവികപോഷകഘടന, ധാതുലവണങ്ങൾ, ഓർഗാനിക് വസ്തുക്കൾ (ഹ്യമുസ് എന്ന് അറിയപ്പെടുന്നു) എന്നിവ നഷ്ടപ്പെട്ട് സ്വാഭാവിക ജീവസന്തുലിതാവസ്ഥയെ തടസ്സപ്പെടുത്തുന്നു. അങ്ങനെ മണ്ണ് ചെടികൾക്കും വിളകൾക്കും വളരാൻ അനുയോജ്യമല്ലാതായിതീരുന്നു.

#### മണ്ണിന്റെ ജീർണതയുടെ കാരണങ്ങൾ

മണ്ണിന്റെ ജീർണതയുടെ പ്രധാനപ്പെട്ട കാരണങ്ങളിൽപെടുന്നത്:

- ആവശ്യത്തിലധികം രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിന്റെ ഫലമായി മണ്ണിന് അസിഡിറ്റിയും ഉപ്പും ആൽക്കലിനും വർദ്ധിക്കുന്നു, ഓർഗാ

നിക് ഘടകങ്ങൾ കുറയുന്നു, ഓർഗാനിക് മാലിന്യങ്ങളും ടോക്സിൻസും ഭാരമേറിയ ലോഹങ്ങളും (കാഡ്മിയം, ലെഡ് തുടങ്ങിയവ) വർദ്ധിക്കുന്നു.

- വയലുകളിൽ മൃഗങ്ങൾ മേയുന്നതുമൂലം ചെടികളുടെ പുറം ഭാഗം നഷ്ടമായി മണ്ണൊലിപ്പിന് സാധ്യതയേറുന്നു.
- ആവശ്യത്തിലധികം ജലസേചനം മൂലം വെള്ളക്കെട്ടും അതനുസരിച്ച് വയലുകളിൽനിന്ന് വെള്ളം ഒഴുകിപോവുവാനുള്ള സാധ്യതയില്ലാതെ മണ്ണിന്റെ ലവണാംശം കൂടുകയും ചെടികൾക്ക് വളരാൻ സാധ്യമല്ലാതാവുകയും, കൊതുകിന് വളരാൻ അനുകൂലാസാഹചര്യമുണ്ടാവുകയും ചെയ്യും.

**നിങ്ങൾക്കറിയാമോ?**

ലോകമെമ്പാടും മണ്ണൊലിപ്പിൽ നിന്നുള്ള നാശനഷ്ടം പ്രതിവർഷം 400 ഡോളർ മില്യൻ (പ്രതിവർഷം ഏകദേശം 20ലക്ഷം കോടി ആയി) കണക്കാക്കുന്നു. അതിന്റെ ഫലമായി കഴിഞ്ഞ 40 വർഷത്തെ മണ്ണൊലിപ്പ് മൂലം ലോകത്തിലെ വിളഭൂമിയുടെ 30 % ഉൽപാദന ക്ഷമതയില്ലാത്തതായിതീർന്നു.

**മണ്ണിന്റെ ജീർണതയുടെ ഫലങ്ങൾ**

മണ്ണിന്റെ ജീർണത ധാന്യവിളവിനുള്ള മണ്ണിന്റെ കഴിവിനെ ഗണ്യമായി കുറക്കുന്നു. മാലിന്യങ്ങളുടെ സാന്നിധ്യം ധാരാളം പോഷകങ്ങൾ, ഓർഗാനിക് ടോക്സിൻസ്, മുന്തിയ ലോഹങ്ങൾ എന്നിവ അടങ്ങിയിട്ടുള്ള ഭൂഗർഭജലത്തിന്റെ മലിനീകരണത്തിലേക്ക് നയിക്കുന്നു. അതോടൊപ്പം മണ്ണിന്റെ ജീർണത മൂലം ഭൂമിയുടെ പച്ചപ്പ് നഷ്ടപ്പെട്ട് ആ പ്രദേശത്തെ ജൈവവൈവിധ്യം കുറയുന്നു. കാരണം ഒരു പ്രദേശത്തെ ജീവജാലങ്ങൾക്ക് കഴിയുവാനും ഭക്ഷ്യശൃഖല സ്വാഭാവികമായി പ്രവർത്തിക്കാനും ചെടികൾ വളരേണ്ടത് അത്യാവശ്യമാണ്. ജീവജാലങ്ങൾ ഇല്ലാതാക്കാൻ വരെ ഇത് ഇടയാക്കും. മണ്ണ് നശീകരണം മരുഭൂമി വൽക്കരണത്തിലേക്കും നയിക്കുന്നു. അതായത് ഭൂമി ക്രമേണ കൃഷിക്കോ താമസത്തിനോ അനുയോജ്യമല്ലാത്ത വിധത്തിൽ മരുഭൂമിയായി മാറുന്നു.

### 23.2.2.2 വാസസ്ഥലത്തിന്റെ ജീർണത

ഒരു പ്രദേശത്തിന് അതിന്റെ സാധാരണ പ്രവർത്തനവും ജീവനെ സംരക്ഷിക്കാനുള്ള കഴിവും നഷ്ടപ്പെടുന്ന പ്രക്രിയയാണ് വാസസ്ഥലത്തിന്റെ ജീർണത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വാസസ്ഥലത്തിന്റെ ജീർണത മൂലം ഒരു പ്രദേശത്തെ വഹിക്കുവാനുള്ള കഴിവ് അതായത്, ഒരു പ്രദേശത്തിന് പിന്തുണക്കാൻ പറ്റിയ ജീവജാലങ്ങളുടെ എണ്ണം കുറയുന്നതിലേക്ക് നയിക്കുന്നു. ഒരു പ്രദേശത്ത് (പരിസ്ഥിതി) വ്യത്യസ്ഥജീവികളുടെ എണ്ണം കുറഞ്ഞ് ജൈവവ്യവസ്ഥിതിയുടേയും പ്രകൃത്യാ ഉള്ള ഭക്ഷ്യശൃഖലയുടേയും അസന്തുലിതാവസ്ഥക്ക് വഴിതെളിക്കുന്നു. ഈ അസന്തുലിതാവസ്ഥ നമ്മുടെ ഗൃഹത്തിലെ വിവിധ ചെടികളും മൃഗങ്ങളും കൂട്ടമായി ഇല്ലാതാവുവാൻ ഇടയാവുന്നു.

**വാസസ്ഥലത്തിന്റെ ജീർണതക്കുള്ള കാരണങ്ങൾ**

വാസസ്ഥലത്തിന്റെ ജീർണതക്കുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നു.

- വനനശീകരണവും തടിവ്യവസായത്തിനുവേണ്ടി മരം മുറിക്കലും
- വനഭൂമി കൃഷിഭൂമിയായി മാറ്റുന്നത്
- പ്രകൃത്യാ ഉള്ള വാസസ്ഥലം പട്ടണവികസനത്തിനായി ഉപയോഗിക്കുന്നത്
- മണ്ണൊലിപ്പും മരുഭൂമിവൽക്കരണവും മുഴുവൻ വനത്തേയും മരുഭൂമികളാക്കി മാറ്റുന്നത്.

- വനങ്ങൾ കത്തിച്ച് അതിന്റെ ചാരം പ്രകൃത്യാ ഉള്ള വളമായി ധാന്യവിളകൾക്ക് ഉപയോഗിച്ച് കൃഷിരീതികൾ മാറ്റുന്നത്.

### വാസസ്ഥലത്തിന്റെ ജീർണതയുടെ ഫലങ്ങൾ

ഒരു പ്രദേശത്തെ വെള്ളപൊക്കം, വരൾച്ച, വിളവിന്റെ പരാജയം, രോഗങ്ങളുടെ വ്യാപനം, ജലം മലിനമാവുന്നത് എന്നീ പ്രകൃതിദുരന്തങ്ങൾക്ക് വിധേയമായി പരിസ്ഥിതിയുടെ നശീകരണം കൂടുതലായി വർദ്ധിക്കുന്നു. ഭൂപ്രകൃതിയുടെനാശത്തിൽനിന്ന് കൃഷിഭൂമിയും ബുദ്ധിമുട്ടുന്നു.

കഴിഞ്ഞ 50 വർഷമായി കൃഷിഭൂമിക്ക് ചുറ്റുമുള്ള വാസസ്ഥലത്തിന്റെ ജീർണത മൂലം മണ്ണൊലിപ്പ്, പോഷകഗുണം നഷ്ടപ്പെടുക, മലിനീകരണം എന്നിവയാൽ ലോകമെമ്പാടും ഏകദേശം 40 % കൃഷിഭൂമി നശിച്ചു. വാസസ്ഥലത്തിന്റെ ജീർണത മൂലം നൈട്രജൻ, ഫോസ്ഫറസ്, സൾഫർ, കാർബൺ, സൈക്കിൾ തുടങ്ങിയ വിലയേറിയ ജൈവവ്യവസ്ഥ സംവിധാനം നഷ്ടപ്പെടാൻ ഇടയായി. അതിന്റെ ഫലമായി ആസിഡ് മഴ, ആൽഗൽ ബ്ളൂം, നദികളിലെയും സമുദ്രങ്ങളിലെയും മീൻ ചത്ത് ഒടുങ്ങുന്നത് എന്നിവയുടെ നിരക്കും തീവ്രതയും വർദ്ധിക്കുകയും അത് ആഗോള കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് ധാരാളമായി ഇടവരുത്തുകയും ചെയ്തു. ജൈവവൈവിധ്യത്തിന്റെയും ജീവജാലങ്ങൾ വംശനാശം വരുന്നതിന്റെയും ഫലമായി പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് ഭംഗം വരുകയും പരിസ്ഥിതിവ്യവസ്ഥ തകിടം മറിയുകയും ചെയ്തു. വാസസ്ഥലത്തിന്റെ ജീർണത, പക്ഷിസന്ദർശനം പോലുള്ള സൗന്ദര്യഉപയോഗങ്ങൾ, വേട്ടയാടൽ, മീൻപിടുത്തം തുടങ്ങിയ വിനോദമാർഗങ്ങളും പരിസ്ഥിതി ടൂറിസവും പ്രതികൂലമായി ബാധിച്ചു കാരണം ഇവയെല്ലാം സ്വസ്ഥമായ വാസസ്ഥലത്തെ ആശ്രയിച്ചാണിരിക്കുന്നത്.

**നിങ്ങൾക്കറിയാമോ ?**

ഇപ്പോൾ നിലവിലുള്ള നിരക്കിൽ വനനശീകരണം തുടരുകയാണെങ്കിൽ 2030 ആവുമ്പോഴേക്കും ലോകത്തിലെ ട്രോപ്പിക്കൽ വനങ്ങളിൽ 10- % വും നശിച്ചുപോയ അവസ്ഥയിൽ മറ്റൊരു 10 % വുമേ അവശേഷിക്കുകയുള്ളു.

### 23.2.3. വിഭവങ്ങൾ കുറയുന്നത്

**വിഭവദൗർലഭ്യം** എന്ന ഒരു സാമ്പത്തികപദം കൊണ്ട് പരാമർശിക്കുന്നത് ഒരു പ്രദേശത്തെ അസംസ്കൃതവസ്തുക്കൾ തീർന്നുപോവുന്നതിനെയാണ്. വിഭവദൗർലഭ്യം എന്നത് കൂടുതലായി ഉപയോഗിക്കുന്നത് കൃഷി, മൽസ്യബന്ധനം, ഖനനം ചെയ്യൽ എന്നിവയുമായി ബന്ധപ്പെട്ടാണ്. ആധുനിക സമ്പദ്‌വ്യവസ്ഥ പ്രധാനമായും ഫോസ്സിൽ വാതകങ്ങൾ, ധാതുലവണങ്ങൾ, എണ്ണ എന്നിവയുടെ അടിസ്ഥാനപ്പെടുത്തിയാണ്. കാലം കടന്നുപോവുന്നതിനനുസരിച്ച് ഈ വിഭവങ്ങളുടെ ആവശ്യം വർദ്ധിക്കുകയും അമിത ഉപയോഗം മൂലം അവയുടെ പ്രദാനം ധാരാളമായി കുറയുകയും ചെയ്യുന്നതിനാൽ ഈ വിഭവങ്ങളുടെ മൂല്യം വർദ്ധിച്ചു.

പെട്രോളിയം, പ്രകൃതിവാതകം, കൽക്കരി, യുറേനിയം-235, സ്വർണം എന്നിങ്ങനെ നമ്മുടെ ജീവിതത്തിന് അത്യാവശ്യമായ വിവിധ വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് ഏറുകയാണ്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഈ വിഭവങ്ങളുടെ ആവശ്യവും വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ കഴിഞ്ഞ 100-150 വർഷമായി വിവിധ പ്രകൃതി വിഭവങ്ങളുടെ ഉറവിടങ്ങൾ പെട്ടെന്ന് കുറഞ്ഞുകൊണ്ടേയിരുന്നു. ഈ വിഭവങ്ങളുടെ പുതിയ ഉറവിടങ്ങൾ തേടുന്നത് ചിലവേറിയതും പലപ്പോഴും പുതിയ ഖനികൾ കണ്ടെത്താനാവത്തതുമാണ്. അമിതജനസംഖ്യ

മൂലം ഭൂമിയിൻമേൽ കൂടുതൽ ഭാരം ഉണ്ടാവുന്നതിനാൽ ഭൂമിയിൽ വളരെ പെട്ടെന്ന് വിഭവമില്ലാതാവുകയും ചെയ്യുന്നു.

വിഭവങ്ങൾ തീർന്നുപോവുന്നതിനോടൊപ്പം ധാതുലവണങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നതും വിവിധ പരിസ്ഥിതിപ്രശ്നങ്ങൾക്കും കാരണമാവുന്നു. വിഭവങ്ങളുടെ ഖനനം, കുഴിച്ചെടുക്കൽ, ശുദ്ധീകരണപ്രവർത്തനം തുടങ്ങിയ പ്രക്രിയയോടൊപ്പം ആഗോളതാപനം, വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണം, ജൈവവൈവിധ്യത്തിന്റെ കുറവ് എന്നിവയും ഉടലെടുക്കുന്നു.

വിഭവങ്ങൾ തീർന്നപോവുന്നതിന്റെയും പാരിസ്ഥിതികപ്രശ്നങ്ങളുടേയും ഉപദ്രവകരമായ ഫലങ്ങൾ ഇല്ലാതാക്കാൻ നമ്മൾ ശ്രദ്ധാപൂർവം വിഭവങ്ങളുടെ ഉപയോഗത്തെ കൈകാര്യം ചെയ്യുകയും പരിസ്ഥിതിപ്രശ്നങ്ങൾക്ക് തടയിടുകയും വേണം. ലോകമെമ്പാടും വിവിധ ഏജൻസികൾ UNEP (United Nations Envirnment Programme), EPA(Envirnment Protection Agency), IPCC (Intergovernmental Panel on Climate Change ), ഭാരതത്തിലെ MEF (Ministry of envirnment and Forests) എന്നിവ വിവിധ സർക്കാരിതര സന്നദ്ധസംഘടന(NGO)യോടൊപ്പം ലോകമെമ്പാടുമുള്ള പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളെ കാര്യക്ഷമമായി പിന്താങ്ങുകയും പരിസ്ഥിതി സംരക്ഷണത്തിനും വിഭവങ്ങളുടെ അമിതമായ ചൂഷണത്തെ പ്രതിരോധിക്കാനും നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നു.

മ്മുടെ നിലനിൽപിനുതന്നെ ഭീഷണിയാവുന്ന ലോകമെമ്പാടുമുള്ള പരിസ്ഥിതിക പ്രതിസന്ധിക്ക് അത്യാവശ്യമായ പരിഹാരമായി മുന്നോട്ട് വക്കുന്നത് മനുഷ്യരാശിക്ക് ലഭ്യമായ പരിമിതമായ വിഭവങ്ങളെ ശ്രദ്ധാപൂർവം ഉപയോഗിക്കുക എന്നതാണ്. ഇതാണ് സുസ്ഥിരവികസനം എന്ന പേരിൽ പരാമർശിക്കപ്പെടുന്നത്. ഈ അദ്ധ്യായത്തിന്റെ തുടർന്നുള്ള പേജുകളിൽ അതിന്റെ പ്രാധാന്യത്തെക്കുറിച്ച വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**പാഠഭാഗത്തെ ചോദ്യങ്ങൾ 23.33**

1. മണ്ണിന്റെ ജീർണ്ണത എന്നതിന്റെ അർത്ഥമെന്ത് ?
2. പരിസ്ഥിതിയുടെ ജീർണതക്ക് രണ്ട് വ്യത്യസ്ത തരങ്ങൾ പറയുക ?

## 23.3 സുസ്ഥിരവികസനം

**സുസ്ഥിരവികസനം എന്നത് ഈ തലമുറയുടേയും വരാനിരിക്കുന്ന തലമുറയുടേയും ആവശ്യങ്ങൾ പരിഗണിച്ച് മനുഷ്യാവശ്യങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതിയെ കാത്തുസംരക്ഷിച്ചുകൊണ്ടുള്ള വിഭവങ്ങളുടെ ഉപയോഗരീതിയാണ്.** സുസ്ഥിരവികസനം എന്നതിനെ പല രീതിയിൽ നിർവചിച്ചിട്ടുണ്ട് . എന്നാൽ ഏറ്റവും സ്വീകാര്യമായ നിർവചനം ബ്രുറ്റ്ലാന്റ് റിപ്പോർട്ട് എന്നറിയപ്പെുന്ന ഔവർ കോമൺ ഫ്യചറിൽനിന്നാണ്. ഈ നിർവചനമനുസരിച്ച് സുസ്ഥിരവികസനം എന്നത് ഭാവിതലമുറയുടെ ആവശ്യങ്ങളെ നേരിടാൻ പറ്റിയ വിധം അവരുടെ കഴിവുകളോട് താദാത്മ്യപ്പെട്ടുകൊണ്ടുതന്നെ ഇന്നത്തെ ആവശ്യങ്ങൾ നേരിടാൻ പറ്റിയ വികസനമാണ്.

ഈ നിർവചനം രണ്ടു പ്രധാന കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. ഒന്നാമത്, ഒന്നാമത്, പ്രകൃതിവിഭവങ്ങൾ നമുക്ക് എല്ലാവർക്കും ഇനിയും ജനിച്ചിട്ടില്ലാത്ത ഭാവിതലമുറ ഉൾപ്പെടെ പ്രധാനപ്പെട്ടതാണ്. രണ്ടാമതായി ഇത് ഒരു ദൂർഘകാലആശയമാണ്. ഇന്നത്തെ സാമ്പത്തികവികസനത്തെ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടുള്ളതല്ല, പ്രത്യുത ഭാവിയിലെ സാമ്പത്തികവികസനവും ഇത് പരിഗണിക്കുന്നു.

MODULE - 8

സമകാലിക സാമ്പത്തിക പ്രശ്നങ്ങൾ

**കുറിപ്പുകൾ**

നമ്മുടെ ആവശ്യങ്ങൾ നേരിടാൻ പറ്റിയ അത്യാവശ്യവസ്തുക്കളായ വായു, ജലം, ധാതുലവണങ്ങൾ തുടങ്ങിയ വിവിധ വിഭവങ്ങളെ പറ്റി മുൻഭാഗങ്ങളിൽ നിങ്ങൾ വായിച്ചു. ജലത്തിന്റെയും വായുവിന്റെയും ഉറവിടങ്ങളെ നമ്മൾ മലിനപ്പെടുത്തുകയും കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം തുടങ്ങി പുനർനിർമിക്കാനാവാത്ത വിഭവങ്ങൾ തീർന്നുപോവുകയും ചെയ്താൽ ഭാവിതലമുറ സഹിക്കേണ്ടിവരും. അതുകൊണ്ട് ഭാവിതലമുറക്ക് ജീവിക്കുവാനുള്ള അവകാശം നമ്മൾ നിരാകരിക്കരുത് എന്നതിലാണ് സുസ്ഥിരവികസനം എന്ന ആശയം ഊന്നൽ നൽകുന്നത്. ലോകത്തിലെ വിഭവങ്ങളുടെ ശേഖരം ഈ തലമുറക്ക് വേണ്ടി മാത്രമുള്ളതല്ല, മറിച്ച് ഭാവിതലമുറക്കും കൂടിയുള്ളതാണ്. അതുകൊണ്ട് പരിസ്ഥിതിയെ നമ്മുടെ ഇന്നത്തെ ആവശ്യങ്ങൾ നേരിടുവാൻ വിവേകപൂർവം ഉപയോഗിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. അതനുസരിച്ച് നമ്മുടെ മക്കളും കൊച്ചുമക്കളും (ഭാവിതലമുറ) അവരുടേയും ആവശ്യങ്ങൾ നേരിടാൻ പ്രാപ്തരാകും.

അതുകൊണ്ട് സുസ്ഥിരവികസനം എന്നത് സാമ്പത്തികവ്യവസ്ഥിതിയുടേയും പരിസ്ഥിതിയുടേയും ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു തലത്തെയും തള്ളിക്കളയാതെയുള്ള വികസനമാണ്. സാമ്പത്തികവികസനം **നിലനിൽക്കുന്നതാവണ**മെങ്കിൽ, വിഭവങ്ങളുടെ ഇന്നത്തെ ഉപയോഗം നാളത്തെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്നതാവരുത്. അതുകൊണ്ട് സുസ്ഥിരവികസനം നമ്മളോട് പറയുന്നത് ഇന്നത്തെയും ഭാവിയുടെയും തലമുറയുടെ ആവശ്യങ്ങളും പരിഗണിക്കുന്നതാവണം വികസനം എന്നതാണ്. അങ്ങനെ അത് ഒരു ദീർഘകാല ആശയമാറി മാറുന്നു.

## 23.4 സുസ്ഥിരവികസനം നേടുവാൻ നമുക്ക് എങ്ങനെ കഴിയും ?

കൂടുതൽ ഗുണമേന്മയുള്ള ജീവിതത്തിനും സാമ്പത്തികവകസനത്തിനുമായി മനുഷ്യരാശിയുടെ അന്വേഷണവും ജനസംഖ്യയുടെ വളർച്ചയും എപ്രകാരമാണ് നമ്മുടെ പരിസ്ഥിതിക്കും ഭൂമി എന്ന ഗ്രഹത്തിനും കഴിഞ്ഞ രണ്ടു നൂറ്റാണ്ടായി ധാരാളം പ്രശ്നങ്ങൾക്കിടയാക്കിയതെന്ന് ഈ അദ്ധ്യായത്തിൽ നമ്മൾ പഠിച്ചു. നമ്മൾ ശ്രദ്ധ കേന്ദ്രീകരിച്ച വിഷയങ്ങൾ മലിനീകരണം, ജീർണത, വിഭവങ്ങൾ തീർന്നുപോവുന്നത് എന്നിവയാണ്.

സുസ്ഥിരവികസനത്തിന്റെ അർത്ഥമെന്താണെന്നും ഭാവിതലമുറയുടെ ക്ഷേമവും വികസനവും കാത്തുസംക്ഷിക്കേണ്ടത് എപ്രകാരം പ്രധാനപ്പെട്ടതാണെന്നും നമ്മൾ പഠിച്ചു. എന്നാൽ എങ്ങനെ സുസ്ഥിരവികസനം നേടാൻ സാധിക്കും?. നമ്മൾ അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധി ഗൗരവതരവും ശക്തവുമാണ്. എന്നിരുന്നാലും പെട്ടെന്നുള്ള തീരുമാനമെടുക്കലിലൂടെ നമുക്ക് ആ പ്രതിസന്ധി മറി കടക്കാൻ പറ്റും.

സുസ്ഥിരവികസനത്തിന്റെ എല്ലാ നിർവചനങ്ങളും അനുശാസിക്കുന്നതനുസരിച്ച് ഈ ലോകത്തെ മൊത്തത്തിൽ കണ്ട് പരിഗണിക്കേണ്ടതാണ്. സുസ്ഥിരവികസനമെന്നത് ദീർഘകാലആശയമാണെന്നും അത് ഭാവിതലമുറയുടെ വികസനത്തിനുംകൂടി തുല്യപ്രാധാന്യം നൽകുന്നതാണെന്നും നിങ്ങൾ ഇതിനോടകം മനസ്സിലാക്കികഴിഞ്ഞു. ലോകത്തിലെ ഏതെങ്കിലും ഒരു ഭാഗത്ത് ചെയ്യുന്ന പ്രവർത്തികളും നടപടികളും മറ്റു ഭാഗങ്ങളിലും പ്രത്യാഖ്യാതങ്ങൾ ഉണ്ടാക്കുന്നു എന്ന കാര്യത്തിൽ സുസ്ഥിരവികസനം ഊന്നൽ നൽകുന്നു. വികസനം സുസ്ഥി

രമാകണമെങ്കിൽ നമ്മുടെ ഗ്രാമത്തിന്റയോ, രാജ്യത്തിന്റെയോ, സമൂഹത്തിന്റെയോ മാത്രം വികസനത്തക്കുറിച്ച് മാത്രമല്ലാ, മറിച്ച് ലോകം മുഴുവനെയും കുറിച്ച് ചിന്തിക്കണം. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, വടക്കെ അമേരിക്കയിലെ ഒരു ഫാക്ടറിയിൽനിന്നും പുറത്തേക്ക് ഗമിക്കുന്ന പുക സൃഷ്ടിക്കുന്ന വായുമലിനീകരണം ഏഷ്യയിലെ വായുവിന്റെ ഗുണമേന്മയെ ബാധിക്കുന്നു. അതുപോലെ ബംഗ്ളാദേശിൽ ഉപയോഗിക്കുന്ന കീടനാശിനികൾ പശ്ചിമബംഗാൾ തീരത്തെ മീനുകൾക്ക് ദോഷം വരുത്തുന്നു.

അതുകൊണ്ട്, സുസ്ഥിരവികസനത്തിനായുള്ള നടപടികൾ ലോകമെമ്പാടും സ്വീകരിക്കാനുതകുന്നതരത്തിലുള്ള നയത്തെ കേന്ദ്രീകരിച്ചുള്ളവയാണ്. ഇവയിൽ ചിലത് ഓരോ രാജ്യങ്ങൾക്കും നടപ്പിലാക്കാവുന്നവയും മറ്റു ചിലത് അന്താരാഷ്ട്രതലത്തിൽ സഹകരണം ആവശ്യപ്പെടുന്നവയമാണ്.

സുസ്ഥിരവികസനത്തിലേക്ക് വഴിതെളിക്കുന്ന തരത്തിലുള്ള ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

- **വിഭവങ്ങൾ –** പുനർസൃഷ്ടിക്കാനാവാത്ത വിഭവങ്ങൾ പകരം വക്കുവാൻ ഉതകുന്ന വസ്തുക്കൾ കണ്ടുപിടിക്കാനും, പുനർസൃഷ്ടിക്കാനാവുന്നവയെ വിവേകപൂർവം ഉപയോഗിക്കാനും. സൗരോർജം ,ഹൈഡ്രോപവ്വർ, ടൈഡൽഊർജം, ജൈവവാതകങ്ങൾ (ഗോബർ ഗ്യാസ് പോലുള്ള) തുടങ്ങിയവ പെട്ടെന്ന് തീർന്നു പോവുന്ന ഊർജവിഭവങ്ങളായ കൽക്കരി ഓയിൽ, പ്രകൃതിവാതകം എന്നിവക്ക് പകരം വ്യാപകമായി അധിക അളവിലും ഉപയോഗിക്കുന്നു. ഭാരതത്തിന്റെ വിവിധ ഗ്രാമങ്ങളിൽ സൗരോർജഉപകരണങ്ങളായ സോളാർ കുക്കറുകൾ, സോളാർ വിളക്കുകൾ, സോളാർ ഹീറ്ററുകൾ എന്നിവ സർക്കാർ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. സമുദ്രതീരപ്രദേശങ്ങളിൽ വിന്റുമില്ലുകളിലൂടെ കാറ്റിൽ നിന്നുള്ള ഊർജം വൈദ്യുതി ഉൽപാദിപ്പിക്കുവാൻ ഉപയോഗിക്കുന്നു.
- **പുനരുപയോഗിക്കൽ –** പുനർപ്രക്രിയയിലൂടെ, വീണ്ടും ഉപയോഗിച്ച് കടലാസ്സ് നിർമിക്കാൻ മരത്തിന്റെ തടിയിൽനിന്നുള്ള പൾപ്പ് നമുക്ക് ആവശ്യമുണ്ട്. അതുകൊണ്ട്, ഉപയോഗിച്ച കടലാസ്സുകൾ വീണ്ടും ഉപയോഗിച്ച് മരം നശിപ്പിക്കുന്നതിന് തടയിടാനാവും. ജലം ദുർലഭമായ വിഭവമാണെങ്കിലും നമ്മൾ അതിനെ വിവേകപൂർവം ഉപയോഗിക്കുന്നില്ല. മഴവെള്ളസംഭരണിയിലൂടെ മഴവെള്ളത്തെ പുനരുപയോഗിക്കുവാൻ നമുക്ക് കഴിയും.
- **പരിമിതപ്പെടുത്തൽ –** കുറച്ച് മാത്രം ഉപയോഗിക്കുക. നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാനായി നമ്മുടെ ഉപഭോഗം നിയന്ത്രിക്കണം. നമ്മുടെ പ്രാദേശികവിണിയിലേക്ക് വാഹനമോടിച്ച് പോവാതെ നടന്നുപോകുവാൻ കഴിയണം. ലിഫ്റ്റ് ഉപയോഗിക്കാതെ പടികൾ കയറണം, നമുക്ക് ആവശ്യമില്ലാത്തപ്പോൾ ഫാനും ലൈറ്റും അണക്കണം.

ഒരു പരിശീലനമെന്നപോലെ നിങ്ങളുടെ പ്രാദേശികസമൂഹത്തിൽ സുസ്ഥിരവികസനം പരിപോഷിപ്പിക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കുമെന്ന് ചിന്തിക്കുക. പ്രാദേശികപരിസ്ഥിതി മെച്ചപ്പെടുത്തുവാൻ നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും. ലോകത്തിലെ മറ്റ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവിതങ്ങളെയും പരിസ്ഥിതികളെയും മെച്ചപ്പെടുത്തുവാൻ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എങ്ങനെ കഴിയുമെന്ന് കണ്ടെത്തുക.

## പാഠഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.4

1. സുസ്ഥിരവികസനം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് ?
2. പരിസ്ഥിതിയുടെ സുസ്ഥിരവികസനത്തിനായി പുനരുപയോഗിക്കാവുന്ന വസ്തുക്കൾക്ക് ഒരു ഉദാഹരണം പറയുക ?

കുറിപ്പുകൾ

## നിങ്ങൾ എന്താണ് പഠിച്ചത്

- പ്രകൃതിയിൽ പരസ്പരസാധീനമുള്ള എല്ലാ ജൈവഘടകങ്ങളും പരിസ്ഥിതിയിൽ ഉൾപെടുന്നു.
- വിഭവങ്ങളിൽ വനങ്ങൾപോലെ പുനരുൽപാദിപ്പിക്കാനാവുന്നതും പെട്രോളിയം പോലെ പുനരുൽപാദിപ്പിക്കാനാവാത്തതുമുണ്ട്.
- പ്രകൃതിയുടെ ജൈവവ്യവസ്ഥിതിയിലും പ്രകൃതിവിഭവങ്ങളുടെ ഗുണമേന്മയിലും അനുചിതമല്ലാത്ത മാറ്റമാണ് മലിനീകരണം.
- ശ്വാസതടസ്സം, ചുമ എന്നിവ വായുമലിനീകരണത്തിന്റെ ഫലമായും കോളറ, ടൈഫോയ്ഡ്, ഡയറിയ തുടങ്ങി നിരവധി ജലജന്യമായ രോഗങ്ങൾ വായുമലിനീകരണത്തിന്റെ ഫലമായും ഉണ്ടാവുന്നു.
- ശബ്ദമലിനീകരണം, മാനസികസമ്മർദ്ദം, കേൾവിശക്തി നഷ്ടപ്പെടൽ എന്നിവക്ക് ഇടയാാവുന്നു.
- മണ്ണിന്റെ ജീർണത ധാന്യവിളവിനുള്ള മണ്ണിന്റെ കഴിവിനെ കുറക്കുന്നു.
- ഒരു പ്രദേശത്തെയോ,മേഖലയിലേയോ അസംസ്കൃതപദാർത്ഥങ്ങൽ തീർന്നുപോവുന്നതിനെ വിഭവനാശം എന്നു പറയുന്നു.
- ഭാവിതലമുറയുടെ ആവശ്യങ്ങൾ നേരിടുവാനുള്ള കഴിവിനെ നശിപ്പിക്കാതെ തന്നെ ഇന്നത്തെ ആവശ്യങ്ങൾ സാധ്യാമാക്കുന്ന വികസനമൊണ് സുസ്ഥിരവികസനം.
- സുസ്ഥിരവികസനം സാധ്യമാകാനായി നമുക്ക് ചെയ്യാൻ പറ്റുന്നത്
  (i) പുനർസൃഷ്ടിക്കാനാവാത്ത വിഭവങ്ങൾക്ക് പകരം വക്കുവാൻ ഉതകുന്ന വസ്തുക്കൾ കണ്ടുപിടിക്കാനും, പുനർസൃഷ്ടിക്കാനാവുന്നവയെ വിവേകപൂർവം ഉപയോഗിക്കാനും.
  (ii) ഉപയോഗിച്ച വസ്തുക്കളെ പുനരുപയോഗിച്ചുകൊണ്ട്.
  (iii) നമ്മുടെ ഉപഭോഗം നിയന്ത്രിച്ചുകൊണ്ട്.

## ടേമിലെ പരിശീലനം

1. പുനരുൽപാദിപ്പിക്കാവുന്നതും അല്ലാത്തവുമായ വിഭവങ്ങളുടെ വ്യത്യാസമെന്ത്?. ഓരോന്നിനും കുറഞ്ഞത് രണ്ടു ഉദാഹരണങ്ങൾ പറയുക?.
2. മനുഷ്യസംസ്കാരത്തിന്റെ വളർച്ചക്കനുസരിച്ച് ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നു. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന്റെ കാരണമെന്ത്?.
3. വായുമലിനീകരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?. വായുമലിനീകരണത്തിന്റെ മൂന്ന് പ്രധാന ഉറവിടങ്ങളുടെ പേര് പറയുക?. അതിന്റെ ദോഷഫലങ്ങൾ എന്തല്ലാം?.
4. എന്താണ് ജല മലിനീകരണം? ജലമലിനീകരണത്തിന്റെ മൂന്ന് പ്രധാന ഉറവിടങ്ങളുടെ പേര് പറയുക? അതിന്റെ ദോഷഫലങ്ങൾ എന്തല്ലാം?.
5. ശബ്ദമലിനീകരണന്താണ്? ശബ്ദമലിനീകരണത്തിന്റെ മൂന്ന് പ്രധാന ഉറവിടങ്ങളുടെ പേര് പറയുക?. അതിന്റെ ദോഷഫലങ്ങൾ എന്തല്ലാം?
6. മണ്ണിന്റെ ജീർണത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?. അതിന്റെ പ്രധാന കാരണങ്ങൾ എന്ത്?. അതിന്റെ ദോഷഫലങ്ങൾ എന്തെല്ലാം?.

7. ജീവജാലങ്ങളുടെ ജീർണത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? അതിന്റെ പ്രധാന കാരണങ്ങൾ എന്ത്?. അതിന്റെ ദോഷഫലങ്ങൾ എന്തല്ലാം?.
8. വിഭവങ്ങൾ തീർന്നുപോവുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? കഴിഞ്ഞ 100-150 വർഷമായി പെട്ടെന്ന് ഇല്ലാതായ വിഭവശേഖരണത്തിന് രണ്ട് ഉദാഹരണം പറയുക?.
9. സുസ്ഥിരവികസനം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? സുസ്ഥിരവികസനം സാധ്യമാവാൻ നമുക്ക് ചെയ്യാൻ കഴിയുന്ന രണ്ട് കാര്യങ്ങൾ നിർദേശിക്കുക?.

കുറിപ്പുകൾ

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരം

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.1

1. ഭൂമിയിൽ പൂർണമായോ, ചിലഭാഗങ്ങളിലോ, സ്വാഭാവേനയോ ഉണ്ടാവുന്ന ജീവനുള്ളതും അല്ലാത്തതുമായ എല്ലാം പരിസ്ഥിതിയിൽ ഉൾപെടുന്നു.
2. (i) ബയോട്ടിക്ക് ഘടകം (ii) അബിയോട്ടിക്ക് ഘടകം
3. പുനരുൽപാദിപ്പിക്കാൻ പറ്റുന്ന വിഭവങ്ങൾ - വനം, ജലം
   പുനരുൽപാദിപ്പിക്കാനാവാത്തവ-പെട്രോളിയം, കൽക്കരി

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.2

1. മാലിന്യമെന്നത് പ്രകൃതിവിഭവങ്ങളിലും ജൈവവ്യവസ്ഥിതിയിലും അനുചിതമല്ലാത്ത മാറ്റമുണ്ടാക്കുന്ന ഉപയോഗരഹിതമായ വസ്തുവോ വിഭവമോ ആണ്.
2. (i) ഫാക്ടറിയിൽനിന്നുള്ള പുക
   (ii) വാഹനങ്ങളിൽനിന്നുള്ള വാതകം
3. (i) കോളറ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ ഉണ്ടാക്കുന്നു.
   (ii) അക്വാറ്റിക്ക് ജീവൻ നശിപ്പിക്കുന്നു.
4. മനുഷ്യരുടേയും മൃഗങ്ങളുടേയും ജീവന്റെ സന്തുലിതാവസ്ഥയും പ്രവർത്തനങ്ങളും തടസ്സപ്പെടുത്തുന്ന പരിസ്ഥിതിയിലെ ആവശ്യത്തിലധികവും അസന്തുഷ്ടിതവുമായ ശബ്ദമാണ് ശബ്ദമലിനീകരണം

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.3

1. മണ്ണിന്റെ ഗുണമേൻമയിൽ ആഗ്രഹിക്കാത്തും ബോധപൂർവവുമായ മാറ്റത്തെയോ ഉപദ്രവത്തെയോ ആണ് മണ്ണിന്റെ ജീർണത എന്ന പരാമർശിക്കുന്നത്.
2. (i) മണ്ണിന്റെ ജീർണത
   (ii) ജീവജാലങ്ങളുടെ ജീർണത

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 23.4

1. സുസ്ഥിരവികസനം എന്നത് ഈ തലമുറയുടേയും വരാനിരിക്കുന്ന തലമുറയുടേയും ആവശ്യങ്ങൾ പരിഗണിച്ച് മനുഷ്യ ആവശ്യങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതിയെ കാത്തുസംരക്ഷിച്ചുകൊണ്ടുള്ള വിഭവങ്ങളുടെ ഉപയോഗരീതിയാണ്.

2. മഴവെള്ളസംഭരണിയിലൂടെ മഴവെള്ളത്തെ പുനരുപയോഗിക്കുവാൻ നമുക്ക് കഴിയും.

# 24

# ഉപഭോക്തൃ അവബോധം

വിവിധ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനായി ജനങ്ങൾ വില കൊടുത്ത് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നു. എന്നാൽ വാങ്ങിച്ച സാധനങ്ങൾക്ക് ഗുണമേന്മയില്ലാത്തതും, അമിതവിലയും, അളവിൽ കുറവുമാണെങ്കിൽ എന്തു ചെയ്യുവാനാവും?. അത്തരം സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് സംതൃപ്തി ലഭിക്കുന്നതിനു പകരം സാധനങ്ങളും സേവനങ്ങളും വിറ്റ ആൾക്കാരാൽ വഞ്ചിക്കപ്പെട്ടതായി അനുഭവപ്പെടുന്നു. ഈ നഷ്ടത്തിന് ശരിയായ രീതിയിൽ പരിഹാരം കിട്ടണമെന്നും അവർ ആഗ്രഹിക്കുന്നു. അതുകൊണ്ട്, ഇതുപോലുള്ള വിഷയങ്ങളെ കൈകാര്യം ചെയ്യാൻ ഒരു സംവിധാനം വേണം. അതോടൊപ്പം ഉപഭോക്താക്കൾക്ക് അവകാശങ്ങളോടൊപ്പം തന്നെ ഉത്തരവാദിത്വങ്ങളുമുണ്ടെന്ന് മനസ്സിലാക്കണം.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഉപഭോക്താവ്, സാധനങ്ങളും സേവനങ്ങളും, ഉപഭോക്തൃബോധ്യം ഇവയുടെ അർത്ഥം മനസ്സിലാക്കൽ
- ഉപഭോക്തൃബോധ്യത്തിന്റെ ആവശ്യകത മനസ്സിലാക്കൽ
- ഭാരതത്തിലെ ഉപഭോക്തൃസംരക്ഷണവ്യവസ്ഥ വിശദമാക്കൽ
- ഉപഭോക്താക്കളുടെ കടമകളും അവകാശങ്ങളും മനസ്സിലാക്കൽ
- ഉപഭോക്തൃകോടതികളിൽ പരാതികൾ ബോധിപ്പിക്കാനുള്ള പ്രക്രിയ മനസ്സിലാക്കൽ
- ഭാരതത്തിലെ ഉപഭോക്തൃപ്രസ്ഥാനത്തിന്റെ വെല്ലുവിളികൾ അറിയാൻ

## 24.1 ചില നിർവചനങ്ങൾ

ഉപഭോക്താവ്, സാധനങ്ങളും സേവനങ്ങളും, ഉപഭോക്തൃബോധ്യം ഇവയുടെ അർത്ഥം അറിയാൻ ആദ്യം ശ്രമിക്കാം.

- **ആരാണ് ഒരു ഉപഭോക്താവ്**

ആദ്യം, ഉപഭോക്താവിന്റെ നിർവചനം അറിയാം. ഉപഭോക്താവ് സാധനങ്ങളും സേവനങ്ങളും വാങ്ങുന്ന വ്യക്തിയാണ്. വാങ്ങിക്കുന്നവന്റെ അനുവാദത്തോടെ സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുന്ന വ്യക്തിയെ ഉപഭോക്താവായി പരിഗണിക്കാം. എന്നാൽ പുനർവിൽപനയുടെ ഉദ്ദേശത്തിൽ സാധനങ്ങളും സേവനങ്ങളും വാങ്ങിക്കുന്ന ആൾ ഉപഭോക്താവല്ല.

- **എന്താണ് സാധനങ്ങളും സേവനങ്ങളും**

ചെറുകിട, വൻകിട കച്ചവടക്കാരിലൂടെ വിൽക്കുന്ന ഉൽപാദിപ്പിക്കപ്പെട്ട വസ്തുക്കൾ ആണ് സാധനങ്ങൾ. സേവനമെന്നത് ബാങ്കിംഗ്, ഫിനാൻസ്, ഗതാഗതം, ഇൻഷുറൻസ്, ഇലക്ട്രിക്കലോ അതുപോലുള്ള ഊർജത്തിന്റെ പ്രദാനം, ഹൗസിംഗ്, നിർമാണം, ജലവിതരണം, ആരോഗ്യം, വിനോദം, രസം തുടങ്ങിയവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ താൽപര്യമുള്ള ഉപഭോക്താവിന് പ്രദാനം ചെയ്യുന്ന ഏതു രീതിയിലുള്ള സേവനവുമാകാം. വ്യക്തിപരമായ സേവനത്തിന്റെ കരാറിലോ സൗജന്യമായോ നൽകുന്ന സേവനം ഇതിൽപെടുന്നില്ല.

- **ഉപഭോക്തൃബോധ്യം**

ഉപഭോക്തൃബോധ്യം എന്നത് താഴെപറയുന്നവയുടെ മിശ്രിതമാണ്.

(i) ഒരു ഉപഭോക്താവ് വാങ്ങിയ ഉൽപന്നത്തിന്റെ ഗുണമേന്മയെ അടിസ്ഥാനമാക്കിയുള്ള അറിവ്. ഉദാഹരണത്തിന് ഉൽപന്നം പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും ആരോഗ്യത്തിന് നല്ലതോ അല്ലയോ എന്നതും ഉപഭോക്താവ് അറിഞ്ഞിരിക്കണം.

(ii) ഒരു ഉൽപന്നത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട് ഉള്ള വിവിധ തരം പ്രശനങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാവണം. ഉദാഹരണത്തിന് ഉൽപന്നത്തിന്റെ വിതരണത്തിനുള്ള ഒരു മാർഗം പത്രം, ടെലിവിഷൻ എന്നിവയിലൂടെയുള്ള പരസ്യമാണ്. പരസ്യങ്ങളുടെ ദൂഷ്യവശങ്ങളെപറ്റി ഉപഭോക്താവിന് ശരിയായ അറിവുണ്ടാവണം. പരസ്യങ്ങളുടെ ഉള്ളടക്കവും അവർ പരിശോധിച്ചിരിക്കണം.

(iii) ഉപഭോക്താക്കളുടെ അവകാശങ്ങളെപറ്റിയുള്ള അറിവ് — ഇത് അർത്ഥമാക്കുന്നത്, ഒന്നാമത്, അവന്/അവൾക്ക് ശരിയായ ഉൽപന്നം കിട്ടാനുള്ള അവകാശമുണ്ടെന്ന് ഉപഭോക്താവ് അറിഞ്ഞിരിക്കണം. രണ്ടാമത്, ഉൽപന്നത്തിന് എന്തെങ്കിലും രീതിയിലുള്ള കുഴപ്പമുണ്ടെന്ന് കണ്ടാൽ ഉപഭോക്താവിന് ആ രാജ്യത്തിലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരത്തിന്റെ അവകാശത്തെക്കുറിച്ചുള്ള അറിവുണ്ടാവണം.

(iv) ഉപഭോക്താവിന്റെ തന്നെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള അറിവ് - ഉപഭോക്താവ് അനാവശ്യവും പ്രയോജനശൂന്യവുമായ ഉപഭോഗത്തിലേർപെടരുത് എന്നാണ് ഇത് അർത്ഥമാക്കുന്നത്.

## 24.2 ഉപഭോക്തൃബോധത്തിന്റെ ആവശ്യകത

വ്യത്യസ്ഥതരത്തിലുള്ള ധാരാളം സാധനങ്ങളും സേവനങ്ങളും കൊണ്ട് ഇന്ന് വിപണി നിറഞ്ഞിരിക്കുകയാണ്. ഉൽപാദകരുടേയും വിൽപനക്കാരുടേയും എണ്ണം പതിന്മടങ്ങായി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് യഥാർത്ഥത്തിലുള്ള ഉൽപാദകരേയും വിൽപനക്കാരനെയും കണ്ടെത്തുക ബുദ്ധിമുട്ടാണ്. ഉപഭോക്താവിന് ഉൽപാദകരേയും വിൽപനക്കാരനെയും വ്യക്തിപരമായി കണ്ടുമുട്ടുക എന്നത് പ്രായോഗികമായി സാധ്യവുമല്ല. മുന്തിയ സാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ ഉപഭോക്താവിന് വസ്തുക്കൾ ടെലിഫോണിലൂടേയോ, ഇന്റർനെറ്റിലൂടെയോ ഓർഡർ കൊടുത്ത് വാങ്ങാവുന്നതുകൊണ്ട്, ഉപഭോക്താവും ഉൽപാദകരും വിൽപനക്കാരും തമ്മിലുള്ള അകലം വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ വ്യത്യസ്ത തരം വസ്തുക്കളിൽനിന്ന് ഏതാണ് യഥാർത്ഥ്യത്തിലുള്ളതെന്ന് കണ്ടുപിടിക്കുക എന്നതും ബുദ്ധിമുട്ടായി തീർന്നിരിക്കുകയാണ്. ചില പരസ്യത്തിൽ കാണുന്ന വസ്തുക്കളും നല്ലതാണെന്നും പരസ്യത്തിൽ പേരുകാണുന്ന ഉൽപാദകൻ നല്ല ഉൽപന്നമാണ് വിൽക്കുന്നതെന്നും ജനങ്ങൾ ചിന്തിക്കുകയാണ്. എന്നാൽ ഇത് എപ്പോഴും ശരിയാകണമെന്നില്ല. പല

വസ്തുതകളും ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കും വിധം പരസ്യത്തിലൂടെ ബോധപൂർവം മറയ്ക്കുകയാണ്.

പാക്കറ്റിലാക്കിയിട്ടുള്ള ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ എന്നിവയിൽ നിശ്ചിതതീയതിക്കുമുമ്പുമാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിക്കുന്ന ഒരു കാലാവധി തീയതി ഉണ്ട്. ഈ അറിവ് വളരെ പ്രധാനപ്പെട്ടതാണ്. കാരണം അതിൽ ഉപഭോക്താവിന്റെ ആരോഗ്യവും അടങ്ങിയിരിക്കുന്നു. ചിലപ്പോൾ അത്തരം അറിവ് വിൽപനക്കാരൻ ബോധപൂർവം നല്കാറില്ല, അല്ലെങ്കിൽ ഉപഭോക്താവ് അത് ആവശ്യപ്പെടാറുമില്ല, അതുമല്ലെങ്കിൽ ആ ഉൽപന്നത്തിന്റെ മുകളിൽ എഴുതിവച്ചിട്ടുള്ള വിവരണം ശ്രദ്ധിക്കാറില്ല എന്നിങ്ങനെ പലതും സംഭവിക്കാറുണ്ട്.

അതുപോലെതന്നെ ചിലപ്പോൾ ഉപഭോക്താവ് സാധനങ്ങളും, സേവനങ്ങളും വാങ്ങുമ്പോൾ ബിൽ വാങ്ങാതിരിക്കുകയോ വിൽപനക്കാർ അത് കൊടുക്കാതിരിക്കുകയോ ചെയ്യാറുണ്ട്. ഉൽപന്നത്തിന്മേൽ സർക്കാരിനുള്ള നികുതി ഒഴിവാക്കുവാൻ ഇങ്ങനെ ചെയ്യാറുണ്ട്. അതിനെ മൂല്യവർദ്ധിതനികുതി (Value Added Tax - VAT) എന്നു വിളിക്കുന്നു. അതായത്, ഒരു വസ്തുവിന്റെ മൂല്യം ഒരു ഘട്ടത്തിൽ വർദ്ധിക്കുകയോ, അവസാനഘട്ടത്തിലോ ഉൽപന്നത്തിന്മേൽ ചെലുത്തുന്ന പ്രത്യേക നികുതിയാത്. ഈ നികുതിയും കൂടി ചേർക്കുമ്പോൾ ഉൽപന്നത്തിന്റെ വില ഉയരുന്നു.അതനുസരിച്ച് അത് ബില്ലിൽ രേഖപ്പെടുത്തുന്നു. എന്നാൽ വസ്തുവിന്റെ വില കുറച്ച് വിറ്റ് ഉപഭോക്താക്കളെ ആകർഷിക്കാൻ വിൽപനക്കാരൻ നികുതി കുറക്കുകയും ബില്ല് നൽകാതിരിക്കുകയും ചെയ്യുന്നു. വില കുറഞ്ഞ് ലഭിക്കുന്നതുകൊണ്ട് ഉപഭോക്താവും ബില്ല് ചോദിക്കാൻ മെനക്കെടാറില്ല. ഇത്തരം പ്രവണത രണ്ട് തീവ്രമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഒന്നാമത്, സർക്കാരിന് നികുതി വരുമാനം നഷ്ടമാവുന്നു. രണ്ടാമത് ഉൽപന്നത്തിന് എന്തെങ്കിലും കുഴപ്പമുണ്ടായാൽ വാങ്ങിയതിന്റെ തെളിവായി ബില്ല് നൽകാനില്ലാത്തിനാൽ ഉപഭോക്താവിന് അത് തിരിച്ചുകൊടുക്കാുവാനോ, കേസ് എടുപ്പിക്കാനോ സാധ്യമല്ല.

മറ്റൊരു പ്രധാനപ്രശ്നം ഉപഭോക്താക്കൾ സംഘടിതരല്ല എന്നതാണ്. ഉൽപാദകർക്കും വ്യാപാരികൾക്കും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുള്ളതിനാൽ അവർ ശക്തരും സംഘടിതരും ആയി തീർന്നു. എന്നാൽ വാങ്ങുന്നവന് ഇപ്പോഴും ദുർബലരും അസംഘിടതരുമാണ്. അതിന്റെ ഫലമായി, വാങ്ങുന്നവൻ മിക്കവാറും കബളിപ്പിക്കപ്പെടുന്നു.

മുമ്പ് നിരത്തിയ വാദമുഖങ്ങൾ മൂലം വ്യാപാരികളും സേവനദാതാക്കളും ചെയ്യുന്ന അന്യായമായ വ്യാപാരരീതികളിൽനിന്ന് ഉപഭോക്താക്കൾക്ക് സംരക്ഷണം ലഭിക്കേണ്ടത് പ്രധാനപ്പെട്ടതാണ്. ഉപഭോക്താക്കൾ എന്ന നിലയിലുള്ള അവകാശങ്ങളെക്കുറിച്ചും അത് ശരിയായരീതിയിൽ ഉപയോഗിക്കേണ്ടതിനെക്കുറിച്ചും ബോധ്യമുണ്ടാകേണ്ടത് ആവശ്യമാണ്.

ഉപഭോക്തൃബോധ്യമെന്നത് ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് മാത്രമല്ല എന്നതു ശ്രദ്ധേയമാണ്. ലോകത്തിലുള്ള മിക്ക ഉപഭോക്താക്കളും പണത്തിന്റെ ബലത്തിൽ ശ്രദ്ധിക്കാതെയും ഉപയോഗശൂന്യമായതുമായ ഉപഭോഗത്തിലേർപെടുമെന്നത് അറിയാവുന്ന കാര്യമാണ്. അത് സമൂഹത്തെ ധനവാന്മാരും പാവപ്പെട്ടവരുമായ ഉപഭോക്താക്കളെന്ന് തരം തിരിച്ചു. അതുപോലെതന്നെ പരിസ്ഥിതിമലിനീകരണത്തിനിടയാക്കുന്ന തരത്തിൽ ഉപഭോഗത്തിനുശേഷം ആരോഗ്യകരമല്ലാതെ മാലിന്യങ്ങൾ നശിപ്പിക്കുന്ന കാര്യത്തിൽ മിക്ക ഉപഭോക്താക്കളും ശ്രദ്ധിക്കാറില്ല. ബില്ലു വാങ്ങാതെ വില കുറച്ച് സാധനങ്ങൾ വാങ്ങാൻ തയ്യാറാവുന്നതിലൂടെ പല ഉപഭോക്താക്കളും സർക്കാരിന് നികുതി കൊടുക്കാതെ കച്ചവടക്കാരെ

പരോക്ഷമായി സഹായിക്കുകയാണ്. അതുകൊണ്ട് ഉപഭോക്താക്കളെ അവരുടെ കടമകളെക്കുറിച്ച് ബോധവൽക്കരിക്കാൻ ഉപഭോക്തൃഅവബോധത്തിന്റെ ആവശ്യകതയുണ്ട്.

ഉപഭോക്താക്കൾ കുറെക്കൂടി ഉത്തരവാദിത്വമുള്ളവരായി സർക്കാരിനോട് ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്.



## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.1

1. ആരാണ് ഒരു ഉപഭോക്താവ് അല്ലാത്തത് ?
2. ഉപഭോക്തവ് ഒരു വസ്തു വാങ്ങിയാൽ ബല്ല് മേടിക്കേണ്ടത് എന്തുകൊണ്ട്?
3. വാറ്റ് (VAT) എന്ത് ?

## 24.3 ഭാരതത്തിൽ ഉപഭോക്തൃതർക്കപരിഹാരവ്യവസ്ഥ

നമ്മുടെ രാജ്യത്ത് ഉപഭോക്തൃവിദ്യാഭ്യാസരംഗത്ത് നിയമപരമായും കാര്യനിർവഹണപരമായും സംവിധാനം പ്രവർത്തിക്കുന്നുണ്ട്. അതിനെക്കുറിച്ച് മനസ്സിലാക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്.

ഉപഭോക്തൃപരിഹാരസംവിധാനമുപയോഗിച്ച് ഉപഭോക്താക്കൾക്ക് സാധനങ്ങളും സേവനങ്ങളും വിൽക്കുന്നവരിലൂടെയോ നിർമാതാക്കളിലൂടെയോ ചതിക്കപ്പെട്ടാൽ ഉപഭോക്തൃകോടതിയിൽ പരാതി സമർപ്പിച്ച് നീതി ആവശ്യപ്പെടാം. **ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാനും ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നിയമം നടപ്പിൽ വരുത്തുവാനുള്ള നിയമസംഹിതയും സംവിധാനമാണ് അത്.** ഉപഭോക്തൃസാക്ഷരതക്ക് പ്രത്യേക ഉന്നൽ നൽകി നമ്മുടെ രാജ്യത്ത് ഉപഭോക്തൃനിയമങ്ങൾ നിയമനിർമാണത്തിലൂടെ നടപ്പിലാക്കിയ സർക്കാരിനെ നന്ദി പറയുന്നു. ഉപഭോക്താവിന്റെ കടമകളും അവകാശങ്ങളും മനസ്സിലാക്കി അവരുടെ പരാതികൾക്ക് തീർപ്പ് കൽപിച്ച് അവരെ സഹായിക്കുകയാണ് ഇതിന്റെ ഉദ്ദേശം. സർക്കാർ വകുപ്പുകളുടെ രൂപത്തിൽ നിലവിലുള്ള സ്ഥാപനങ്ങളും പരാതിയുള്ള ഉപഭോക്താവിന് പരാതികൾ സമർപ്പിക്കാൻ ഉപഭോക്തൃകോടതികളും ഉണ്ട്. അവയെക്കുറിച്ച് താഴെ പരാമർശിക്കുന്നു.

### 24.3.1 സർക്കാർ നിയമനിർമാണങ്ങൾ

സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ നമ്മുടെ രാജ്യത്ത് ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ധാരാളം നിയമങ്ങൾ ഉണ്ട്. എന്നാൽ 1986 ലെ ഉപഭോക്തൃസംരക്ഷണനിയമം (CPA) ആണ് ഏറ്റവും പ്രധാനപ്പെട്ടതും ഉപഭോക്താവിന് തന്റെ അവകാശങ്ങളുടെ ലംഘനത്തിനെതിരെ സംരക്ഷണവും പിന്തുണയും നൽകുന്നതുമാണ്. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാൻ പ്രത്യേകമായി ഉണ്ടാക്കിയതാണ് CPA.

സ്വാതന്ത്യത്തിനുശേഷവും ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ധാരാളം നിയമങ്ങൾ നിർമിച്ചു. ഉദാഹരണത്തിന്, ഭക്ഷ്യമാലിന്യനിർമാർജനആക്ട് (DFA)1954, അത്യാവശ്യവസ്തുആക്ട് 1955 (ECA) അളവുകളും തൂക്കങ്ങളും സ്റ്റാൻഡേർഡ് ആക്ട് 1976 (SWMA)

രാജ്യത്തിലെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് നീതി വേഗത്തിൽ, ലളിതമായി, ചിലവില്ലാതെ നല്കുക എന്ന ലക്ഷ്യത്തോടെയാണ് CPA നിർമിച്ചത്. ഔപചാരികതകളും എഴുത്ത് ജോലികളും കാലതാമസവും അധികം ഇല്ലാതെ വലിയ ചിലവുമില്ലാതെ നീതി ഉറപ്പാക്കുന്നു. പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള വസ്തുക്ക

ളൊഴിച്ച് മറ്റെല്ലാ വസ്തുക്കൾക്കും ഈ നിയമം ബാധകമാണ്. സ്വകാര്യ, പൊതു കോർപറേറ്റ് മേഖലകളെല്ലാം ഇതിൽ ഉൾപെടുന്നു. ആരോഗ്യം, കുടിവെള്ളം, മലിനജലശുചീകരണസംവിധാനം, തെരുവുവിളക്ക് തുടങ്ങി എല്ലാ സേവനങ്ങളും പ്രദാനം ചെയ്യുന്നതിൽ മുനിസിപ്പൽ അധികാരികൾ പരാജയപ്പെട്ടാൽ ഉപഭോക്തൃകോടതികളിലൂടെ ഉപഭോക്താക്കളെ ശക്തവൽക്കരിക്കുകയും ചെയ്യുന്നു. CPA യിലുൾപെട്ടിട്ടുള്ള വിവിധ കാര്യങ്ങളിൽ ഏറ്റവും പുതിയവ താഴെ കൊടുക്കുന്നു.

- ഉപഭോക്താക്കൾക്ക് പ്രശ്നപരിഹാരം തേടണമോ എന്ന് തീരുമാനിക്കാൻ അവരെ അനുവദിക്കുന്നു.
- ഒരു കമ്പനിക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള കോടതിയിൽ കേസുകൾ കൈകാര്യം ചെയ്യണമെന്ന് നിശ്ചിതപ്പെടുത്താൻ സാധ്യമല്ല.
- ഒരു കമ്പനിയുടെ സേവനദാതാക്കളോട്, വിൽപനക്കാരോട് വ്യക്തിപരമായ വിവരങ്ങൾ കേസിനായി നൽകാൻ ഉപഭോക്താക്കള അനുവദിക്കുന്നു. ഉദാ. ബാങ്ക്, ഇൻഷുറൻസ് കമ്പനി മുതലായവ.
- റിയൽ എസ്റ്റേറ്റ് കമ്പനികളെ വിൽപനക്കാരായി തരംതിരിച്ച് ഉപഭോക്തൃകോടതിയിൽ പരിഗണിക്കാവുന്നതാണ്.
- രാജ്യാന്തര ഏജൻസികൾ ഇന്റർനെറ്റിലൂടെയും ടെലിമാർക്കറ്റിംഗിലൂടെയും ഇ കോമേഴ്സ് സൈറ്റുകളിലൂടെ ഭാരതത്തിൽ ഓഫീസില്ലാതെ ഒരു ഉൽപന്നവും വിതരണം ചെയ്യാൻ അനുവദിക്കുന്നതല്ല. വാങ്ങിക്കുന്നതിനുമുമ്പ് സാധനങ്ങൾ പരിശോധിക്കുവാനും 30 ദിവസത്തിനുള്ളിൽ പണം തിരികെ നൽകുവാനും അവർ സജ്ജീകരണങ്ങൾ ഒരുക്കണം.
- ഔദ്യോഗിക സംവിധാനങ്ങളായ പോസ്റ്റ് ആന്റ് ടെലികോം, പാസ്പോർട്ട്ഓഫീസ്, മുനിസിപ്പൽ സേവനങ്ങൾ, കേന്ദ്രസർക്കാരിന്റെ ആരോഗ്യപദ്ധതി (CGHS), റെയിൽവേ തുടങ്ങിയ വിവിധ സംസ്ഥാനസർക്കാർ വകുപ്പുകൾ അനേകം പരാതികളെ നേരിടേണ്ടതിനെ ഭയന്നുകൊണ്ട് ഈ നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്.

1. PA , ECA , SWMA ഇവയുടെ പൂർണരൂപം നൽകുക ?
2. വിദേശ ഏജൻസികൾക്ക് അവരുടെ ഉൽപന്നം ഭാരതത്തിൽ എങ്ങനെ വിൽക്കാൻ സാധിക്കും ?

## 24.3.2 ഉപഭോക്താവിന്റെ പരാതികൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ

ഭാരതത്തിലെ പൗരന്മാർക്ക് ഉപഭോക്താവിന്റെ പരാതികൾ കൈകാര്യം ചെയ്യുവാൻ വിവിധതലങ്ങളിൽ വ്യവസ്ഥാപിതമായ സംവിധാനങ്ങൾ - ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്നു.

രണ്ടുതരം സംവിധാനങ്ങളുണ്ട്.

1. സർക്കാർ കൗൺസിലുകൾ
2. ഉപഭോക്തൃകോടതികൾ.

ഇതു കൂടാതെ പ്രശ്നബാധിതരായ ഉപഭോക്താക്കൾക്ക് പലതരം സഹായം പ്രദാനം ചെയ്യുന്ന, സർക്കാർ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന ധാരാളം സർക്കാരിതര സംഘടനകൾ(NGOs) ഉണ്ട്.

**1. സർക്കാർ കൗൺസിലുകൾ**

താഴെ കൊടുത്തിരിക്കുന്നവ വായിച്ച് സർക്കാർ കൗൺസിലുകളുടെ സംസ്ഥാന, ദേശീയതല പ്രവർത്തനം അറിയുക

**ഉപഭോക്തൃസംരക്ഷണ സർക്കാർതല സംവിധാനം**

- **കേന്ദ്ര ഉപഭോക്തൃസംരക്ഷണ കൗൺസിൽ**
- **സംസ്ഥാന ഉപഭോക്തൃസംരക്ഷണ കൗൺസിൽ**

ചാർട്ടിൽ കാണിച്ചിരിക്കുന്നതുപോലെ ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രിസഭയിലെ ഉപഭോക്തൃകാര്യങ്ങളുടെ ചാർജ് വഹിക്കുന്ന കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിൽ ദേശീയതലത്തിലുള്ള ഉപഭോക്തൃസംരക്ഷണ കൗൺസിൽ (CCPC) ഉണ്ട്. സംസ്ഥാന തലത്തിൽ സംസ്ഥാന സർക്കാരിന്റെ ഉപഭോക്തൃകാര്യങ്ങളുടെ ചാർജ് വഹിക്കുന്ന സംസ്ഥാന മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ (SCPC) ഉണ്ട്.

**ഉപഭോക്തൃകോടതികൾ**

ജില്ലാ, സംസ്ഥാന, ദേശീയതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധതരം ഉപഭോക്തൃകോടതികൾ താഴെകൊടുത്തിരിക്കുന്ന ഫ്ളോ ചാർട്ടിലൂടെ അറിയാം.

**ഭാരതത്തിലെ ഉപഭോക്തൃകോടതികൾ**

- ദേശീയ ഉപഭോക്തൃതർക്ക പരിഹാരകമ്മീഷൻ ഫോറം (NCDRC)
- സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാരകമ്മീഷൻ ഫോറം (SCDRC)
- ജില്ലാ ഉപഭോക്തൃതർക്ക പരിഹാരകമ്മീഷൻ ഫോറം (DCF)

ഫ്ളോ ചാർട്ടിൽ കൊടുത്തിരിക്കുന്നതുപോലെ ഭാരതത്തിൽ മൂന്ന് തലത്തിലുള്ള ഉപഭോക്തൃകോടതികൾ ഉണ്ട്. സംസ്ഥാനത്ത് തർക്കപരിഹാരത്തിനായി താഴെ തട്ടിൽ ജില്ലാ ഉപഭോക്തൃഫോറം(DCF) ഉണ്ട്. ഇപ്പോൾ 604 ജില്ലാ ഫോറങ്ങൾ ഉണ്ട്.

മധ്യതലത്തിൽ സംസ്ഥാന ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (SCDRC) ഉണ്ട്. രാജ്യത്ത് 35 സംസ്ഥാന കമ്മീഷനുകൾ ഉണ്ട്.

ഏറ്റവും മുകളിൽ ആയി രാജ്യത്തെ ഉപഭോക്തൃതർക്കങ്ങൾ ലളിതമായും വേഗത്തിലും ചിലവു കുറഞ്ഞും പരിഹാരം നൽകാൻ ഉയർന്നസമിതിയായ ദേശീയ ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (NCDRC) യോജിച്ച് പ്രവർത്തക്കുന്നു.

ഒരു ഉപഭോക്തൃകോടതി അർദ്ധനീതിന്യായ സ്വഭാവമുള്ളതും ജനങ്ങളോട് നേരിട്ട് പ്രതിബദ്ധതയുള്ളതുമാണ്. സംസ്ഥാന,കേന്ദ്രസർക്കാരുകൾ ഈ കോടതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന്റെ ഉത്തരവാദികളാണ്.

## 24.3.3 പരിഹാരസമ്പ്രദായം

ഇപ്പോൾ ചോദ്യമുയരുന്നു. ചതിക്കപ്പെട്ടു എന്നു തോന്നുന്ന ഉപഭോക്താവിന് പരിഹാരത്തിന്റെ രൂപത്തിൽ നീതിയോ ആശ്വാസമോ എങ്ങനെ ലഭിക്കും? ഇതിനായി

അവനോ / അവൾക്കോ ഏതെങ്കിലും ഉപഭോക്തൃകോടതിയെ സമീപിച്ച് പരാതി എഴുതി സ്വമേധയോ, അവരുടെ വക്കീൽ മുഖാന്തരമോ കേസ് ഫയൽ ചെയ്യാം. അവർ സമീപിക്കേണ്ട പ്രത്യേക കോടതി ആ വസ്തുവിന്റെ മൂല്യത്തെ ആശ്രയിച്ചരിക്കുന്നു. 20 ലക്ഷത്തിന്റെ മൂല്യമുള്ള സേവനമോ, വസ്തുവോ ആണെങ്കിൽ ഉപഭോക്താവിന് രേഖാമൂലമുള്ള പരാതി ജില്ലാഉപഭോക്തൃഫോറത്തിൽ നൽകാം. ഒരു കോടി രൂപവരെ മൂല്യമുള്ളതാണെങ്കിൽ അവൾ/അയാൾ സംസ്ഥാന കമ്മീഷനെ സമീപിക്കണം. വില ഒരു കോടിയിൽ കൂടുതലാണെങ്കിൽ പരിഹാരത്തിനായി ദേശീയകമ്മീഷനെ സമീപിക്കണം. CPA അനുസരിച്ച് 90--150 ദിവസത്തിനുള്ളിൽ പരിഹാരം നൽകിയിരിക്കണം. ജില്ലാഫോറത്തിന്റെ തീരുമാനത്തിന്മേൽ ഉപഭോക്താവ് സംതൃപ്തനല്ലെങ്കിൽ സംസ്ഥാനകമ്മീഷൻ മുമ്പാകെ ഉയർത്താം. വീണ്ടും സംസ്ഥാനകമ്മീഷന്റെ ഓർഡർ തൃപ്തികരമല്ലെങ്കിൽ ഉപഭോക്താവിന് ദേശീയകമ്മീഷനിൽ പോകാം.

### 24.3.4 നിങ്ങൾ എന്താണ് ചെയ്യേണ്ടത്? എങ്ങനെ ഒരു പരാതി സമർപ്പിക്കാം?

ഒരു പരാതി സമർപ്പിക്കണമെങ്കിൽ പ്രശ്നബാധിതനായ ഉപഭോക്താവ് പണം അടച്ച രസീത്, വാങ്ങിയ ഉൽപന്നത്തിന്റെ ബില്ല് എന്നിവ സൂക്ഷിച്ചുവച്ചിരിക്കണം. പരാതി സമർപ്പിക്കാനുള്ള രൂപരേഖ ഉപഭോക്തൃസംരക്ഷണനിയമത്തിന്റെ പുസ്തകത്തിൽ നൽകിയിട്ടുണ്ട്. ഏതു വിഭാഗത്തിലേക്കാണ് പരാതി സമർപ്പിക്കേണ്ടത് എന്ന് പരാതി സമർപ്പിക്കേണ്ട വ്യക്തി തിരഞ്ഞെടുക്കണം. അന്യായമായ വ്യാപാരപ്രയോഗങ്ങൾ, സേവനത്തിന്റെ ദൗർലഭ്യം മുതലായവയാണ് ഈ വിഭാഗങ്ങൾ. പരാതിയുടെ സ്വഭാവം ലളിതമായ വാക്കുകളിൽ വിശദമാക്കിയിരിക്കണം. സേവനത്തിന് നഷ്ടപരിഹാരമായോ, സാധനം തിരിച്ചുകിട്ടുകയോ, പണം മടക്കികിട്ടുകയോ എന്നിങ്ങനെ പരിഹാരം കിട്ടേണ്ട കുറ്റം ഏതാണെന്ന് ഉപഭോക്താവിന് വ്യക്തമായിരിക്കണം. പരാതിയോടൊപ്പം തെളിവിനായി പണമടച്ച രസീതുകളോ മറ്റു തെളിവുകളോ ഉണ്ടായിരിക്കണം. ഇതിന്റെയെല്ലാം മൂന്ന് കോപ്പികൾ -ഒന്ന് പരാതിക്കാരന്, രണ്ടാമത്തെത് ആർക്കെതിരെ പരാതി കൊടുത്തോ അവർക്ക് മൂന്നാമത്തേത്, ഉപഭോക്തൃകോടതിക്കും സമർപ്പിപ്പിക്കണം. പരാതിക്കാരൻ കോടതിക്ക് ഡിമാന്റ് ഡ്രാഫ്റ്റിന്റെ രൂപത്തിൽ നിസാരമായ ഫീസും അടക്കണം.

പരാതിയുണ്ടായ തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ കേസ് ഫയൽ ചെയ്തിരിക്കണം എന്നതും ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിക്കുന്ന തീയതിക്ക് ഇത് ബാധകമല്ല. ഉപഭോക്താവ് തന്നെ വ്യക്തിപരമായോ പ്രതിനിധിവഴിയോ, വക്കീൽ മുഖാന്തരമോ, എഴുത്ത് മാർഗമോ ഇത് ചെയ്യാം. പരാതിക്കാരൻ മരിച്ചുപോയാൽ അയാളുടെ നിയമപരമായ അവകാശിക്ക് കോടതിയിൽ പോവാം. കീഴ്കോടതിയുടെ തീരുമാനം തൃപ്തികരമല്ലെങ്കിൽ ആ കോടതിവിധിക്ക് 30 ദിവസത്തിനുള്ളിൽ ആ വ്യക്തിക്ക് ഉയർന്ന കോടതിയിൽ അപ്പീൽ പോകാം. എന്നാൽ അന്യായമായ പരാതിയാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടാൽ 10000 രൂപാ വരെ പിഴ ഈടാക്കാനും കോടതിക്ക് അധികാരമുണ്ടെന്ന് ഓർക്കണം. ഏറ്റവും പുതിയ നിയമങ്ങൾ അറിയാൻ വെബ്സൈറ്റ് ncdrc.nic.in അഥവാ core.nic.in സന്ദർശിക്കുകയോ അടുത്തുള്ള ഉപഭോക്തൃഅവകാശ ഓഫീസറെ സന്ദർശിച്ചോ മനസ്സിലാക്കുക.

അടുത്ത കാലത്തായി ഇന്റർനെറ്റിലൂടെയുള്ള ആശയവിനിമയം ഒരു ജീവിതരീതിയായിതീർന്നിരിക്കുകയാണ്. അതുകൊണ്ട് വ്യക്തിക്ക് പരാതി മെയിൽ വഴിയും അയക്കാം. ഇമെയിൽ ഐ ഡിയും വെബ്സൈറ്റും ഉൽപന്നത്തിന്റെ കവറിന്റെ പുറത്ത് അച്ചടിച്ചിരിക്കണം.

### 24.3.2 സർക്കാതിരസംഘടനകളുടെ പങ്ക് (NGOs)

ഉൽപാദകനോ, കമ്പനിയോ വിൽപനക്കാരനോ പ്രശ്നമുണ്ടായ വ്യക്തിയുടെ കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകത്തപ്പോൾ സർക്കാതിരസംഘടനകളുടെ (NGOs) പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഉപഭോക്തൃപ്രശ്നപരിഹാരസമിതി (www.consumergrievance.com) ഉപഭോക്തൃഗൈഡൻസ് സൊസൈറ്റി ഓഫ് ഇൻഡ്യ ( www.consumer.org)കോമൺ കോസ്(www.common causeindia.org), ഉപഭോക്തൃസമിതി (www.consumer.org.in) തുടങ്ങി ചില NGO കളിൽ പരാതി സമർപ്പിക്കാം. NGO കൾ കേസ് ഫയൽ ചെയ്യാൻ സഹായിക്കുക മാത്രമല്ല, മറ്റുതരത്തിലുള്ള വ്യക്തിസഹായവും ലോജിസ്റ്റിക് സഹായവും നൽകുന്നു. NGO കൾ ഉപഭോക്താക്കളുടെ കടമകളെക്കുറിച്ചും, അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുവാൻ വിവിധ പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

ഒരു വ്യക്തിക്ക് 'ജാഗോ ഗ്രഹക് ജാഗോ' എന്ന സംഘടനയുടെ സഹായവും തേടാം. ഇതിനെക്കുറിച്ച് പരസ്യങ്ങളിലൂടെ മിക്കവാറും എല്ലാ വർത്തമാനപത്രങ്ങളും പൂർണമായ അറിവ് നൽകുന്നുണ്ട്. അതിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായും പരാതിഫോറം ലഭ്യമാണ്.

ബാങ്കിംഗ്, ഇൻഷുറൻസ്, നികുതി സംബന്ധമായ അനുബന്ധപ്രശ്നങ്ങൾക്കുള്ള മറ്റ് സൈറ്റുകൾ

www.banking_ombudsman.rbi.org.in
www.irdaindia.org
www.incometaxindia.gov.in
www.trai.gov.in

### 24.3.6 ഒരു പരാതി സമർപിക്കാനുള്ള കാരണങ്ങൾ

നിയമമനുസരിച്ച് ഒരു പരാതി സമർപ്പിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് സേവനത്തിന്റെ അപര്യാപ്തതയാണ്. എന്തെങ്കിലും കുറവോ അപൂർണതയോ ഗുണമേന്മയിലുള്ള പോരായ്മയോ, വ്യക്തികൾ കരാറനുസരിച്ച് സേവനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട കാര്യങ്ങളുടെ രീതിയോ,സ്വഭാവമോ തുടങ്ങി പലതും അപര്യാപ്തത എന്നതിന്റെ നിർവചനത്തിൽപെടുന്നു. വസ്തുക്കളും സേവനങ്ങളും കുറ്റമാർന്നതാണെങ്കിൽ കുറ്റം ചെയ്ത വ്യക്തി നഷ്ടപരിഹാരം നൽകിയിരിക്കണം.

### പാഠഭാഗത്തെ ചോദ്യങ്ങൾ 24.3

1. ഉപഭോക്തൃതർക്കപരിഹാരത്തിനായി സംസ്ഥാന,ദേശീയതലത്തിലുള്ള സർക്കാർ കൗൺസിലുകളുടെ പേരു പറയുക ?
2. സംസ്ഥാന, ദേശീയ, ജില്ലാടിസ്ഥാനത്തിലുള്ള ഉപഭോക്തൃകോടതികളുടെ പേരു എന്ത് ?
3. ഉപഭോക്തൃകോടതിയിൽ എപ്പോഴാണ് പരാതി സമർപ്പക്കേണ്ടത് ?

### 24.4 ഉപഭോക്താവിന്റെ അവകാശങ്ങൾ

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിലൂടെ ഉപഭോക്താവിന് ചില അവകാശങ്ങൾ കൈവരുന്നു. അവ താഴെപറയുന്നു.

### 24.4.1 അറിയാനുള്ള അവകാശം

ഉൽപന്നങ്ങളുടെ വില,ഭാരം, കമ്പനിയുടെ ബ്രാൻഡ്, ഉൽപാദന, കാലാവധി തീരുന്ന തീയതികൾ, ഗുണമേൻമ തിരിച്ചറിയുവാനുള്ള അടയാളം, അതിൽ ഉൾക്കൊണ്ടിരിക്കുന്ന വസ്തുക്കൾ, കമ്പനിയുമായി ബന്ധപ്പെടാനുള്ള കാര്യങ്ങൾ, ബുദ്ധിപൂർവകവും വിവിധ ഉൽപന്നങ്ങളെക്കുറിച്ച് തിരഞ്ഞടുക്കാൻ പറ്റിയ വധത്തിലുള്ള അറിവ് തുടങ്ങി ഉപഭോക്താക്കൾക്ക് ആവശ്യമുള്ള വിവരങ്ങൾ ഉൽപാദകനും വിൽപനക്കാരനും നൽകിയിരിക്കണം. സേവനമേഖലയൽനിന്നുള്ള ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

> ഡൽഹിയിൽനിന്ന് ബാംഗ്ളൂരിലേക്ക് യാത്ര ചെയ്യുവാൻ ഏറ്റവും ചലവ് കുറഞ്ഞ യാത്രാനിരക്ക് കണ്ടുപിടിക്കുവാനായി അന്വേഷിച്ചപ്പോൾ 1450 രൂപക്ക് മുകളിലേക്ക് ഉള്ളതായി കണ്ടെത്തി. 1500 രൂപയും നികുതിയുമടങ്ങുന്ന വിമാനനിരക്ക് അദ്ദേഹം തിരഞ്ഞെടുത്തു. ആ നികുതിനിരക്കിനെക്കുറച്ച് അദ്ദേഹത്തിന് കാര്യമായ അറിവില്ലായിരുന്നു. ടിക്കറ്റ് ബുക്ക് ചെയ്യുവാനായി പോയപ്പോഴാണ് 1500 രൂപായാണ് അടിസ്ഥാന നിരക്ക് എന്നും നികുതിയും മറ്റു നിരക്കുകളും കൂടി 3445 രൂപായാണെന്നും അങ്ങനെ യഥാർത്ഥനിരക്ക് 4995 രൂപയായാണെന്നും അദ്ദേഹം അറിഞ്ഞത്. എന്തുകൊണ്ടാണ് എയർലൈൻസും പോർട്ടലുകളും സത്യസന്ധവും സുതാര്യവുമായരീതിയിൽ യഥാർത്ഥനിരക്ക് തുടക്കത്തിൽതന്നെ രേഖപ്പെടുത്താത്തത് ? ഉപഭോക്താക്കൾ ആദ്യമേതന്നെ മനസ്സിലാക്കിയ തുകയിൽനിന്ന് മൂന്നിരട്ടി നൽകേണ്ടിവരുന്ന വിധത്തിൽ തെറ്റായി നയിക്കപ്പെടുകയാണ്. നിങ്ങൾ ഇത്തരം സേവനങ്ങളെക്കുറിച്ച് പൂർണമായ അറിവ് നേടി, സേവനദാതാക്കൾ പിന്നീട് ഉപഭോക്താക്കൾ പ്രശ്നമുണ്ടാക്കുന്ന തരത്തിൽ മറച്ചുവക്കുന്ന കാര്യങ്ങൾ കണ്ടെത്തുന്നതിൽ ജാഗരൂകരായിരിക്കണം.

### 24.4.2 തിരഞ്ഞെടുക്കാനുള്ള അവകാശം

എന്തു വാങ്ങിക്കണം, എന്തു വാങ്ങിക്കണ്ട എന്നതിനെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാനുള്ള അവകാശം ഉണ്ടായിരിക്കണം. ചിലപ്പോഴെക്കെ നമ്മൾ ഒരു സേവനം സ്വീകരിക്കുകയോ സാധനം വാങ്ങുകയോ ചെയ്യുമ്പോൾ ഇത് സാധിക്കാറില്ല. കാരണം നിങ്ങൾ ആഗ്രഹിക്കാത്ത പലതും വാങ്ങുവാൻ നിങ്ങൾ നിർബന്ധിതരാകും. കടയുടമസ്ഥൻ ചില വ്യവസ്ഥകൾ വയ്ക്കുകയും നിങ്ങൾക്ക് മറ്റു മാർഗമില്ലാതാവുകയും ചെയ്യും. ഒരു ഉപഭോക്താവ് എന്ന നിലയിൽ നിങ്ങൾക്ക് തിരഞ്ഞടുക്കുവാനുള്ള അവകാശം നഷ്ടമാവുകയും ചെയ്യും. താഴെകൊടുത്തിരിക്കുന്ന കാര്യം വായിക്കുക.

> സെന്തിൾ ഒരു പുതിയ ഗ്യാസ് കണക്ഷന് അപേക്ഷിച്ചപ്പോൾ വലിയ കഷ്ടപ്പാട് നിറഞ്ഞ കാര്യത്തിലേക്കുള്ള ആദ്യപടിയാണതെന്ന് അയാൾ അറിഞ്ഞിരുന്നില്ല. കുമരൻ ഗ്യാസ് ഏജൻസിയിൽ നിന്ന് ഭാരത് ഗ്യാസ് സിലണ്ടർ വാങ്ങാൻ 1500 രൂപാ കൊടുക്കണമെന്ന് ഉദ്ദേശിച്ച് ചെന്നു. പകരം 7000 രൂപാ മുടക്കി ആവശ്യമില്ലാത്ത ഉൽപന്നങ്ങളായ പ്രഷർ കുക്കർ, ഗ്യാസ് ലൈറ്റർ, സോപ്പുപൊടി പോലും വാങ്ങാൻ നിർബന്ധിതനായി. കൈവശമുണ്ടായിരുന്ന പണം മുഴുവൻ കൊടുത്ത് പാപ്പരായി പുറത്തിറങ്ങേണ്ടിവന്നു. കാരണം ഓരോ പുതിയ ഉപഭോക്താവും സമ്പൂർണകിറ്റ് വാങ്ങണമെന്നത് നർബന്ധമാണ് എന്ന് ഏജൻസി നിർദേശിച്ചു. ഉപഭോക്തൃ ഓൺലൈൻ റിസോഷ്സ് ആന്റ് എംപവർമെന്റ് സെന്റർ (CORE) ഏജൻസിക്ക് കത്ത് എഴുതി. ഒരാഴ്ചക്കുള്ളിൽ 5000 രൂപാ തിരിച്ചുകൊടുത്തു. പൊതുവായ വിശ്വാസത്തിനു വിരുദ്ധമായി ഒരു പരാതി പരിഹരിക്കുന്നതിന് ദീർഘകാലതാമസമോ സാമ്പത്തിക പരാധീനതയോ ആവശ്യമില്ലായെന്ന് ഈ ഉപഭോക്താവ് തെളിവാണ്
> (ഇൻഡ്യാ ഓൺലൈൻ ന്യൂസ് സെർവീസ്, മുംബയ്, ഏപ്രിൽ 2, 2009).

### 24.4.3 സുരക്ഷതത്വത്തിനുള്ള അവകാശം

ഈ അവകാശം ജീവനും ആരോഗ്യത്തിനും സുരക്ഷിതമല്ലാത്ത വസ്തുക്കളുടെ വിപണനത്തിനെതിരെ സംരക്ഷണം പ്രദാനം ചെയ്യുന്നു. ഉദാഹരണം ഭക്ഷണം, മരുന്ന്, ഇലക്ട്രോണിക്സ് എന്നിവയിലൂടെയുള്ള കബിളിപ്പിക്കൽ.

### 24.4.4 ശ്രവിക്കപ്പെടാനുള്ള അവകാശം

ഈ അവകാശം അനുയോജ്യമായ സമിതികളിൽ ഉപഭോക്താവിന്റെ താൽപര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഉറപ്പാക്കുന്നു. പോരായ്മയുള്ള ഉൽപന്നത്തിനും തെറ്റു ചെയ്ത ഉൽപാദകൻ, കമ്പനി, വിൽപനക്കാരൻ എന്നിവർക്കെതിരെയും ഭാരതത്തിലെ ഉപഭോക്താക്കൾക്ക് ഭയം കൂടാതെ പരാതികൾക്കായ് അവരുടെ ശബ്ദമുയർത്തുന്നതിനും ഈ അവകാശം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### 24.4.5 പരിഹാരം തേടാനുള്ള അവകാശം

മുമ്പ് വിശദീകരിച്ചതുപോലെ കള്ളത്തരം, അനീതി എന്നിവയിലൂടെ ചതിക്കപ്പെട്ടു എന്ന് കണ്ടാൽ അനീതിയുള്ളതും ചൂഷണകരവുമായ വ്യാപാര രീതികളിലൂടെ ഉണ്ടായ നഷ്ടത്തിനുള്ള പരിഹാരം ഉപഭോക്താവിന് കിട്ടാൻ സാധിക്കുന്നു. തർക്ക പരിഹാരകോടതികൾ അവരുടെ ഇടപെടലുകളിലൂടെ ഉപഭോക്താക്കൾക്ക് നീതി ലഭിക്കാൻ സഹായിക്കുന്നു. സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചെറുകിടകച്ചവടക്കാരാൽ ഉപഭോക്താക്കളുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ട് പരിഹാരം തേടിയ ചില കേസുകൾ നോക്കാം.

> തിരക്കുള്ള ഒരു ഡോക്ടർ 3 ജോടി പാന്റുകൾ 2000 രൂപാ വീതം ഡിസ്ക്കൗണ്ട് വിലക്ക് ഒരു പ്രശസ്തമായ റിറ്റെയിൽ ബ്രാന്റ് കടയുടെ പ്രത്യേകവിഭാഗത്തിന്റെ വിപണനമേളയിൽനിന്നും വാങ്ങി. അദ്ദേഹത്തെ അൽഭുതപ്പെടുത്തിക്കൊണ്ട് കുറച്ച് ഉപയോഗത്തിനുശേഷം കഴുകുന്നതിനുമുമ്പു തന്നെ അതിന്റെ നൂലുകൾ പൊട്ടിപോയി. അദ്ദേഹത്തിന്റെ പരാതിയിൻമേൽ കമ്പനിയുടെ കടയുമായി ഉത്തരവാദിത്വമുള്ള ആൾ ഒരു ജോടി തിരച്ചെടുത്ത് കമ്പനിയുടെ ഗുണമേന്മ പരിശോധിക്കുന്ന വിഭാഗത്തിലേക്ക് അയക്കാമെന്ന് പറഞ്ഞു. ഒരു വർഷം കടന്നുപോയി, പാന്റുകൾ തിരച്ചുകിട്ടുകയോ കമ്പനിയെക്കുറിച്ച് കേൾക്കുകയോ ചെയ്തില്ല. ഡോക്ടർ പണം തിരിച്ചു ചോദിക്കുകയോ പാന്റുകൾ വാങ്ങുവാൻ വേണ്ടി നേരിട്ട അസൗകര്യങ്ങൾക്ക് പരിഹാരം തേടുകയോ ചെയ്യേണ്ടതല്ലേ ? ഒരു ഉപഭോക്താവ് എന്ന നിലയിൽ പരിഹാരം തേടുവാൻ ഡോക്ടർക്ക് അവകാശമില്ലേ ?

### 24.4.6 ഉപഭോക്തൃവിദ്യാഭ്യാസത്തിനുള്ള അവകാശം

വാങ്ങുന്നതിന് മുമ്പും പിൻപും വിവിധ പദ്ധതികളെക്കുറിച്ചു ഉപഭോക്തവിന് ആവശ്യമായ അറിവും ലഭ്യമായിരിക്കണമെന്നതാണ് ഇത് അർത്ഥമാക്കുന്നത്. ഉപഭോക്താക്കൾക്ക് നിർദേശങ്ങളും മാർഗരേഖകളും സർക്കാർ വകുപ്പുകളും സർക്കാരിതരസ്ഥാപനങ്ങളും നൽകുന്നുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതുമായ ബന്ധപ്പെട്ട് ശരിയായ തീരുമാനം കൈക്കൊള്ളാൻ അവരെ സഹായിക്കുന്നു. ISI, AGMARK, BIS തുടങ്ങി അംഗീകൃത ട്രേഡ്മാർക്കുകളും ലോഗോയും കണ്ടെത്താനും പൊതുജനതാൽപര്യത്തിനായി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാനും ശ്രമിക്കുന്നു.

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.4

താഴെപറയുന്നവയിൽ പിന്നീട് പരാതി നൽകാൻ അനുയോജ്യമായ ഉപഭോക്തൃഅവകാശം രേഖപ്പെടുത്തുക.

1. പാക്ക് ചെയ്ത ഭക്ഷണം കഴിച്ച് അസുഖം ബാധിച്ച വ്യക്തി
2. വ്യത്യസ്ത തരങ്ങൾ കാണിക്കാതെ ഒരു നിശ്ചിതബ്രാന്റ് സാധനം വാങ്ങുവാൻ വിൽപനക്കാരൻ വാങ്ങുന്ന ആളെ നിർബന്ധിക്കുമ്പോൾ
3. സമീറിന് ഒരു കമ്പ്യൂട്ടർ വാങ്ങുവാൻ അതിന്റെ കൃത്യമായ കോൺഫിഗറേഷൻ അറിയാൻ
4. രേഖക്ക് ഒരു വിൽപനക്കാർ ചതിച്ചതിനെതിരെ കേസ് ഫയൽ ചെയ്യുവാൻ
5. രേഷ്മക്ക് തെറ്റായ രോഗനിർണയം നടത്തി ആശുപത്രിയിൽ രണ്ടു ലക്ഷം രൂപാ അനാവശ്യമായി ചിലവാക്കിയതിനെതിരെ നഷ്ടപരിഹാരത്തി നായി ജില്ലാ ഉപഭേക്ത്യകോടതിയിൽ കേസ് നൽകാൻ
6. ഡൽഹി സർക്കാരിൽനിന്നും ഉപഭോക്തൃസംരക്ഷണനിയമത്തെിന്റെ ബുക്ക് ലഭിക്കാൻ അതുമായി ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷ നൽകാൻ.

### 24.5 ഉപഭോക്താവിന്റെ ഉത്തരവാദിത്വങ്ങൾ

ഉപഭോക്തൃവിദ്യാഭ്യാസമെന്നത് എല്ലായ്പോഴും ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറച്ചുമാത്രമല്ല, മറിച്ച് അവരുടെ കടമകൾ സത്യസന്ധമായും ആത്മാർത്ഥമായും ഉൾക്കൊള്ളുന്നതിനെക്കുറിച്ചും കൂടിയാണ്. അതുമായ ബന്ധപ്പെട്ട ചില വസ്തുതകൾ വിശദമാക്കാം.

#### 24.5.1.പരസ്യങ്ങളെ കൈകൈര്യം ചെയ്യുമ്പോൾ

പരസ്യങ്ങൾ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായിതീർന്നിരിക്കുകയാണ്. നമ്മൾ എത്ര ശ്രമിച്ചാലും അവയെ നമുക്ക് ഒഴിവാക്കാനാവില്ല. കമ്പനികൾ അവരുടെ വസ്തുക്കൾ വിറ്റഴിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധേയമായ പല കാര്യങ്ങളും മറച്ചുവച്ച് നയനാന്ദകരമായത് പ്രദർശിപ്പിച്ച് ആകർഷണീയമായ ഓഡിയോ വിഷ്വലുകൾ പുറത്തിറക്കുന്നതിലൂടെയാണ്. ചതിക്കുഴികളായ പരസ്യങ്ങളിൽ വീഴാതിരിക്കുവാൻ ഉപഭോക്താക്കൾ ശ്രദ്ധാലുവായിരിക്കണം. കുട്ടികളാണ് ഏറ്റവും ദയനീയമായ ഇരകൾ. അവരെ നേരായ വിധത്തിൽ നയിക്കണം.

#### 24.5.2. ഗുണമേൻമയുള്ള സർട്ടിഫിക്കറ്റുള്ള വസ്തുക്കൾ വാങ്ങുമ്പോൾ

അംഗീകൃതഏജൻസികളുടെ സർട്ടിഫിക്കറ്റുകളുള്ളതും, ഉപയോഗിക്കുന്നതിൽ സുരക്ഷതത്വവും ഗുണമേന്മയുമുള്ളതുമായ ധാരാളം ഉൽപന്നങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, ഇൻഡ്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂട്ട് (ISI) വിവിധ ഉപഭോഗവസ്തുക്കളുടെ ഗുണമേന്മ പരിശോധിക്കുന്നു. ശരിയായ വസ്തുക്കളിൽ ISI മുദ്ര ഉണ്ട്. പല ഭക്ഷ്യവസ്തുക്കളിലും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് AGMARK മുദ്രയുടെ സർട്ടിഫിക്കറ്റ് ഉണ്ട്. ഉപഭോക്താക്കൾ ISI മാർക്കും AGMARK മുദ്ര ഉള്ള വസ്തുക്കൾ തിരഞ്ഞെടുക്കണം. ഭക്ഷ്യവസ്തുക്കൾ, മരുന്ന് മുതലായവ വാങ്ങുന്നതിന് മുമ്പുള്ള ഒരു പ്രധാനകാര്യം ഉപഭോക്താവ് അതിന്റെ കാലാവധി തീരുന്ന തീയതി ശ്രദ്ധിച്ചിരിക്കണം എന്നതാണ്.

### 24.5.3 വാങ്ങുന്നതിന്റെ ബില്ല് ആവശ്യപ്പെടുക

ഓരോ ഉപഭോക്താവും സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന്റെ ബില്ല് ചോദിച്ച് വാങ്ങണം. വസ്തുക്കൾ വാങ്ങിക്കഴിയുമ്പോൾ ഉപഭോക്താവിന് എന്തെങ്കിലും കബളിപ്പിക്കപ്പെട്ടു എന്ന് തോന്നിയാൽ, നീതി തേടുവാൻ ഉപയോഗിക്കാവുന്ന തരത്തിൽ, സാധനം വാങ്ങിയതിന്റെ തെളിവാണ് ബില്ല്. ബില്ലിൽ വിൽപനക്കാരൻ നികുതി കുക രേഖപ്പെടുത്തണമെന്ന് നിയമം അനുശാസിക്കുന്നതുകൊണ്ട് ഉൽപന്നത്തിന്മേൽ സർക്കാരിന് നികുതി നൽകിയെന്നു ബില്ലിലൂടെ ഉപഭോക്താവ് ഉറപ്പാക്കുന്നു. ഉപഭോക്താവിന്റെ ഇത്തരം പ്രവർത്തി അയാളെ രാജ്യത്തിലെ ഉത്തരവാദിത്വമുള്ള പൗരനാക്കി മാറ്റുന്നു.

### 24.5.4 പ്രകൃതിസ്നേഹിയായ ഉപഭോക്താവുക

ഒരു ഉപഭോക്താവ് പരിസ്ഥിതിക്ക് കേടുപാടു വരുത്താത്ത വസ്തുക്കളാണ് ഉപയോഗിക്കേണ്ടത്. പ്ലാസ്റ്റിക് ബാഗ് പരിസ്ഥിതിക്ക് ഗൗരവമായ കേടുപാടു വരുത്തുന്ന വസ്തുവിന് ഒരു ഉദാഹരണമാണ്. ഉപയോഗിച്ചതിനുശേഷം മണ്ണ് വെള്ളം എന്നിവയിൽ എളുപ്പം അലിഞ്ഞുചേരുന്ന ബയോഡിഗ്രേഡബിൾ വസ്തുക്കൾ ഉപയോഗിക്കണം. അതുപോലെ ജനങ്ങൾ ഇലക്ട്രിസിറ്റി, ഗ്യാസ് എന്നിവ ന്യായമായ രീതിയിൽ ഉപയോഗിച്ച് സൂക്ഷിക്കണം. പട്ടണത്തിലും നഗരങ്ങളിലും വാഹനമലിനീകരണത്തിനും ഉപഭോക്താക്കൾ ഉത്തരവാദികളാണ്. അവർ പൊതുഗതാഗതസംവിധാനവും പരിസ്ഥിതി സൗഹൃദ വാഹനങ്ങളും ഉപയോഗിക്കണം.

### 24.5.5 ഉപഭോക്താക്കൾ മാനേജരായാൽ

ഒരു പ്രദേശത്തിന്റെയോ, ഗ്രാമത്തിന്റെയോ അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവ സമൂഹത്തിന് ലഭ്യമാക്കുന്നതിന് ഉപഭോക്താക്കൾ ഒന്നിച്ചുനിൽക്കണം. സർക്കാരാണ് സേവനങ്ങൾ നൽകുന്ന മാനേജരായി വർത്തിക്കുന്നത്. എന്നാൽ സർക്കാർ വകുപ്പുകൾ അഴിമതിയാർന്നതും കാര്യക്ഷമമല്ലാതെ പ്രവർത്തിക്കുന്നതുമായാണ് നിരന്തരം പഴികേൾക്കുന്നത്. അതുകൊണ്ട് സേവനങ്ങൾ പ്രദാനം ചെയ്യാൻ ഉപഭോക്താക്കൾ ഒന്നിക്കണം. താഴെപറയുന്ന സംഭവകഥ വായിക്കുക

**ഉപഭോക്താക്കൾ മാനേജരായാൽ**
(ഗുജറാത്തിൽനിന്നുള്ള യഥാർത്ഥസംഭവകഥ)

ഗുജറാത്തിൽ 1300 ൽ കൂടുതൽ ഗ്രാമങ്ങളും ഗ്രാമതലത്തിൽ സേവനസംവിധാന മാനേജർമാരായി പ്രവർത്തിക്കുന്ന 'പാനിസമതി'കളും ഉണ്ട്. ഉപഭോക്താക്കളിലൂടെ ഗ്രാമസഭകളിൽ ഗ്രാമ 'പാനിസമിതി'കൾ രൂപീകരിച്ചു. സ്വന്തം കാര്യങ്ങൾ ചെയ്യുന്നതുപോലെതന്നെ ശക്തമായ രീതിയിൽ വീടുകളിൽ വെള്ളം നൽകാനും സംവിധാനം ഗ്രാമങ്ങളിൽ അവർ സഞ്ജമാക്കി. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ഉപഭോക്തൃതലത്തിൽ ഗുണമേൻമ ഉറപ്പാക്കുകയും ചെയ്യുന്നു.

സമൂഹം ജനങ്ങളെ മാനേജർമാരായി മാറ്റുമ്പോൾ വിതരണത്തിന്റെ ചിലവ് കുറക്കൽ, കൃത്യസമയത്ത് കാര്യക്ഷമമായി വെള്ളം വിതരണം ചെയ്യൽ, ജലസ്രോത

തസ്സുകളുടെ കാര്യക്ഷമമായ ഉപയോഗം, പുതുക്കിയ നിരക്ക് സംവിധാനം, ജലസ്ത്രോതസ്സുകളുടെ സുസ്ഥിരത അളക്കൽ, അണക്കെട്ടുകളുടെ വികസനം, ആ പ്രദേശത്തെ ജലസ്ത്രോതസ്സുകളുടെ ശേഖരണത്തിലേക്ക് നയിക്കുന്ന വിധം ഭൂഗർഭജലം റീചാർജ് ചെയ്യാൻ കുളങ്ങൾ എന്നിവ സാധ്യമാവുന്നു. ഭാരതം പോലുള്ള വലിയ രാജ്യത്ത് ഉപഭോക്താക്കൾക്ക് സർക്കാരിനോട് ചേർന്ന്നിൽക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. നിങ്ങളുടെ ഗ്രാമത്തിലെ ഗ്രാമസഭയോടോ അവിടുത്തെ പ്രാദേശിക സംവിധാനത്തിലൂടെ പ്രാദേശിക ജല, വൈദ്യുതി, സാനിറ്റേഷൻ ബോർഡുകളുമായോ സഹകരിച്ച് സൃഷ്ടിപരമായ പങ്ക് വഹിക്കുവാൻ നിങ്ങൾക്കും കഴിയും.

### 24.6 ഭാരതത്തിലെ ഉപഭോക്തൃപ്രസ്ഥാനത്തിന്റെ പ്രധാന പരിഗണനകൾ

വിജയപ്രദമായ ഉപഭോക്തൃപ്രസ്ഥാനത്തിന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഭാരതത്തിന് ഉയർന്ന ജനസംഖ്യയുണ്ടെന്ന് മാത്രമല്ല സാസ്കാരികമായി വ്യത്യസ്തവും നിരക്ഷരരുമായ ധാരാളം ആളുകൾ ഉണ്ട്. അതുകൊണ്ട് ഉപഭോക്തൃബോധനം ഒരു വലിയ ജോലിയാണ്. അത് ക്രമേണ സാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചെയ്യാനുണ്ട്. രണ്ട് പ്രധാന പരിഗണനകൾ 1. ഭാരതത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഉപഭോക്തൃബോധ്യം വളർത്തുക 2. നീതിയുടെ കൃത്യസമയത്തുള്ള വിതരണം. ഇവ താഴെ വിശദീകരിക്കാം.

#### 24.6.1. ഭാരതത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഉപഭോക്തൃബോധ്യം

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി ഗ്രാമങ്ങളിൽ മദ്ധ്യവരുമാനക്കാരുടേയും ഉയർന്ന വരുമാനക്കാരുടേയും എണ്ണം വർദ്ധിച്ചു. ഗ്രാമവിപണികളും വികാസം പ്രാപിച്ചു. ഗ്രാമീണവിപണികളിലും കമ്പനികൾ അവരുടെ ഉൽപന്നങ്ങൾ എത്തിച്ചു. എന്നാൽ ഭാരതത്തിലെ ഗ്രാമങ്ങളിലെ ഉപഭോക്താക്കൾ പൊതുവെ നിരക്ഷരരും അറിവില്ലാത്തവരുമാണ്. അതുകൊണ്ട് ഉൽപാദകരും, വ്യാപാരികളും, സേവനദാതാക്കളും അവരെ ചൂക്ഷണം ചെയ്യുന്നു. ഗ്രാമീണ ഉപഭോക്താക്കൾ തെറ്റായ ബ്രാന്റുകൾ, വാറന്റിയോ ഗാരന്റിയോ ഇല്ലാത്ത മോശം സാധനങ്ങൾ, അനുകരണങ്ങൾ, അനാവശ്യവിലയിടലുകൾ, വ്യത്യസ്തതകളുടെ അഭാവം തുടങ്ങി നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഗ്രാമീണ മേഖലയിൽ കുടുതൽ ഗൗരവമായി ഉപഭോക്തൃബോധ്യം വളർത്തേണ്ടതിന്റെ ആവശ്യമുണ്ട്.

#### 24.6.2 നീതിയുടെ കൃത്യസമയത്തുള്ള വിതരണം

നീതി താമസിക്കുന്നത് നീതി നിഷേധിക്കുന്നതാണെന്ന് നിങ്ങൾക്കറിയാം. സിവിൽ കോടതികളിൽനിന്ന് വ്യത്യസ്ഥമായി ഉപഭോക്തൃകോടതികൾ പരാതികൾ പെട്ടെന്ന് പരിഹരിക്കുന്ന ലളിതമായ നടപടിക്രമങ്ങൾ പിന്തുടരുന്ന അർദ്ധനീതിന്യായ സമിതികളാണ്. എന്നിരുന്നാലും ആവർത്തിച്ചുള്ള മാറ്റിവക്കലുകളും, ജഡ്ജിമാരുടെ ഒഴിവുകൾ നികത്തുന്നതിൽ സംസ്ഥാനസർക്കാരിന്റെ കാലതാമസവും അനാവശ്യമായ സാങ്കേതികത്വവും ഉപഭോക്താക്കൾക്കുള്ള നീതിയുടെ പ്രക്രിയ സാവധാനത്തിലാക്കുന്നു. കാലതാമസം നിയമത്തിന്റെ അന്തസത്തയെ പലപ്പോഴും ഇല്ലാതാക്കുന്നു. ഈ ആശയങ്ങൾ വിശദമാക്കുന്ന താഴെകൊടുത്തിരിക്കുന്ന കേസ് വായിക്കുക.

> 1993ൽ വിത്തു വിതക്കന്ന കാലത്ത് മഹാരാഷ്ട്രയിലെ 130 കർഷകർ അവർക്കു വിറ്റ ഹൈബ്രിഡ് കോട്ടൺ വിത്തിന്റെ പിഴവുമൂലം ഉണ്ടായ വിളവന്റെ നഷ്ടം നേരിടാൻ പരിഹാരം തേടി കേസ് ഫയൽ ചെയ്തു. അവസാനം അവർ കേസിൽ വിജയിച്ചെങ്കിലും 14 വർഷം നീണ്ടുനിന്ന കേസിനിടയിൽ 10 കർഷകർ മരിച്ചുകഴിഞ്ഞിരുന്നു.

ഇതുപോലുള്ള കാലതാമസം ഒഴിവാക്കാൻ 2003 ൽ സർക്കാർ CPA ഭേദഗതി ചെയ്തു. അതനുസരിച്ച് ഉപഭോക്തൃകോടതികൾക്ക് അവധിക്ക്വക്കൽ ഇല്ലാതായി. അസാധാരണസന്ദർഭങ്ങളിൽ അതുനൽകിയാൽ കോടതി കാരണം എഴുതി രേഖപ്പെടുത്തി അതിന്റെ ന്യായീകരണം നൽകണം.

## പാഠഭാഗത്തെ ചോദ്യങ്ങൾ 24.5

1. ഉത്തരവാദിത്വമുള്ള ഉപഭോക്താവ് എന്ന നിലയിൽ താഴെപറയുന്ന സാഹചര്യങ്ങളിൽ നിങ്ങൾ എന്തു ചെയ്യും ?
   (a) ലഭ്യമായ വിവധ ബ്രാന്റുകളിൽനന്ന് ഒരു ഇലക്ട്രിക്ക് തേപ്പുപെട്ടി വാങ്ങുവാൻ
   (b) ബ്രഡും പഴത്തിന്റെ ജാമും നിങ്ങൾ വാങ്ങുന്നു.
   (c) ഒരു പോളിത്തീൻ ബാഗിൽ കടക്കാരൻ സാധനങ്ങൾ നിങ്ങൾക്ക് തരുന്നു.
2. ഉപഭോക്താവന്റെ പരാതിയുമായ ബന്ധപ്പെട്ട് നീതി ലഭിക്കുന്നതിൽ താമസം നേരിടുവാനുള്ള രണ്ടു കാരണങ്ങൾ പറയുക ?

## നിങ്ങൾ എന്താണ് പഠിച്ചത്

- ഉപഭോക്താവിന്റെ കടമകൾ, അവകാശങ്ങൾ, ഒരു ഉൽപന്നം വാങ്ങുമ്പോൾ ആരോഗ്യവുമായും പരിസ്ഥിതിയുമായും അതിനുള്ള പാർശ്വഫലം തുടങ്ങിയ അറിവ് എന്നിവ ഉപഭോക്തൃഅവബോധത്തിൽ ഉൾപെടുന്നു.
- വിൽക്കപ്പെടുന്ന സാധനങ്ങളുടേയും സേവനങ്ങളുടെയും കുറഞ്ഞ ഗുണനിലവാരം, ബില്ലു നൽകാതെ വിൽക്കുന്നത്, തെറ്റായി നയിക്കുന്ന പരസ്യം, ഉൽപന്നത്തെക്കുറിച്ചും, ഉൽപാദകൻ, വിൽപനക്കാരൻ എന്നിവരെക്കുറിച്ചും ഉള്ള പൂർണമായ അറിവിന്റെ അഭാവം, ഉപയോഗശൂന്യവും ശ്രദ്ധയുമില്ലാതെയുള്ള ഉപഭോഗം മൂലമുള്ള പരിസ്ഥിതിമലിനീകരണം തുടങ്ങി വിവിധ കാരണങ്ങളാൽ ഉപഭോക്തൃഅവബോധം ഉണർത്തേണ്ടതിന്റെ ആവശ്യകത ഉയരുന്നു.
- ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനും ഉപഭോക്താവിന്റ അവകാശങ്ങൾ കാത്തുസൂക്ഷിക്കാനുമുള്ള നിയമങ്ങൾ ഉപഭോക്തൃതർക്ക പരിഹാരസംവിധാനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.
- ഉപഭോക്തൃസംരക്ഷണനിയമം 1986 (Consumer Protection Act CPA ) ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട നിയമമാണ്.

- ദേശീയതലത്തിൽ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ കൗൺസിൽ (CCPC) സംസ്ഥാനതലത്തിൽ സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ (SCPC) എന്നിവ ഉപഭോക്താവിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള സർക്കാർ സ്ഥാപനങ്ങളാണ്. സർക്കാരിതരസ്ഥാപനങ്ങളും (NGOs) സഹായം നൽകുന്നു.
- തർക്കപരിഹാരത്തിനായി ഭാരതത്തിൽ താഴെതട്ടിൽ ജില്ലാ ഉപഭോക്തൃഫോറം (DCF), മധ്യതലത്തിൽ സംസ്ഥാന ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (SCDRC), ഏറ്റവും മുകളിൽ ദേശീയ ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (NCDRC) എന്നിങ്ങനെ മൂന്ന് തലത്തിലുള്ള ഉപഭോക്തൃകോടതികൾ ഉണ്ട്.
- പരാതിയുള്ള ഉപഭോക്താവ് നേരിട്ടോ, അയാളുടെ പ്രതിനിധി മുഖാന്തരമോ ഒരു പരാതിയുടെ രൂപത്തിൽ നിശ്ചിതഫോറത്തിൽ എഴുതി, വാങ്ങിയതിന്റെ ബില്ലുമായി രണ്ടു വർഷത്തിനുള്ളിൽ പരാതി ഫയൽ ചെയ്യാം. നാമമാത്രമായ ഫീസും കോടതിയിൽ അടക്കണം.
- ഭാരതത്തിലെ ഉപഭോക്തൃ അവകാശങ്ങളിൽ സുരക്ഷിതത്വത്തിനുള്ള അവകാശം, തിരഞ്ഞെടുക്കുവാനുള്ള അവകാശം, അറിയാനുള്ള അവകാശം, കേൾക്കപ്പെടുവാനുള്ള അവകാശം, തർക്കമുന്നയിക്കാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം ഇവ ഉൾപെടുന്നു.
- പരസ്യം വഴി തെറ്റായി നയിക്കപ്പെടാതിരിക്കുക, പൂർണമായ അറിവ് തേടുക, കാലാവധി തീരുന്ന തീയതി പരിശോധിക്കുക, ഗുണമേൻമ ഉറപ്പാക്കുന്ന സീൽ, ബില്ല് ചോദിച്ചുവാങ്ങുക, പ്രയോജനരഹിതവും ശ്രദ്ധയില്ലാതെയുമുള്ള ഉപഭോഗം ഒഴിവാക്കൽ, പരിസ്ഥിതിയുടെ സംരക്ഷണം എന്നിവ ഉപഭോക്താവിന്റെ ഉത്തരവാദിത്വങ്ങളിൽ ഉൾപെടുന്നു.


## ടേമിലെ പരിശീലനം

1. ഉപഭോക്തൃബോധവൽക്കരണത്തിന്റെ ആവശ്യം എന്തുകൊണ്ട്?.
2. ഒരു പരാതി സമർപ്പിക്കാൻ പ്രശ്നബാധിതനായ ഉപഭോക്താവ് എന്ന നിലയിൽ നിങ്ങൾ എന്തു ചെയ്യണം?
3. ഭാരതത്തിലെ ഉപഭോക്തൃപരിഹാരസംവിധാനം വിശദീകരിക്കുക?
4. ഉപഭോക്തൃസംരക്ഷണനിയമത്തിന്റെ വകുപ്പുകൾ ഏതെല്ലാം?
5. ഭാരതത്തിലെ ഉപഭോക്താവിന്റെ അവകാശങ്ങൾ ചുരുക്കി വിവരിക്കുക?
6. ഉത്തരവാദിത്വമുള്ള ഉപഭോക്താവാകുവാൻ നിങ്ങൾ എന്തു ചെയ്യണം?
7. ഭാരതത്തിലെ ഉപഭോക്തൃപ്രസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ വിശദമാക്കുക ?

## പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.1

1. പുനർവിൽക്കണമെന്ന ഉദ്ദേശത്തോടെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്ന ഒരു വ്യക്തി ഉപഭോക്താവല്ല.
2. ഉപഭോക്താക്കൾ വാങ്ങിയ സാധനത്തിന്റെ കുറവുകൾക്കെതിരെ ഉപഭോക്തൃ കോടതിയിൽ പരാതി സമർപ്പിക്കണമെങ്കിൽ ബില്ല് ആവശ്യമുണ്ട്.
   ഉൽപന്നത്തിന്മേൽ സർക്കാരിന് നൽകിയ നികുതി ബില്ല് വഴിയായി ഉറപ്പാക്കുകയും ചെയ്യുന്നു.





3. മൂല്യവർദ്ധിതനികുതി

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.2

1. CPA – ഉപഭോക്തൃസംരക്ഷണനിയമം (Consumer Protection Act )
   ECA – അത്യാവശ്യവസ്തുനിയമം (Essential Commodities Act )
   SWMA – അളവുകളും തൂക്കങ്ങളും സ്റ്റാന്റേർഡ് നിയമം (Standard of Weights and Measures Act )
2. ഭാരതത്തിൽ ഒരു ഓഫീസ് തുടങ്ങിക്കൊണ്ട്.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.3

1. ദേശീയതലത്തിൽ കേന്ദ്ര ഉപഭോക്തൃ സമരക്ഷണ കൗൺസിൽ (CCPC), സംസ്ഥാനതലത്തിൽ സംസ്ഥാന ഉപഭോക്തൃ സമരക്ഷണ കൗൺസിൽ (SCPC)
2. ദേശീയതലത്തിൽ ദേശീയ ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (NCDRC). സംസ്ഥാനതലത്തിൽ സംസ്ഥാന ഉപഭോക്തൃതർക്കപരിഹാരകമ്മീഷൻ (SCDRC), ജില്ലാതലത്തിൽ ജില്ലാ ഉപഭോക്തൃഫോറം (DCF)
3. വസ്തു വാങ്ങിച്ച തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ.

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.4

1. സുരക്ഷിതത്വത്തിനുള്ള അവകാശം
2. തിരഞ്ഞെടുക്കുവാനുള്ള അവകാശം
3. അറിയാനുള്ള അവകാശം
4. ശ്രവിക്കപ്പെടുവാനുള്ള അവകാശം
5. ഉപഭോക്തൃവിദ്യാഭ്യാസത്തിനുള്ള അവകാശം

### പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ 24.5

1. (a) ISI മാർക്ക് പോലെ ഗുണമേൻമ ഉറപ്പാക്കുന്ന മുദ്ര ശ്രദ്ധിക്കും.
   (b) വാങ്ങുന്നതിനുമുൻപ് കാലാവധി തീരുന്ന തീയതി പരിശോധിക്കും.
   (c) പ്ലാസ്റ്റിക്ക് ബാഗ് വേണ്ട പകരം കോട്ടൺ ജൂട്ട് ബാഗ് ആവശ്യപ്പെടും.

2. ആവർത്തിച്ചുള്ള മാറ്റിവക്കലും ജഡ്ജിമാരെ നിയമിക്കുന്നതിൽ സർക്കാരിന്റെ കാലതാമസവും.

# ചോദ്യപേപ്പർ മാതൃക
## സാമ്പത്തികശാസ്ത്രം

ക്ലാസ്-X

സാമ്പത്തികശാസ്ത്രം

ആകെ മാർക്ക് : 100
സമയം : 3 മണിക്കൂർ

### 1. Weightage by objectives

| Objective | Marks | % |
|---|---|---|
| അറിവ് | 30 | 30% |
| മനസ്സിലാക്കൽ | 50 | 50% |
| പ്രായോഗികം | 20 | 20% |
| **Total** | **100** | **100** |

### 2. Weightage by Types of Questions

| ചോദ്യങ്ങളുടെ രീതി | ചോദ്യങ്ങളുടെ എണ്ണം | ഓരോ ചോദ്യത്തിനുമുള്ള മാർക്ക് | ആകെ മാർക്ക് | ഏകദേശ സമയം |
|---|---|---|---|---|
| ഉപന്യാസരൂപത്തിൽ | 4 | 6 | 24 | 48 മിനിട്ടുകൾ |
| ലഘു ഉത്തരങ്ങൾ | 12 | 4 | 48 | 84 മിനിട്ടുകൾ |
| വളരെ ചെറിയ ഉത്തരങ്ങൾ | 10 | 2 | 20 | 30 മിനിട്ടുകൾ |
| ഉത്തരം തിരഞ്ഞെടുക്കാവുന്നവ | 8 | 1 | 8 | 10 മിനിട്ടുകൾ |
| **Total** | **34** | | **100** | **178+8 (for Rev.) = 180 mts.** |

### 3. Weightage by Contents

| S.No. | Units/Sub Units | Marks |
|---|---|---|
| 1. | സാമ്പത്തികശാസ്ത്രത്തെ മനസ്സിലാക്കൽ | 7 |
| 2. | സമ്പദ്‌വ്യവസ്ഥയെപ്പറ്റി | 8 |
| 3. | സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനം | 10 |
| 4. | സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണം | 15 |
| 5. | പണവും ബാങ്കിംഗും ഇൻഷുറൻസും | 10 |
| 6. | സാമ്പത്തികശാസ്ത്രത്തിലെ ദത്തങ്ങളുടെ അവതരണവും വിശകലനവും | 15 |
| 7. | ഭാരത സമ്പദ്‌വ്യവസ്ഥ | 20 |
| 8. | സാമകാലിക സാമ്പത്തിക പ്രശ്നങ്ങൾ | 15 |
| | **ആകെ** | **100** |

# ബ്ലൂ പ്രിന്റ്

## സാമ്പത്തികശാസ്ത്രം

**ക്ലാസ്: സെക്കന്ററി**

**സാമ്പത്തികശാസ്ത്രം**

| | Module No. | Knowledge | | | | Understanding | | | | Application | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | E | SA | VSA | MCQ | E | SA | VSA | MCQ | E | SA | VSA | MCQ | |
| 1 | സാമ്പത്തികശാസ്ത്രത്തെ മനസ്സിലാക്കൽ | | 4 (1) | | | | | | 1 (1) | | | 2 (1) | | 7 |
| 2 | സമ്പദ്‌വ്യവസ്ഥയെപ്പറ്റി | | | 2 (1) | 1 (1) | | 4 (1) | | 1 (1) | | | | | 8 |
| 3 | സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനം | | | | 1 (1) | | 4 (1) | 2 (1) | 1 (1) | | | 2 (1) | | 10 |
| 4 | സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണം | | 4 (1) | | | 6 (1) | | 2 (1) | 1 (1) | | | 2 (1) | | 15 |
| 5 | പണവും ബാങ്കിംഗും ഇൻഷുറൻസും | | | | | | 4 (1) | 2 (1) | | | 4 (1) | | | 10 |
| 6 | സാമ്പത്തികശാസ്ത്രത്തിലെ ദത്തങ്ങളുടെ അവതരണവും വിശകലനവും | | 4 (1) | | | | 4 (1) | 2 (1) | 1 (1) | | 4 (1) | | | 15 |
| 7 | ഭാരത സമ്പദ്‌വ്യവസ്ഥ | 6 (1) | | | | 6 (1) | 4 (1) | | | | 4 (1) | | | 20 |
| 8 | സാമകാലിക സാമ്പത്തിക പ്രശ്നങ്ങൾ | 6 (1) | | 2 (1) | | | 4 (1) | | 1 (1) | | | 2 (1) | | 15 |
| | Sub Total | 12(2) | 12 (3) | 4 (2) | 2 (2) | 12(2) | 24(6) | 8 (4) | 6 (6) | | 12 (3) | 8 (4) | | 100 (34) |
| | **Total** | | | | **30** | | | | **50** | | | | **20** | **100** |

| ചോദ്യങ്ങളുടെ രീതി | ചോദ്യങ്ങളുടെ എണ്ണം | ഓരോ ചോദ്യത്തിനുമുള്ള മാർക്ക് | ആകെ മാർക്ക് |
|---|---|---|---|
| ഉപന്യാസരൂപത്തിൽ | 4 | 6 | 24 |
| ലഘു ഉത്തരങ്ങൾ | 12 | 4 | 48 |
| വളരെ ചെറിയ ഉത്തരങ്ങൾ | 10 | 2 | 20 |
| ഉത്തരം തിരഞ്ഞെടുക്കാവുന്നവ | 8 | 1 | 8 |
| **ആകെ** | **34** | | **100** |

## ചോദ്യപേപ്പർ മാതൃക
## ക്ലാസ്സ് 10
## സാമ്പത്തികശാസ്ത്രം

**ആകെ മാർക്ക് : 100** **സമയം : 3 മണിക്കൂർ**

### നിർദേശങ്ങൾ

1. എല്ലാ ചോദ്യങ്ങളും നിർബന്ധമാണ്.
2. ഓരോ ചോദ്യത്തിന്റെയും മാർക്ക് അതിന്റെ നേരെയായി നൽകിയിരിക്കുന്നു.

**കുറിപ്പ് :** 1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ABCD എന്നീ 4 ഉത്തരങ്ങളിൽ ഏതെങ്കിലും ഒന്നാണ് ഏറ്റവും ശരിയായിട്ടുള്ളത് . ശരിയായ ഉത്തരം കണ്ടെത്തി നിങ്ങളുടെ ഉത്തരക്കടലാസ്സിൽ ചോദ്യനമ്പറിന് നേരെ എഴുതുക

11. . :ഉപഭോഗവസ്തുക്കൾ എന്നാൽ (1)
    [A] വിപണിയിൽ വാങ്ങുവാൻ പറ്റാത്തത്
    [B] ആവശ്യങ്ങൾ നേരിട്ട് തൃപ്തിപ്പെടുത്താൻ ഉപയോഗിക്കുന്നത്
    [C] ഉൽപാദനത്തിനായി ഉപയോഗിക്കുന്നത്
    [D] ഒരിക്കൽ മാത്രം ഉപയോഗിക്കാൻ സാധിക്കുന്നത്.

2. ഒരു സംരംഭകന്റെ വരുമാനം താഴെ പറയുന്നതിൽ ഏതാണ് ? (1)

    [A] ലാഭം [B] വാടക
    [C] കൂലി [D] പലിശ

3. ഒരു സംരംഭകന്റെ സവിശേഷത താഴെ പറയുന്നതിൽ ഏതാണ്? (1)
    [A] ചലനാത്മകത [B] വാടക
    [C] അളവിലെ പരിധിയില്ലായ്മ [D] പ്രകൃതിയുടെ ദാനം

4. താഴെ പറയുന്നതിൽ ഏതാണ് സ്ഥിരമൂലധനം ? (1)
    [A] താൽക്കാലിക തൊഴിലാളികളുടെ വാടക [B] വാടക
    [C] അളവിലെ പരിധിയില്ലായ്മ [D] പ്രകൃതിയുടെ ദാനം

5. ഒരു സഹകരണസംഘത്തിലെ കുറഞ്ഞ അംഗസംഖ്യ (1)
    [A] 20 [B] 15
    [C] 10 [D] 5

6. ഒരു വസ്തുവിന്റെ പ്രദാനമെന്നാൽ (1)
    [A] വിവിധ വിലക്ക് വിൽപനക്കായി തയ്യാറായ ഒരു വസ്തുവിന്റെ അളവ്
    [B] നിശ്ചിത സമയത്ത് വിവിധ വിലക്ക് വിൽപനക്കായി തയ്യാറായ ഒരു വസ്തുവിന്റെ അളവ്
    [C] നിശ്ചിത സമയത്ത് വിൽപനക്കായി തയ്യാറായ ഒരു വസ്തുവിന്റെ അളവ്
    [D] ഉൽപാദനയൂണിറ്റുകൾ ഉൽപാദിപ്പിച്ച വസ്തുവിന്റെ അളവ്

7 . ഒരു ബാറ്റ്സ്മാൻ 4 ഇന്നിംഗ്സിലായി 20, 102, 0 , 18 എന്നിങ്ങനെ സ്കോർ ചെയ്താൽ മാധ്യമ സ്കോർ എത്ര (1)

[A] 35 [B] 40
[C] 45 [D] 50

8. ഉപഭോക്തൃബോധ്യത്തിൽ ഉൾപെടുന്നത് (1)

[A] ഉപഭോക്താവ് വാങ്ങിയ സാധനത്തിന്റെ ഗുണമേന്മയെക്കുറിച്ചറിച്ചുള്ള അറിവ്.
[B] ഒരു ഉൽപന്നത്തിന്റെ വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും വിവിധ തടസ്സങ്ങളെയും കുറിച്ചുള്ള അറിവ്.
[C] ഉപഭോക്താവിന്റെ അവകാശങ്ങളെയും കടമകളെയും കുറിച്ചുള്ള അറിവ്. :
[D] മുകളിൽ പറഞ്ഞതെല്ലാം.

9. പോസിറ്റീവും നോർമേറ്റീവുമായ പ്രസ്താവനകളായി തരം തിരിക്കുക (2)

(i) ഭാരതം ഉയർന്ന ജനസംഖ്യയുള്ള രാജ്യമാണ്.
(ii) ജനങ്ങളെ പോസ്റ്റ് ഓഫീസിലും ബാങ്കുകളിലും നിക്ഷേപിക്കാൻ പ്രോൽസാഹിപ്പിക്കണം

10. വിഭവവികേന്ദ്രീകരണ പ്രശ്നങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രീയ പ്രശ്നങ്ങൾ ഏതെല്ലാം? എന്തുകൊണ്ട് അവയെ സാമ്പത്തിക വ്യവസ്ഥിതിയിലെ കേന്ദ്രീയ പ്രശ്നങ്ങൾ എന്ന് വിളിക്കുന്നു? (2)

11. സ്ഥിര മൂലധനവും വ്യതിയാന മൂലധനവും തമ്മിലുള്ള വ്യത്യാസമെന്ത്? ഓരോന്നിനും ഉദാഹരണങ്ങൾ പറയുക? (2)

12 ഒരു കച്ചവടക്കാരൻ 10 കിലോ മാങ്ങ 400 രൂപക്ക് വിറ്റാൽ ശരാശരി വരുമാനം എത്ര? (2)

13 ഒരു വസ്തുവിന്റെ കമ്പോള ചോദനം കമ്പോള പ്രദാനത്തേക്കാൾ കൂടിയാൽ അതിന്റെ സന്തുലിത വിലയെ എങ്ങനെ ബാധിക്കുന്നു? (2)

14 കർഷകരുടെ താൽപര്യങ്ങളെ താങ്ങുവില എപ്രകാരം സംരക്ഷിക്കുന്നു? (2)

15. ഒരു കുടുംബത്തിന്റെ വരുമാനം 10000 രൂപയും സമ്പാദ്യം 1500 രൂപയും ആയാൽ ഉപഭോഗത്തിന്റെ തുകയെത്ര? (2)

16. കേന്ദ്രീയ പ്രവണത എന്നതിന്റെ അർത്ഥമെന്ത്? (2)

17. സുസ്ഥിര വികസനം സാധ്യമാക്കാൻ രണ്ട് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക? (2)

18. ഒരു ഉപഭോക്താവിന്റെ രണ്ട് അവകാശങ്ങൾ പ്രസ്താവിക്കുക?. (2)

19. ആവശ്യങ്ങളുടെ 4 സ്വഭാവ സവിശേഷതകൾ പ്രസ്താവിക്കുക? (4)

20. ഉൽപാദന വിഭവങ്ങളുടെ ഉടമസ്ഥതയുടെയും ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു മുതലാളത്ത,സോഷ്യലിസ്റ്റ് സമ്പത്ത് വ്യവസ്ഥയുടെ വ്യത്യാസം പറയുക?. (4)

21. ഉൽപന്നത്തിന്റെയും ഉൽപാദനപ്രക്രിയയുടേയും അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനത്തിന്റെ വ്യത്യാസം ഉദാഹരണസഹിതം വ്യക്തമാക്കുക?. (4)

22 കുത്തകവിപണിയുടെ 4 പ്രധാനസവിശേഷതകൾ പ്രസതാവിക്കുക?. (4)

23. എപ്രകാരമാണ് ഒരു ബാങ്ക് വായ്പാസൃഷ്ടി നടത്തുന്നത്?. ഒരു ഉദാഹരണത്തിലൂടെ സമർത്ഥിക്കുക?. (4)

24. ബാർട്ടർ സമ്പ്രദായത്തിന്റെ ഏതെങ്കിലും 4 അസൗകര്യങ്ങൾ പ്രസ്താവിക്കുക?. (4)

25.. താഴെതന്നിരിക്കുന്ന ദത്തങ്ങൾ ഉപയോഗിച്ച് സമാന്തരമാധ്യം കണ്ടുപിടിക്കുക?. (4)

| മാർക്ക് | 0-20 | 20-40 | 40-60 | 60-80 | 80-100 |
|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | 2 | 15 | 20 | 7 | 6 |

26. ദത്തം എന്ന പദം കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?. ദത്തങ്ങളുടെ 3 പ്രധാന സവിശേഷതകൾ പ്രസ്താവിക്കുക?. (4)

27. പ്രാഥമികവും ദ്വിതീയവുമായ ദത്തങ്ങളുടെ വ്യത്യാസം എന്ത്?.ദ്വിതീയദത്തത്തിന്റെ 3 ഉറവിടങ്ങൾ പറയുക?. (4)

28. ഒഡിസ്സയുടേയും ഉത്തർ പ്രദേശിന്റെയും ദാരിദ്ര്യവുമായി ബന്ധപ്പെട്ട ദത്തങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| സംസ്ഥാനം | ദരിദ്രരായ ജനങ്ങളുടെ ശതമാനം | ദരിദ്രരായ ജനങ്ങളുടെ എണ്ണം |
|---|---|---|
| ഒഡിസ്സ | 46 | 179 |
| ഉത്തർ പ്രദേശ് | 35 | 590 |

'ഉത്തർ പ്രദേശിലെ ദരിദ്രരായ ജനങ്ങളുടെ എണ്ണം ഒഡിസ്സയുടേതിനേക്കാളും കൂടുതൽ ആണെങ്കിലും ഒഡീസ്സയാണ് ഉത്തർപ്രദേശിനേക്കാളും ദരിദ്രസംസ്ഥാനമായി പരിഗണിക്കുന്നത്'. ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക. (4)

29. ഭാരതം ഒരു തുറന്ന സമ്പദ്‌വ്യവസ്ഥയാണ് എന്ന് തെളിയിക്കും വിധം ഭാരതവും മറ്റു രാജ്യങ്ങളും തമ്മിലുള്ള നാലുതരം സാമ്പത്തിക ബന്ധം പ്രസ്താവിക്കുക?. (4)

30. ഭാരതത്തിലെ ഉപഭോക്തൃസംരക്ഷണനിയമത്തിലെ (CPA) നാലു നൂതനനടപടികൾ പ്രസ്താവിക്കുക?. (4)

32. ഒരു വസ്തുവിന്റ ചോദനത്തെ എപ്രകാരം ബാധിക്കും?. (6)

(i) അനുബന്ധ വസ്തുക്കളുടെ വിലയിലുള്ള വർദ്ധനവ്

(ii) ഉപഭോക്താവിന്റെ വരുമാനം കുറഞ്ഞാൽ

32. ഭാരതസമ്പദ്‌വ്യവസ്ഥയിലെ പ്രാഥമികമേഖലയുടെ പങ്ക് വിശദമാക്കുക?. (6)

33. 'എല്ലാവർക്കും വിദ്യാഭ്യാസം' നടപ്പിലാക്കാൻ ഭാരതസർക്കർ എടുത്ത 3 നടപടിക്രമങ്ങൾ ലഘുവായി വിശദീകരിക്കുക?. (6)

34. 'മണ്ണിന്റെ ജീർണ്ണത'യുടെ പ്രധാന കാരണങ്ങൾ വിശദീകരിക്കുക?. (6)

## മാർക്ക് ഇടുന്ന രീതി

## സാമ്പത്തികശാസ്ത്രം

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| 1. | (B) | | 1 |
| 2. | (A) | | 1 |
| 3. | (D) | | 1 |
| 4. | (C) | | 1 |
| 5. | (C) | | 1 |
| 6. | (B) | | 1 |
| 7. | (A) | | 1 |
| 8. | (D) | | 1 |
| 9. | (i) പോസിറ്റീവ് പ്രസ്താവന | 1 | 2 |
| | (ii) നോർമേറ്റീവ് പ്രസ്താവന | 1 | |
| 10. | (i) എന്ത് ഉൽപാദിപ്പിക്കണം | ½ | |
| | (ii) എങ്ങനെ ഉൽപാദിപ്പിക്കണം | ½ | |
| | (iii) ആർക്ക് വേണ്ടി ഉൽപാദിപ്പിക്കണം | ½ | |
| | എല്ലാ സാമ്പത്തികവ്യവസ്ഥിതിയും നേരിടുന്നവയായതു കൊണ്ട് ഇവയെ കേന്ദ്രീയപ്രശ്നങ്ങൾ എന്ന് വിളിക്കുന്നു. | ½ | |
| 11. | സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനത്തിന്റെ അളവുമായി ബന്ധമില്ലാതെ നിർബന്ധവും സ്ഥിരവുമായ അസംസ്കൃതവസ്തുക്കൾ വാങ്ങുവാനോ വാടകക്ക് എടുക്കുവാനോ ഉള്ള ചിലവാണ് സ്ഥിര മൂലധനം ഉദാ. കെട്ടിടവാടക | 1 | |
| | ഉൽപാദനത്തിന്റെ അളവിനനുസൃതമായി മാറ്റം വരുത്തേണ്ട വ്യതിയാനഘടകങ്ങളുടെ ചിലവാണ് വ്യതിയാന മൂലധനം ഉദാ.തൊഴിലാളികളുടെ വേതനം | 1 | 2 |
| 12. | ശരാശരി വരുമാനം $= \frac{\text{മൊത്തവരുമാനം}}{\text{ഉൽപന്നത്തിന്റെ അളവ്}}$<br>= 400/10<br>= Rs. 40 per kg | | 2 |
| 13 | വസ്തുവിന്റെ സന്തുലിതവില വർദ്ധിക്കുന്നു. | | 2 |
| 14 | കർഷകന് നൽകുന്ന താങ്ങുവില ഉൽപാദനചിലവ് നേരിടുവാനുള്ള കുറഞ്ഞ വില ഉറപ്പാക്കുന്നു. | | 2 |

## മാർക്ക് ഇടുന്ന രീതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| 15. | സമ്പാദ്യം = വരുമാനം - ഉപഭോഗം<br>അഥവാ<br>ഉപഭോഗം = വരുമാനം - സമ്പാദ്യം<br>= 10,000 - 1500<br>= Rs. 18500/- | ½<br>1<br>½ | 2 |
| 16. | ദത്തങ്ങൾക്ക് കേന്ദ്രീയമൂല്യത്തിലേക്ക് ഒന്നിച്ചുകൂടുവാനുള്ള പ്രവണതയെയാണ് കേന്ദ്രീയപ്രവണത എന്ന് വിളിക്കുന്നത്. | | 2 |
| 17 | (i) പുനർസൃഷ്ടിക്കാനാവാത്ത വിഭവങ്ങൾക്ക് പകരമുള്ള വസ്തുക്കൾ കണ്ടുപിടിച്ച്<br>ഉദാ. സൗരോർജത്തിന്റെ ഉപയോഗം<br>(ii) ഉപയോഗിച്ച ഉൽപന്നങ്ങളുടെ പുനരുപയോഗ ത്തിലൂടെ ഉദാ. ഉപയോഗിച്ച പേപ്പറുകളുടെ പുനരുപയോഗം | 1 | 2 |
| 18 | (i) അറിയുവാനുള്ള അവകാശം<br>(ii) തിരഞ്ഞെടുക്കുവാനുള്ള അവകാശം .<br>മറ്റേതെങ്കിലും അനുയോജ്യമായ ആശയം<br>(ഏതെങ്കിലും രണ്ട് എണ്ണം) | ½ | 2 |
| 19 | (i) ആവശ്യങ്ങൾ അനന്തമാണ്<br>(ii) ഏതെങ്കിലും ഒരു ആവശ്യം സാധ്യമാണ്.<br>(iii) ചില ആവശ്യങ്ങൾ വീണ്ടും വീണ്ടും ഉണ്ടാവുന്നു<br>(iv) ആവശ്യങ്ങൾ വ്യക്തി, സമയം, സ്ഥലം എന്നിവക്കനുസൃതമായി മാറുന്നു.<br>മറ്റേതെങ്കിലും അനുയോജ്യമായ ആശയം<br>(ഏതെങ്കിലും നാല് എണ്ണം ) | ½<br>2 | 2<br>4 |
| 20. | **മുതലാളിത്ത സമ്പദ്‌വ്യവസ്ഥ**<br>(i) എല്ലാ വ്യക്തികൾക്കും വസ്തു വകകൾ സ്വന്തമാക്കാനും കൈവശം വച്ചുകൊണ്ടിരിക്കാനും സ്വന്തം കുടുംബത്തിന്റെ നന്മക്കുവേണ്ടി അത് ഉപയോഗിക്കാനുമുള്ള അവകാശമുണ്ട്<br>**സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ**<br>(i) ഉല്പാദന വസ്തുക്കൾ വ്യക്തികൾക്ക് പകരം സർക്കാരിന്റെ ഉടമസ്തതയിലാണ്. ധനസമ്പാദനത്തിനും ഉല്പാദന ഘടകങ്ങൾ സ്വന്തമാക്കാനും ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല. | 2 | 4 |

| ക്രമ നമ്പർ. | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| | (ii) സ്വന്തം താല്പര്യമാണ് അടിസ്ഥാനതത്വം. ലാഭം പരമാവധി കിട്ടുവാൻ സംരംഭകർ പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്നു<br>(ii) വ്യക്തികളുടെ ലാഭം പരമാവധി ആക്കുക എന്നതല്ല സാമൂഹിക ക്ഷേമമാണ് ലക്ഷ്യമാക്കുന്നത്. | 2 | |
| 21 | ഉൽപന്നത്തെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിൽവിഭജനത്തിൽ ഒരു തൊഴിലാളി ഒരു വസ്തുവോ സേവനമോ ഉൽപാദിപ്പിക്കുന്നതിൽ മികവ് പുലർത്തുന്നു. ഉദാ. ഒരു ചെറുകിടകർഷകൻ ഗോതമ്പ് ഉൽപാദനത്തിൽ മികവ് കാട്ടുന്നു.<br>ഉൽപാദനപ്രക്രിയയെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിൽവിഭജനത്തിൽ ഒരു വസ്തുവിന്റെ ഉൽപാദനത്തെ വിവിധപ്രക്രിയകളായി തരം തിരിച്ച് ഒന്നോ രണ്ടോ പ്രക്രിയയിൽ ഒരു തൊഴിലാളിയെ പ്രത്യേക പരിശീലനം നൽകുന്നു. ഉദാ. ബ്രെഡ് ഉൽപാദനത്തിൽ മാവ് ഉണ്ടാക്കൽ, മാവിനെ പ്രത്യേക അറകളിലാക്കൽ, ബേക്ക് ചെയ്യൽ, പാക്കറ്റിലാക്കൽ തുടങ്ങി നിരവധി പ്രക്രിയകൾ ഉൾപെടുന്നു. ഒരു തൊഴിലാളി ഇതിൽ ഏതെങ്കിലും ഒന്നോ, രണ്ടോ പ്രക്രിയയിൽ പരിശീലിക്കപ്പെട്ട് വിദഗ്ധരാകുന്നു. | 2 | 4 |
| 22 | (i) ഉൽപന്നത്തിന്റെ ഏക ഉൽപാദകൻ ആണ് കുത്തക ഉൽപാദകൻ<br>(ii) ഉൽപന്നത്തിന് ഏറ്റവും അടുത്ത പകരം സാധനം ഇല്ല.<br>(iii) ഒരു ഉൽപാദനയൂണിറ്റ് മാത്രമാകയാൽ ആ യൂണിറ്റ് തന്നെയാണ് വില നിശ്ചയിക്കുന്നത്<br>(iv) പുതിയ ഉൽപാദദന യൂണിറ്റുകളുടെ പ്രവേശനം പ്രയാസമാണ്. | 1x4 | 4 |
| 23. | ഒരു ബാങ്ക് പൊതുജനങ്ങളിൽനിന്ന് പണം സമ്പാദ്യമായി സ്വീകരിക്കുന്നു. ഒരു ബാങ്ക് അതിന്റെ ആകെയുള്ള സമ്പാദ്യത്തിൽനിന്നും കേന്ദ്രബാങ്ക് നിശ്ചയിക്കുന്ന ഒരുവീതം ( സി. ആർ, ആർ എന്ന വിളിക്കുന്നു) പണരൂപത്തിൽ സൂക്ഷിക്കുന്നു. ബാക്കി തുക വായ്പ നൽകുവാൻ ഉപയോഗിക്കുന്നതിലൂടെ വായ്പാ സൃഷ്ടി പ്രക്രിയ തുടങ്ങുന്നു.<br>ഉദാ. സി. ആർ, ആർ 20ശതമാനമാണ്. ഒരു വ്യക്തി 1000രൂപാ ബാങ്കിൽ നിക്ഷേപിച്ചു. ബാങ്ക് അതിന്റെ 20ശതമാനം സൂക്ഷിക്കുന്നു. അതായത് 200 രൂപാ കരുതൽശേഖരം. ബാക്കി 800 രൂപാ മറ്റൊരു വ്യക്തിക്ക് ബാങ്ക് ലോൺ ആയി നൽകി അയാളുടെ അക്കൗണ്ട് തുടങ്ങി ക്രെഡിറ്റ് ചെയ്യുന്നു. അങ്ങനെ 800 | | |

<table>
<tr><th>ക്രമ നമ്പർ</th><th>പ്രതീക്ഷിക്കുന്ന ആശയങ്ങൾ</th><th>മാർക്കിന്റെ വികേന്ദ്രീകരണം</th><th>ആകെ മാർക്ക്</th></tr>
<tr><td></td><td>രൂപാ പുതിയ അക്കൗണ്ടിൽ സമ്പാദ്യം ഉണ്ട് അതിന്റെ 20ശതമാനം അതായത് 160രൂപാ കരുതൽശേഖരമാക്കി മാറ്റി ബാക്കി 640രൂപാ വീണ്ടും മറ്റു കടക്കാർക്ക് വായ്പ നൽകുന്നു.<br>ആകെയുള്ള തുക പ്രാരംഭതുകയായ ആയിരത്തോളമെത്തുന്നതുവരെ ഈ പ്രക്രിയ തുടരുന്നു.<br>ഈ ഉദാഹരണത്തിൽ<br>ആകെ ക്രെഡിറ്റ് =പ്രാരംഭനിക്ഷേപം x1/CRR<br>= 1000x1/20%<br>=1000x1/20/100<br>=1000x100/20=Rs.5000/-</td><td>2<br><br>2</td><td>4</td></tr>
<tr><td>24.</td><td>(i) ആവശ്യങ്ങളുടെ ഇരട്ടപ്പൊരുത്തത്തിന്റെ അഭാവം ബാർട്ടർ സമ്പ്രദായത്തെ ബുദ്ധിമുട്ടാക്കുന്നു.<br>(ii) ചില വസ്തുക്കൾ വിഭജിക്കാനാവാത്തതുമൂലം അവയുടെ വിനിമയം ബുദ്ധിമുട്ടാക്കുന്നു<br>(iii) പൊതുവായ ഒരു അളവുകോൽ ഇല്ലാത്തുമൂലം വസ്തുക്കളുടെ വിനിമയം ബുദ്ധിമുട്ടാക്കുന്നു<br>(iv) വസ്തുക്കളുടെ രൂപത്തിൽ ധനം സൂക്ഷിക്കുന്നത് ബുദ്ധിമുട്ടായിതീരുന്നു.<br>മറ്റേതെങ്കിലും അനുയോജ്യമായ ആശയം (ഏതെങ്കിലും നാല് എണ്ണം )</td><td>1x4</td><td>4</td></tr>
<tr><td>25.</td><td>
<table>
<tr><th>മാർക്ക്</th><th>മധ്യ വില</th><th>വിദ്യാർത്ഥികളുടെ എണ്ണം `</th><th>Dx (A=30)</th><th>Dx-</th><th>Fdx-</th></tr>
<tr><td>0-20</td><td>10</td><td>2</td><td>-20</td><td>-1</td><td>-2</td></tr>
<tr><td>20-40</td><td>30</td><td>15</td><td>.0</td><td>0</td><td>0</td></tr>
<tr><td>40-60</td><td>50</td><td>20</td><td>20</td><td>1</td><td>20</td></tr>
<tr><td>60-80</td><td>70</td><td>7</td><td>40</td><td>2</td><td>14</td></tr>
<tr><td>80-100</td><td>90</td><td>6</td><td>60</td><td>3</td><td>18</td></tr>
</table>
$x = A + \frac{fdx}{N} \times C$<br>
$= 30 + \frac{50}{50} \times 20 = 50$ മാർക്ക്</td><td>2<br>1<br>½<br>½</td><td>4</td></tr>
</table>

## മാർക്ക് ഇടുന്ന രീതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| 26. | ദത്തമെന്നത് കുട്ടായ രീതിയിൽ വസ്തുതകൾ നൽകാൻ സംഖ്യാപരമായ അറിവ് ആണ്<br>ദത്തത്തിന്റെ പ്രത്യേകതകൾ<br>(i) ദത്തമെന്നത് വസ്തുതകളുടെ കുട്ടമാണ്<br>(i) ദത്തങ്ങളെ സംഖ്യാപരമായി പ്രകടിപ്പിക്കുന്നു.<br>ദത്തത്തിന്റെ മറ്റേതെങ്കിലും അനുയോജ്യമായ പ്രത്യേകതകൾ (ഏതെങ്കിലും രണ്ട് എണ്ണം) | 1x2=2 | 2 |
| . | സർവേക്കുവേണ്ടി ആദ്യമായി ശേഖരിക്കുന്ന ദത്തത്തെയാണ് പ്രാഥമികദത്തം എന്ന് പറയുന്നത്.<br>മറ്റുള്ളവരാൽ മുമ്പേ ശേഖരിച്ച ദത്തമുപയോഗിക്കുമ്പോൾ അതിനെ ദ്വിതീയദത്തമെന്ന് വിളിക്കുന്നു.<br>ദ്വിതീയദത്തത്തിന്റെ ഉറവിടങ്ങൾ<br>(i) പ്രസിദ്ധീകരിച്ച പത്രറിപ്പോർട്ടുകൾ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെയും മറ്റ് പ്രസിദ്ധീകരണങ്ങൾ<br>(ii) വ്യാപാരസംഘടനയുടെ പ്രസിദ്ധീകരങ്ങളിൽനിന്ന് | 1x2=2 | 2 |
| 28. | ഒഡിസ്സയിൽ 179 ലക്ഷം മനുഷ്യർ ദരിദ്രരായിട്ടുപ്പോൾ ഉത്തർ പ്രദേശിൽ അത് 590ലക്ഷമാണ്. എന്നാൽ ഒഡിസ്സയിൽ 100ന് 46 പേരും ഉത്തർ പ്രദേശിൽ 100ന് 35 പേരുമാണ് ദരിദ്രർ | 2 | |
| | ഉത്തർ പ്രദേശിൽ ആകെ ജനസംഖ്യ ഒഡിസ്സയിലേതിനേക്കാളും ഉയർന്നതാകയാൽ ദരിദ്രരായ ജനങ്ങളുടെ എണ്ണവും കൂടുതലാണ്. ഉയർന്ന ശതമാനനിരക്ക് മൂലം ഒഡിസ്സയിലാണ് ഉത്തർ പ്രദേശിനേക്കാളും ദാരിദ്ര്യം ബാധിക്കുന്നത്. | 2 | |
| 29. | ഭാരതവും മറ്റു രാജ്യങ്ങളും തമ്മിൽ താഴെപറയുന്ന സാമ്പത്തികബന്ധങ്ങൾ ഉള്ള ഒരു തുറന്ന സമ്പദ് വ്യവസ്ഥയാണ് ഭാരത സമ്പദ് വ്യവസ്ഥ | | |

## മാർക്ക് ഇടുന്ന രീതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| | (i) സ്വദേശ പൗരന്മാർ വിദേശ പൗരന്മാർക്ക് സാധനങ്ങളും സേവനങ്ങളും നൽകുന്നു. ഇതിനെ കയറ്റുമതി എന്നു വിളിക്കുന്നു.<br>(ii) സ്വദേശ പൗരന്മാർ വിദേശ രാജ്യങ്ങളിൽനിന്ന് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നു. ഇതിനെ ഇറക്കുമതി എന്നു വിളിക്കുന്നു.<br>(iii) വിദേശ രാജ്യത്തുള്ള ആർക്കെങ്കിലും സമ്മാനങ്ങൾ അയക്കുകയും വിദേശരാജ്യങ്ങളിൽനിന്ന് അവ സ്വീകരിക്കുകയും ചെയ്യുന്നു.<br>(iv) പണം വിദേശരാജ്യങ്ങളിലേക്ക് അയക്കുകയും അവിടെനിന്ന് സ്വീകരിക്കുകയും ചെയ്യുന്നു.<br>മറ്റേതെങ്കിലും അനുയോജ്യമായ ആശയം<br>(ഏതെങ്കിലും നാല് എണ്ണം) | 1x4 | 4 |
| 30 | (i) ഒരു കമ്പനിക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള കോടതിയിൽ കേസുകൾ കൈകാര്യം ചെയ്യണമെന്ന് നിശ്ചിതപ്പെടുത്താൻ സാധ്യമല്ല. ഉപഭോക്താക്കൾക്ക് പ്രശ്നപരിഹാരം തേടണമോ എന്ന് തീരുമാനിക്കാൻ അവരെ അനുവദിക്കുന്നു.<br>(ii) ഒരു കമ്പനിയുടെ സേവനദാതാക്കളോട്, വിൽപനക്കാരോട് വ്യക്തിപരമായ വിവരങ്ങൾ കേസിനായി നൽകാൻ ഉപഭോക്താക്കള അനുവദിക്കുന്നു. ഉദാ. ബാങ്ക്, ഇൻഷുറൻസ് കമ്പനി മുതലായവ.<br>(iii) റിയൽ എസ്റ്റേറ്റ് കമ്പനികളെ വിൽപനക്കാരായി തരംതിരിച്ച് ഉപഭോക്തൃകോടതിയിൽ പരിഗണിക്കാവുന്നതാണ്.<br>(iv) രാജ്യാന്തര ഏജൻസികൾ ഇന്റർനെറ്റിലൂടെയും ടെലിമാർക്കറ്റിംഗിലൂടെയും ഇ കോമേഴ്സ് സൈറ്റുകളിലൂടെയും ഭാരതത്തിൽ ഓഫീസില്ലാതെ ഒരു ഉൽപന്നവുംം വിതരണം ചെയ്യാൻ അനുവദിക്കുന്നതല്ല. വാങ്ങിക്കുന്നതിനുമുമ്പ് സാധനങ്ങൾ പരിശോധിക്കുവാനും 30 ദിവസത്തിനുള്ളിൽ പണം തിരികെ നൽകുവാനും അവർ സജ്ജീകരണങ്ങൾ ഒരുക്കണം.<br>മറ്റേതെങ്കിലും അനുയോജ്യമായ ആശയം<br>(ഏതെങ്കിലും നാല് എണ്ണം) | 1x4 | 4 |

## മാർക്ക് ഇടുന്ന രീതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| 31. | (i) പകരം വക്കാവുന്നതും പരസ്പരപൂരകവുമായ വസ്തുക്കളാണ് പരസ്പരബന്ധമുള്ള വസ്തുക്കൾ പകരം വക്കാവുന്ന വസ്തുക്കളുടെ വില വർദ്ധിക്കുമ്പോൾ പ്രസ്തുത വസ്തുവിന്റെ വില വർദ്ധിക്കുന്നു.<br>നേരെ മറിച്ച് പൂരകവസ്തുക്കളുടെ കാര്യത്തിൽ ഒരു വസ്തുവിന്റെ വില വർദ്ധിക്കുമ്പോൾ മറ്റേ വസ്തുവിന്റെ ചോദനം വർദ്ധിക്കുന്നു. | $1^{1}/_{2}$<br>$1^{1}/_{2}$ | |
| | (ii) വാങ്ങുന്ന വ്യക്തിയുടെ വരുമാനം കുറയുമ്പോൾ സാധാരണവസ്തുക്കളുടെ ചോദനവും കുറയുന്നു. നേരെ മറിച്ച് വാങ്ങുന്ന വ്യക്തിയുടെ വരുമാനം കുറയുമ്പോൾ ഇൻഫീരിയർ വസ്തുക്കളുടെ ചോദനം കൂടുന്നു. | $1^{1}/_{2}$<br>$1^{1}/_{2}$ | 6 |
| 32. | (i) ദേശീയവരുമാനത്തിലുള്ള പങ്ക്.സ്വാതന്ത്യത്തിന്റെ സമയത്ത് ദേശീയവരുമാനത്തിന്റെ 50 % ത്തിലധികവും കൃഷിയാണ് നൽകിയിരുന്നത്. അടുത്ത നാളുകളിലായി ഈ പങ്ക് ഏകദേശം 15 % മായി കുറഞ്ഞു. | | 6 |
| | (ii) വലിയ വിഭാഗം ജനത്തിന് തൊഴിൽ പ്രദാനം ചെയ്യുന്നു. ഭാരതീയജനസംഖ്യയുടെ വലിയ വിഭാഗത്തിന്റെ തൊഴിൽ കൃഷിയാണ്. സ്വാതന്ത്ര്യത്തിന്റെ സമയത്ത് നമ്മുടെ ജനസംഖ്യയുടെ 70 % ആളുകൾ ജീവിതമാർഗത്തിനായി കൃഷയെയും അനുബന്ധപ്രവർത്തികളേും ആശ്രയിച്ചിരുന്നു. 2004–2005 ൽ ഭാരതീയജനസംഖ്യയുടെ ഏകദേശം 57 % പേരും കൃഷിയിലാണ് ഏർപെടുന്നത്. | | |
| | (iii) ലക്ഷക്കണക്കിനാളുകൾക്ക് ഭക്ഷണം പ്രദാനം ചെയ്യുന്നു. . കൃഷിയില്ലായെങ്കിൽ ഭക്ഷ്യഉൽപാദനവും വിതരണവും നിലനിൽക്കുന്നില്ല. ഭാരതത്തിന്റെ ഭക്ഷ്യാവശ്യം ജനസംഖ്യ വർദ്ധിക്കുന്നതുമൂലം ഓരോ വർഷം തോറും വർദ്ധിച്ചുവരുകയാണ്. | | |
| . | (iv) വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്യുന്നു.പഞ്ചസാര, ജൂട്ട്, പരുത്തിവസ്ത്രങ്ങൾ, വനസ്പതി, തുടങ്ങിയ വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ കൃഷിയിൽനിന്നാണ് ലഭിക്കുന്നത്. | $1^{1}/_{2}$ x4 | 6/28 |

## മാർക്ക് ഇടുന്ന രീതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന ആശയങ്ങൾ | മാർക്കിന്റെ വികേന്ദ്രീകരണം | ആകെ മാർക്ക് |
|---|---|---|---|
| 33. | എല്ലാവർക്കും വിദ്യാഭ്യാസം നൽകുവാനായി ഭാരത സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ<br>(i) കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം. 2009 ൽ ഭാരതസർക്കാർ 6 വയസ്സിനും 14 വയസ്സിനുമിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം എന്നത് അടിസ്ഥാനഅവകാശമാക്കി. അതനുസരിച്ച് സർക്കാർ കുടുതൽ പ്രൈമറി, അപ്പർപ്രൈമറി സ്കൂളുകൾ സ്ഥാപിച്ച് പഠിപ്പിക്കാൻ അദ്ധ്യാപകരേയും നിയമിച്ചു.<br>(ii) പ്രാഥമിക, സെക്കന്ററി വിദ്യാഭ്യാസപദ്ധതികൾ.<br>പ്രാഥമിക, സെക്കന്ററി വിദ്യാഭ്യാസപദ്ധതികളുടെ വികസനത്തിനായുള്ള ചില പ്രധാനപ്പെട്ട പദ്ധതികൾ സർവ ശിക്ഷാ അഭിയാൻ, സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള ദേശീയപദ്ധതി തുടങ്ങിയവ.<br>(iii) ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതികവിദ്യാഭ്യാസത്തിനും ഉള്ള പദ്ധതികൾ. ഭാരതസർക്കാർ ഉന്നതവിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും മെച്ചപ്പെടുത്തുവാൻ ധാരാളം മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഉദാ. 11 ാം പഞ്ചവൽസരപദ്ധതിയിൽ കേന്ദ്രസർക്കാർ 8 സർവകലാശാലകളും 10 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാൻ പദ്ധതി തുടങ്ങിയവ. | | 6 |
| 34. | മണ്ണിന്റെ ജീർണതയുടെ പ്രധാനപ്പെട്ട കാരണങ്ങൾ<br>(i) ആവശ്യത്തിലധികം രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിന്റെ ഫലമായി മണ്ണിന് അസിഡിറ്റിയും ഉപ്പും ആൽക്കലിനും വർദ്ധിക്കുന്നു, ഓർഗാനിക് ഘടകങ്ങൾ കുറയുന്നു, ഓർഗാനിക് മാലിന്യങ്ങളും ടോക്സിൻസും ഭാരമേറിയ ലോഹങ്ങളും (കാഡ്മിയം, ലെഡ് തുടങ്ങിയവ) വർദ്ധിക്കുന്നു.<br>(ii) ആവശ്യത്തിലധികം ജലസേചനം മൂലം വെള്ളക്കെട്ടും അതനുസരിച്ച് വയലുകളൽനിന്ന് വെള്ളം ഒഴുകിപോവുവാനുള്ള സാധ്യതയില്ലാതെ മണ്ണിന്റെ ലവണാംശം കുടുകയും ചെടികൾക്ക് വളരാൻ സാധ്യമല്ലാതാവുകയും, കൊതുകിന് വളരാൻ അനുകൂലാസാഹചര്യമുണ്ടാവുകയും ചെയ്യും.<br>(iii) വയലുകളിൽ മൃഗങ്ങൾ മേയുന്നതുമൂലം ചെടികളുടെ പുറം ഭാഗം നഷ്ടമായി മണ്ണൊലിപ്പിന് സാധ്യതയേറുന്നു. | 2x3 | 6 |

# സാമ്പത്തികശാസ്ത്രത്തിന്റെ പുതുക്കിയ പാഠ്യവിഷയങ്ങൾ
# സെക്കന്ററി തലം

## പാഠ്യക്രമവിശദീകരണം

## മൊഡ്യൂൾ 1: സാമ്പത്തികശാസ്ത്രത്തെ മനസ്സിലാക്കൽ

**മാർക്ക് :7**

### സമീപനം

സാമ്പത്തികശാസ്ത്രം എന്നാൽ എന്താണ്? അത് സമ്പത്തിന്റെ നിർമ്മാണത്തെപ്പറ്റിയാണോ, അതോ ക്ഷേമത്തെപ്പറ്റിയോ?. അനന്തമായ മനുഷ്യാവശ്യങ്ങളെ പൂർത്തീകരിക്കാനുപയോഗിക്കുന്ന പരിമിതങ്ങളായ വിഭവങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നതാണോ അത്? സാമ്പത്തികശാസ്ത്രത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളെ വിശദീകകരിച്ചും മേൽ സൂചിപ്പിച്ച തരത്തിലുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിച്ചുകൊണ്ടുമാണ് നമ്മൾ ഈ മൊഡ്യൂൾ ആരംഭിക്കുന്നത്. സാമ്പത്തികശാസ്ത്രപഠനത്തിന്റെ ഉത്ഭവത്തിന്റെതന്നെ അടിസ്ഥാനങ്ങളായ മനുഷ്യാവശ്യങ്ങളെയും സാധനങ്ങളേയും സേവനങ്ങളേയും പറ്റിയുള്ള ചില വിചിന്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

#### പാഠം 1.1: എന്താണ് സാമ്പത്തികശാസ്ത്രം

1.1.1 സാമ്പത്തികശാസ്ത്രത്തിന്റെ അർത്ഥം
1.1.2 സാമ്പത്തികശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ
1.1.3 പോസിറ്റീവ് സാമ്പത്തികശാസ്ത്രവും നോർമേറ്റീവ് സാമ്പത്തികശാസ്ത്രവും

#### പാഠം 1.2: മനുഷ്യ ആവശ്യങ്ങൾ

1.2.1 ആവശ്യങ്ങളുടെ അർത്ഥം
1.2.2 ആവശ്യങ്ങളുടെ വളർച്ച
1.2.3 ആവശ്യങ്ങളുടെ സവിശേഷതകൾ
1.2.4 ആവശ്യങ്ങളുടെ പൂർത്തീകരണം
1.2.5 സാമ്പത്തികവും സാമ്പത്തികേതരവുമായ ആവശ്യങ്ങൾ
1.2.6 ആവശ്യങ്ങളുടെ വികസനത്തിനൊപ്പമുള്ള വിപുലീകരണം
1.2.7 ആവശ്യങ്ങളുടെ നിയന്ത്രണത്തിന്റെ ഭാരതീയതത്വശാസ്ത്രം

#### പാഠം 1.3: സാധനങ്ങളും സേവനങ്ങളും

1.3.1 സാധനങ്ങളും സേവനങ്ങളും
1.3.2 സാധനങ്ങളുടേയും സേവനങ്ങളുടേയും തരംതിരിവ്
1.3.3 ഒരു സമ്പദ്വ്യവസ്ഥയിൽ സാധനങ്ങളുടേയും സേവനങ്ങളുടേയും പ്രാധാന്യം

## മൊഡ്യൂൾ 2: സമ്പദ്‌വ്യവസ്ഥയെക്കുറിച്ച്

മാർക്ക് :8

### സമീപനം

സമ്പദ്‌വ്യവസ്ഥ എന്ന പദം വളരെ പൊതുവായി ഉപയോഗിക്കുന്ന ഒന്നാണ്. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികപുരോഗതി വിവരിക്കുന്നതിന് ഇത് ഉപയോഗിക്കുന്നു. സാമ്പത്തിക വ്യവസ്ഥയുടെ അർത്ഥം വികസനത്തിന്റെ വിവിധ തലങ്ങൾ, വിഭവങ്ങളുടെ നിയന്ത്രണം ഉടമസ്ഥത എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള വിവിധ സാമ്പത്തികവ്യവസ്ഥിതിയെക്കുറിച്ചും ഈ മൊഡ്യൂൾ വിവരിക്കുന്നു. സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും രണ്ടും വ്യത്യസ്ഥമായി വേർതിരിച്ചു നൽകിയിരിക്കുന്നു.എല്ലാ സമ്പദ്‌വ്യവസ്ഥയും നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങളും അവ പരിഹരിക്കുന്ന രീതികളും അറിയേണ്ടത് വളരെ അത്യാവശ്യമാണ്. ഉദാ. വില നിശ്ചയിക്കുന്ന രീതിയും ആസൂത്രണവും. ഉപഭോഗം, ഉൽപാദനം, വിതരണം മൂലധനരൂപീകരണം തുടങ്ങി വിവിധ സാമ്പത്തികപ്രവർത്തനങ്ങളും ഈ പ്രവർത്തനങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും, ഒരു മേഖലയിൽനിന്ന് മറ്റൊന്നിലേക്ക് മൂല്യവർദ്ധനവ്, വരുമാനം ചിലവ് ഇവയുടെ ചാക്രിക പ്രവാഹവും ഈ മൊഡ്യൂളിൽ പ്രതിപാദിക്കുന്നു.

#### പാഠം 2.1: സമ്പദ്‌വ്യവസ്ഥ – അർത്ഥവും വിവിധ തരങ്ങളും

2.1.1 സമ്പദ്‌വ്യവസ്ഥയുടെ അർത്ഥം
2.1.2 ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ സമ്പദ്‌വ്യവസ്ഥയുടെ വിവിധ തരങ്ങൾ
2.1.3 വികസനത്തിന്റെ അടിസ്ഥാനത്തിൽ സമ്പദ്‌വ്യവസ്ഥയുടെ വിവിധ തരങ്ങൾ
2.1.4 സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും

#### പാഠം 2.2: ഒരു സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രപ്രശ്നങ്ങൾ

2.2.1 ദൗർലഭ്യതയും തിരഞ്ഞെടുപ്പും
2.2.2 ഒരു സമ്പദ്‌വ്യവസ്ഥയിലെ കേന്ദ്രപ്രശ്നങ്ങൾ
2.2.3 മുതലാളിത്ത, സോഷ്യലിസ്റ്റ്, മിശ്രസമ്പദ്‌വ്യവസ്ഥകളിൽ വിഭവങ്ങളുടെ വിതരണം
2.2.4 സമ്പദ്‌വ്യവസ്ഥയുടേയും വിഭവങ്ങളുടേയും വളർച്ച

#### പാഠം 2.3: പ്രധാന സാമ്പത്തികപ്രവർത്തനങ്ങൾ

2.3.1 ഉൽപാദനവും ഉൽപാദനഘടകങ്ങളും
2.3.2 ഉപഭോഗം
2.3.3 മൂലധന രൂപീകരണം
2.3.4 സാമ്പത്തികപ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹം

## മൊഡ്യൂൾ 3: സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനം

marks:10

### സമീപനം

ഉൽപാദനം എന്നത് അടിസ്ഥാനപരമായ ഒരു സാമ്പത്തിക പ്രവൃത്തിയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ മനുഷ്യാവശ്യങ്ങളുടെ പൂർത്തീകരണത്തിന് സാധനങ്ങളും സേവനങ്ങളും ആവശ്യമാണ്. പക്ഷെ, ഈ സാധനങ്ങളും സേവനങ്ങളും എങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്നു?. ആരാണ് ഒരു ഉല്പാദകൻ?. എങ്ങനെയാണ് ഉല്പാദനപ്രക്രിയ സംഘടിപ്പിക്കുന്നത്?. എന്തൊക്കെ വിഭവങ്ങളാണ് ഉപയോഗിക്കുന്നത്?. വിഭവങ്ങളെ ഉല്പാദന ഘടകങ്ങൾ എന്നും പറയാറുണ്ട്. ഈ ഘടകങ്ങൾ എങ്ങനെ ലഭിക്കുന്നു? ഇതെല്ലാം അടിസ്ഥാ

നപരമായ ചോദ്യങ്ങളാണ്. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ മൊഡ്യൂളിലെ 7-ഉം 8-ഉം പാഠഭാഗങ്ങളിൽനിന്ന ലഭിക്കുന്നു. ഉൽപാദന പ്രവൃത്തിയുടെ അർത്ഥം വിശകലനം ചെയ്തുകൊണ്ട് നമ്മൾ ആരംഭിക്കുന്നു. പിന്നീട്, ഉൽപാദനപ്രക്രിയയുടെ സംഘാടനത്തിനുശേഷം ആവശ്യമായ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനഘടകങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നു. അവസാനമായി ഉൽപാദനപ്രക്രിയയിൽ സംഭവിച്ച ഉൽപാദനചിലവിനെക്കുറിച്ചും, ഉൽപന്നത്തിന്റെ വില്പനയിലൂടെ ഉൽപാദകൻ നേടുന്ന വരുമാനത്തെക്കുറിച്ചും പരാമർശിക്കുന്നു.

**പാഠം 3.1: ഉല്പാദനം**

3.1.1 ഉൽപാദനധർമ്മം
3.1.2 ഉൽപാദനത്തിന്റെ രീതികൾ
3.1.3 മൊത്ത ഉല്പന്നം, ശരാശരി ഉല്പന്നം, മാർജിനൽ ഉല്പന്നം തുടങ്ങിയ ആശയം
3.1.4 താഴ്ന്നുവരുന്ന സീമാന്തോഉൽപന്നം
3.1.5 ഉൽപാദനപ്രക്രിയയും ഉൽപാദനപ്രക്രിയയുടെ സംഘാടനവും
3.1.6 വ്യവസായ ശാലകളുടെ പ്രാധാന്യം
3.1.7 വിവിധ തരത്തിലുള്ള ഉല്പാദകർ

**പാഠം 3.2: ചിലവും വരുമാനവും**

3.2.1 ചിലവിന്റെ അർത്ഥം
3.2.2 ചിലവിന്റെ വിവിധ തരങ്ങൾ
3.2.3 വരുമാനം

## മൊഡ്യൂൾ 4: സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണം

**മാർക്ക് :15**

### സമീപനം

സാധനങ്ങളും സേവനങ്ങളും ഒരിക്കൽ ഉൽപാദിപ്പിച്ചുകഴിഞ്ഞാൽ അവ ജനങ്ങൾക്ക് ഉപഭോഗത്തിനായി വിതരണം ചെയ്യേണ്ടതാണ്. ഉപഭോഗം ആവശ്യങ്ങളുടെ തൃപ്തി ഉറപ്പുവരുത്തുന്നു. വിതരണം പണം നൽകിയോ സൗജന്യമായോ ആണോ?. എങ്ങനെ വിതരണം നടത്താം?. ഈ ചോദ്യത്തിന് ഒരു ഉത്തരം വിപണി എന്നാണ്. ലോകമെമ്പാടും വിൽപന വാങ്ങൽ പ്രക്രിയയിലൂടെ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഏറ്റവും പൊതുവായ മാർഗം വിപണിയാണ്. അതുകൊണ്ട് ഈ മൊഡ്യൂളിൽ വിപണി എന്ന ആശയമാണ് മുന്നോട്ട്വക്കുന്നത്. ഒരു വിപണി എങ്ങനെ പ്രവർത്തിക്കുന്നു എന്ന മനസ്സിലാക്കാൻ പ്രദാനം ചോദനം എന്നീ ആശയങ്ങളും അവതരിപ്പിക്കുന്നു. ജനങ്ങളുടെ നന്മക്കുവേണ്ടി നിയന്താവ്, സഹായകൻ എന്നീ നിലകളിൽ സർക്കാരും വലിയ പങ്ക് വഹിക്കുന്നു. അതുകൊണ്ട് സർക്കാരിന്റെ പങ്കും നമ്മൾ പരിഗണിക്കുന്നു.

**പാഠം 4.1: ചോദനം**

4.1.1 ചോദനവും ആഗ്രഹവും
4.1.2 വ്യക്തിഗത ചോദനവും കമ്പോള ചോദനവും
4.1.3 ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
4.1.4 ചോദന നിയമം
4.1.5 ചോദനവക്രം

## പാഠ്യവിഷയങ്ങൾ

**പാഠം 4.2: പ്രദാനം**

4.2.1 സ്റ്റോക്കും പ്രദാനവും
4.2.2 വ്യക്തിഗത പ്രദാനവും കമ്പോള പ്രദാനവും
4.2.3 പ്രദാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
4.2.4 പ്രദാനവക്രം

**പാഠം 4.3: വിലയുടേയും അളവിന്റേയും നിർണ്ണയം**

4.3.1 വിലയുടെ അർത്ഥം
4.3.2 സന്തുലിതവിലയുടെ നിർണയം
4.3.3 ചോദനത്തിലും പ്രദാനത്തിലുമുള്ള മാറ്റത്തിന് സന്തുലിതവിലയിലും അളവിലുമുള്ള സ്വാധീനം

**പാഠം 4.4: കമ്പോളം**

4.4.1 കമ്പോളത്തിന്റെ അർത്ഥം
4.4.2 മത്സരത്തിന്റെ അടിസ്ഥാനത്തിൽ കമ്പോളത്തിന്റെ തരംതിരിവ്
4.4.3 വിതരണരീതികളുടെ അടിസ്ഥാനത്തിൽ കമ്പോളത്തിന്റെ തരംതിരിവ്
4.4.4. ഓൺലൈൻ മാർക്കറ്റ്

**പാഠം 4.5: വിലയുടേയും അളവിന്റേയും നിർണ്ണയത്തിൽ സർക്കാരിന്റെ പങ്ക്**

4.5.1 സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനത്തിലും വിതരണത്തിലും സർക്കാരിന്റെ പങ്ക്
4.5.2 വിലനിയന്ത്രണം
4.5.3 താങ്ങ് വില
4.5.4 പൊതുവിതരണ സമ്പ്രദായം

# മൊഡ്യൂൾ 5: പണവും ബാങ്കിഗും ഇൻഷുറൻസും

**മാർക്ക് :10**

## സമീപനം

ഏതൊരു സാമ്പത്തികപ്രവർത്തനത്തിലും പണം പ്രധാന പങ്ക് വഹിക്കുന്നു. എന്നാൽ ധാരാളം പ്രശ്നങ്ങൾ നിറഞ്ഞ പുരാതന ബാർട്ടർ സമ്പ്രദായത്തിൽ അങ്ങനെ അല്ലായിരുന്നു. ഇപ്പോൾ ബാർട്ടർ സമ്പ്രദായത്തിന് പകരമായി പണം നിലവിൽ വന്നു. സാധനങ്ങൾ വാങ്ങുവാനും, പുതിയ ബിസിനസ്സ് തുടങ്ങുവാനും, കൂട്ടുകാരെ സൽക്കരിക്കുവാനും നിങ്ങൾക്ക് പണം ആവശ്യമാണ്. എന്നാൽ പണം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?. അതിന്റെ ധർമങ്ങൾ എന്തൊക്കെയാണ്.?. ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനാണ് ഈ മൊഡ്യൂളിൽ നമ്മൾ പരിശ്രമിക്കുന്നത്. പൊതുവെ ജനങ്ങൾ അവരുടെ മുഴുവൻ പണവും കൈയ്യിൽ കൊണ്ടുനടക്കാറില്ല. അവ ബാങ്കിൽ സൂക്ഷിക്കും അതിനെ സമ്പാദ്യം എന്ന് വിളിക്കുന്നു. ഒരു ബാങ്ക് എന്നാൽ എന്താണ്?. എന്തൊക്കെയാണ് അതിന്റെ ധർമങ്ങൾ?. എന്തുകൊണ്ട് ജനങ്ങൾ ബാങ്കിൽ പണം സൂക്ഷിക്കുന്നു ?. എന്താണ് സമ്പാദ്യ?. സമ്പാദ്യം കൊണ്ട് ബാങ്ക് എന്തു ചെയ്യുന്നു ?. ബാങ്കുകൾ എങ്ങനെയാണ് വായ്പ സൃഷ്ടിക്കുന്നത്?. ഇത് എപ്രകാരം നമ്മുടെ ജീവിതത്തെ സഹായിക്കുന്നു?. തുടങ്ങി ചില പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് നമ്മൾ ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. അതോടൊപ്പം തന്ന, നമ്മുടെ ജീവനും സ്വത്തിനും സമ്പാദ്യത്തിലൂടെ സംരംക്ഷണം നൽകുന്ന ഇൻഷുറൻസ് എന്ന ആശയവും മുന്നോട്ട് വക്കുന്നു.

**പാഠം 5.1: പണവും അതിന്റെ ധർമ്മവും**

5.1.1 ബാർട്ടെർ സമ്പ്രദായം
5.1.2 പണത്തിന്റെ അർത്ഥവും ധർമ്മവും
5.1.3 പണത്തിന്റെ വിവിധ തരങ്ങൾ

**പാഠം 5.2: ബാങ്കിങ്ങും വായ്പയും**

5.2.1 ബാങ്കും സമ്പാദ്യവും
5.2.2 ഒരു ബാങ്കിന്റെ ധർമ്മങ്ങൾ
5.2.3 വായ്പാസൃഷ്ടി
5.2.4 ഭാരതത്തിലെ വിവിധ തരത്തിലുള്ള ബാങ്കുകൾ

**പാഠം 5.3: സമ്പാദ്യവും നിക്ഷേപവും**

5.3.1 സമ്പാദ്യത്തിന്റെ അർത്ഥവും ആവശ്യവും ഉപയോഗവും
5.3.2 പലിശ എന്ന ആശയം
5.3.3 ഇൻഷുറൻസ്
5.3.4 തിരഞ്ഞെടുത്ത ചില ഇൻഷുറൻസ് ഉല്പന്നങ്ങൾ

## മൊഡ്യൂൾ 6: ദത്തങ്ങളുടെ അവതരണവും വിശകലനവും സാമ്പത്തികശാസ്ത്രത്തിൽ

**മാർക്ക് 15**

## സമീപനം

ദത്തങ്ങളിൽനിന്ന് സാമ്പത്തികശാസ്ത്രത്തെ വേർതിരിക്കുവാൻ ഒരാൾക്കും സാധ്യമല്ല. നമ്മുടെ വരുമാനം, ചിലവ്, ഭക്ഷ്യോൽപാദനം, വിലകൾ എന്നിവയെക്കുറിച്ച് പറയുമ്പോഴും വിവിധ കാലങ്ങളിൽ താരതമ്യം ചെയ്യുമ്പോഴും സംഖ്യാപരമായ അക്കങ്ങൾ ഉപയോഗിക്കാറുണ്ട്. നയരൂപീകരണം നടത്തുന്നവർ ആസൂത്രണത്തിനും, നിർവ്വഹണം കണ്ടുപിടിക്കാനും, നയവ്യത്യസം രുപപ്പെടുത്താനും സംഖ്യകളും ദത്തവും ഉപയോഗിക്കുന്നു. ദത്തങ്ങളെ ക്രമപ്രകാരം എങ്ങനെ അവതരിപ്പിക്കാം?. അവയെ എപ്രകാരം വിശകലനം ചെയ്യാം?. പട്ടികകൾ ബാർ ഡയഗ്രം, പൈ ചാർട്ടുകൾ എന്നിവയുടെ സഹായത്തോടെ ക്രമപ്രകാരം അവതരിപ്പിച്ച് നിഗമനങ്ങളിൽ എത്താം?. അവയെല്ലാം ഈ മൊഡ്യൂളിൽ പ്രതിപാദിക്കുന്നു.

**പാഠം 6.1: ദത്തങ്ങളുടെ ശേഖരണവും അവതരണവും**

6.1.1 ദത്തങ്ങളുടെ അർത്ഥവും പ്രത്യേകതകളും
6.1.2 വിവിധതരം ദത്തങ്ങൾ
6.1.3 വ്യതിയാനവിലകളും സവിശേഷതകളും
6.1.4 ദത്തങ്ങളുടെ അവതരണം

**പാഠം 6.2: ദത്തങ്ങളുടെ വിശകലനം**

6.2.1 കേന്ദ്രീയപ്രവണതയുടെ അർത്ഥം
6.2.2 അരിതമറ്റിക് മാധ്യം കേന്ദ്രീയപ്രവണതയുടെ മാനദണ്ഡം

# മൊഡ്യൂൾ 7: ഭാരത സമ്പദ്‌വ്യവസ്ഥ

**മാർക്ക് :20**

## സമീപനം

സ്വാതന്ത്ര്യത്തിനുശേഷം ഭാരത സമ്പദ്‌വ്യവസ്ഥയിലെ വിവിധ തലങ്ങൾ എപ്രകാരം വികസിച്ചു എന്നതിനെ ഈ മൊഡ്യൂൾ പരിചിതമാക്കുന്നു. കഴിഞ്ഞ കാലങ്ങളായി നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ധാരാളം വികസനം നടന്നുവെങ്കിലും നമ്മുടെ സമൂഹത്തിൽ ദാരിദ്ര്യം, നിരക്ഷരത, തൊഴിലില്ലായ്മ എന്നീ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഉയർന്ന സാമ്പത്തിക വളർച്ച നേടുന്നതിനോടൊപ്പം തന്നെ ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുമെന്നത് നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളിയാണ്. വളരുന്ന സമ്പദ്‌വ്യവസ്ഥ എന്നതിനുപുറമെ ഭാരതം ഒരു തുറന്ന സമ്പദ്‌വ്യവസ്ഥ ന്ന നിലയിൽ ആഗോള സമ്പദ്‌വ്യവസ്ഥയൽ ഒരു പ്രധാന പങ്കും കൂടി വഹിക്കുന്നു. അതുകൊണ്ട് അന്താരാഷ്ട്ര പശ്ചാത്തലത്തിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥാനം നമ്മൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ലോകത്തിൽ ഭാരതസമ്പദ്‌വ്യവസ്ഥയുടെ സ്ഥാനം ഈ മൊഡ്യൂളിൽ നമ്മൾ പ്രതിപാദിക്കുന്നു.

### പാഠം 7.1: ഭാരത സമ്പദ്‌വ്യവസ്ഥ – ഒരു അവലേകനം

7.1.1 സ്വതന്ത്ര ഭാരതത്തിലെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതി
7.1.2 സ്വാതന്ത്ര്യത്തിനുശേഷം ഭാരത സമ്പദ്‌വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ

### പാഠം 7.2:

7.2.1 വിവിധതരത്തിലുള്ള തൊഴിലുകൾ
7.2.2 സമ്പദ്‌വ്യവസ്ഥയിലെ വ്യത്യസ്ത മേഖലകളുടെ ധർമ്മവും പ്രാധാന്യവും
7.2.3 സമ്പദ്‌വ്യവസ്ഥയിലെ വിവിധ തലങ്ങൾ തമ്മിലുള്ള പരസ്പരബന്ധം

### പാഠം 7.3: ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

7.3.1 ദാരിദ്ര്യവും തൊഴിലില്ലായ്മയും നേരിടുക
7.3.2 വിദ്യാഭ്യാസം നൽകുക
7.3.3 ആരോഗ്യ പരിപാലനം പ്രദാനം ചെയ്യുക
7.3.4 വിലക്കയറ്റത്തിന്റെ നിയന്ത്രണരീതി
7.3.5 ഉയർന്ന സാമ്പത്തിക വളർച്ച നേടുന്നത്

### പാഠം 7.4: ഇന്ത്യൻ സമ്പദ്‌വ്യവസ്ഥിതി ആഗോളതലത്തിൽ

7.4.1 രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധം
7.4.2 വാണിജ്യത്തിന്റെ പ്രാധാന്യം
7.4.3 ഭാരതത്തിന്റെ ഇറക്കുമതിയും കയറ്റുമതിയും
7.4.4 അമേരിക്കയുടേയും ചൈനയുടേയും സാമ്പത്തികവ്യവസ്ഥിതി

# മൊഡ്യൂൾ 8: സാമകാലിക സാമ്പത്തികപ്രശ്നങ്ങൾ

**മാർക്ക് :15**

## സമീപനം

കഴിഞ്ഞ മൊഡ്യൂളുകളുടെ ഉള്ളടക്കത്തിലൂടെ സാമ്പത്തികശാസ്ത്രമെന്നത് വളരെ വിസ്തൃതമായ വിഷയമാണ് എന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കാണും. എന്നാൽ സാമ്പത്തികശാസ്ത്രം ഇതിലും വിപുലമാണ് ഞങ്ങൾ നിങ്ങളോട് പറയുന്നു. രണ്ടു പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഞങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ആദ്യത്തേത് ഒരു ധാർമിക വിഷയമാണ്. നമ്മളെല്ലാവരും ഉൽപാദനവും ഉപഭോഗവും ആഗ്രഹിക്കുന്നത് കുറെക്കൂടി മെച്ചപ്പെട്ടതും സുഖപ്രദവുമായ ജീവിതത്തിനാണ്. എന്നാൽ നമ്മൾ നമ്മുടെ പരിസരവും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ?. ഉൽപാദനത്തിനും ഉപഭോഗത്തിനമായി നമ്മുടെ ഭാവി തലമുറക്ക് ആവശ്യമായ വിഭവങ്ങളെക്കുറിച്ച് നമുക്ക് പരിഗണനയുണ്ടോ?. ഇവയെല്ലാം ഈ മൊഡ്യൂളിൽ ഉൾപെടുത്തിയിരിക്കുന്നു. രണ്ടാമത്തേത് ഉപഭോക്താവിന്റെ അവകാശങ്ങളും കടമകളുമാണ്. ഒരു ഉപഭോക്താവ് എന്ന നിലയിൽ ഏത് തരം വസ്തുക്കളാണ് നിങ്ങൾ വാങ്ങുന്നത് എന്ന് നിങ്ങൾക്ക് അറിയാമോ?. മോശം സാധനങ്ങൾ ഉയർന്ന വില നൽകി വിൽപനക്കാരാൽ നിങ്ങൾ ചതിക്കപ്പെടുന്നുണ്ടോ?. ഇതെക്കുറിച്ചെല്ലാം നിങ്ങൾക്ക ് അറിവുണ്ടാവണം

### പാഠം 8.1: പരിസ്ഥിതിയും സുസ്ഥിര വികസനവും

8.1.1 പരിസ്ഥിതിയുടെ അർത്ഥവും പ്രാധാന്യവും

8.1.2 പാരിസ്ഥിതിക പ്രശ്നങ്ങൾ - വായു മലിനീകരണം, ജലമലിനീകരണം, ശബ്ദ മലിനീകരണം, മണ്ണിന്റെ ജീർണത, വാസസ്ഥലനശീകരണം, വിഭവങ്ങൾ തീർന്ന് പോവുന്നത്.

8.1.3 സുസ്ഥിര വികസനം

### പാഠം 8.2: ഉപഭോക്തൃ അവബോധം

8.2.1 ഉപഭോക്തൃ അവബോധത്തിന്റെ ആവശ്യകത

8.2.2 ഭാരതത്തിലെ ഉപഭോക്തൃ തർക്ക പരിഹാര സമ്പ്രദായം

8.2.3 ഉപഭോക്താക്കളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

8.2.4 ഉപഭോക്തൃ അവബോധ പരിപാടികൾക്കായി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനം

8.2.5 ഉപഭോക്തൃ കോടതിയിൽ പരാതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ

Complete and Post the feedback form today

Final Fold and Seal

## feed back on Lessonws

| Lesson No | Lesson Name | Content | | | Language | | Illustrations | | What You Have Learnt | |
|---|---|---|---|---|---|---|---|---|---|---|
| | | Difficult | Interesting | Confusing | Simple | Complex | Useful | Not useful | very helpful | Not helpful |
| 14. | | | | | | | | | | |
| 15. | | | | | | | | | | |
| 16. | | | | | | | | | | |
| 17. | | | | | | | | | | |
| 18. | | | | | | | | | | |
| 19. | | | | | | | | | | |
| 20. | | | | | | | | | | |
| 21. | | | | | | | | | | |
| 22. | | | | | | | | | | |
| 23. | | | | | | | | | | |
| 24. | | | | | | | | | | |

*Fourth Fold*

*Third Fold*

Dear Learners,
You must have enjoyed going through you course books. It was our endeavor to make the study material relevant, interactive and interesting. Production of material is a two way process. Your feedback would help us improve the study material. Do take a few minutes of your time and fill-up the feedback from so that an interesting and useful study material can be made.
Thank you
Coordinator

## Feed back on Questions

| Lesson No | Lesson Name | Intext Questions | | Terminal Questions | | |
|---|---|---|---|---|---|---|
| | | Useful | Not useful | Easy | Diff. | V. diff. |
| 14. | | | | | | |
| 15. | | | | | | |
| 16. | | | | | | |
| 17. | | | | | | |
| 18. | | | | | | |
| 19. | | | | | | |
| 20. | | | | | | |
| 21. | | | | | | |
| 22. | | | | | | |
| 23. | | | | | | |
| 24. | | | | | | |

*Second Fold*

Your Suggestion

______________________________________________

______________________________________________

______________________________________________

______________________________________________

Did you consult any other book to study Economics? Yes/No

If yes, give reason for consulting it

______________________________________________

______________________________________________

Name : ____________________

Enrolment No: ____________________

Address: ____________________

____________________

Subject : ____________________

Book No: ____________________

Postage Stamp

**Course Coordinator**
**Economics**
**National Institute of Open Schooling**
**A-24-25, Institutional Area**
**Sector - 62, NOIDA (U.P.)**

**No Enclosures Allowed**